# ആമുഖം

ജനസമൂഹങ്ങളുടെ സാമാന്യ സങ്കല്പങ്ങളിൽ നിന്ന് വ്യത്യസ്തമായി ലോകത്തെ കാണാൻ വെല്ലുവിളിക്കുന്നതാണ് യേശുക്രിസ്തുവിന്റെ സുവിശേഷം. അതുയർത്തുന്ന വെല്ലുവിളിയിൽ മറുപടിയുടെ അനിവാര്യത അന്തർഭവിച്ചിട്ടുണ്ട്. പ്രതിവചിക്കുന്നവർക്കെല്ലാം പ്രതിഫലമുണ്ട്. സാധകമായി പ്രത്യുത്തരിക്കുന്നവർക്ക് പ്രഖ്യാപിതമായിട്ടുള്ള പ്രതിഫലം പ്രതീക്ഷാതീതവും പ്രത്യാശാഭരിതവുമാണ്. ശ്രദ്ധാലുവായ അനുവാചകനെ അഭിനേതാവാക്കിത്തീർക്കുന്ന മാസ്മര ശക്തി യേശുക്രിസ്തുവിന്റെ സുവിശേഷത്തിനുണ്ട്. സുവിശേഷം ആദ്യം കയ്ക്കുകയും പിന്നെ മധുരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന തുള്ളികൾ ഇറ്റിച്ചുകൊണ്ടിരിക്കുന്നു. ആ തുള്ളികൾ സുവിശേഷത്തിന്റെ വാഗവതാരങ്ങളിൽ ഒന്നായ ലൂക്കായുടെ സുവിശേഷത്തിന്റെ ഓരം ചേർന്ന് നിന്ന് നുണഞ്ഞിറക്കാൻ തുനിഞ്ഞപ്പോൾ ഉള്ളിലേക്കൂറിയിറങ്ങിയ ഏതാനും തുള്ളികൾ അവശേഷിപ്പിച്ച അപൂർണ്ണവരകളുടെ കൂടിവരവാണ് ***സുവിശേഷമാധുരി***.

കുഞ്ചിക്കാടുകൾ തലയുയർത്തിയ കുതിര കെട്ടിയ രഥത്തിൽ മാത്രം രാജാക്കന്മാർ എഴുന്നെള്ളുന്ന കാലം. മാനവകുലം മണ്ടന്മാരുടെ മുമ്പിൽ മാനം നല്കിയ കഴുതപ്പുറത്ത് ദാവീദുപുത്രനായ യേശു രാജാവായി നഗരം (ജനത്തെ) തിരിച്ചുപിടിക്കാൻ എഴുന്നെള്ളി. എന്തുകൊണ്ടാണ് അവൻ കഴുതയെ തെരഞ്ഞെടുത്തത്? എതാണ്, എന്താണ്, എത്തരമാണ് ആ കഴുത? ഇതൊക്കെയാണ് ഒന്നാം ലേഖനത്തിന്റെ ധ്യാനവിഷയം. മാനസാന്തരപ്പെടേണ്ടവർക്കുള്ള സ്നാപകന്റെ സ്നാനം. യേശു എന്തിന് സ്വീകരിച്ചു? 'സുവിശേഷങ്ങൾ' നല്കുന്ന മറുപടി അന്വേഷിക്കുന്നു രണ്ടാം ലേഖനം. അത് ക്രിസ്തീയ സ്നാനത്തിന്റെ സവിശേഷതകളെക്കുറിച്ച് അനുധ്യാനിക്കാനും അവസരമാകുന്നു. കഴുതയാകാനുള്ള വിളിയും അവിടെ മുഴങ്ങുന്നത് കേൾക്കുന്നില്ലേ? യേശു നല്കുന്നത് *പരിശുദ്ധാത്മാവിനാലും അഗ്നിയാലുമുള്ള സ്നാനമാ*ണ്. ''പരിശുദ്ധാത്മാവും അഗ്നിയും'' ഒരുമിച്ച് പ്രവർത്തിക്കുന്നതിന്റെ പൊരുളഴിക്കാൻ പരിശ്രമിക്കുന്നു മൂന്നാം ലേഖനം. യേശുക്രിസ്തു പൂർത്തിയാക്കിയ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയിൽ പങ്കും തുടർച്ചയും നല്കുന്നു പരിശുദ്ധാത്മാവിനാലുള്ള സ്നാനം. ഈ യുഗാന്ത്യ രക്ഷാകരപ്രവൃത്തിയുടെ സ്ഥിരീകരണമായ വിധിതീർപ്പിനെയും പ്രതീകവത്കരിക്കുന്നു ''അഗ്നിസ്നാനം.''

കഴുതപ്പുറത്തിരുന്ന് രാജാവായി എഴുന്നള്ളാനും ആ യാത്ര കുരിശിൽ പൂർത്തിയാക്കാനുമുള്ള പരിശീലനം ഈ ഭൂമിയിൽ പിറന്നപ്പോഴേ യേശുവിന് ലഭിച്ചു. അവനെ പ്രസവിച്ചപ്പോൾ സത്രത്തിൽ സ്ഥലം ലഭിക്കായ്കയാൽ അമ്മ ആദ്യജാതനായ അവനെ പിള്ളക്കച്ചകൾ പൊതി ഞ്ഞ് കാലിത്തൊഴുത്തിൽ കിടത്തി. അതെക്കുറിച്ച് ലൂക്കായോടൊത്ത് ധ്യാനിക്കുകയാണ് നാലാമത്തെ ലേഖനം. ദാവീദിന്റെ പട്ടണത്തിൽ വിരുന്നുകാരനായി സന്ദർശിച്ച സർവ്വലോക രക്ഷകനായ രാജാവിനെ സ്വജനം തിരസ്കരിച്ചു. അമ്മ അവനെ വേണ്ടവർക്കെല്ലാം വിരുന്നായി കാലിത്തൊഴുത്തിൽ കിടത്തി. കണ്ടവർക്ക് കണ്ണിന് വിരുന്ന്. കേട്ടവർക്ക് കാതിന് വിരുന്ന്. അത് അവൻ അവസാന പെസഹായിൽ ജറുസലേം നഗരത്തിൽ വിരുന്നുമുറിയിലും ഗോൽഗോത്തായിൽ കുരിശിലും വിരുന്ന് നല്കി പൂർത്തിയാക്കി. അനുതപിച്ചപേക്ഷിച്ച കുറ്റക്കാരനെയും കൂട്ടി കുരിശിലൂടെ വിരുന്നുശാലയുടെ മഹത്വത്തിലേക്ക് പ്രവേശിച്ചു. അതാണ് ''നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും'' എന്ന പ്രഖ്യാപിച്ചത്. തുടർന്ന് ''തിരിച്ചറിവിന്റെ അപ്പം മുറിക്കാൻ'' എന്ന ലേഖനം. ജറുസലേമിൽ കുരിശിൽ പറുദീസായിലെ വിരുന്നിന് പ്രവേശിക്കുകയും പ്രവേശിപ്പിക്കുകയും ചെയ്യുന്ന മിശിഹാരാജാവായി യേശുവിനെ തിരിച്ചറിയാത്തവർ യേശു രക്ഷാകര പ്രവൃത്തി പൂർത്തിയാക്കിയ ജറുസലേമിൽ നിന്ന് ഓടിപ്പോകും. എന്നാലും അവനെക്കുറിച്ച് സംസാരിച്ചും കൂടെ കൂടുന്ന അവൻ സംസാരിക്കുന്നതു കേട്ടുമുള്ള യാത്ര തിരിച്ചറിയലിലേക്കാണ്. ഉയർത്തെഴുന്നേറ്റ് കൂടെ നടന്ന് സംസാരിക്കുന്ന അവനെ തിരിച്ചറിയാത്തപ്പോഴും അവന്റെ സ്വരം വചനത്തിൽ കേൾക്കുമ്പോൾ ശിഷ്യരുടെ ഹൃദയം ജ്വലിച്ചുകൊണ്ടിരിക്കും. അവൻ അവരിൽ നിന്ന് എടുത്ത് വാഴ്ത്തി മുറിച്ച് നല്കുന്ന അപ്പം സ്വീകരിക്കുമ്പോൾ കണ്ണു തുറന്ന് അവനെ തിരിച്ചറിയുന്നു. അപ്പോൾത്തന്നെ അവൻ കൺമുമ്പിൽ നിന്ന് മറഞ്ഞാലും അവനെക്കുറിച്ച് പറയാൻ അവർ പരക്കം പായുന്നു.

യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ മഹത്ത്വം ഏറ്റം മനോഹരമായി ആവിഷ്കൃതമായിട്ടുള്ള മേഖലയാണ് പുതിയ നിയമത്തിലെ സ്ത്രീലോകം. ക്രിസ്തീയ സുവിശേഷം ഉയർത്തിപ്പിടിക്കുന്ന സ്ത്രീസ്വാതന്ത്ര്യമാണ് അവസാനത്തെ ലേഖനത്തിന്റെ വിഷയം. ക്രിസ്തീയ സുവിശേഷം ഉയർത്തിപ്പിടിക്കുന്ന സ്ത്രീസ്വാതന്ത്ര്യത്തിന്റെ പ്രത്യേക പ്രചാരകനാണ് ലൂക്കാ. അത് മറ്റ് സുവിശേഷകന്മാരും തങ്ങളുടെ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. പൊതുവേദിയിലും കുടുംബത്തിലും സഭയിലും സ്ത്രീകളുടെ സ്ഥാനമാനങ്ങളുടെയും അധികാരത്തിന്റെയും ശരിയായ വിനിയോഗത്തിന് നിലകൊള്ളുന്നു പൗലോസ്. സകലർക്കും ക്രിസ്തീയ സുവിശേഷം സാക്ഷിക്കുന്ന സ്ത്രീസ്വാതന്ത്ര്യത്തിലേക്കു പ്രകാശം വീശി ഈ *സുവിശേഷമാധുരി*യുടെ സമാഹാരം ഉപസംഹരിക്കുന്നു.

ധ്യാനത്തിനും പഠനത്തിനും ഉപകരിക്കത്തക്കവിധമാണ് ലേഖനങ്ങൾ സജ്ജമാക്കിയിട്ടുള്ളത്. അവയുടെ ആദ്യപതിപ്പ് *ക്രൈസ്തവ കാഹളം മാസിക* ''തിരുവചനപഠനം'' പംക്തിയിൽ പ്രസിദ്ധപ്പെടുത്തിയതാണ്. അവയെല്ലാം ***സുവിശേഷമാധുരി***ക്കുവേണ്ടി പുതുക്കിപ്പണിതിട്ടുണ്ട്. *ക്രൈസ്തവകാഹള*ത്തിനും *സുവിശേഷമാധുരി* വിതരണം ചെയ്യുന്ന ഭരണങ്ങാനം ജീവൻ ബുക്സിനും നന്ദി. ആസ്വദിപ്പിക്കുന്ന ആസ്വാദനത്താൽ അനുഗ്രഹിച്ച കൊച്ചുപിതാവിന് വലിയ കൃതജ്ഞത. ഡി.റ്റി.പി. ചെയ്ത വിനോദിനും കവിതയ്ക്കും കവർ ഡിസൈൻ ചെയ്ത കോട്ടയം കളത്തിപ്പടി ഗ്രാസിയായ്ക്കും പ്രത്യേകം പ്രത്യേകം നന്ദി. എന്റെ മറ്റെല്ലാ രചനകളും സർവ്വാത്മനാ സ്വീകരിച്ച് എന്നെ അനുഗ്രഹിച്ച സഹൃദയർ ഇതും സ്വീകരിച്ചനുഗ്രഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. *സുവിശേഷമാധുരി* രുചിക്കാൻ അനുവാചകരെയെല്ലാം ദൈവം അനുഗ്രഹിക്കട്ടെ.

ഫാദർ കുര്യൻ വാലുപറമ്പിൽ

# 1 കഴുതപ്പുറത്തു രാജാവായി ...

കുരുത്തോലകൾ കൈയ്യടിക്കുന്നു. തളിരിലകൾ താളമിടുന്നു. പൂവിതളുകൾ പാട്ടു പാടുന്നു. പൂങ്കുലകൾ നൃത്തമാടുന്നു. ലോകമാകെ ഓശാന. ഓശാനയുടെ കുരുത്തോലകൾക്കൊപ്പം ലോകത്തെങ്ങും കുരുന്നു കരങ്ങൾ ഘോഷം മുഴക്കുന്നു. ഹൃദയത്തളിരുകൾ തുള്ളിച്ചാടുന്നു. പാവന നാവുകൾ പാട്ടു പാടുന്നു. ശിശുക്കൂട്ടങ്ങൾ കൂടിയാടുന്നു. കഴുതകൾ കഴുത്തുയർത്തുന്നു. ഓശാനത്തിരുന്നാൾ!

യേശുക്രിസ്തുവിന്റെ ശിഷ്യർ ക്രിസ്തീയതയുടെ ആരംഭം മുതൽ സംഘം ചേർന്ന് ഓശാനപ്പെരുന്നാൾ ആഘോഷിക്കുന്നു. ആരംഭത്തിൽ ഓശാനപ്പെരുന്നാൾ ആഘോഷിച്ചതിന്റെ അർത്ഥം പുതിയ നിയമത്തിലെ സുവിശേഷകന്മാർ നാലു പേരും അവരവരുടെ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. അവയാണ് യേശു കഴുതപ്പുറത്ത് ജറുസലേമിലേക്ക് എഴുന്നെള്ളിയതിന്റെ നാല് സുവിശേഷവിവരണങ്ങൾ പുതിയ നിയമത്തിലുള്ളത് (മത്താ 21,1-11;മർക്കോ 11,1-11;ലൂക്കാ 19,28-44;യോഹ 12,12-19). ലൂക്കായുടെ വിവരണപ്രകാരമുള്ള വിചാരമാണ് ഈ ലേഖനത്തിൽ പുനർവിചാരം ചെയ്യുക.

**ഒരു തീർത്ഥാടനത്തിന്റെ അവസാനം**

ലൂക്കാ "ഓശാന"യുടെ വിവരണം ആരംഭിക്കുന്നത് ഇങ്ങനെയാണ്: "യേശു ജറുസലേമിലേക്കു കയറിപ്പൊയ്ക്കൊണ്ട് യാത്ര ചെയ്തു" (19,28). "കയറിപ്പോകുക" എന്ന ശൈലി ജറുസലേമിനോടും ദേവാലയത്തോടും ബന്ധപ്പെടുത്തിയാകുമ്പോൾ തീർത്ഥാടനത്തെ സൂചിപ്പിക്കുന്നു. കുറെ നാളായി യേശു ജറുസലേമിലേക്ക് യാത്ര തുടങ്ങിയിട്ട്; തീർത്ഥാടനം തുടങ്ങിയിട്ട്. യാത്ര തുടങ്ങിയ കഥ ലൂക്കാ 9,51ൽ പറഞ്ഞിട്ടുണ്ട്: "തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കെ അവൻ ജറുസലേമിലേക്കു മുഖം തിരിച്ചു."

യേശു ശുശ്രൂഷയ്ക്ക് ഭൂമിശാസ്ത്രപരമായ ഒരു ക്രമം പുലർത്തി എന്ന് സമാന്തര സുവിശേഷകന്മാർ (മത്തായി, മർക്കോസ്, ലൂക്കാ) സാക്ഷിക്കുന്നു. ആദ്യം ഗലീലിയിൽ. പിന്നെ ഗലീലിയിൽ നിന്ന് ജറുസലേമിലേക്കുള്ള വഴിയിൽ. അവസാനം ജറുസലേമിൽ. അങ്ങനെ ഗലീലി – വഴി (യാത്ര ) – ജറുസലേം എന്ന് ഭൂമിശാസ്ത്രപരമായ ഒരു ക്രമമുണ്ട് യേശുവിന്റെ പരസ്യ ശുശ്രൂഷയ്ക്ക്. ഈ ക്രമത്തിന് ലൂക്കാ മറ്റുള്ളവരേക്കാൾ വ്യക്തതയും പ്രാധാന്യവും പ്രകടമാക്കിയിട്ടുണ്ട്. ലൂക്കായുടെ



വിവരണത്തിൽ മേല്പറഞ്ഞ ഭൂമിശാസ്ത്രപരമായ ക്രമം യേശുവിന്റെ ശുശ്രൂഷയുടെ സമയക്രമത്തിന്റെ ആവിഷ്കാരമാണ്. പ്രവചനങ്ങൾ പൂർത്തീകരിച്ചുള്ള യേശുവിന്റെ ശുശ്രൂഷ ഗലീലിയിൽ ആരംഭിച്ച് ജറുസലേമിൽ പൂർത്തിയാകുന്നു. പൂർത്തീകരണം ജറുസലേമിലാണ് എന്ന് ലൂക്കാ എടുത്തുകാട്ടുന്നു. യാത്രയ്ക്കും ജറുസലേമിനും ലൂക്കാ അസമാനമായ പ്രാധാന്യം നല്കിയിട്ടുണ്ട്. യേശു ഗലീലിയിൽ നിന്ന് ജറുസലേമിലേക്കു ചെയ്ത യാത്രയുടെ വിവരണം പത്ത് അദ്ധ്യായങ്ങളിലുണ്ട് (9,51-19,46).

ജറുസലേമിലേക്ക് യേശു യാത്ര ചെയ്യുന്നത് തന്റെ ആരോഹണത്തിനാണ്. ജറുസലേം യേശുവിന്റെ ആരോഹണസ്ഥാനമാണ്. പീഡാനുഭവം - മരണം - ഉയിർപ്പ് എന്നിവ ഉൾപ്പെടുന്നതാണ് ആരോഹണം. ക്രിസ്തു സഹിച്ച് മഹത്ത്വത്തിലേക്ക് പ്രവേശിച്ചു (ലൂക്കാ 24,27). അതാണ് ആരോഹണം. അതിന്റെ സ്ഥാനമാണ് ജറുസലേം. ആരോഹണം പിതാവിന്റെ സന്നിധിയായ സ്വർഗത്തിലേക്കാണ് (24,50-52). അതിനാലാണ് യേശു ആരോഹണത്തിന് ജറുസലേമിലേക്കുള്ള യാത്ര ജറുസലേം ദേവാലയത്തിൽ പ്രവേശിച്ച് പൂർത്തിയാക്കിയത് (ലൂക്കാ 23,45-46). ദേവാലയം യേശുവിന്റെ പിതാവിന്റെ ഭവനമാണ്. അവിടെ ആയിരിക്കാനുള്ളവനാണ് യേശു (ലൂക്കാ 2,49). യേശു സന്ധ്യാബലിയുടെ സമയത്ത് സ്വയം സന്ധ്യാബലിയായി പിതാവിന്റെ കരങ്ങളിലേക്ക് ഏല്പിച്ച് ദേവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിച്ചു (ലൂക്കാ 23, 45-46). അപ്രകാരം പിതാവിന്റെ ഭവനത്തിലേക്ക് എന്നേക്കുമായി പ്രവേശിച്ചു. അതിന്റെ മുൻകുറിയും ആരംഭവുമാണ് യാത്രയുടെ അവസാനം ദേവാലയത്തിൽ പ്രവേശിച്ചത്. യാത്രയും ആരോഹണവും പൂർത്തിയാക്കിയതാണ് സ്വർഗാരോഹണം (ലൂക്കാ 24,50-52). ഗലീലിയിൽ നിന്ന് പിതാവിന്റെ ഭവനവും (2,49) പ്രാർത്ഥനാലയവുമായ (19,46) ദേവാലയത്തിലേക്ക് യേശു നടത്തിയ തീർത്ഥാടനത്തിന്റെ അവസാന ഘട്ടത്തിലാണ് ജറുസലേമിലേക്ക് രാജാവായി പ്രവേശിച്ചത്.

**ആരോഹണത്തിന്റെ അവസാനഘട്ടം ആരംഭിക്കുന്നു**

യേശു ഒലിവുമലയ്ക്ക് അരികെയുള്ള ബേത്ഫഗേ, ബഥാനിയാ എന്നീ സ്ഥലങ്ങളെ സമീപിച്ചപ്പോൾ രണ്ടു ശിഷ്യന്മാരെ പറഞ്ഞുവിട്ട് കഴുതക്കുട്ടിയെ കൊണ്ടുവരീച്ചു. ബേത്ഫഗേ എന്ന വാക്കിന്റെ അർത്ഥം പാകമാകാത്ത അത്തിയുടെ ഭവനം എന്നാണ്. ജറുസലേമിനും ബഥാനിയായ്ക്കും ഇടയ്ക്കാണ് ബേത്ഫഗേ. ബഥാനിയായ്ക്ക് കിഴക്ക്. വിശാല ജറുസലേമിന്റെ ഭാഗമായിരുന്നു ബേത്ഫാഗേ. ബഥാനിയാ എന്ന വാക്കിന്റെ അർത്ഥം അനനിയായുടെ ഭവനം എന്നാണ്. ജറുസലേമിന് മൂന്നു കിലോമീററർ അകലെ ഒലിവുമലയുടെ തെക്കു കിഴക്കാണ് ബഥാനിയാ. അവിടെയാണ് ജറുസലേമിലേക്ക് കഴുതക്കുട്ടിയുടെ പുറത്തു കയറിയിരുന്നുള്ള രാജകീയ യാത്ര ആരംഭിക്കുക (ലൂക്കാ 19,8). ബഥാ

നിയായുടെ സമീപമുള്ള ഒലിവുമലയിൽ നിന്നാണല്ലോ യേശു സ്വർഗാരോഹണം ചെയ്തതും (ലൂക്കാ 24,50;അപ്പ 1,1). സ്വർഗാരോഹണത്തിന്റെ പ്രതീകാത്മകമായ തുടക്കം ബഥാനിയായിലായിരുന്നു. ആരോഹണത്തിന്റെ അവസാന ഘട്ടത്തന്റെ തുടക്കവും ആരോഹണത്തിന്റെ പൂർത്തീകരണവും അവിടെത്തന്നെ. ഒലിവുമലയുടെ കിഴക്കേ ചെരിവിലാണ് ബഥാനിയാ. ഇപ്പോഴത്തെ പേര് അസാറിയെ. ഒരു പട്ടണമാണ്. ലൂക്കായുടെ വിവരണമനുസരിച്ച് മതപരമായ സങ്കല്പത്തിൽ (ആചാരപരമായി) ബഥാനിയായും ജറുസലേമിന്റെ (വിശുദ്ധ നഗരത്തിന്റെ) ഭാഗമായിരുന്നു (പൂങ്കാവനം എന്ന സങ്കല്പം പോലെ).

**രാജാവിന്റെ എഴുന്നെള്ളത്ത്**

ഗലീലിയിൽ നിന്ന് ജറുസലേമിലേക്ക് യേശു യാത്ര ചെയ്തത് ഗുരുവായി പഠിപ്പിച്ചും (ലൂക്കാ 10,25;10,38–42;18,18;23,5) രക്ഷകനായി രക്ഷ പ്രഖ്യാപിച്ചും (14,1–6;15,2;18,35–42;19,1–10) ആണ്. അപ്രകാരം അവന്റെ രാജത്വം വെളിപ്പെടുത്തുകയായിരുന്നു. പാപികളെ രക്ഷിക്കുന്നതിലാണ് യേശുവിന്റെ രാജത്വത്തിന്റെ പ്രയോഗം. തലയോടിടത്ത് കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ അവന്റെ രാജത്വത്തിന്റെ വെളിപ്പെടുത്തൽ പൂർണ്ണമായി (ലൂക്കാ 23,36–43). "യഹൂദരുടെ രാജാവ്" എന്ന് അവനെ വിജാതിയരായ പടയാളികൾ പരിഹസിക്കും. "ഇവൻ യഹൂദരുടെ രാജാവ്" എന്ന മേലെഴുത്ത് കുരിശിൽ അവന്റെ തലയ്ക്കു മീതെ വയ്ക്കും. അങ്ങനെയെല്ലാം അവനെ പരിഹസിച്ചവർ അവൻ രാജാവാണെന്ന് അവരുടെ പരിഹാസങ്ങളിലൂടെ അറിയാതെ പറഞ്ഞുപോവുകയാണ്. യേശുവിന്റെ രാജ്യം പറുദീസാ ആണെന്നും അനുതപിച്ചപേക്ഷിക്കുന്ന പാപികളെ അവിടേക്ക് തന്നോടൊത്ത് സ്വീകരിക്കുന്നത് അവന്റെ രാജകീയമായ അധികാരത്തിന്റെ പ്രയോഗമാണെന്നും "നല്ല കള്ളനും" യേശുവും തമ്മിലുള്ള സംഭാഷണം വ്യക്തമാക്കുന്നു. കുരിശിൽ രാജാവായി തറയ്ക്കപ്പെടുന്നതു വഴി ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി (അപ്പ 3,11) കർത്താവും ക്രിസ്തുവും (അപ്പ 2,36) നേതാവും (ഭരണാധികാരിയും) രക്ഷകനുമായി (അപ്പ 5,31) ഉയർത്തി. രാജാവായി ഉയർത്തപ്പെടാനാണ് യേശു യാത്ര ചെയ്തത്.

രാജാവായാണ് താൻ ജറുസലേമിലേക്ക് യാത്ര ചെയ്യുന്നതെന്ന് ഗലീലിയിൽ നിന്ന് യാത്ര തിരിച്ചപ്പോൾ തന്നെ യേശു സൂചിപ്പിച്ചു. യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യാൻ യേശു തനിക്കു മുമ്പേ ഏതാനും ദൂതന്മാരെ അയച്ചു (ലൂക്കാ 9,51). യാത്രയുടെ അവസാന ഘട്ടം ബേത്ഫഗേ – ബഥാനിയായിൽ തുടങ്ങുന്നതിന് തൊട്ടുമുമ്പ് പറഞ്ഞ ഉപമയിൽ യേശു തന്റെ യാത്രയുടെ ഉദ്ദേശ്യം ആവിഷ്കരിച്ചു. (രാജത്വം പ്രാപിച്ചു വരാൻ ദൂരദേശത്തേക്കു പോയ പ്രഭു യാത്രയ്ക്കു മുമ്പ് ഭൃത്യന്മാരെ വിളിച്ച് വ്യാപാരം ചെയ്യാൻ പണം കൊടുത്തതിന്റെയും തിരിച്ചു വന്നപ്പോൾ അതിന്റെ കണക്കു ചോദിച്ചതിന്റെയും ഉപമ).



**കഴുതക്കുട്ടിയുടെ പുറത്ത് കയറിയിരുന്നു വരുന്ന രാജാവ്**

ജറുസലേമിലേക്കുള്ള യാത്രയിൽ അവസാന ഘട്ടത്തിൽ വാഹനമായി കഴുതക്കുട്ടിയെ കൊണ്ടുവരാൻ യേശു രണ്ടു ശിഷ്യന്മാരെ അയച്ചു. കഴുതക്കുട്ടിയുടെ പുറത്തു കയറി ഇസ്രായേലിന്റെ രാജാവ് അതിന്റെ അടുക്കലേക്കു വരുന്നതിനെക്കുറിച്ച് പ്രവാചകനായ സഖറിയ ക്രിസ്തുവിന് അഞ്ചേകാൽ നൂററാണ്ടുകൾക്കു മുമ്പ് പ്രവചിച്ചിട്ടുണ്ട്: "*സീയോൻ പുത്രി, ആർപ്പു വിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറി വരുന്നു*" (സഖ 9,9). സഖറിയായുടെ ഈ പ്രവചനം പ്രതീക്ഷിച്ചിരുന്ന രക്ഷകന്റെ വരവിനെക്കുറിച്ചാണ്. രാജാക്കന്മാർ എഴുന്നെള്ളുന്നത് കുതിരപ്പുറത്തും രഥത്തിലുമാണ്. അങ്ങനെയുള്ളവരെയാണ് രക്ഷയ്ക്ക് ഇസ്രായേൽ ആശ്രയിച്ചു പോന്നത്. പക്ഷേ സീയോൻപുത്രിയുടെ രക്ഷകനായ രാജാവ് വരുന്നത് കഴുതക്കുട്ടിയുടെ പുറത്തിരുന്നാണ്. അത് അവൻ ഒരേ സമയം പ്രതാപവാനും ജയശാലിയും വിനീതനുമായി വരുന്നതിന്റെ ലക്ഷണമാണ്. പ്രവാചകവചനങ്ങൾ പരിചയമുള്ളവർക്ക് വേഗം മനസ്സിലാകും, കഴുതക്കുട്ടിയുടെ പുറത്ത് കയറി ജറുസലേമിലേക്ക് വരുന്നവൻ ഇസ്രായേലിന്റെ യുഗാന്ത്യ രക്ഷകനായ രാജാവാണെന്ന്. ഇസ്രായേലിന്റെ മിശിഹാരാജാവാണ് വരുന്നത്. ഇസ്രായേലിന്റെ മിശിഹാരാജാവ് കഴുതപ്പുറത്തിരുന്ന് ഇസ്രായേലിന്റെ സിരാകേന്ദ്രത്തിലേക്ക് വരുന്നതിലെ വിരോധാഭാസവും സഖറിയാപ്രവാചകൻ പറഞ്ഞു ഫലിപ്പിച്ചിട്ടുണ്ട്. ഔന്നത്യം വിനയത്തിൽ ഒളിപ്പിച്ചിരിക്കുന്നു. സ്വന്തം ഔന്നത്യം വിനയത്തിൽ അവതരിപ്പിച്ചത് പരിശുദ്ധനും ദൈവപുത്രനുമായവൻ അപ്രശസ്തമായിരുന്ന നസ്രത്തിലെ എളിയ കന്യകയുടെ കടിഞ്ഞൂൽപുത്രനായി പിറന്നതിലും പിറന്നപ്പോൾ കിടക്കാൻ സത്രത്തിൽ സ്ഥലം ലഭിക്കായ്കയാൽ അമ്മ കീറ്റുശീല പൊതിഞ്ഞ് കാലിത്തൊഴുത്തിൽ കിടത്തിയതിലും അന്തർഭവിച്ചിട്ടുണ്ടല്ലോ. വിനയപ്പെടുത്തലിന്റെ നെറുകയിലേക്കു കയറിപ്പോകുന്ന മനുഷ്യനായിത്തീർന്ന ദൈവപുത്രന്, കാലിത്തൊഴുത്തിൽ പിറന്ന ദാവീദ്പുത്രന്, കഴുതക്കുട്ടിയുടെ പുറത്ത് കയറിയിരുന്നു മാത്രമേ യാത്ര പൂർത്തീകരിക്കാനാവൂ.

**കഴുതക്കുട്ടിയുടെ ലക്ഷണങ്ങൾ**

കഴുതക്കുട്ടിയെ കൊണ്ടുവരാൻ യേശു ശിഷ്യന്മാരെ പറഞ്ഞയച്ചപ്പോൾ തനിക്കു യാത്ര ചെയ്യേണ്ട കഴുതക്കുട്ടിയെക്കുറിച്ച് മൂന്നു കാര്യങ്ങൾ പറഞ്ഞു. (ഒന്ന്) കെട്ടപ്പെട്ടിരിക്കുന്ന കഴുതക്കുട്ടിയാണ്. അതിനെ ശിഷ്യന്മാർ കാണും. (രണ്ട്) ഒരു മനുഷ്യനും ഒരിക്കലും കയറിയിട്ടില്ലാത്തതാണ്. (മൂന്ന്) കർത്താവിന് ആവശ്യമുള്ളതാണ്.

**(ഒന്ന്) കെട്ടപ്പെട്ടിരിക്കുന്ന കഴുതക്കുട്ടി**

''കെട്ടപ്പെട്ടിരിക്കുന്ന''എന്ന പ്രയോഗം കർമ്മിണിക്രിയയാണ്. കർമ്മിണിക്രിയയുടെ കർത്താവ് ദൈവമാണ്. ദൈവം മുന്നമേ കെട്ടിയിട്ടു

ള്ള കഴുതക്കുട്ടിയാണ്. ഇങ്ങനെ കെട്ടിയിട്ടുള്ള കഴുതക്കുട്ടിയെക്കുറിച്ച് ഉല്പ 49,11ലുണ്ട്. ഇസ്രായേലിന്റെ ഗോത്രപിതാവ് യാക്കോബ് മകൻ യൂദായെ അനുഗ്രഹിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "*ചെങ്കോൽ യൂദായെ വിട്ടുപോകയില്ല. അതിന്റെ അവകാശി വന്നുചേരുംവരെ അധികാരദണ്ഡ് അവന്റെ സന്തതികളിൽ നിന്ന് നീങ്ങിപ്പോകയില്ല ... അവൻ തന്റെ കഴുതയെ മുന്തിരിവള്ളിയിലും കഴുതക്കുട്ടിയെ വിശിഷ്ടമായ മുന്തിരിച്ചെടിയിലും കെട്ടിയിടും ...*" (ഉല്പ 49,10-11). യേശുമിശിഹാ യൂദായുടെ വംശത്തിലുള്ളവനാണ്. യൂദായുടെ വംശക്കാരനായ മിശിഹായ്ക്കുവേണ്ടി അപ്പൂപ്പനായ യൂദാ വഴി ദൈവം കെട്ടിയിട്ടുള്ള കഴുതക്കുട്ടിയുടെ പുറത്ത് കയറിയാണ് മിശിഹാ ഇസ്രായേലിന്റെ കേന്ദ്രമായ ജറുസലേമിലേക്കു യാത്ര ചെയ്യുക.

**(രണ്ട്) ഒരു മനുഷ്യനും ഒരിക്കലും കയറിയിട്ടില്ലാത്ത കഴുതക്കുട്ടി**

ഇസ്രായേലിന്റെ യൂദാഗോത്രജനായ മിശിഹാരാജാവിന് രാജപദവി പ്രാപിക്കാൻ ഇസ്രായേലിന്റെ കേന്ദ്രത്തിലേക്ക് യാത്ര ചെയ്യാൻ അവന്റെ ഗോത്രപിതാവ് വഴി ദൈവം യൂദാഗോത്രത്തിൽ കെട്ടിയിട്ടുള്ള കഴുതക്കുട്ടി മറ്റൊരു മനുഷ്യനും ഒരിക്കലും യാത്രയ്ക്കു ഉപയോഗിച്ചിട്ടില്ലാത്തതാണ്. അത് അതിന്റെ പുതുമയെയും പരിശുദ്ധിയെയും സൂചിപ്പിക്കുന്നു. മറ്റൊന്നിനും ഉപയോഗിക്കാത്ത മൃഗങ്ങളെയാവണം കർത്താവിന് ബലിയർപ്പിക്കേണ്ടതെന്ന നിർദ്ദേശം ആവർത്തിക്കുന്നുണ്ടല്ലോ നിയമത്തിൽ (സംഖ്യ 19,2;നിയമ 21,3). വാഗ്ദാനപേടകം ഇസ്രായേല്യർക്ക് തിരിച്ചയയ്ക്കേണ്ട വിധം ഫിലിസ്ത്യർ അന്വേഷിച്ചു. ഫിലിസ്ത്യരുടെ ജോത്സ്യന്മാരും പുരോഹിതന്മാരും മറുപടി പറഞ്ഞു. ഒരു പുതിയ വണ്ടിയുണ്ടാക്കി ഒരിക്കലും നുകം വച്ചിട്ടില്ലാത്ത രണ്ടു കറവപ്പശുക്കളെക്കൊണ്ട് വലിപ്പിച്ച് ഇസ്രായേൽക്കാർക്ക് പേടകം തിരിച്ചയയ്ക്കണം. ഇസ്രായേലിന്റെ മിശിഹാരാജാവിന് രാജാവായി എഴുന്നെള്ളാനുള്ള കഴുതക്കുട്ടി അവനുവേണ്ടി മാത്രമുള്ളതാണ്. ആഹാബ് ഇണങ്ങാത്ത കഴുതയായിരുന്നു (ഹോസി 8,9). കെട്ടപ്പെട്ടിട്ടുള്ള കഴുത അങ്ങനെയല്ല. അഴിച്ചാൽ മതി. കഴുതക്കുട്ടി കൂടെ പോരും.

**(മൂന്ന്) കർത്താവിന് ആവശ്യമുണ്ട്**

*കഴുതക്കുട്ടിയെ കർത്താവിന് ആവശ്യമുണ്ട്* എന്ന കാര്യം രണ്ടു പ്രാവശ്യം വിവരണത്തിൽ ആവർത്തിക്കുന്നു (ലൂക്കാ 19,31.34). വളരെ പ്രധാനമായൊരു ചിന്തയാണിത്. ദൈവികമായ അത്യാവശ്യം എന്ന ചിന്തവല്ലാതെ മഥിക്കുന്നൊരു സുവിശേഷകനാണ് ലൂക്കാ. ദൈവികമായ അത്യാവശ്യം വർണ്ണിക്കുന്ന പദം (*ദെയി*) പതിനെട്ടു പ്രാവശ്യം സുവിശേഷത്തിൽ മാത്രം ഉപയോഗിച്ചിട്ടുണ്ട്. "മിശിഹാ ഇതെല്ലാം സഹിച്ച് മഹത്ത്വത്തിലേക്ക് പ്രവേശിക്കുക ദൈവികമായ അത്യാവശ്യമാണ്" (ലൂക്കാ 24,27). അതിന്റെ ഭാഗമാണ് കെട്ടിയിരിക്കുന്ന കഴുതക്കുട്ടിയെ കർത്താവിന് ആവശ്യമുണ്ട് എന്നത്. യൂദാ കെട്ടിയിരിക്കുന്ന കഴുതക്കു-



ട്ടിയെ ദൈവം പണ്ടേ കരുതിയതാണ് യൂദായുടെ വംശജനായ മിശിഹാ രാജാവിന് ജറുസലേമിലേക്ക് രാജാവായി എഴുന്നെള്ളാൻ. അവനാണ് അതിന്റെ യഥാർത്ഥ ഉടമ. അതിന് താത്ക്കാലിക ഉടമസ്ഥർ വേറെയുണ്ടെങ്കിലും (19,33) യൂദാ കെട്ടിയിരിക്കുന്ന കഴുതക്കുട്ടിയുടെ യഥാർത്ഥ അവകാശി (കർത്താവ്) യൂദായുടെ വംശത്തിൽ ജനിച്ച മിശിഹാ തന്നെയാണ്. അതിനാലാണ് "കർത്താവിന് ഇതിനെ ആവശ്യമുണ്ട്" എന്ന മറുപടി കേട്ടാൽപ്പിന്നെ അതിന്റെ ഉടമസ്ഥർ ഒന്നും മിണ്ടാത്തത്.

**കഴുത ക്രിസ്ത്യാനികൾ**

യേശു "*രക്ഷാകരമായ കഷ്ടാനുഭവത്തിനു മുമ്പ് തനിക്കു വാഹനമായി നിന്ദ്യമായ കഴുതയെ ആവശ്യപ്പെട്ടു. ഇത് പിശാചുക്കളുടെ വഞ്ചനയിൽനിന്ന് രക്ഷിക്കപ്പെട്ടവരും വിജാതികളിൽ നിന്നുള്ള ജനവുമായ നമ്മെ സൂചിപ്പിക്കുന്നു.*" ഇപ്രകാരം മലങ്കര സുറിയാനി കത്തോലിക്കാ സഭ ഓശാനപ്പെരുന്നാളിന്റെ പ്രത്യേക ആരാധനയിലെ സെദറായിൽ ചൊല്ലുന്നു. യേശു യാത്ര ചെയ്ത കഴുതയെ സുറിയാനി സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചത് അന്ത്യോഖ്യൻ സുറിയാനി സഭ ആരാധനയിൽ സ്വീകരിച്ചു. അത് മലങ്കരസഭയുടേതുമായി. യേശു വാഹനമായി ഉപയോഗിച്ച കഴുത ക്രിസ്ത്യാനികൾക്ക് പ്രതിനിധീഭവിക്കുന്നു. അതിന് വേറെയും സൂചനകളുണ്ട്. കഴുത നിന്ദിതരുടെയും ഭോഷരെന്നു വിധിക്കപ്പെട്ടവരുടെയും പ്രതീകമാണല്ലോ. ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതും സാക്ഷിക്കുന്നതും പ്രസംഗിക്കുന്നതും യഹൂദർക്ക് ഇടർച്ചയും വിജാതിയർക്കു ഭോഷത്തവുമായ ക്രൂശിതനായ മിശിഹായെയാണ് (1 കോറി 1,23). ദൈവത്തിന്റെ ഭോഷത്തം ദൈവത്തിന്റെ ബലഹീനതയുമാണ്. പക്ഷേ ആ ബലഹീനത ശക്തിയാണ് (1കോറി 1,24-25). ദൈവ ത്തിന്റെ ഈ ഭോഷത്തവും ബലഹീനതയും സ്വീകരിച്ചവർ ലോകദൃ ഷ്ടിയിൽ ഭോഷരും അശക്തരുമാണ് (1 കോറി 1,26-28). ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിതരെയും ഇല്ലായ്മയെത്തന്നെയും ദൈവം തെരഞ്ഞെടുത്തു. ഇങ്ങനെ ദൈവം ചെയ്തത് ദൈവസന്നിധി യിൽ ആരും അഹങ്കരിക്കാതിരിക്കാനാണ് (1 കോറി 1,28-39).

ക്രൂശിതനായ ക്രിസ്തുവിനെയും അവനെ ആരാധിക്കുന്ന ക്രിസ്ത്യാനികളെയും കഴുതകളായി ചിത്രീകരിക്കുന്ന അതിപുരാതനമായ ഒരു ചിത്രം ഓർമ്മയിൽ വരുന്നു. ഈ ലേഖകൻ കോട്ടയം വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥി ആയിരുന്നപ്പോൾ ഞങ്ങളുടെ ഗുരുഭൂതനായിരുന്ന ബഹു. ജോസഫ് കോട്ടയ്ക്കലച്ചൻ ഒരിക്കൽ എനിക്ക് ഒരു വിചിത്ര ചിത്രം തന്നു. കഴുതയുടെ തലയും മനുഷ്യന്റെ ഉടലുമുള്ള ഒരു രൂപം ക്രൂശിക്കപ്പെട്ട നിലയിൽ. ആ രൂപത്തെ കഴുതയുടെ തലയും മനുഷ്യന്റെ ഉടലുമുള്ള മറ്റൊരു രൂപം ആരാധിക്കുന്നു. ചിത്രത്തിന്റെ ചുവട്ടിൽ ലത്തീനിൽ ഒരു കുറിപ്പുമുണ്ട്: "കഴുത തന്റെ

ദൈവത്തെ ആരാധിക്കുന്നു" എന്നാണ് അടിക്കുറിപ്പിന്റെ മലയാളം. (പില്ക്കാലത്ത് ആ ചിത്രം എനിക്ക് നഷ്ടപ്പെട്ടു).

ക്രിസ്തീയതയുടെ ആദ്യ നൂററാണ്ടുകളിൽ ക്രിസ്തുവിനെപ്പോലെ എല്ലായിടത്തും ക്രിസ്ത്യാനികളും കഴുതകളായി. അതിനാൽ രക്ഷകനെ പ്രതീക്ഷിച്ച് കാത്തിരുന്ന സകല മനുഷ്യസമൂഹങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും രക്ഷകനായി കടന്നു ചെല്ലാൻ യേശുക്രിസ്തുവിനു സാധിച്ചു. കാലം മാറി. ക്രിസ്ത്യാനികൾ ശക്തരായിത്തീർന്ന ഇടങ്ങളിൽ അവർ മുകളിൽ പറഞ്ഞ ചിത്രത്തിലെ രൂപങ്ങളുടെ കഴുതത്തലകൾ മായിച്ചിട്ട് പകരം സിംഹത്തലകൾ വരച്ചുവച്ചു. കഴുതരൂപം തങ്ങൾക്കും തങ്ങളുടെ ക്രിസ്തുവിനും ചേർന്നതല്ലെന്ന് ഗ്രഹിച്ചു. യേശുവിനെ ''യൂദായുടെ വംശത്തിന്റെ സിംഹം'' എന്ന് വെളിപാടുപുസ്തകം (5,5) ചിത്രീകരിക്കുന്നുമുണ്ടല്ലോ. പക്ഷേ അവിടെത്തന്നെ ദർശകൻ കാണുന്നത് ആട്ടിൻകുട്ടിയെയാണ് എന്ന കാര്യം സൗകര്യപൂർവം വിസ്മരിക്കുന്നു. പൂർണസിംഹങ്ങളായിത്തീർന്ന ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ കഴുതരൂപവും ആട്ടിൻകുട്ടിരൂപവും പൂർണമായി മായിച്ചുകളഞ്ഞ് സിംഹരൂപത്തിൽ മാത്രം അവനെ അവതരിപ്പിച്ചു. അവകാശങ്ങൾക്കും അധികാരത്തിനും വേണ്ടി ക്രിസ്ത്യാനികൾ അന്യോന്യം തലതല്ലിക്കീറാനും കടിച്ചുകീറാനും തുടങ്ങി. പരസ്പരം തോല്പിക്കുന്നതിൽ ആനന്ദിച്ചു. ക്രൈസ്തവസംസ്കാരത്തിൽ നിന്നുള്ള പ്രകടമായ ഈ അപഭ്രംശം ജന്മാവകാശമായ അദ്ധ്യാത്മികതപോലെ കാത്തുസൂക്ഷിച്ച് താലോലിക്കുന്ന "സഭകൾ" വിജയിക്കുകയും യേശുക്രിസ്തുവും ക്രസ്തീയതയും പരാജയപ്പെടുകയും ചെയ്യുന്നത് വർത്തമാന കേരളത്തിന്റെ ദുര്യോഗം എന്ന് കരുതി ആശ്വസിക്കാം. പരസ്പരം തോല്പിക്കുന്നതിൽ ക്രിസ്ത്യാനികൾ ആനന്ദിച്ചപ്പോൾ ക്രിസ്തീയത ജന്മനാട്ടിൽ അന്യം നിന്നുപോയി.

***അതിനിടയിലും കഴുതകളാകാൻ മനസ്സായവരിലൂടെ യേശുയാത്ര തുടർന്നുകൊണ്ടിരുന്നു. ഇന്നും അങ്ങനെതന്നെ.*** ക്രിസ്ത്യാനികൾ നല്ലൊരു ഭാഗം കഴുതകളാകാതെ സിംഹങ്ങളാകാൻ കൂടുതൽ ഇഷ്ടപ്പെട്ടതിനാൽ ലോകം ഇന്നും രക്ഷകനെ പ്രതീക്ഷിച്ച് കഴിയേണ്ടി വന്നിരിക്കുന്നു! കഴുതയാകാൻ ആരാണിഷ്ടപ്പെടുക? മൃഗങ്ങളുടെ രാജാവായ സിംഹമാകാൻ എല്ലാവർക്കും ഇഷ്ടമാണ്. അയൽക്കാരന്റെ തല തല്ലിക്കീറുന്ന സിംഹത്തിന്റെ ശൈലിയാണല്ലോ ഇന്ന് പ്രിയം! സിംഹങ്ങളാകാൻ ശിശുക്കൾക്കും യുവമനസ്സുകൾക്കും ടി.വി.യിലും സിനിമയിലും വിദഗ്ദ്ധമായ പരിശീലനം ലഭിക്കുന്നു. പരിശീലനം നല്കുന്നതിൽ പത്രമാസികകളും മുമ്പന്തിയിൽത്തന്നെ. സിംഹങ്ങളായിപ്പോയ മനുഷ്യരുടെ ക്രൂരതകളുടെ കഥകൾ പൊടിപ്പും തൊങ്ങലും ചേർത്ത് കൂടുതൽ ക്രൂരമായി വർണ്ണിക്കാൻ മത്സരിക്കുന്നു.



യുഗാന്ത്യ രക്ഷകനായ യേശുക്രിസ്തുവിന് മനുഷ്യസമൂഹങ്ങളുടെ കേന്ദ്രങ്ങളിലേക്ക് ഭരണാധിപനായി എഴുന്നെള്ളാൻ പററിയ വാഹനമായ കഴുതക്കുട്ടിയാകാൻ ഓരോ ക്രിസ്ത്യാനിക്കും ദൈവം നല്കുന്ന ക്ഷണമാണ് ഓരോ ഓശാനപ്പെരുന്നാളും. യേശുക്രിസ്തുവിന്റെ ഉദ്ദേശ്യം സാധിതമാക്കാൻ അവൻ ആദ്യം യാത്ര ചെയ്ത കഴുതക്കുട്ടിയെക്കുറിച്ച് സുവിശേഷകൻ പറഞ്ഞിട്ടുള്ള യോഗ്യതകൾ തങ്ങൾക്കുണ്ടെന്ന് ക്രിസ്ത്യാനികൾ ഉറപ്പു വരുത്തണം. പ്രസ്തുത യോഗ്യതകളെക്കുറിച്ച് ലളിതമായൊരു പുനർവിചാരം ചെയ്യാം.

ഒന്നാമത്, ദൈവം മുൻകൂട്ടി *കെട്ടിയിട്ടുള്ള കഴുതക്കുട്ടിയാണ്*. കർത്താവ് പ്രവാചകനായ ജറെമിയായിലൂടെ പറഞ്ഞിട്ടുണ്ട്: "അമ്മയുടെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറെ.1,5). "ഭൂമിയുടെ അതിർത്തികൾവരെ രക്ഷ വ്യാപിപ്പിക്കുന്നതിന് വിജാതിയർക്ക് ഒരു ദീപമായി നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു" എന്ന് ഇസ്രായേലിനോട് കർത്താവ് പറഞ്ഞു. അതേ വാക്കുകൾ യേശുക്രിസ്തുവിനോടും (ലൂക്കാ 3,32) പൗലോസിനോടും (അപ്പ 13,47) പറഞ്ഞു. ആ വാക്കുകൾ അതേ താളലയങ്ങളിൽ ഇന്നത്തെ ക്രിസ്ത്യാനികളോടും - എന്നോടും - പറയുന്നു. അത് കേൾക്കണം. ക്രിസ്തുവിനു വേണ്ടി കെട്ടപ്പെട്ടവരാകണം. എങ്കിൽ മാത്രമേ അവന്റെ ദൂതന്മാർ അവന്റെ നിർദ്ദേശം അനുസരിച്ച് അഴിച്ചുകൊണ്ടുപോകാൻ വരുമ്പോൾ കെട്ടിയിരുന്നിടത്തു നിന്ന് അഴിക്കപ്പെടാനും അവരുടെ കൂടെ പോകാനും കഴിയൂ.

രണ്ടാമത്, ഒരു *മനുഷ്യനും ഒരിക്കലും കയറിയിട്ടില്ലാത്തതാണ്*. ലോകത്തിന്റെയും രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും വിവിധ മേഖലകളിൽ ക്രിസ്തീയമായി സേവനം ചെയ്യാൻ ദൈവം അയച്ചിട്ടുള്ളവരാണ് ക്രിസ്ത്യാനികൾ. അവർ ലോകത്തിന്റെ രക്ഷയ്ക്ക് ഭോഷത്തമായി സ്വയം വിനയപ്പെടുത്തിയ യേശുക്രിസ്തുവിനുവേണ്ടി സമ്പൂർണമായി സമർപ്പിച്ച് തങ്ങളുടെ സേവനം ചെയ്യണം. യേശുക്രിസ്തുവിനുവേണ്ടി മാത്രമുള്ള സമർപ്പണത്തിൽ നിന്നാണ് ലോകത്തിലുള്ള സേവനത്തിന് ശക്തി ശേഖരിക്കേണ്ടത്. യേശുക്രിസ്തുവിലൂടെ ദൈവം ലോകത്തിനു നല്കിയ സമഗ്രമായ മോചനം ഇവിടെ പൂർണമാക്കാൻ അങ്ങനെയേ സാധിക്കൂ. ക്രിസ്ത്യാനിക്ക് ക്രിസ്തീയതയുടെ ആരംഭം മുതൽ ഒരു ലേബൽ ഒട്ടിച്ചിട്ടുണ്ട്: *ക്രിസ്തുവിനുള്ളവൻ/ൾ*. ക്രിസ്തുശിഷ്യർക്ക് ''ക്രിസ്ത്യാനികൾ'' എന്ന പേര് ആദ്യം വിളിച്ചത് അന്ത്യോഖ്യയിൽ ആണല്ലോ (അപ്പ 11,26). ക്രി. വ. 65ൽ എന്നാണ് കണക്കുകൂട്ടൽ. അതിനു മുമ്പ് ക്രിസ്തുശിഷ്യർ ആദ്യം സ്വയം സ്വീകരിച്ച പേര് ''മാർഗവാസികൾ'' എന്നായിരുന്നു (അപ്പ 9,2;22,4). യഹൂദർ ''നസ്രായപക്ഷക്കാർ'' എന്ന് വിളിച്ചു (അപ്പ 24,5.14). നസ്രയനായ യേശു

വിന്റെ ശിഷ്യരെങ്കിലും യഹൂദ മതത്തിലെ തന്നെ ഒരു മതവിഭാഗം എന്നായി രുന്നു ''നസ്രായപക്ഷക്കാർ'' എന്ന വിളിപ്പേരിന്റെ സൂചന. യഹൂദ മതത്തിലെ ഒരു വിഭാഗമായി കരുതപ്പെട്ടപ്പോഴും *നസ്രയനായ യേശുവിന്റെ ആളുകൾ* എന്ന് എതിരാളികൾപോലും ക്രിസ്തുശിഷ്യരെ വേർതിരിച്ചറിഞ്ഞിരുന്നു! ക്രസ്ത്യാനികൾ ക്രിസ്തുവിന്റെ ആളുകൾ ആണ്; ആ യിരിക്കണം. കരക്കരുത്തിലും ശക്തിപ്രകടനത്തിലുമല്ല. അവനുവേണ്ടിയുള്ള സമർപ്പണത്തിലും അതിന്റെ ഫലമായ സഹോ ദരശുശ്രൂഷയിലും. യേശുക്രിസ്തുവിന് യാത്ര ചെയ്യാനുള്ള കഴുതക്കുട്ടി ഇടറിയും പിണങ്ങിയും നിന്നാൽ! സ്വന്തം സുഖസൗകര്യങ്ങൾ അനു സരിച്ചു മാത്രം പ്രവർത്തിച്ചാൽ!!

മൂന്നാമത്, *കർത്താവിന് ആവശ്യമുണ്ട്*: അത്യധികം ആശ്വാസവും ധൈര്യവും നല്കുന്ന ഒരു സത്യമാണിത്. ഒററക്കൊററയ്ക്കും സമൂഹ ങ്ങളായും ക്രിസ്തീയ വ്യക്തികൾക്ക് ഒട്ടേറെ കുറവുകളും കുററങ്ങ ളുമുണ്ട്. എന്നിട്ടും കർത്താവിന് നമ്മെ ആവശ്യമുണ്ട്. ക്രിസ്ത്യാനികളെ ഇന്ത്യയിൽ വേണ്ട എന്നു മനസ്സിലും ഉറക്കെയും പറയുന്നവരും അതനു സരിച്ച് പ്രവർത്തിക്കുന്നവരും വർദ്ധിച്ചുകൊണ്ടിരിക്കയാണല്ലോ. ആർ ക്കെല്ലാം വേണ്ടാതായാലും കർത്താവിനു നമ്മെ ആവശ്യമുണ്ട്. അതി നാലാണ് ക്രിസ്ത്യാനികൾ എന്ന നിലയിൽ വ്യക്തികളും സമൂഹങ്ങ ളുമായി ദൈവം നമ്മെ ഇവിടെ - ഈ ലോകത്തിൽ, ഇന്ത്യയിൽ - നി യോഗിച്ചിട്ടുള്ളത്. കഴുതക്കുട്ടിയായി ക്രിസ്ത്യാനികളെ യേശുക്രിസ് തുവിന് ആവശ്യമുണ്ട്.

വ്യക്തിപരമായി എല്ലാ സാഹചര്യങ്ങളിലും നമ്മെ ഏറ്റവും ധൈര്യ പ്പെടുത്തുന്ന കർതൃസന്ദേശമാണ്: *കർത്താവിന് നമ്മെ ആവശ്യമുണ്ട്.* നമ്മുടെ കുറവുകളുടെ മുമ്പിൽ നാം നില്ക്കുമ്പോൾ ''കർത്താവിന് ഇതി നെ ആവശ്യമുണ്ട്'' എന്ന വാക്കുകൾ ആശ്വാസമല്ലേ? കുറ്റാരോപണങ്ങ ളുടെയും അടക്കം പറച്ചിലുകളുടെയും മുമ്പിൽ, ഒറ്റപ്പെടുത്തലിന്റെ മുമ്പിൽ, ജീവിതം വഴി മുട്ടിക്കുന്ന പ്രശ്നങ്ങളുടെ മുമ്പിൽ, നില്ക്കേണ്ടി വരുമ്പോൾ ''കർത്താവിന് ഇതിനെ ആവശ്യമുണ്ട്'' എന്ന കർ തൃവചനം തേൻമഴയാ യി, അമൃതായി, ആത്മശക്തിയായി പെയ്തിറങ്ങി ഉണർത്തുന്നു.

ഒരു യുവതി തന്നെ വല്ലാതെ അലട്ടിക്കൊണ്ടിരുന്ന വലിയ ഒരു പ്രശ്നം പറഞ്ഞു. അവളുടെ ഭർത്താവിന് മാനസിക രോഗം. നിയ ന്ത്രാണാധീനമാണ്. എന്നാലും വിട്ടു മാറുന്നില്ല. മരുന്ന് മുടക്കാനാവി ല്ല. വലിയ പ്രതീക്ഷയോടെ ഏറെ പ്രാർത്ഥിച്ച് കുടുംബജീവിതത്തി ലേക്ക് കാലൂന്നിയതാണ്. ഏറെ വൈകാതെ ഭർത്താവിന് ഈ രോഗം. ഗുരുതരമാവാറില്ലെങ്കിലും സ്വാഭാവികമായും സന്തോഷത്തിന് കാര്യ മായ കുറവുണ്ടാകുമല്ലോ. വിവാഹത്തിന് മുമ്പ് അയാൾക്ക് ചെറിയ തോതിൽ ഈ രോഗം ഉണ്ടായിട്ടുണ്ട്. ആ വിവരം അറിഞ്ഞപ്പോൾ തങ്ങളെ ചതിക്കയായിരുന്നു എന്ന് പറഞ്ഞ് അവളുടെ വീട്ടുകാർ വിവാ



ഹമോചനത്തിനുപോലും ആലോചനയായി. കർതൃഭക്തയായ ആ യുവതിക്ക് സ്വന്തം വീട്ടുകാരുടെ വിവാഹമോചന ആലോചനകളോട് യോജപ്പില്ലായിരുന്നു. അവൾ പ്രാർത്ഥനയിൽ ശക്തി കണ്ടെത്തി. എന്നി രുന്നാലും അവൾ എന്നോടു ചോദിച്ചു: ദൈവം എന്തിനാണ് എന്നെ ഒരു മനോരോഗിയുടെ ഭാര്യയാക്കിയത്? പെട്ടെന്ന് ഞാൻ ഇങ്ങനെ മറുപടി പറ ഞ്ഞു: *നിന്നെ അവന് ആവശ്യമുണ്ടെന്ന് കർത്താവ് കണ്ട തുകൊണ്ട്.* അതു മുതൽ മുമ്പത്തേതിലും സ്നേഹത്തോടെ അവൾ ഭർത്താവിനെ ശുശ്രൂഷിച്ചു. അവന്റെ രോഗം വളരെ കുറഞ്ഞു. ജീവിതം കൂടുതൽ സന്തോഷകരമായി. അവൾക്ക് അന്ന് കൊടുക്കാൻ കർത്താവ് എനിക്കു തന്ന ആ മറുപടി നിമിത്തം അവൾക്ക് കിട്ടിയ അനുഗ്രഹങ്ങളെ ക്കുറിച്ച് പിന്നീട് അവൾ എന്നോട് സസന്തോഷം സംസാരിച്ചിട്ടുണ്ട്.

1982ലാണ് സ്റ്റെഫനിയുടെ (പേര് സാങ്കല്പികം) ജീവിതകഥ അവളുടെ വികാരിയച്ചൻ എന്നോട് പറഞ്ഞത്. ഇന്ത്യക്ക് പുറത്ത് ഒരു രാജ്യ ത്ത് ഒരു പള്ളിയിൽ ഒരു രാത്രി മുഴുവൻ വിശുദ്ധ കുർബാന പരസ്യമായി എഴുന്നെള്ളിച്ചു വച്ച് ആരാധന നടക്കുകയാണ്. ഞാനും ആദ്യവസാനം സംബന്ധിച്ചു. അന്നത്തെ ആരാധകസംഘത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. അറുപത് ചെറുപ്പക്കാരുടെ ഒരു സംഘം. സ്റ്റെഫനി ഈ അറുപതിൽ ഉൾപ്പെടില്ല. പക്ഷേ അവളാണ് അവർക്കെല്ലാം നേതൃത്വം. ആ അറുപത് ചെറുപ്പക്കാരും അവളും രാത്രി മുഴുവൻ ആരാധി ച്ചിട്ട് വെളുപ്പിന് ഇറ്റലിയിലെ അസ്സീസിയിലേക്ക് പോകയാണ്, ഒരാഴ്ച സന്നദ്ധ സേവനം ചെയ്യാൻ. അതിന് ഒരുക്കമാ യാണ് ആരാധന നടത്തിയത്. പള്ളിയിലെ ആരാധനക്കാര്യങ്ങൾക്കും യുവാക്കളുടെ കാര്യത്തിലുമെല്ലാം ഇത്രയധികം ശുഷ്കാന്തിയോടെ സ്റ്റെഫനി പ്രവർത്തിച്ചത് എന്നെ വളരെ ആകർഷിച്ചു. ആരാധന കഴിഞ്ഞ് പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ സ്റ്റെഫ നിയുടെ ശുശ്രൂഷയെ പ്രശംസിച്ച് അവിടത്തെ വികാരിയച്ചനോട് സംസാരിച്ചു. ദേവാലയകാര്യങ്ങളിലും ആരാധനാകാര്യങ്ങളിലും സെറ്റ ഫനി അത്യധികം താത്പര്യപൂർവ്വവും ഊർജ്ജസ്വലവുമായി പ്രവർത്തി ക്കുന്നതിന്റെ രഹസ്യം അച്ചൻ പറഞ്ഞു.

സ്റ്റെഫനിയും ഭർത്താവും ഒരു മകനും അടങ്ങുന്നതായിരുന്നു അവളുടെ കുടുംബം. സന്തുഷ്ടകുടുംബം എന്ന് അവൾ കരുതിയിരു ന്നു. ചെറുപ്പം മുതൽ വിശ്വാസ തീക്ഷ്ണയായ സ്ത്രീ. മകന് പന്ത്രണ്ട് വയസ്സായ കാലം. ഭർത്താവ് അവളിൽ നിന്ന് അകലുന്നത് അവൾ മന സ്സിലാക്കി. സ്നേഹം കുടുതൽ പ്രകടിപ്പിച്ചും കഴിയും വിധമെല്ലാം ഭർത്താവിനെ തന്നിൽ അടുപ്പിച്ചു നിർത്താൻ അവൾ ശ്രമിച്ചു. കുടുംബ ബന്ധവും വൈവാഹികയോജിപ്പും നഷ്ടപ്പെടാതിരിക്കാൻ അവൾ എല്ലാം സ്വീകരിച്ചും ക്ഷമിച്ചും മുന്നോട്ടു പൊയ്ക്കൊണ്ടിരിരുന്നു. ക്രമേണ ഭർത്താവ് വീട്ടിൽ ക്രമമായി വരുന്ന പതിവ് നിർത്തി. അവളിൽ നിന്ന്

അകന്ന് സ്ഥിരമായി വേറെ പാർക്കാൻ തുടങ്ങി. മറ്റൊരു സ്ത്രീ കൂട്ടിനുണ്ടെന്ന് എടുത്തു പറയേണ്ടല്ലോ. മകന് പതിനഞ്ച് വയസ്സായപ്പോൾ മുതൽ അവൻ കുറെയകലെ വേറെ താമസിക്കുകയായി. സ്റ്റെഫനി ഒറ്റയ്ക്കായി താമസം. മകനും അവളിൽ നിന്ന് അകന്ന് താമസിക്കാൻ തുടങ്ങിയ ശേഷമുള്ള അവളുടെ ആദ്യത്തെ ജന്മദിനം വന്നുചേർന്നു. അവരുടെ നാട്ടിലും സംസ്കാരത്തിലും ജന്മദിനം നന്നായി ആഘോഷിക്കും. ഇപ്പോഴത്തെ ചെത്തു ശൈലിയിൽ പറഞ്ഞാൽ അടിപൊളിയാക്കും. മാതാപിതാക്കന്മാരെ മറ്റൊരിക്കലും തിരിഞ്ഞുനോക്കാത്ത മക്കളും ജന്മദിനാശംസകളുമായി വരും. സമ്മാനങ്ങൾ കൊടുക്കും. സ്റ്റെഫനി ഭർത്താവിനെയും മകനെയും പ്രത്യേകം ഓർപ്പിച്ചു, ക്ഷണിച്ചു. കഴിഞ്ഞതെല്ലാം മറന്ന് ഒരു തെറ്റും ചെയ്യാത്തവനെപ്പോലെ സ്വീകരിക്കാമെന്ന് ഭർത്താവിനോട് പറഞ്ഞു. അവർക്ക് ഇഷ്ടപ്പെട്ട പല തരം കേക്കുകളുമൊക്കെ തയ്യാറാക്കി കാത്തിരുന്നു. പക്ഷേ അവർ മാത്രം വന്നില്ല.

ജന്മദിനാശംസകരുടെ തിരക്കൊഴിഞ്ഞ സന്ധ്യയ്ക്ക് അവൾ മകനെ ഫോണിൽ വിളിച്ചു. അവൻ വരാഞ്ഞതിൽ അവൾക്കുണ്ടായ വലിയ വിഷമം പറഞ്ഞു. "മകനേ, നീ വരുമെന്ന് ഞാൻ തീർച്ചയായും കരുതി. എന്തേ വരാഞ്ഞത്? നിനക്ക് വല്ല അസുഖവുമാണോ?" "എന്റെ കൂട്ടുകാരിയുമായി ഒരിടത്ത് പോകണമായിരുന്നു. ഞാൻ വന്നില്ലെങ്കിലും ആന്റിമാരൊക്ക വന്നല്ലോ." മകന്റെ മറുപടി അവളെ കൂടുതൽ ദുഃഖത്തിലാഴ്ത്തി. അവൾ ഭർത്താവിനെ വിളിച്ചു. "ഫോണിൽപ്പോലും ജന്മദിനാശംസ നേർന്നില്ലല്ലോ," അവൾ പരിഭവം പറഞ്ഞു. "ഞാൻ പറഞ്ഞിട്ടില്ലേ ഇനി എനിക്ക് നിന്നെ വേണ്ടാ എന്ന്? ഇനി മേലാൽ എന്നെ വിളിച്ചേക്കരുത്." മകന്റെയും ഭർത്താവിന്റെയും മറുപടികൾ അവളെ ആകെ തളർത്തി. ഭർത്താവിന് തന്നെ വേണ്ടാ. മകനും വേണ്ടാ. ആർ ക്കും വേണ്ടാത്ത താൻ ഇനി ആർക്കുവേണ്ടി ജീവിക്കണം? ഈ ജന്മദിനത്തിൽ തന്നെ ജീവിതം അവസാനിപ്പച്ചേക്കാം. അവൾ ഉറച്ച് തീരുമാനമെടുത്തു. അവൾ മദ്യശാലയിൽ പോയി മദ്യത്തിൽ ഉറക്ക ഗുളിക കലർത്തി കുടിച്ച് ജീവിതം അവസാനിപ്പിക്കാൻ പരിപാടിയിട്ടു. മദ്യം വാങ്ങി. മദ്യമൊഴിച്ച ഗ്ലാസ്സിന്മേൽ കൈപ്പത്തി കമഴ്ത്തിവച്ച് അതിന്മേൽ തല വച്ച് ഏറെ നേരമിരുന്നു. അവിടെയിരുന്ന് പൂർവ്വകാലമോർത്തു. ചെറുപ്പം മുതലുള്ള നല്ല ഓർമ്മകൾ. പ്രത്യേകിച്ച് വിശ്വാസജീവിത ത്തിൽ മാതാപിതാക്കന്മാർ നല്കിയ നല്ല പരിശീലനം; ഭർത്താവിൽ നിന്ന് ലഭിച്ചിരുന്ന വലിയ സ്നേഹം ... അങ്ങനെ കഴിഞ്ഞകാല ജീവിതമെല്ലാം ഒരു സ്ക്രീനിലെന്നപോലെ അവളുടെ മുമ്പിലൂടെ കടന്നുപോയി. ഇപ്പോൾ താൻ ആർക്കും വേണ്ടാത്തവളായിരിക്കുന്നു. അപ്രകാരമെല്ലാം ചിന്തിച്ച് എത്ര നേരം അവൾ അങ്ങനിരുന്നു എന്ന് അവൾക്ക് കൃത്യം ഓർമ്മയില്ല. അങ്ങനെ അവിടെയിരിക്കുമ്പോൾ മദ്യശാലയോടു ചേർന്നു ള്ള റോഡിലൂടെ പോയ ഒരു



യാത്രക്കാരൻ കൂട്ടുയാത്രക്കാരനോട് പറ ഞ്ഞ വാക്കുകൾ അവളുടെ കാതിലെത്തി: "*സഹോദരാ, എല്ലാവർക്കും നിന്നെ വേണ്ടാതായാലും നമ്മുടെ കർത്താവിന് നിന്നെ വേണം.*" ദൈവദൂതന്റെ അശരീരി പോലെയാണ് ആ വാക്കുകൾ അവൾക്ക് ലഭിച്ചത്. അവൾ ആലസ്യത്തിൽ നിന്ന് ചാടിയെഴുന്നേറ്റു. ഗ്ലാസ്സിലെ മദ്യവും കുപ്പിയിലെ ബാക്കി മദ്യവും വാഷ്ബേസനിൽ ഒഴിച്ചുകളഞ്ഞു. ബാറുകാരുടെ കാശും കൊടുത്തിട്ട് അവൾ പള്ളിയിലേക്ക് ഓടി. അവൾ കർ ത്താവിനോടു സല്ലപിച്ചു: "നിനക്ക് എന്നെ വേണം, അല്ലേ? ഇതാ, തന്നിരിക്കുന്നു. എനിക്ക് നിന്നെയും വേണം. ഇനിയുള്ള കാലം എന്നെ നിനക്കുമാത്രം." അന്നു മുതൽ അവൾ വലിയ തീക്ഷ്ണമതിയായ ഒരു പ്രവർത്തകയായി തുടരുന്നു. അവൾ വഴി അനേകർ, പ്രത്യേകിച്ച് യുവതീയുവാക്കന്മാരും ഭർത്താവ് ഉപേക്ഷിച്ച് പോയവരും, കർത്താവിന് വേണ്ടവരാണെന്ന തിരിച്ചറിവിലേക്ക് വന്നു.

ആലപ്പുഴക്കാരൻ ഇറച്ചി ആൽബിൻ എന്ന മാത്യു ആൽബിന്റെ ജീവിതസാക്ഷ്യം 2002 ഒക്ടോബർ നവംബർ മാസങ്ങളിൽ *ക്രൈസ്തവകാഹളം* മാസിക (തിരുവനന്തപുരം) രണ്ടു ഭാഗങ്ങളായി പ്രസിദ്ധീകരിച്ചു. ആൽബിൻെറ മാനസാന്തരത്തിന് വഴിയൊരുക്കിയ പല കാര്യങ്ങളുണ്ട്. കൂട്ടത്തിൽ ബഹു. കന്യാസ്ത്രീകൾ ആൽബിനോടു പറഞ്ഞ വാചകവുമുണ്ട്: " "ദൈവത്തിന് ആൽബിനെക്കൊണ്ട് എന്തൊക്കെയോ പദ്ധതികളുണ്ട്." അതേ, ആൽബിനെക്കൊണ്ട് ദൈവം വലിയ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ആർക്കും വേണ്ടാതായപ്പോഴും ആൽബിനെ കർത്താവിന് ആവശ്യമുണ്ടായിരുന്നു.

ആർക്കെല്ലാം വേണ്ടാതായാലും കർത്താവിന് നമ്മെ ആവശ്യമുണ്ട്. തീർച്ച. മക്കൾക്ക് വേണ്ടാത്ത മാതാപിതാക്കന്മാരെ കർത്താവിന് ആവശ്യമുണ്ട് - തന്നെ വേണ്ടെന്ന് വയ്ക്കുന്നവർക്ക് അളവറ്റ സ്നേഹം വർഷിക്കുന്ന കർത്താവിന് ആ മക്കളിലേക്ക് എഴുന്നെള്ളാൻ. മാതാപിതാക്കന്മാർക്ക് വേണ്ടാത്ത മക്കളെ കർത്താവിന് ആവശ്യമുണ്ട് - കർത്താവിന്റെ സ്നേഹം ആ മാതാപിതാക്കന്മാരിലേക്ക് കോരിയൊഴിക്കാൻ. ഭർത്താവിന് വേണ്ടാത്ത ഭാര്യയെയും ഭാര്യയ്ക്ക് വേണ്ടാത്ത ഭർത്താവിനെയും കർത്താവിന് ആവശ്യമുണ്ട്. എല്ലാവരും കുറ്റപ്പെടുത്തി ഒറ്റപ്പെടുത്തുന്ന പാപിയെ കർത്താവിന് ആവശ്യമുണ്ട്. തിരുമണ്ടൻ - കഴുത - എന്ന് സകലരും എഴുതിത്തള്ളിയവനെയും കർത്താവിന് വേണം. കർത്താവിന് വേണ്ടാത്തവരായി ആരുമില്ല.

**കഴുതക്കുട്ടി കുരിശ്**

മിശിഹാരാജാവ് പ്രതാപവാനും (മഹത്ത്വപൂർണ്ണനും) ജയശാലിയും വിനയാന്വിതനുമായി വരുന്നതിന്റെ സൂചനയാണ് യേശു കഴുതക്കുട്ടിയുടെ പുറത്തിരുന്ന് ജറുസലേമിലേക്ക് വരുന്നത് എന്ന് സഖറിയാ പ്രവാചകൻ വിശദമാക്കിയിട്ടുണ്ട്. യേശു മഹത്ത്വപൂർണ്ണനും വിജയശാ

ലിയും വിനയാന്വിതനും ആയിത്തീർന്നതിന്റെ പാരമ്യമാണ് അവന്റെ ക്രൂശിക്കൽ. യേശു എളിമയുടെയും വിനയപ്പെടലിന്റെയും വിജയത്തിന്റെയും അത്യുച്ചിയിലെത്തിയത് കുരിശിലാണ്. അവിടെത്തന്നെയാണ് അവന്റെ രാജത്വത്തിന്റെ വിജയത്തിന്റെ ആഘോഷവും ഉത്സവത്തിമിർപ്പും.

കുരിശിലേക്കുള്ള യാത്രയുടെ അവസാനഘട്ടത്തിന്റെ ആരംഭമാണ് യേശു കഴുതക്കുട്ടിയുടെ പുറത്തു കയറിയിരുന്ന് ജറുസലേമിലേക്കു ചെയ്ത യാത്ര. ആ നിലയ്ക്ക് കുരിശിന്റെ മുൻകുറിയും ആരംഭവുമാണ് ജറുസലേമിലേക്കു യേശുവിനെ വഹിച്ച കഴുതക്കുട്ടി. അത് യേശുവിന്റെ അമ്മ ദൈവത്തിന്റെ ആദ്യജാതനായ അവനെ തന്റെ ആദ്യജാതനായി പ്രസവിച്ച് പിള്ളക്കച്ച പൊതിഞ്ഞ് കാലിത്തൊഴുത്തിൽ കിടത്തിയതിന്റെ തുടർച്ചയുമാണ്. ഇസ്രായേൽ തന്റെ ഉടമസ്ഥനും യജമാനനുമായവനെ തിരിച്ചറിയാതിരുന്നപ്പോൾ (ലൂക്കാ 19,41-42) കഴുത തന്റെ കർത്താവിനെ തിരിച്ചറിഞ്ഞു സ്വീകരിച്ച് വഹിച്ചുകൊണ്ടു പോയി (ഏശ.1,3). തന്റെ യജമാനന്റെ തൊഴുത്ത് ജറുസലേമാണെന്ന് കഴുതക്കുട്ടി തിരിച്ചറിഞ്ഞു. രക്ഷകൻ, കർത്താവായ ക്രിസ്തു, സകല ജനത്തിനും സന്തോഷവാർത്തയായി ജനിച്ചതിന്റെ അടയാളമായിരുന്നു കാലിത്തൊഴുത്തിലെ ശിശു. അതുപോലെ കഴുതക്കുട്ടിയുടെ പുറത്ത് കയറി വരുന്ന യേശു, മിശിഹാ രാജാവ് സമാഗതനാകുന്നതിന്റെ അടയാ ളമാണ്. കാലിത്തൊഴുത്തിലെ ശിശുതന്നെയാണ് സകല ജനത്തിനും സന്തോഷവാർത്തയായ രക്ഷകനും കർത്താവും ക്രിസ്തുവും. കഴുത ക്കുട്ടിയുടെ പുറത്ത് കയറിയിരുന്നു വരുന്ന യേശുതന്നെയാണ് യുഗാ ന്ത്യ രക്ഷകനായ മിശിഹാരാജാവ്.

**രാജാവിനു വരവേല്പ്: ചടങ്ങുകളും സ്വാഗതഗാനവും**

യേശുമിശിഹാ കഴുതക്കുട്ടിയുടെ പുറത്തിരുന്ന് ജറുസലേമിലേക്കു യാത്ര ചെയ്തപ്പോൾ ശിഷ്യഗണം മുഴുവനും ചേർന്ന് സ്വീകരണം നല്കി. സ്വീകരണത്തിന് ചില ചടങ്ങുകൾ അവർ ചെയ്തു. ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് ഒരു സ്വാഗതഗാനവും പാടി. ചടങ്ങുകൾ ഇവയാണ്: ശിഷ്യർ തങ്ങളുടെ വസ്ത്രങ്ങൾ കഴുതക്കുട്ടിയുടെ പുറത്ത് വിരിച്ച് യേശുവിനെ അതിന്മേലിരുത്തി. കൂടാതെ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു (ലൂക്കാ 19,35-36). ഇവയും സ്വീകരണച്ചടങ്ങുകളുടെ മററ് വകകളും ദാവീദ് സോളമനെ രാജാവായി തെരഞ്ഞെടുത്ത് കിരീടധാരണം നടത്തിയപ്പോൾ ഉണ്ടായതുപോലെയുണ്ട് (1 രാജാ 1, 38-48): "കഴുതയുടെ പുറത്ത് ഇരുത്തി" (ലൂക്കാ 19,35;1 രാജാ 1,33-38), ചെരിവ് (ഇറക്കം) (19,37 = 1 രാജാ 1,40), ആളുകളുടെ സന്തോഷാരവം (ലൂക്കാ 19,37 = 1 രാജാ 1,40), "സമാധാനം" എന്നു രണ്ടു തവണ (19, 38.42 = 1 രാജാ 1,42-48). യേശുവിനെ സോളമൻരാജാവിനോടു ബന്ധപ്പെടുത്തിയിട്ടുണ്ടല്ലോ ലൂക്കാ (2,7;11,31). യേശുവിനെ അമ്മ പ്രസവിച്ച് പിള്ളക്കച്ച പൊതിഞ്ഞ് കാലിത്തൊഴുത്തിൽ കിടത്തിയപ്പോഴും (ലൂക്കാ 2,7) കാലിത്തൊഴുത്തിന്റെ പൂർത്തീകരണമായ കുരിശിൽ അവൻ യഹൂദരാൽ ക്രൂശിതനാകാനുള്ളിടത്തേക്കുള്ള യാത്രയുടെ അവസാന ഘട്ടത്തിന്റെ ആരംഭത്തിലും (ലൂക്കാ 19,37-42) അവനും സോളമൻരാജാവുമായുള്ള ബന്ധം സുവിശേഷകൻ അനുസ്മരിക്കുന്നു. ദാവീദ്രാജാവിന്റേ തിനെക്കാൾ മഹത്ത്വപൂർണ്ണമായ ഭരണമായിരിക്കട്ടെ സോളമന്റേത് എന്ന് യഹൂദിയായുടെ പുത്രൻ സോളമനെ ആശംസിച്ചു. യേശു സോളമനെക്കാൾ വലിയവനാണ് (ലൂക്കാ 11,31). അവൻ തന്റെ മഹത്ത്വത്തിലേക്ക് പ്രവേശിച്ചു (ലൂക്കാ 24,27).



യേശു പട്ടണത്തോടടുത്ത് ഒലിവുമലയുടെ ചെരിവിന് സമീപിച്ചപ്പോൾ ശിഷ്യരുടെ സമൂഹം മുഴുവൻ തങ്ങൾ കണ്ട സകല അത്ഭുതങ്ങളെയും പ്രതി സന്തോഷിച്ച് അത്യുച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി:

*കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ,*
*സ്വർഗ്ഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്ത്വം* (19, 37-39).

"കർത്താവിന്റെ നാമത്തിൽ വരുന്നവൻ" എന്ന സ്തുതിപ്പ് സങ്കീ 118,27 ആധാരമാക്കിയാണ്. ദേവാലയത്തിലേക്കു വരുന്ന തീർത്ഥാടകരെ സ്വാഗതം ചെയ്ത് പുരോഹിതൻ നടത്തുന്ന ആശംസയാണത്. അത് ആരോഹണത്തിനുള്ള യാത്രയുടെ ഭാഗമായി ജറുസലേംദേവാലയത്തിലേക്കു വരുന്ന യേശുവിനെ രാജാവായി വരവേല്ക്കാൻ ശിഷ്യഗണം മുഴുവൻ ചേർന്നു പാടി. മലാ 3,1 ആസ്പദിച്ച് "വരുന്നവൻ" എന്ന വിശേഷണം കർത്താവിന്റെ നിയമം ജനത്തെ പഠിപ്പിക്കാൻ ദേവാലയത്തിലേക്ക് വരുന്ന മിശിഹായാണ് യേശു എന്നും സൂചിപ്പിക്കുന്നു. യേശു യാത്ര അവസാനിപ്പിക്കുന്നത് ദേവാലയത്തിലാണല്ലോ. എന്നിട്ട് അവിടെയിരുന്ന് ജനത്തെ മുഴുവൻ പഠിപ്പിക്കുന്നു (ലൂക്കാ 20-21). "വരുന്നവൻ" യേശു തന്നെയാണ് എന്ന് ലൂക്കാ നേരത്തേ സ്ഥിരീകരിച്ചിട്ടുണ്ട് (ലൂക്കാ 7,18-23). യേശുവാണ് "വരുന്നവൻ" എന്നതിന്റെ തെളിവാണ് അവൻ അനേകരെ രോഗങ്ങളിൽ നിന്നും പീഡകളിൽ നിന്നും അശു ദ്ധാത്മാക്കളിൽ നിന്നും സുഖപ്പെടുത്തിയതും കുരുടർക്കു കാഴ്ച നല്കി യതും മരിച്ചവരെ ഉയിർപ്പിച്ചതും ദരിദ്രർക്കു സുവിശേഷം പ്രസംഗിച്ചതും. ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ ആഘോഷമായി അനു സ്മരിക്കുന്നതാണല്ലോ 118-ാം സങ്കീർത്തനം. അതിന്റെ ഭാഗം "ശിഷ്യഗ ണം മുഴുവൻ" സന്തോഷിച്ച് പാടി ദൈവത്തെ സ്തുതിക്കുന്നു ഓശാന പ്പെരുന്നാളിൽ. "വരുന്നവനായ" യേശു പഠിപ്പിക്കുന്നത് കേൾക്കാനും നാം ഇരുന്നുകൊടുക്കുമോ?

"അത്യുന്നതങ്ങളിൽ മഹത്ത്വം, സ്വർഗ്ഗത്തിൽ സമാധാനം" എന്ന പാട്ട് യേശു ജനിച്ചപ്പോൾ സ്വർഗ്ഗീയ സൈന്യം ദൈവത്തെ സ്തുതിച്ച് പാടിയ പാട്ടിന് സമാനമാണ്. അന്ന് മാലാഖഗണം ദൈവത്തെ സ്തുതിച്ചു പാടി: "... *ഭൂമിയിൽ സമാധാനം.*" യേശു ശുശ്രൂഷ പൂർത്തിയാക്കി ജറുസലേമിലേക്ക് കഴുതപ്പുറത്തിരുന്ന് പ്രവേശിച്ചപ്പോൾ

"ശിഷ്യഗണം മുഴുവൻ" സന്തോഷിച്ച് ദൈവത്തെ സ്തുതിച്ചു പാടുന്നു: "... *സ്വർഗ്ഗ ത്തിൽ സമാധാനം.*" യേശു ജനിച്ചപ്പോൾ സമാധാനം ഭൂമിയിൽ വന്നു. യേശുവാണ് സമാധാനം. യേശു ഭൂമിയിലെ സേവനത്തിൽ സമാധാനം ദൈവം പ്രസാദിച്ചവർക്കെല്ലാം നല്കി. സേവനം പൂർത്തിയാക്കി തല യോടിടത്ത് ക്രൂശിക്കപ്പെടുമ്പോൾ സന്ധ്യാബലിയായി സ്വയം അർപ്പി ച്ചും തെററുകാർക്കുവേണ്ടി പ്രാർത്ഥിച്ചും അനുതപിക്കുന്ന പാപികളെ പറുദീസയിലേക്ക് തന്നോടൊപ്പം സ്വീകരിച്ചും സമാധാനം നല്കുന്ന ശുശ്രൂഷ പൂർത്തിയാക്കും. അപ്പോൾ സമാധാനം സ്വർഗ്ഗത്തിൽ. യേശു ആരോഹണം ചെയ്യുമ്പോൾ സമാധാനം സ്വർഗത്തിൽ. സമാധാന ശുശ്രൂഷ പൂർത്തിയാക്കാനാണ് യേശു കഴുതക്കുട്ടിയുടെ പുറത്തിരുന്ന് രാജാവായി ജറുസലേമിലേക്ക് എഴുന്നെള്ളിയത്. യേശു സമാധാനരാജാവാണ്. സമാധാനരാജാവായി വരാൻ കഴുതക്കുട്ടിയാണ് വാഹനം. കഴുതക്കുട്ടിയെ രാജവാഹനമായി സ്വീകരിക്കാൻ സ്വയം വിനയപ്പെ ടുത്താൻ സാധിക്കാത്ത മനുഷ്യന് സമാധാനം സൃഷ്ടിക്കാനും കഴിയുന്നില്ല. മിസ്സൈലും ബോംബും ടാങ്കുംകൊണ്ട് സമാധാനം സൃഷ്ടിക്കുന്നതിന് വൃഥാ പാടുപെടുന്നു അത്യാധുനിക ലോകം. അതിന് കഴുത ക്കുട്ടിയുടെ പുറത്തിരുന്നു വരുന്ന യേശുവിനെ സമാധാനരാജാവും സമാധാനവുമായി സ്വീകരിക്കാൻ സാധിക്കയില്ല. അതുപോകട്ടെ, ഓശാ നപ്പെരുന്നാൾ ആഘോഷിക്കുന്ന സഭകൾക്കു സാധിക്കുന്നുണ്ടോ?

**"ഗുരോ, നിന്റെ ശിഷ്യരെ ശാസിക്കുക"**

ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് ദൈവത്തെ സ്തുതിച്ച് യേശുവിന് സ്വാഗതഗാനം പാടിയപ്പോൾ, ചില ഫരിസേയർ യേശുവിനോട് ആവശ്യപ്പെട്ടു, "ഗുരോ, നിന്റെ ശിഷ്യരെ തടയുക." യഹൂദ സമൂഹത്തിലെ മിക്ക ഫരിസേയരും യേശുവിന്റെ സേവനകാലത്ത് അവനെ എതിർത്തവരാണ്. ഒന്നാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ എഴുതിയ ലൂക്കാ "ഫരിസേയർ" എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് പ്രധാനമായി ക്രിസ്തീയ സഭയിലെ ഫരിസേയരെയാണ്. കഴുതക്കുട്ടിയുടെ പുറത്ത് കയറിയിരുന്ന് സമാധാനരാജാവായി വരുന്ന യേശുവിനെ ശുദ്ധമനസ്കരായ ശിഷ്യഗണം സ്വീകരിച്ചാനയിക്കുന്നത് ഫരിസേയ മനസ്കരായ ക്രൈസ്തവർക്ക് രുചിക്കില്ല, സഹിക്കില്ല. അവർ യേശുവിനോട് പ്രാർ ത്ഥിക്കുക ഈ ശുദ്ധമനസ്കരെ തടയണമെന്നാണ്. അവരെ "ഫരിസേ യർ" നിശ്ശബ്ദരാക്കുകയും ചെയ്യുന്നു.

**"ഇവർ മൗനം ഭജിച്ചാൽ കല്ലുകൾ ആർപ്പുവിളിക്കും"**

കല്ലുകൾക്ക് നാവില്ല. നാവില്ലാത്ത കല്ലുകൾ ആർപ്പുവിളിക്കുമെന്നാണ് യേശുവിന്റെ മറുപടി. യേശുക്രിസ്തുവിൽ ദൈവം തന്റെ ജനത്തെ സന്ദർശിക്കുമ്പോൾ അവനെ സ്വീകരിക്കാത്തവർക്കെതിരേ കല്ലുകൾ സാക്ഷികളാകുമെന്ന് യേശു ആവർത്തിച്ചിട്ടുണ്ട് (ലൂക്കാ 17,44; 21,6;20,17). കല്ലുകൾ ഈ ഭൂമിയെ സൂചിപ്പിക്കാം (ഹബ 2,11). ദൈവം



അനീതിയെ ശിക്ഷിക്കുന്നതിന്റെ സാക്ഷികളാണ് കല്ലുകൾ (ഹബ 2,11). ശിഷ്യഗണത്തെ "ഫരിസേയർ" നിശ്ശബ്ദരാക്കിയാലും "ഫരിസേയർ"ക്കെതിരേ ദൈവത്തിന്റെ വിധിതീർപ്പുണ്ടെന്നതിന് ഈ ഭൂമി സാക്ഷിയാണ്. ഭൂമിയിലെ അധികാരവർഗ്ഗം നീതിയും ന്യായവും നിഷേധിച്ചും ഭോഷരെന്നു അടിച്ചമർത്തിയും നിശ്ശബ്ദരാക്കുന്ന "ശിഷ്യഗണത്തിന്" കർത്താവ് ന്യായം നടത്തിക്കൊടുത്ത് സന്തോഷിപ്പിക്കും. ഈ ഭൂമിയാണ സത്യം! ഇനി കുറെ ശിഷ്യരെ നിശ്ശബ്ദരാക്കിയാലും "ശിഷ്യഗണങ്ങൾ" നിശ്ശബ്ദരായാലും യേശുവിനെ സമാധാനരാജാവെന്ന് തിരിച്ചറിയുന്നവർ നാനാ ജാതിമത സ്ഥരിൽ നിന്ന് മുന്നോട്ടുവന്ന് അവന് സ്വാഗതഗാനം പാടും (ലൂക്കാ 3,8).

**"നിന്റെ സമാധാനത്തിനുള്ള മാർഗ്ഗം ഈ ദിവസമെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ"**

യേശു ജറുസലേം പട്ടണത്തിന് സമാധാനം നല്കാൻ അതിലേക്ക് കഴുതക്കുട്ടിയുടെ പുറത്തിരുന്ന് ചെന്നപ്പോൾ പട്ടണം അവനെ തിരിച്ചറി ഞ്ഞില്ല. അതിനാൽ അതിന് ഉണ്ടാകാൻപോകുന്ന ദുരിതമോർത്ത് യേശു വിലപിച്ചു. അവനെ ജറുസലേം മനഃപൂർവ്വം തിരസ്കരിച്ചതിനാൽ ഉണ്ടാ കുന്ന ശിക്ഷ മുൻകൂട്ടി പ്രസ്താവിക്കയും ചെയ്തു (ലൂക്കാ 19, 41-44). കഴുതക്കുട്ടിയുടെ പുറത്തിരുന്ന് വരുന്ന യേശുമിശിഹായെ സഭയിലും കുടുംബത്തിലും ലോകത്തിലും സമാധാനരാജാവെന്നും, കഴുതക്കുട്ടി യെ വാഹനമായി സ്വീകരിക്കയാണ് സമാധാനത്തിനു മാർഗ്ഗമെന്നും ഓശാനപ്പെരുന്നാൾ ആഘോഷിക്കുന്ന നാം - സഭകളും ക്രിസ്തീയ വ്യക്തികളും - തിരിച്ചറിഞ്ഞു സ്വീകരിക്കുമോ? "ഇന്നെങ്കിലും നിന്റെ സമാധാനത്തിന്റെ മാർഗ്ഗം നീ അറിഞ്ഞിരുന്നെങ്കിൽ"!

**''കഴുതകളുടെ രാജാവ്''**

1990ലോ 91ലോ എന്ന് കൃത്യം ഓർമ്മയില്ല. *ഭാഷാപോഷിണി*യിൽ ഒരു കഥ വായിച്ചത് ഓർക്കുന്നു. കഥയുടെ പേര് ''കഴുതകളുടെ രാജാവ്.'' കഥയുടെ ചുരുക്കം ഇതാണ്: ലോകത്തുള്ള കഴുതകളെല്ലാം കൂടി തങ്ങളുടെ രാജാവിനെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. സിംഹത്തെ രാജാവായി വണങ്ങേണ്ട കാര്യം കഴുതകൾക്കില്ല. നമുക്ക് നമ്മുടെ രാജാവ്. രാജാവിനെ തെരഞ്ഞെടുക്കാൻ കഴുതകൾ തങ്ങളുടെ ഒരു അഡ് ഹോക്ക് കമ്മറ്റിയുണ്ടാക്കി. കമ്മറ്റി കൂടി. രാജാവായി തെരഞ്ഞെടുക്കപ്പെടാൻ കഴുതകൾ തങ്ങളുടെ ബയോഡേറ്റായും യോഗ്യതകളും തങ്ങൾ ചെയ് തിട്ടുള്ള സത്കർമ്മങ്ങളുടെ ലിസ്റ്റും കമ്മറ്റിയെ അറിയിക്കാൻ പരസ്യം ചെയ്തു. ലോകമാസകലമുള്ള കഴുതകൾ ഉള്ളതും ഇല്ലാത്തതുമായ യോഗ്യതകൾ എഴുതി അറിയിച്ചു. കുടുംബപുരാണവും വഹിച്ചിട്ടുള്ള ഭാരവാഹിത്വവുമെല്ലാം വിസ്തരിച്ചെഴുതി. (ഇന്ന) രാജാവിന്റെ കൊട്ടാരത്തോടു ചേർന്നുള്ള തൊഴുത്തിൽ ജനിച്ചതും കൊട്ടാരത്തിൽ ഭാരം ചുമന്നിട്ടുള്ളതും ചില കഴുതകൾ പ്രത്യേകിച്ചെഴുതി. യുദ്ധമുന്നണിയിലേക്ക് യുദ്ധസാമിഗ്രികളും ഭക്ഷ

ണവുമൊക്കെ വഹിച്ചിട്ടുള്ളതും വാളിന്റെ മുമ്പിലും അറയ്ക്കാതെ സധൈര്യം കൃത്യം നിർവഹിച്ചതുമൊക്കെ സവിസ്തരം വർണ്ണിച്ചെഴുതി ചില കഴുതകൾ. മറ്റ് കഴുതകൾ ഭാരം ചുമക്കാനാവാതെ തളർന്നുവീണ അവസരങ്ങളിൽ അവയുടെ ചുമടും കൂടെ തളർന്നുവീണ കഴുതയെയും ചുമന്നുകൊണ്ടുപോയ വിവരങ്ങളെഴുതി ചിലത്. എത്ര വലിയ ഭാരവും ഒരു പരാതിയും കൂടാതെ ചുമന്നിട്ടുള്ളതും എത്ര പ്രകോപനപരമായി ഉടമസ്ഥനോ മറ്റുള്ളവരോ പെരുമാറിയാലും പ്രകോപിതരാകാതെ ശാന്തമായി പെരുമാറിയ കഥകൾ വർണ്ണിച്ചു രാജസ്ഥാനാർത്ഥികളായ വേറെ ചില കഴുതകൾ. ഉന്നത വിദ്യാശാലകളുമായുള്ള നീണ്ട ബന്ധവും - എന്നും വിദ്യാശാലയുടെ പരിസരത്ത് ചുറ്റിക്കറങ്ങി നടന്നതും - അങ്ങനെ നേടിയ ഡിഗ്രികളുടെ ഡീറ്റെയിൽസും നീട്ടിയെഴുതി വിദ്യാസമ്പന്നർ. ഒരു കഴുത എഴുതി: കുടുംബശ്രേഷ്ഠതയോ കുലമഹിമയോ ഒന്നും പറയാൻ എനിക്കറിഞ്ഞുകൂടാ. എടുത്തു പറയാവുന്ന വീരകൃത്യങ്ങളോ സത്ക്കർമ്മങ്ങളോ ഞാൻ ചെയ്തതായി എനിക്ക് ഓർമ്മയില്ല. ഞാൻ ആകെ ചെയ്ത ഒരു നല്ല കാര്യം ഇതാണ്. ഒരിക്കൽ ഒരു നസ്രായൻ എന്റെ പുറത്തിരുന്ന് യാത്ര ചെയ്തു. ഞാൻ അയാളെയും ചുമന്നുകൊണ്ട് പോയി. ഇത്രമാത്രമേ എനിക്ക് യോഗ്യതയായുള്ളു. കമ്മറ്റി കൂടി. എല്ലാ അപേക്ഷകരു ടേയും യോഗ്യതകൾ പരിശോധിച്ചു. ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ. നസ്രായനെ ചുമന്നുകൊണ്ടു പോയത് ഏറ്റം വലിയ യോഗ്യതയായി കമ്മറ്റി ഏകകണ്ഠമായി അംഗീകരിച്ചു. ആ കഴുതയെ കഴുതകളുടെ രാജാവായി തെരഞ്ഞെടുത്തു. നസ്രായനെ വഹിച്ചത് ആ കഴുതയുടെ മഹാ ഭാഗ്യമായി.

യേശു കഴുതകളുടെ രാജാവാണ്. അവനെ വഹിക്കുക വഹിക്കുന്നവരുടെ മഹാ ഭാഗ്യം! അവനെ വഹിക്കുന്നവരും കഴുതകളുടെ രാജാവായി തെരഞ്ഞെടുക്കപ്പെടും.

**ഉപസംഹാരം**

ഈ പരസ്യം കാണുന്നില്ലേ?

കഴുതയെ ആവശ്യമുണ്ട്

ഒരു തീർത്ഥാടകന് താഴെപ്പറയുന്ന യോഗ്യതകളുള്ള കഴുതയെ ആവശ്യമുണ്ട്.

യോഗ്യതകൾ:

1) കെട്ടപ്പെട്ടതായിരിക്കണം. 2) ഒരു മനുഷ്യനും ഒരിക്കലും കയറിയിട്ടില്ലാത്തത്. 3) കർത്താവിന് ആവശ്യമുണ്ടെന്ന് ഉത്തമ ബോദ്ധ്യം. താത്പര്യമുള്ളവർ ബന്ധപ്പെടുക.

നസ്രായൻ.

## 2 യേശുവും വന്നു സ്നാനമേറ്റു

യേശു യോർദാൻ നദിയിൽ സ്നാപകയോഹന്നാനിൽനിന്നു സ്നാ നമേറ്റു. അതിന്റെ സൂചനകൾ നാലു സുവിശേഷങ്ങളിലും അപ്പോസ്തല പ്രവർത്തനങ്ങളിലും ഉണ്ട് (മർക്കോ 1,9-11;മത്താ 3,13-17;ലൂക്കാ 3,21-22;യോഹ 1,29-34;അപ്പ 10,37-38). യേശുവിന്റെ സ്നാനസംഭവം വിശുദ്ധ മത്തായി നീട്ടി വിവരിച്ചിട്ടുണ്ട്. മറ്റു മൂന്ന് വിവരണങ്ങളിലും സ്നാനവിവരം വിശദമായില്ല. യേശുവിന്റെ സ്നാനം ഒരു ചരിത്ര സംഭവമാണ്. എങ്കി ലും കേവലം ഒരു ചരിത്രസംഭവം എന്ന നിലയ്ക്കല്ല സുവിശേഷകന്മാർ തങ്ങളുടെ സുവിശേഷവിവരണങ്ങളിൽ അതുൾപ്പെടുത്തിയിട്ടുള്ളത്. യേശുവിനെ വെളിപ്പെടുത്തുകയും പരസ്യശുശ്രൂഷയ്ക്ക് നിയോഗിക്കുകയും ചെയ്യുന്ന ദൈവിക കർമത്തിന്റെ പശ്ചാത്തലമാണ് അവന്റെ സ്നാനം.

**സ്നാനത്തിന്റെ സ്ഥാനം പിൻസീറ്റിൽ**

യേശുവിന്റെ സ്നാനത്തിന്റെ സുവിശേഷവിവരണങ്ങളിൽ അവന്റെ സ്നാനത്തെക്കാൾ സ്നാനശേഷം (സ്നാനത്തോടനുബന്ധിച്ച്) നടന്ന സംഭവങ്ങൾക്കാണ് - സ്വർഗ്ഗം തുറക്കപ്പെട്ടു; പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന് യേശുവിന്മേൽ വസിച്ചു; സ്വർഗ്ഗത്തിൽനിന്ന് സ്വരമുണ്ടായി എന്നീ സംഭവങ്ങൾക്കാണ് - പ്രാമുഖ്യം. യേശു യോർദാനിൽ യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചതിന് ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷാപദ്ധതിയിൽ സ്ഥാനമുണ്ട്. പക്ഷേ ക്രിസ്തീയ സഭയ്ക്ക് യേശുവിന്റെ സ്നാനത്തെക്കാൾ പ്രധാനം അതോടനുബന്ധിച്ചുണ്ടായ സംഭവങ്ങളാണ്. അവ വിവരിക്കാൻ യേശുവിന്റെ സ്നാനം പശ്ചാത്തലമാക്കി സുവിശേഷകന്മാർ (ആദിമസഭകൾ).

സ്നാനത്തെപ്പറ്റി വിശദ വിവരണം മത്തായിയുടെ സുവിശേഷത്തിൽ മാത്രമേയുള്ളു എന്ന് മുൻ ഖണ്ഡികയിൽ പറഞ്ഞല്ലോ. യേശു സ്നാനമേറ്റു എന്ന കാര്യം മർക്കോസ്, ലൂക്കാ എന്നിവരുടെ സുവിശേഷങ്ങളിൽ (സുവിശേഷ വ്യാഖ്യാനങ്ങളിൽ) ഒറ്റ വാചകത്തിൽ ഒതുക്കിയിട്ടുണ്ട് (മർക്കോ 1,9;ലൂക്കാ 3,21). സ്നാനത്തിനുശേഷം നടന്നവ മത്തായിയും മർക്കോസും ലൂക്കായും വിവരിച്ചിട്ടുണ്ട്. യോഹന്നാനെഴുതിയ സുവിശേഷത്തിലും അപ്പോസ്തല പ്രവർത്തനങ്ങളിലും സ്നാനം നേരിട്ടല്ലാതെ പരാമർശിക്ക മാത്രമേ ചെയ്തിട്ടുള്ളു.

യേശുവിന്റെ സ്നാനരംഗം ഏറ്റവും കൂടുതൽ വിശദമായി വിവരിച്ചിട്ടുള്ളത് മത്തായിയുടെ സുവിശേഷവ്യാഖ്യാനത്തിലാണല്ലോ. അതിൽ പോലും യേശു സ്നാനമേറ്റു എന്ന് എടുത്തു പറയുന്നില്ല.

സ്നാനത്തിനു മുമ്പും പിമ്പുമുള്ള കാര്യങ്ങൾ വിശദമായുണ്ടുതാനും. യേശുവിനെ യോ ഹന്നാൻ സ്നാനപ്പെടുത്തി എന്ന കാര്യം ലൂക്കായും യോഹന്നാനും തെളിച്ചു പറഞ്ഞിട്ടില്ല. യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നപ്പോൾ യേശു സ്നാനപ്പെട്ടെന്ന് തോന്നുംവിധമാണ് ലൂക്കാ രേഖപ്പെടു ത്തുക (3,18–20.21–22). യോഹന്നാൻ (സ്നാപകൻ) യേശുവിനെ സ്നാനപ്പെടുത്തിയെന്ന കാര്യം യോഹന്നാന്റെ സുവിശേഷത്തിൽ കുറെ ക്കൂടി അവ്യക്തമാണ് (യോഹ 1,29–34). ചുരുക്കത്തിൽ, സുവിശേഷവി വരണങ്ങളിൽ യേശുവിന്റെ സ്നാനത്തെ പിൻനിരയിലേക്കു മാറ്റി സുവി ശേഷകന്മാർ. യേശു സ്നാനമേറ്റു എന്ന സംഗതിയെക്കാൾ പ്രാധാന്യം സ്നാനാ നന്തരസംഭവങ്ങൾക്കു നല്കി. അവ വിശദമായുണ്ട്. അവയ്ക്കാണ് പ്രാമുഖ്യം.

**യേശു യോഹന്നാനിൽനിന്നു സ്നാനമേറ്റത് എന്തിന് ?**

യോഹന്നാനിൽനിന്ന് യേശു സ്നാനം സ്വീകരിച്ചതിന്റെ ഉദ്ദേശ ്യം സുവിശേഷകന്മാർ പല വിധം വ്യാഖ്യാനിച്ചിട്ടുണ്ട്. സഭാപിതാക്ക ന്മാരിൽനിന്നും അല്ലാതെയും പരമ്പരാഗതമായ പല മറുപടികളുണ്ട്. ചിലത് ഇവിടെ കുറിക്കാം. സുവിശേഷകന്മാർ നല്കിയിട്ടുള്ള വ്യാഖ്യാ നങ്ങളിലേക്ക് അതിനു ശേഷം കടക്കാം.

പരമ്പരാഗതമായ വിശദീകരണങ്ങളിൽ പ്രധാനമായവ ഇവയാണ്: യേശു യോഹന്നാന്റെ സ്നാനത്തിന്റെ സാധുത സ്ഥിരീകരിക്കുകയും മാന സാന്തരത്തിന്റെ ഇത്തരം മാർഗങ്ങൾ സ്വീകരിക്കാൻ മറ്റുള്ളവരെ പ്രേരിപ്പി ക്കയും ചെയ്തു. സ്നാനശേഷം തന്നെക്കുറിച്ചുണ്ടാകാനുള്ള സ്വർഗീയ സാക്ഷ്യത്തിന് സ്വയമൊരുക്കി. രക്ഷാകരവേല തുടങ്ങാൻ ജനസമക്ഷം യേശുവിന് ദൈവത്തിന്റെ അംഗീകാരം നല്കുന്നതാ ണല്ലോ പ്രസ്തുത സാക്ഷ്യം. വിശുദ്ധ അഗസ്റ്റിന്റെ വ്യാഖ്യാനത്തിൽ യോഹന്നാന്റെ സ്നാനം സ്വീകരിച്ച് യേശു പിന്നാലെ കല്പിക്കാനി രുന്ന സ്നാനം സ്ഥാപിച്ചു.

പുതിയ നിയമ സുവിശേഷകന്മാരുടെ വ്യാഖ്യാനങ്ങളിൽ യോഹ ന്നാന്റെ സ്നാനത്തിന്റെ സ്വഭാവവും യേശു യോഹന്നാന്റെ സ്നാനം സ്വീകരിച്ചതിന്റെ ഉദ്ദേശ്യവും ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

**മർക്കോസിന്റെ വ്യാഖ്യാനം**

ആദ്യം വിരചിതമായ ''സുവിശേഷം'' മർക്കോസിന്റെ സുവിശേ ഷവ്യാഖ്യാനമാണല്ലോ. അതിലെ വ്യാഖ്യാനം ആദ്യം കാണാം. യോഹ ന്നാൻ സ്നാനപ്പെടുത്തിക്കൊണ്ടും പാപമോചനത്തിനുള്ള (വേണ്ടി) മാനസാന്തരത്തിന്റെ സ്നാനം പ്രസംഗിച്ചുകൊണ്ടും മരുഭൂമിയിൽ പ്രത്യ ക്ഷപ്പെട്ടു. യൂദയാപ്രദേശത്തുള്ള സകലരും ജറുസലേംനിവാസികളും അവന്റെ അടുത്തേക്കു പോകുകയും തങ്ങളുടെ പാപങ്ങൾ എറ്റുപ റഞ്ഞ് യോർദ്ദാൻ നദിയിൽ അവനിൽനിന്നു സ്നാനപ്പെടുകയും ചെയ്തു കൊണ്ടിരുന്നു. യോഹന്നാൻ തന്റെ പിന്നാലെ വരുന്ന തന്നെക്കാൾ ശക്തനും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്നവനും ആയവനെ



ക്കുറിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നു. അന്നാളുകളിൽ യേശു ഗലീലിയിലെ നസ്രത്തിൽനിന്നു വന്ന് യോർദ്ദാൻ നദിയിൽ യോഹന്നാനിൽനിന്നു സ്നാനപ്പെട്ടു. അവൻ വെള്ളത്തിൽ നിന്നു കയറിയ ഉടനെ സ്വർഗം തുറക്കപ്പെടുന്നതും (ഗ്രീക്കനുസരിച്ച് - കീറുന്നതും) ആത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങി വരുന്നതും അവൻ കണ്ടു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരമുണ്ടായി: *നീ എന്റെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു* ... (1,4–11).

യോഹന്നാൻ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ സ്നാനം പ്രസംഗിച്ചു. അതിനു കാരണം തന്റെ തൊട്ടു പിന്നാലെ തന്നെക്കാൾ ശക്തനും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്നവനുമായ മിശിഹാ സമാഗതനാകുന്നു. അവനെ സ്വീകരിക്കാൻ യൂദയാനാട്ടിലു ള്ളവർ തയ്യാറാകണം. തയ്യാറാണെന്നതിന്റെ അടയാളവും ഉറപ്പുമാണ് അവർ യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിക്കുക. യോഹന്നാന്റെ സ്നാനം പാപമോചനം നല്കിയില്ല. പാപമോചനം വരുന്നതേയുള്ളൂ. പാപമോചനം ദൈവത്തിൽ നിന്നാണ്. അത് യേശുക്രിസ്തുവിലൂടെ ലഭിക്കും (2,1– 12,17). അത് ലഭിക്കാൻ അവനെ സ്വീകരിക്കണം - മാന സാന്തരപ്പെടണം. മാനസാന്തരപ്പെടുന്നതുന്നതിന്റെ ശക്തവും ഫല പ്രദവുമായ അടയാളമായി തന്റെ സ്നാനം സ്വീകരിക്കാൻ യോഹ ന്നാൻ ആളുകളെ ആഹ്വാനം ചെയ്തു.

''അവർ തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ... സ്നാനപ്പെട്ടു.''*പാ പങ്ങൾ ഏറ്റുപറഞ്ഞു* എന്ന ശൈലിയുടെ വിവക്ഷ ഓരോരുത്തരും തങ്ങളുടെ പാപങ്ങൾ ഓരോന്നായി പറഞ്ഞു എന്നല്ല. പാപപ്പരിഹാര പ്പെരുന്നാളിൽ മഹാപുരോഹിതൻ ചൊല്ലിയിരുന്നപോലെയുള്ള ഏറ്റു പറച്ചിൽഫോർമുല അനുഷ്ഠാനപരമായി ചൊല്ലി എന്നാവും. അതേ സമയം അക്കാലത്ത് യഹൂദവിഭാഗങ്ങളിൽ നിലവിലിരുന്ന ആചാരപര മായ കഴുകൽകർമ്മത്തിനും പാപങ്ങളുടെ അനുഷ്ഠാനപരമായ ഏറ്റുപ റച്ചിലിനും ഇല്ലാതിരുന്ന പുതുമയും സവിശേഷതയുണ്ട് യോഹന്നാന്റെ സ്നാനത്തിനും അതു സ്വീകരിച്ചവരുടെ പാപങ്ങളുടെ ഏറ്റുപറച്ചിലി നും. രണ്ടും സമാഗതനാകുന്ന മിശിഹായെ സ്വീകരിക്കുന്നതിന് ഒരു ങ്ങുന്ന മാനസാന്തരത്തിന്റെ ആവിഷ്കരണവും സ്ഥിരീകരണവുമാണ്. മിശിഹായെ സ്വീകരിക്കാൻ ആത്മാർത്ഥമായി തയ്യാറാണെന്ന പ്രഖ്യാ പനമാണ്. ***പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്ന മിശിഹായെ സ്വീകരിക്കാൻ യൂദയാനിവാസികളെയാകെ ഒരുക്കുന്ന പ്രവാചക ശുശ്രൂഷയായിരുന്നു യോഹന്നാന്റെ ജ്ഞാനസ്നാനം.*** അത് മിശിഹാ നല്കാനിരിക്കുന്ന സ്നാനത്തിന്റെ ഒരുക്കം കൂടിയായിരുന്നു. യുഗാ ന്ത്യത്തിൽ സമാഗതനാകുന്ന മിശിഹായ്ക്കു മുന്നേ വരുന്ന ഏലിയാ യാണ് യോഹന്നാൻ (മലാ 4,5;9,11–12;മത്താ 3,13;മർക്കോ 1,2–3).

## യേശു യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചത് എന്തിന്?

യോഹന്നാന്റെ സ്നാനം യേശു സ്വീകരിച്ചതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് മർക്കോസ് പ്രത്യേകിച്ചൊന്നും സ്പഷ്ടമായി പറയുന്നില്ല. യേശുവിന് സാധാരണ മനുഷ്യരെപ്പോലെ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ മാമോദീസ യോഹന്നാനിൽ നിന്ന് സ്വീകരിക്കേണ്ടതില്ല. യോഹന്നാന്റെ പ്രവൃത്തി അംഗീകരിക്കുന്നു എന്ന് കാണിക്കാനാവാം. വിവരണം ആസ്പദമാക്കി മനസ്സിലാക്കാവുന്ന ഉദ്ദേശ്യങ്ങളുണ്ട്.

(ഒന്ന്) യൂദയാ മുഴുവനിലേയും ജറുസലേമിലേയും നിവാസികൾ തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് യോഹന്നാനിൽനിന്നു പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ സ്നാനം സ്വീകരിച്ചത് യോർദ്ദാൻ നദിയിലാണ്. അതിലേക്കുതന്നെ യേശു വന്ന് യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചു. ദൈവപുത്രനായ യേശുക്രിസ്തുവിന് (മർക്കോ 1,1) സാധാരണക്കാരെപ്പോലെ പാപങ്ങൾ ഏറ്റുപറഞ്ഞ് യോഹന്നാനിൽനിന്നു പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ സ്നാനം സ്വീകരിക്കേണ്ട ആവശ്യം ഇല്ല. എന്നിട്ടും യേശു വന്ന് യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചു. പാപികളും പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടുന്നവരുമായ ആളുകളോട് യേശു സഹകരിച്ചു. മാനസാന്തരപ്പെടുന്ന പാപികളോട് യേശുവിന് പ്രത്യേക മമതയുണ്ടല്ലോ. അത് പരസ്യസേവനകാലത്ത് യേശു പ്രകടിപ്പിച്ചു3-17). ഇസ്രായേലിലെ മാനസാന്തരപ്പടുന്നവരോടു കൂടാനുള്ളവനെന്ന് വെളിപ്പെടുത്താനും യേശു യോർദ്ദാനിൽ യോഹന്നാന്റെ സ്നാനമേറ്റു എന്ന് കാണാനാവുന്നു.

(രണ്ട്) തന്റെ പിന്നാലെ വരുന്ന കൂടുതൽ ശക്തനും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്നവനും ആയവനെക്കുറിച്ച് യോഹന്നാൻ പ്രസംഗിച്ചുകൊണ്ടിരുന്ന നാളുകളിലാണ് യേശു യോഹന്നാനിൽനിന്ന് യോർദ്ദാനിൽ സ്നാനം സ്വീകരിച്ചത് (1,7-9). യേശു വെള്ളത്തിൽനിന്ന് കയറിയ ഉടനെ സ്വർഗ്ഗം തുറക്കുന്നതും പരിശുദ്ധാത്മാവ് പ്രാവിനെപ്പോ ലെ തന്റെ മേൽ ഇറങ്ങി വരുന്നതും അവൻ കണ്ടു. "നീ, എന്റെ വത്സല പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് സ്വർഗ്ഗത്തിൽനിന്ന് സ്വരവുമുണ്ടായി (1,10-11). ഈ സംഭവത്തിനുവേണ്ടിയാണ് യേശു യോഹ ന്നാനിൽ നിന്ന് യോർദ്ദാനിൽ സ്നാനം സ്വീകരിച്ചത്. ഈ സംഭവത്തിനാണ് യേശുവിന്റെ സ്നാനസ്വീകരണത്തെക്കുറിച്ചുള്ള മർക്കോസിന്റെ വിവരണമനുസരിച്ച് കൂടുതൽ പ്രാധാന്യം.

സ്നാനാനന്തരം സംഭവിച്ചത് യേശുവിന് തന്നെക്കുറിച്ച് സ്വർഗത്തിൽ നിന്ന് ആദ്യം ഉണ്ടായ വെളിപ്പെടുത്തലിന്റേതാണ്. താൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുന്നത് കാണാനും തന്റെ വ്യക്തിത്വം ദൗത്യത്തോടു ബന്ധപ്പെടുത്തി സ്വർഗത്തിൽ നിന്ന് വെളിപ്പെടുത്തി പിതാവ് സംസാരിക്കുന്നത് കേൾക്കാനും യേശുവിന് ലഭിച്ച ആദ്യ അവസരമാണ് അവന്റെ മാമോദീസ.



തന്റെ പിന്നാലെ വരുന്ന തന്നെക്കാൾ ശക്തനും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്നവനുമെന്ന് യോഹന്നാൻ പ്രസംഗിച്ചവനാണ് ഗലീലിയിലെ നസ്രത്തിൽനിന്നുള്ള യേശു. അവൻ അനുതപിക്കുന്നവരോട് കൂട്ടുചേരും. ദൈവത്തിന്റെ പ്രിയ പുത്രനും കർതൃദാസനുമാണ്. അവന്റെ പരസ്യ ശുശ്രൂഷയിൽ പ്രവർത്തനശക്തി പരിശുദ്ധാത്മാവാണ്. അവൻ പരിശുദ്ധാത്മാവിനാൽ നീതനായി മരുഭൂമിയിലേക്ക് പോകും (1,12-13). യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകാനും ദൈവത്തിന്റെ പ്രിയ പുത്രനും കർതൃദാസനുമാണെന്ന് സ്വർഗത്തിൽ നിന്ന് വെളിപ്പടുത്തൽ സ്വീകരിക്കാനും അവന് അവസരമൊരുക്കി യോഹന്നാന്റെ സ്നാനം അവൻ സ്വീകരിച്ചത്. ഈ സംഭവങ്ങൾ യേശുവിനെ മരുഭൂമിയിലെ പരീക്ഷയ്ക്ക് തയ്യാറാകാൻ ഒരുക്കി. ആര് എന്ന നിലയിൽ മരുഭൂമിയിൽ സാത്താന്റെ പരീക്ഷ അഭിമുഖീകരക്കണം എന്ന് സ്നാനത്തിൽ സ്പഷ്ടമാക്കികൊടുത്തു.

## മത്തായിയുടെ വ്യാഖ്യാനം

യേശു നസ്രത്തിൽ പാർക്കുന്ന കാലത്ത് സ്നാപകയോഹന്നാൻ യൂദയായിലെ മരുഭൂമിയിൽ വന്നു പ്രസംഗിച്ചു: *മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചുകഴിഞ്ഞു* ... യോഹന്നാന്റെ ഈ പ്രസംഗം കേട്ടും ഏലിയായുടേതുപോലുള്ള അവന്റെ വേഷഭൂഷാദികളും ഭക്ഷണവും കണ്ടും ജറുസലേമിലും യൂദയാ മുഴുനിലും യോർദ്ദാന്റെ പരിസരപ്രദേശങ്ങളിലും നിന്നുള്ള *ജനം* അവന്റെ അടുത്തെത്തി. അവർ പാപങ്ങൾ ഏറ്റുപറഞ്ഞ് യോർദ്ദാൻനദിയിൽ സ്നാനം സ്വീകരിച്ചു (മത്താ 3,1-6). ***ജനം*** സൂചിപ്പിക്കുന്നത് യഹൂദയിസ്രായേലിനെയാണ്. യഹൂദജനത്തിലുള്ളവർ മാത്രം യോഹന്നാന്റെ സ്നാനം സ്വീകരിച്ചതായാണ്. വരാനിരിക്കുന്ന ദൈവകോപത്തിൽ നിന്ന് രക്ഷപ്പെടാൻ മാനസാന്തരത്തിന് ജലം കൊണ്ട് സ്നാനം നല്കയായിരുന്നു യോഹന്നാൻ (മത്താ 3,7-11). അത് പാപമോചനത്തിന്റെ സ്നാനമല്ല. "പാപമോചനത്തിനു വേണ്ടി" എന്ന ശൈലി യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിലില്ല

ക്രി.വ. 70ൽ റോമാക്കാർ ജറുസലേംദേവാലയം നശിപ്പിച്ചു. അതിനു ശേഷം ദേവാലയത്തിൽ പാപപ്പരിഹാരത്തിന് ബലിയർപ്പിക്കുക അസാദ്ധ്യമായിരുന്നു. അപ്പോൾ മാനസാന്തരം വഴിയാണ് യഹൂദർ പാപമോചനം നേടിയിരുന്നത്. യോഹന്നാന്റെ സ്നാനം പാപമോചനം നല്കിയില്ല. ദൈവത്തിൽനിന്നു പാപമോചനം സ്വീകരിക്കാൻ ജനത്തെ ഒരുക്കി മത്തായിയുടെ സുവിശേഷമനുസരിച്ച് പാപമോചനം യേശുവിന്റെ രക്ഷാകരമായ മരണത്തിന്റെ ഫലമാണ് (മത്താ 26,28).

യേശുമിശിഹായെ സ്വീകരിച്ച് ന്യായവിധിയിൽ നിന്ന് രക്ഷപ്പെടാനുള്ള മാനസാന്തരത്തിന്റെ സ്നാനം യോഹന്നാൻ യഹൂദജനത്തിനു നല്കി. പാപമോചനദായകമായ ക്രിസ്തീയ സ്നാനത്തിൽ (മത്താ 28,19)

നിന്ന് തീർത്തും വ്യത്യസ്തമാണ് യോഹന്നാന്റെ സ്നാനം. അത് മാനസാന്തരത്തിന്റെ ആവിഷ്കരണമോ മാനസാന്തരം ഉളവാക്കാൻ സഹായിക്കുന്നതോ ആയിരുന്നു. പ്രവാചകന്മാർ മുന്നറിയിച്ചിട്ടുള്ള യുഗാന്ത്യവിധി (ഏശ 1,16;ജറെ 4,14;എസെക്കി 36,35;സഖ 13,1) അത്യാസന്നമായതിനാൽ അതിൽനിന്ന് രക്ഷപെടാൻ യഹൂദജനത്തിനു നല്കിയ പ്രവാചക ശുശ്രൂഷയായിരുന്നു യോഹന്നാന്റെ സ്നാനം. അത് അവന്റെ പിന്നാലെ വരുന്ന കൂടുതൽ ശക്തനും പരിശുദ്ധാത്മാവിനാലും അഗ്നി(വിധി)യാലും സ്നാനപ്പെടുത്തുന്നവനും ആയവനെ (യേശുമിശിഹായെ) സ്വീകരിക്കാൻ പര്യാപ്തമായ മാനസാന്തരത്തിലേക്കു നയിക്കുന്നതോ മാനസാന്തരം പ്രകടിപ്പിക്കുന്നതോ ആയിരുന്നു. വിധിയെക്കുറിച്ചുള്ള പരാമർശം യേശു വിധിയാളനായുമാണ് വരിക എന്നു സൂചിപ്പിക്കുന്നു. അതിനാൽ അക്കാലത്ത് യഹൂദവിഭാഗങ്ങളിലുണ്ടായിരുന്ന ക്ഷാളനാചാരത്തിൽ നിന്ന് തീർത്തും വ്യത്യസ്തവുമായിരുന്നു യോഹന്നാന്റെ സ്നാനം.

യേശു യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചത് എന്തിന്? ഇപ്പോൾ സകല നീതിയും പൂർത്തിയാക്കാൻ - മത്തായി വ്യാഖ്യാനിച്ചിട്ടുണ്ട് (മത്താ 3,15). യോഹന്നാന്റെ പ്രസംഗം കേട്ടും പ്രവാചകരുടെ, വിശേഷിച്ച് ഏലിയായുടെയും ജറെമിയായുടെയും എസെക്കിയേലിന്റേയും, ജീവിതശൈലികൾ സമ്മേളിപ്പിച്ച യോഹന്നാന്റെ താപസജീവിതം കണ്ടും ജറുസലേമിലും യൂദയാ മുഴുവനിലും യോർദ്ദാന്റെ പരിസരപ്രദേശങ്ങളിലും നിന്നുള്ള ജനം അവന്റെ അടുത്തെത്തി. പാപങ്ങൾ ഏറ്റുപറഞ്ഞ് യോർദാൻ നദിയിൽ അവനിൽ നിന്ന് സ്നാനം സ്വീകരിച്ചു (3,1-6). അവിടെത്തന്നെ അവനിൽ നിന്ന് സ്നാനമേല്ക്കാൻ യേശു ഗലീലിയിൽനിന്ന് അവന്റെ അടുത്തേക്കു വന്നു. യേശു പ്രവചനം പൂർത്തിയാക്കി കന്യകയിൽനിന്ന് (മത്താ 1,22-23) പരിശുദ്ധാത്മാവിനാൽ ജനിച്ചവനാണ് (1,18-20). തന്റെ ജനത്തെ പാപങ്ങളിൽ നിന്ന് മോചിക്കുന്ന രക്ഷകനാണ് (1,21). തന്നെക്കാൾ ശക്തനും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുന്നവനും വിധികർത്താവുമാണെന്ന് യോഹന്നാൻതന്നെ സാക്ഷിച്ചിട്ടുള്ളവനാണ് (2,11). അവൻ യോഹന്നാനിൽ നിന്നല്ല, പാപിയായ യോഹന്നാൻ അവനിൽ നിന്നാണ് മാനസാന്തരത്തിന്റെ സ്നാനം സ്വീകരിക്കുക ആവശ്യം. അതു ചൂണ്ടിക്കാട്ടി യോഹന്നാൻ യേശുവിനെ തടഞ്ഞു.

''ഇപ്പോൾ സകല നീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്'' എന്നായിരുന്നു യേശുവിന്റെ മറുപടി. ***യോഹന്നാനും യേശുവും സകല നീതിയും പൂർത്തിയാക്കണം. അതിന് യേശു യോഹന്നാനിൽ നിന്ന് സ്നാനമേറ്റു.***

സുവിശേഷകനായ മത്തായിക്ക് ഏറെ താത്പര്യമുള്ള വിഷയമാണ് നീതി (*ഡികായിയോസ്യുനേ*). മത്തായി ദൈവരാജ്യത്തിന്റെ നീതിയുടെ സുവിശേഷകനാണ് (മത്താ 5,5.20;6,33). പൊതുവെ പറഞ്ഞാൽ ദൈവഹിതമാണ് നീതി. തന്റെ ജനത്തെ രക്ഷിക്കാനുള്ള ഉടമ്പടിയോടു വിശ്വസ്തത ദൈവത്തിന്റെ നീതിയാണ് (സങ്കീ 98,2-3;ഏശ 51,5;സങ്കീ 22, 32;40,10).



മിശിഹായ്ക്ക് ''കർത്താവ് എന്റെ നീതിയാണ്'' എന്ന പേരുണ്ട് (ജറെ 23, 6). ജനം നീതി പ്രവർത്തിക്കുമ്പോൾ കർത്താവിന്റെ മോചനവും രക്ഷയും ലഭിക്കും (ഏശ 56,1). ദൈവത്തിന്റെയും മനുഷ്യരുടെയും പക്ഷത്തുള്ള നീതി പൂർത്തിയാക്കാനാണ് യേശു യോഹന്നാനിൽ നിന്ന് സ്നാനമേറ്റത്. യോഹന്നാനെക്കുറിച്ച് ദൈവഹിതമുണ്ട്. അത് പൂർത്തിയാക്കണം. യേശുവിനെക്കുറിച്ച് ദൈവഹിതമുണ്ട്. അതും പൂർത്തിയാക്കണം. ദൈവഹിതം പൂർണ്ണമായി അനുസരിച്ച് ജനത്തിന്റെ വാഗ്ദത്ത മോചനവും രക്ഷയും പൂർത്തിയാക്കുക. സകല നീതിയും പൂർത്തിയാക്കാൻ പിതൃഹിതപ്രകാരമുള്ള രക്ഷാകര ശുശ്രൂഷയ്ക്ക് യേശു സ്വയം സമർപ്പിക്കയായിരുന്നു യോഹന്നാനിൽ നിന്ന് യോർദ്ദാനിൽ സ്നാനം സ്വീകരിച്ച്. അത് സ്ഥിരീകരിക്കുന്നതാണ് അനന്തര സംഭവങ്ങൾ. പരസ്യ ശുശ്രൂഷയ്ക്ക് ഒരുക്കവും സമർപ്പണവുമാണ് യേശു യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ചത്. മാനസാന്തരത്തിന്റെ സ്നാനം സ്വീകരിച്ച് ദൈവത്തിന്റെ നീതി പൂർത്തിയാക്കുന്ന ഇസ്രായേൽജനത്തോട് യേശു സഹകരിക്കുകയും ചെയ്തു.

### ലൂക്കായുടെ വ്യാഖ്യാനം

യോഹന്നാൻ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ സ്നാനം പ്രസംഗിച്ചു (ലൂക്കാ 3,3). സ്നാനം പ്രസംഗിക്കുന്നവനായി യോഹന്നാനെ അവതരിപ്പിക്കുന്നതിന് ലൂക്കാ പ്രാമുഖ്യം നല്കുന്നു. യോഹന്നാന്റെ പ്രവാചക ശുശ്രൂഷയ്ക്കും, അതിൽത്തന്നെ പ്രസംഗശുശ്രൂഷയ്ക്കും ഊന്നൽ നല്കുന്നു ലൂക്കാ. യോഹന്നാൻ ജനത്തെ സ്നാനപ്പെടുത്തി എന്ന ചരിത്രവസ്തുത വിസ്മരിക്കുന്നില്ല. പക്ഷേ സ്പഷ്ടമായി പറയുന്നില്ല. ഈ സമീപനം സവിശേഷം ശ്രദ്ധിക്കണം.

യോഹന്നാൻ പ്രസംഗിച്ചതും നല്കിയതും പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ സ്നാനം ആണെങ്കിലും അത് പാപമോചനം നല്കുന്നതല്ല. യോഹന്നാന്റെ ധർമ്മം ലൂക്കാ സ്പഷ്ടമായി നിർവചിച്ചിട്ടുണ്ട്. ദൈവത്തിന്റെ കാരുണ്യത്താൽ ജനത്തെ സന്ദർശിക്കാനിരിക്കുന്ന ഉയരത്തിൽ നിന്നുള്ള ഉദയരശ്മിക്ക് (കർത്താവിന്) വഴിയൊരുക്കി മുമ്പേ പോകുന്ന പ്രവാചകനായിരിക്കുക (ലൂക്കാ 1,75-79); കർത്താവിനുവേണ്ടി ഒരു ജനത്തെ ഒരുക്കുക (1,17); തന്റെ പിന്നാലെ വരുന്നവനിൽ (യേശുക്രിസ്തുവിൽ) വിശ്വസിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്ത് മാനസാന്തരത്തിന്റെ സ്നാനം പ്രസംഗിക്കുക (അപ്പ 19,4-6); പാപമോചനം വഴിയുള്ള രക്ഷയെക്കുറിച്ച് അറിവ് നല്കുക (ലൂക്കാ 1,77). രക്ഷ പാപമോചനം വഴിയാണ്. ദൈവത്തിൽനിന്നുള്ള പാപമോചനം യേശുക്രിസ്തു വഴി/ അവന്റെ നാമത്തിൽ മാത്രമേ ലഭിക്കൂ എന്ന് ലൂക്കാ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കാ 24,47;അപ്പ 2,38;10,36-43;13,23-26.38,39;19,4-6;22,16). തിന്മയുടെ മാർഗ്ഗത്തിൽ നിന്ന് ദൈവത്തിലേക്ക് തിരിയുന്ന മാനസാന്തരത്തിന്റെ അടയാളമായി മാത്രമേ സ്നാപകന്റെ സ്നാനത്തെ ലൂക്കായും കാണുന്നുള്ളൂ. സ്നാപകനുള്ളതിലും അധികാരത്തോടെ അവന്റെ പിന്നാലെ വരുന്നവനും പരിശുദ്ധാത്മാവിനാലും

അഗ്നിയാലും സ്നാനപ്പെടുത്തുന്നവനുമായ യേശുമിശിഹായെ സ്വീകരിക്കാൻ ഒരുക്കവും സ്വീകരിക്കുമെന്നതിന്റെ അടയാളവുമാണ് യോഹന്നാൻ നല്കിയ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ സ്നാനം. അത് പാപമോചനമോ പരിശുദ്ധാത്മാവിനെയോ നല്കുന്നതല്ല. പാപമോചനത്തിനും പരിശുദ്ധാത്മസ്വീകരണത്തിനും ആവശ്യമായ മാനസാന്തരം സൂചിപ്പിക്കുന്നതും പ്രകടിപ്പിക്കുന്നതും മാത്രമാണ്.

യേശു യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് ചില സൂചനകളും ലൂക്കാ നല്കിയിട്ടുണ്ട്. മുകളിൽ ചൂണ്ടിക്കാട്ടിയപോലെ, സ്നാപകനിൽ നിന്ന് യേശു സ്നാനം സ്വീകരിച്ചെന്ന് ലൂക്കാ സ്പഷ്ടമായി പറഞ്ഞിട്ടില്ല. യേശു സ്നാനം സ്വീകരിച്ചതിനെപ്പറ്റി ലൂക്കാ ഇപ്രകാരമാണ് എഴുതിയിട്ടുള്ളത്: "***ജനമെല്ലാം സ്നാനം സ്വീകരിച്ചുകഴിഞ്ഞപ്പോൾ യേശുവും വന്നു സ്നാനമേറ്റു***" (ലൂക്കാ 3,21). ***ജനം*** യഹൂദയിസ്രായേലിനെ സൂചിപ്പിക്കുന്നു. പക്ഷേ യഹൂദരെല്ലാം യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചില്ല. യേശു വ്യക്തമാക്കിയിട്ടുണ്ട്: യോഹന്നാന്റെ ജ്ഞാനസ്നാനം സ്വീകരിച്ച സാമാന്യജനവും (= സാധാരണക്കാരും) ചുങ്കക്കാരും ദൈവനീതിയെ പ്രഘോഷിച്ചു. ഫരിസേയരും നിയമജ്ഞരുമാകട്ടെ യോഹന്നാന്റെ ജ്ഞാനസ്നാനം സ്വീകരിക്കാതെ തങ്ങളെക്കുറിച്ചുള്ള ദൈവഹിതം നിരസിച്ചുകളഞ്ഞു ... (ലൂക്കാ 7, 29-35). യഹൂദയിസ്രായേലിൽപ്പെട്ടവരിൽ അനുതപിച്ച പാപികളും ചുങ്കക്കാരും സാമാന്യജനവുമൊക്കെയടങ്ങുന്ന "ജന"ത്തെയാണ് ലൂക്കാ ഉദ്ദേശിക്കുക (3,10-14;7,29-30). യോഹന്നാന്റെ സ്നാനം സ്വീകരിച്ച അവർ യോഹന്നാനെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകൾ കേട്ട് "ദൈവനീതിയെ പ്രഘോഷിച്ചു"(7,29-30). കാരണം അവർ ദൈവത്തിന്റെ നീതി നിവർത്തിച്ചു. പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം യോഹന്നാനിൽ നിന്ന് സ്വീകരിക്കണമെന്നായിരുന്നു അവരെക്കുറിച്ചുള്ള ദൈവഹിതം. അത് അവർ നിർവഹിച്ചിരുന്നു. ദൈവത്തിന്റെ നീതി നിവർത്തിച്ച അവരിലൂടെ നിലനിന്ന ജനത്തോട് യേശുവും ചേർന്നു, യോഹന്നാന്റെ സ്നാനം സ്വീകരിച്ച്.

തന്റെ പിന്നാലെ വരുന്ന യേശുമിശിഹാ തന്നെക്കാൾ ശക്തനും (അധികാരമുള്ളവനും) പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തുന്നവനുമാണെന്ന് യോഹന്നാൻ സാക്ഷിച്ചത് ലൂക്കായും രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 3,15-17). യേശു കന്യകയിൽ പരിശുദ്ധാത്മാവിനാൽ ജനിച്ചവനും (1,35) തന്റെ മുന്നോടിയായ യോഹന്നാനെ പരിശുദ്ധാത്മാവിനാൽ അഭിഷേചിച്ചവനുമാണ് (1,44). ആ യേശു, മാനുഷിക കണക്കുകൂട്ടലുകൾ അനുസരിച്ച്, ജനത്തിന് ആവശ്യമായപോലുള്ള മാനസാന്തരത്തിന്റെ സ്നാനം (യോഹന്നാനിൽ നിന്നു) സ്വികരിക്കേണ്ടതില്ലായിരുന്നു. പക്ഷേ യേശു ദൈവനീതിയെ പ്രഘോഷിച്ച ജനത്തിന്റെ പക്ഷം ചേർന്നു. ലൂക്കായുടെ വിവരണമനുസരിച്ച് സ്നാപകന്റെ സ്നാനശുശ്രൂഷയുടെ സമാപ്തിയാണ് യേശുവിന്റെ സ്നാനം. (യേശുവും സ്നാ പകനും കുറെക്കാലത്തേക്ക് ഒരേ സമയം സേവനത്തിലേർപ്പെട്ടിരുന്നു).



മാനസാന്തരപ്പെടുന്നവരോടു കൂട്ടുചേരുന്ന യേശുവിനെ മറ്റെല്ലാ സുവിശേഷകന്മാരെക്കാൾ സമാകർഷമായി ലൂക്കാ ചിത്രീകരിക്കുന്നുണ്ട്. മാനസാന്തരപ്പെടുന്നവരോടുള്ള യേശുവിന്റെ മമത പരസ്യ ശുശ്രൂഷയിലുട നീളം നന്നേ പ്രകടമാണ്. മാനസാന്തരപ്പെടുന്ന ജനത്തോടുള്ള ബന്ധവും ഇസ്രായേലിനോടുള്ള യോജിപ്പും സൂചിപ്പിക്കാൻ ജനം സ്വീകരിച്ച സ്നാനം യേ ശുവും സ്വികരിച്ചു.

മാനസാന്തരപ്പെടുന്ന ജനത്തോട് ചേരുന്ന യേശു ആദാമിന്റെ പുത്രനാണെങ്കിലും (ലൂക്കാ 3,23-38) പൈശാചിക പരീക്ഷയിൽ പരാജയപ്പെടാത്ത വിശ്വസ്തനായ ദൈവപുത്രനും കർതൃദാസനുമാണ് (ലൂക്കാ 4,1-13). ദൈവത്തിന്റെ രക്ഷാപദ്ധതിയോടു ദൃഢമായി ബന്ധപ്പെട്ടുതന്നെ താൻ പ്രവർത്തിക്കുമെന്നും യേശു സ്നാനം സ്വീകരിച്ച് സൂചിപ്പിക്കുന്നു. ജനത്തിനാവശ്യമായ മാനസാന്തരത്തിന്റെ സ്നാനം ആവശ്യമില്ലെങ്കിലും സദാ പിതാവിലേക്കു തിരിഞ്ഞിരിക്കുന്ന മനസ്സായിരിക്കും തന്റേത് എന്ന സൂചനയും യേശു മാനസാന്തരത്തിന്റെ സ്നാനം സ്വീകരിച്ചതിലുണ്ട്. പിതാവിന്റെ പദ്ധതി (ഹിതം) അറിഞ്ഞ് നിറവേറ്റാൻ എപ്പോഴും അവനിലേക്ക് തിരിഞ്ഞിരിക്കുന്നവനാണ് താനെന്ന് സ്നാനം കഴിഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടിരുന്നതിൽ പ്രത്യേകിച്ചു പ്രകടമാക്കുന്നു. യേശു സ്നാനമേറ്റു എന്ന് പറഞ്ഞുകഴിഞ്ഞുടനെ യേശു പ്രാർത്ഥിക്കുന്നു എന്നു ലൂക്കാ മാത്രമേ പറയുന്നുള്ളു. സ്നാനത്തോടു ചേർന്ന് പ്രാർത്ഥിക്കുന്നു എന്നല്ല ലൂക്കാ പറയുക. സ്നാനം കഴിഞ്ഞുടനെ പ്രാർത്ഥിക്കുന്നു എന്നല്ല. യേശു "സ്നാനമേറ്റു" (ലൂക്കാ 3,21) എന്ന് വർണിക്കുന്നത് ആ പ്രവൃത്തി ഭൂതകാലത്തിൽ ചെയ്തു കഴിഞ്ഞതും ഇനി ആവർത്തിക്കാത്തതുമാണ് എന്ന് ധ്വനിയുള്ള ഒരു ഭൂതകാല ക്രീയാരൂപം ഉപയോഗിച്ചാണ്. അവൻ "പ്രാർത്ഥിക്കുമ്പോൾ" (ലൂക്കാ 3,21) എന്ന് വർണിക്കുന്നതാകട്ടെ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുകയാണ് എന്ന് ധ്വനിയുള്ള ഒരു വർത്തമാനകാല ക്രീയാരൂപത്തിലാണ്. യേശു സ്നാനമേറ്റതും പ്രാർത്ഥിക്കുന്നതും വ്യത്യസ്ഥങ്ങളായ രണ്ട് കാലങ്ങളിൽ നടന്ന പ്രവൃത്തികളാണ്. സമയപരമായി അവയ്ക്ക് ബന്ധമില്ല. സ്നാനമേറ്റതും പ്രാർത്ഥിക്കുന്നതും രണ്ട് കാലങ്ങളിൽ സംഭവിച്ചവയാണ്. സ്വർഗം തുറന്നതും അതോടനുബന്ധിച്ചുണ്ടായവയും കാലപരമായി സ്നാനത്തോടു ബന്ധപ്പെട്ടവയല്ല. അവ സംഭവിച്ചത് സ്നാനം കഴിഞ്ഞുടനെയല്ല; യേശു പ്രാർത്ഥിക്കുമ്പോഴാണ്. സ്നാനം മുമ്പ് എപ്പോഴോ നടന്നു. പിന്നെപ്പോഴോ (പരസ്യ ശുശ്രൂഷ ആരംഭിക്കാറായപ്പോൾ ?) യേശു പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നതിനോടു ബന്ധപ്പെട്ട് - പ്രാർത്ഥനയ്ക്ക് മറുപടിയായി - സ്വർഗം തുറക്കപ്പെടുകയും മറ്റും സംഭവിച്ചു.

യേശു പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ട ദൈവികമായ ആവശ്യം നിറവേറ്റാൻ സ്വയം സമർപ്പിച്ചതിന്റെ അടയാളവുമായിരുന്നു അവന്റെ സ്നാനം. പിതാവിന്റെ ഹിതത്തിൽ നിന്ന് വ്യതിചലി

ക്കാനുള്ള പ്രേരണ എപ്പോഴും അവന് ഉണ്ടായിക്കൊണ്ടിരുന്നു. നിരന്തര പരീക്ഷ. അപ്പോഴെല്ലാം അവൻ പിതാവിന്റെ ഹിതത്തിലേക്ക് തിരിഞ്ഞുകൊണ്ടിരുന്നു. പിതാവിന്റെ ഹിതത്തിലേക്ക് തിരിഞ്ഞിരിക്കേണ്ട ആവശ്യം, അത് അന്വേഷിക്കേണ്ട ആവശ്യം, എപ്പോഴും അവനുണ്ടായിരുന്നു. യേശു കൂടെക്കൂടെ പ്രാർത്ഥിക്കുന്നത് ലൂക്കാ ചിത്രീകരിക്കുന്നുണ്ടല്ലോ. പ്രാർത്ഥനയിൽ യേശു പിതാവിന്റെ ഹിതം അന്വേഷിക്കയും അവനിൽ നിന്ന് ശക്തി പ്രാപിക്കയും ആയിരുന്നു. മുഴുസമയ മനംതിരിയലിന് യേശുവിനുണ്ടായിരുന്ന ആവശ്യത്തിന്റെയും അവന്റെ സമ്പൂർണ്ണമായ മനംതിരിയലിന്റെയും പാരമ്യമാണ് ഒലിവുമലയിൽ (ഒലിവുമലയിൽ) അവസാനം പ്രാർത്ഥിച്ചത്: *പിതാവേ, നിനക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റേതു നിറവേറട്ടെ* (ലൂക്കാ 22,42).

യേശുവിന്റെ സ്നാനവും സ്വർഗം തുറക്കപ്പെട്ടതിന് മുമ്പ് നടത്തുന്ന പ്രാർത്ഥനയും തമ്മിൽ സമയപരമായി മൗലികമായി ബന്ധപ്പെട്ടവയല്ലെങ്കിലും ലൂക്കാ വിവരണത്തിൽ അവ തമ്മിൽ ഒരു വിധത്തിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. സ്നാനത്തിലെ സമർപ്പണം യേശു പ്രാർത്ഥനയിൽ തുടർന്നുകൊണ്ടിരുന്നു എന്ന ധ്വനിയുണ്ട്. സ്നാനത്തിലെ സമർപ്പണം പ്രാർത്ഥനയിൽ തുടർന്നുകൊണ്ടിരുന്നപ്പോൾ മറുപടിയായി സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് അവന്റെമേൽ ഇറങ്ങിവരികയും അഭിഷേചിച്ച് ദൗത്യത്തിന് നിയോഗിക്കയും സ്വർഗത്തിൽനിന്ന് പിതാവ് അവനെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു (3, 21-22).

**സ്നാനാനന്തരസംഭവങ്ങൾ**

സ്നാനത്തിനു തൊട്ടുപിന്നാലെ (മർക്കോസും മത്തായിയും) സ്നാനം കഴിഞ്ഞ് യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ (ലൂക്കാ) ചില സംഭവങ്ങളുണ്ടായി. (ഒന്ന്) സ്വർഗ്ഗം തുറക്കപ്പെട്ടു (മത്തായിയും ലൂക്കായും)/ പെട്ടെന്ന് സ്വർഗം പിളർന്നു (മർക്കോസ്). (രണ്ട്) പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നതും അവൻ (യേശു) കണ്ടു (മർക്കോസും മത്തായിയും)/ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങി വന്നു (ലൂക്കാ). (മൂന്ന്) സ്വർഗത്തിൽ നിന്ന് ഒരു സ്വരവുമുണ്ടായി: നീ എന്റെ വത്സലപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മർക്കോസും ലൂക്കായും); ഇവൻ എന്റെ വത്സലപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മത്താ 3,16-17).

ഇപ്പറഞ്ഞ മൂന്നു കാര്യങ്ങളും സ്നാനം കഴിഞ്ഞുടനെ സംഭവിച്ചു എന്ന് മർക്കോസും മത്തായിയും പറയുന്നു. അവ സ്നാനം കഴിഞ്ഞ് മറ്റൊരു സമയം യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സംഭവിച്ചു എന്നാണ് ലൂക്കാ എഴുതിയിട്ടുള്ളത്. അവ യേശുവിന്റെ പ്രാർത്ഥനയ്ക്ക് പ്രത്യുത്തരമാണ്.

സ്വർഗം *തുറന്നു* / കീറി എന്ന വിവരണങ്ങൾക്ക് പഴയ നിയമ പശ്ചാത്തലമുണ്ട് (ഉദാ: ഏശ 64,1;എസെക്കി 1,1;ഏശ 63,19;സപ്തതി 64,1). ദൈവവും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിന്റെയും (ഏശ 64,1) ദൈവത്തിന്റെ



രക്ഷാകര പദ്ധതിയുടെയും വരവിന്റെയും ആവിഷ്കാരമാണ് (ഏശ 64,12). അന്തിമ വിധിസമയത്തിന്റെ പ്രതീകവുമാണ് (ഏശ 64,17;പുറ 17,16-19;എസെക്കി 1,1). സ്വർഗം തുറക്കപ്പെടുമ്പോൾ ദൈവം പ്രത്യക്ഷപ്പെടുന്നു (ഏശ 64,1). ഇവിടെ സ്വർഗം തുറന്നപ്പോൾ ഇറങ്ങി വന്ന പരിശുദ്ധാത്മാവും സ്വർഗത്തിൽ നിന്ന് സംസാരിച്ച പിതാവും പിതാവിന്റെ പുത്രനും വെളിപ്പെട്ടു. ഈ മഹാസംഭവം ത്രിയേക ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെ ഒരു നിർണായക സന്ദർഭമെന്ന് ക്രിസ്തീയ സഭ വിലമതിക്കുന്നു.

സ്വർഗ്ഗം തുറക്കപ്പെട്ടതും പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുകയും യേശുവിന്മേൽ ഇറങ്ങിവരികയും സ്വർഗത്തിൽ നിന്നുള്ള സ്വരം കേൾക്കുകയും ചെയ്തത് യേശുവിന്റെ സ്നാനത്തോടനുബന്ധിച്ചാണ് എന്നാണല്ലോ മത്തായിയുടെയും മർക്കോസിന്റെയും വിവരണങ്ങളിൽ. അവ സംഭവിച്ചത് യേശുവിന്റെ പ്രാർത്ഥനയോടു ബന്ധപ്പെട്ടാണെന്ന് ലൂക്കാ. അവ സംഭവിക്കാനാണ് സ്വർഗം തുറക്കപ്പെട്ടത് എന്ന് മൂവരുടെയും വിവരണങ്ങൾ സാക്ഷിക്കുന്നു. പ്രാവ് ദൃശ്യരൂപത്തിൽ യേശുവിന്മേൽ ഇറങ്ങിവന്നത് യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാണെന്ന് സൂചിപ്പിക്കയും യേശുവിനെ പരസ്യ ശുശ്രൂഷയ്ക്ക് അഭിഷേചിക്കയും ചെയ്യുന്നു. യേശു പരിശുദ്ധാത്മാവിനാൽ ജനിച്ചവനാണ് എന്ന് മത്തായിയും ലൂക്കായും മുമ്പേ വിവരിച്ചിട്ടുണ്ട്. അവൻ പരസ്യ ശുശ്രൂഷ ആരംഭിക്കുന്ന സമയമായി. നിർവഹിക്കാൻ പോകുന്ന പരസ്യ ശുശ്രൂഷയ്ക്ക് അവനെ പ്രത്യേകം നിയോഗിക്കുന്ന അഭിഷേക കർമമാണ് പരിശുദ്ധാത്മാവ് അവന്മേൽ ഇറങ്ങി വന്നത്. ഇതത്രേ മർക്കോസിന്റെ സുവിശേഷത്തിലെയും സൂചന. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്മേൽ ഇറങ്ങി വന്നതിന് അവൻ പരിശുദ്ധാത്മാവിനാൽ ജനിച്ചവനാണ് എന്ന് മത്തായിയും ലൂക്കായും മുമ്പേ പറഞ്ഞിട്ടുള്ളതനുസരിച്ചും (മത്താ 1,18.20;ലൂക്കാ 1,35) സൂചനയുമുണ്ട്: യേശു പരിശുദ്ധാത്മാവിനാൽ ജനിച്ചവനാണ് എന്ന വസ്തുത അനുസ്മരിപ്പക്കുക / വെളിപ്പെടുത്തുക. യേശുവിനെ അനുസ്മരിപ്പിക്കുന്നതായി മത്തായി; പരിശുദ്ധാന്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്മേൽ ഇറങ്ങി വന്നത് കണ്ടവരെയും എന്ന് ലൂക്കാ. ഒരിക്കൽ പരിശുദ്ധാത്മാവ് ആവസിച്ചവരെ വീണ്ടും ശുശ്രുഷയുടെ ഘട്ടങ്ങളിൽ പരിശുദ്ധാത്മാവ് ആവസിക്കുന്നത് - ശുശ്രൂഷയ്ക്ക് അതാതവസരം അഭിഷേചിക്കുന്നത് - ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (അപ്പ 2;4,23-31). അതിൻപ്രകാരമാവുമ്പോൾ പരിശുദ്ധാത്മാവിനാൽ ജനിച്ചവനെ ശുശ്രൂഷയയ്ക്ക് അഭിഷേചിക്കാനാണ് പരിശുദ്ധാത്മാവ് ഇറങ്ങി വന്നത്. യേശുവിന്മേൽ സ്വർഗത്തിൽ നിന്ന് പരശുദ്ധാത്മാവ് ഇറങ്ങി വന്നത്, ലൂക്കായുടെ പരിശുദ്ധാത്മവിചാരവും ദാസവിചാരവും അനുസരിച്ച്, അവൻ കർത്താവിന്റെ യുഗാന്ത്യ ദാസനാകുന്നു എന്നതിന്റെയും വെളിപ്പെടുത്തലും കർത്താവിന്റെ യുഗാന്ത്യ ദാസനായി നിയോഗിക്കലും ആണ് (അപ്പ 2,17-18).

യേശുവിന്മേൽ പരിശുദ്ധാത്മാവ് പ്രാവായി വന്നു എന്നല്ല. യേശുവിന്മേൽ പരിശുദ്ധാത്മാവ് *പ്രാവിന്റെ രൂപത്തിൽ* ഇറങ്ങിയത് നാല് സുവിശേ

ഷങ്ങളും സാക്ഷിക്കുന്നു. യേശുവിന്മേൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിയത് പ്രാവിനെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിലുള്ള പരാമർശങ്ങൾ ആസ്പദമാക്കി വ്യാഖ്യാനിക്കാനാവും. ''ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു'' (ഉല്പ 1,2) എന്ന വിവരണത്തെ ''ഒരു പക്ഷിയെപ്പോലെ ചലിച്ചുകൊണ്ടിരുന്നു'' എന്ന് യഹൂദ റബിമാർ വ്യാഖ്യാനിച്ചു. യേശുക്രിസ്തുവി ലുള്ള പുതിയ സൃഷ്ടിയെ പ്രാവിന്റെ രൂപം സൂചിപ്പിക്കുന്നു. നോഹയുടെ പെട്ടകത്തിലെ പ്രാവും (ഉല്പ 8,8-12) പുതിയ ആരംഭത്തെ (സൃഷ്ടിയെ) സൂചിപ്പിക്കുന്നല്ലോ. ഹോസി 7,11;11,11ൽ ഇസ്രായേലിനെ പ്രാവിനെപ്പോലെ വിശേഷിപ്പിക്കുന്നുണ്ട്. യേശു പരിശുദ്ധാത്മാവ് നിറഞ്ഞ യഥാർത്ഥ ഇസ്രായേലാണ്. യേശു ഇസ്രായേലിന്റെ യഥാർത്ഥ മിശിഹായാണ്. അവൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ മിശിഹായാണ്. ദൈവം ഇസ്രായേലിന്റെ മിശിഹായെ അവനും ഇസ്രായേലിനും വെളിപ്പെടുത്തി. അത് യഥാർത്തിൽ സംഭവിച്ചു എന്ന് സ്ഥാപിക്കാൻ പ്രാവിന്റെ ദൃശ്യ രൂപം സഹായകമാണ്.

''നീ/ ഇവൻ എന്റെ വത്സല പുത്രൻ; നിന്നിൽ/ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.'' ഈ ദൈവിക സ്വരം പല പഴയ നിയമ ഭാഗങ്ങളെ ഓർപ്പിക്കുന്നു. വിശേഷിച്ച് സങ്കീ 2,7ഉം ഏശ 42,1-2ഉം ഉല്പ 22,2ഉം. സങ്കീ 2,7 രാജാവിന്റെ സിംഹാസനാരോഹണം ദേവാലയത്തിൽ ആഘോഷിച്ചപ്പോൾ ആലപിച്ചിരുന്നതാണ്. അതിൽ വർണിക്കുന്നത് അഭിഷിക്തനായ രാജാവിനെയും (വാക്യ 2). ഇസ്രായേലിന്റെ രാജാവിന് ദൈവപുത്രത്വം ആരോപിച്ചിരുന്നു. ഇസ്രായേലിന്റെ രാജാവ് ദൈവപുത്രനും അഭിഷിക്തനുമാണ്. പക്ഷേ ആ നിലയിൽ പെരുമാറുന്നതിൽ ഇസ്രായേലിലെ രാജാക്കന്മാർ പരാജയപ്പെട്ടു. ആ സാഹചര്യത്തിൽ വരാനിരിക്കുന്ന ദൈവപുത്രനായ മിശിഹാ(അഭിഷിക്ത)രാജാവിനെക്കുറിച്ചുള്ള ഒരു പ്രവചനമായി ഈ സങ്കീർത്തനം. അതി ന്റെ ഭാഗം യേശുവിനെക്കുറിച്ച് ഉദ്ധരിക്കുന്നു. പ്രവചിതനായിരുന്ന ദൈവപുത്രനായ മിശിഹാ(അഭിഷിക്ത)രാജാവാണ് അവൻ എന്ന് വെളിപ്പെടുത്തുന്നു. യേശു ദൈവപുത്രനായ ഇസ്രായേൽരാജാവാണ്. അഭിഷിക്തനാണ്. മിശിഹാരാജാവാണ്.

''വത്സല പുത്രൻ'' എന്നത് യേശുവിന്റെ വിശിഷ്ട പദവി (നാമം) ആണ്. അത് മറ്റാർക്കുമില്ല. അത് അവന്റെ ദൈവിക പുത്രത്വവും പിതാവിനോടുള്ള അദ്വിതീയ ബന്ധവും ഉൾക്കൊള്ളുന്നു (ലൂക്കാ 1,32.35;2,49). ദൈവത്തിന്റെ പുത്രനായ രാജാവായ അവൻ പിതാവിന്റെ ഇഷ്ടം മാത്രം അനുസരിച്ച് ഭരണം നടത്തും. അത് മാത്രം നിറവേറ്റും. ''എന്റെ ഇഷ്ടമല്ല, നിന്റേത് നിറവേറട്ടെ.''

ദൈവം പ്രസാദിച്ചിട്ടുള്ളവൻ അവന്റെ ദാസനാണ് (ഏശ 42,1-2; 50,56;53,3). പാപികളായ അനേകർക്ക് (എല്ലാവർക്കും) വേണ്ടിയും അനേകരെ (എല്ലാവരെ) പ്രതിയും രക്തം ചിന്താനുള്ളവൻ - ബലിയാകാനുള്ള കർതൃദാസൻ (ലൂക്കാ 22,19-20). അവൻ യജമാനനായ കർത്താവിന്റെ ഇഷ്ടം മാത്രം നിറവേറ്റും. യേശു ദൈവത്തിന്റെ ദാസനാണെന്ന് ലൂക്കാ എടുത്തുപറയുന്നുണ്ട് (അപ്പ 3,13).



''വത്സല പുത്രൻ'' എന്ന വിശേഷണം ദൈവം അബ്രഹാമിന്റെ പുത്രൻ ഇസഹാക്കിനെക്കുറിച്ച് ഉപയോഗിച്ചിട്ടുള്ളതാണ് (ഉല്പ 22,2). അതും യേശുവിനെക്കുറിച്ചുള്ള പ്രയോഗത്തിൽ പ്രതിധ്വനിക്കുന്നു. ദൈവം ഇസഹാക്കിനെക്കുറിച്ച് അബ്രഹാമിനോട് പറഞ്ഞിട്ടുള്ളത് അനുസ്മരിപ്പിക്കുന്നു. ഇസഹാക്കിനെ ബലിയർപ്പിക്കണമെന്ന് ആവശ്യപ്പെടുമ്പോഴാണ് ''വത്സല പുത്രൻ'' എന്ന വിശേഷണം ദൈവം ഇസഹാക്കിനെക്കുറിച്ച് ഉപയോഗിച്ചത്. അത് ദൈവം തന്റെ പുത്രനെക്കുറിച്ച് പരസ്യ ശുശ്രൂഷയ്ക്കുള്ള അഭിഷേക-നിയമനവേളയിൽ ഉപയോഗിക്കുമ്പോൾ ആ പുത്രൻ ബലിയർപ്പിക്കപ്പെടാനുള്ളവനാണ് എന്ന സൂചനയുണ്ട്. തന്റെ ആത്മബലിയെക്കുറിച്ച് താൻ സ്വീകരിക്കുന്ന സ്നാനം എന്ന് യേശു പ്രവചിക്കുന്നുണ്ടല്ലോ (മർക്കോ 10,38-39; ലൂക്കാ 12,50). യേശു പരസ്യ ശുശ്രൂഷ പൂർത്തിയാക്കിയത് സ്വയം ബലിയർപ്പിച്ചാണല്ലോ. യേശു ബലിയർപ്പിക്കപ്പെടാനുള്ള ദൈവപുത്രനും അനേകർക്കുവേണ്ടി സഹിക്കേണ്ടവനായ കർതൃദാസനുമാണെന്ന് സ്നാനാനന്തരസംഭവത്തിൽ ദൈവം വെളിപ്പെടുത്തുകയും ആത്മബലിയർപ്പണത്തിൽ പാരമ്യത്തിലെത്തുന്ന അവന്റെ പരസ്യശുശ്രൂഷയ്ക്ക് നിയോഗിക്കുകയുമായിരുന്നു. ദൈവത്തിന്റെ പ്രിയ പുത്രനും പ്രസാദിച്ച ദാസനും അഭിഷിക്തനും രാജാവും എന്ന നിലയിൽ അവസാനത്തോളം ദൈവഹിതം മാത്രം നിറവേറ്റി ആത്മബലിയർപ്പിച്ച് തന്റെ രാജത്വം യേശു സ്ഥാപിച്ചു.

**ഉപസംഹാരം**

യോഹന്നാന്റെ സ്നാനം യേശു സ്വീകരിച്ചു. മാനസാന്തരപ്പെടുന്ന ജനത്തോട് യേശു കൂട്ടുചേർന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നവനായിരിക്കുമെന്ന് യേശു വ്യക്തമാക്കി. ദൈവത്തിന്റെ രക്ഷാഹിതം നിറവേറ്റാൻ സ്വയം സമർപ്പിച്ചു. യേശുവിന്റെ സമർപ്പണം പിതാവ് സ്വീകരിച്ചുവെന്ന് സ്നാനാന്തരസംഭവങ്ങളിൽ വെളിപ്പെടുത്തി. യേശു തന്റെ വത്സലപുത്രനും താൻ പ്രസാദിച്ച ദാസനുമായ രാജാവും അഭിഷിക്തനും എന്ന് ദൈവം വെളിപ്പെടുത്തി. ആ നിലയിലുള്ള ശുശ്രൂഷ നിർവഹിക്കാൻ ദൈവം യേശുവിനെ ആത്മാവിനാൽ അഭിഷേചിച്ച് നിയോഗിച്ചു.

**യേശുവിന്റെ സ്നാനം മുപ്പതാം വയസ്സിലോ?**

യേശു മുപ്പതു വയസ്സായപ്പോഴാണ് സ്നാനം സ്വീകരിച്ചത് എന്നും അതിനാൽ മുപ്പത് വയസ്സാകുമ്പോൾ അല്ലെങ്കിൽ പ്രായപൂർത്തി / തിരിച്ചറിവ് ആയിക്കഴിഞ്ഞ് സ്നാനപ്പെടണമെന്നും ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട്. അതിനാൽ ശിശുവായിരുന്നപ്പോൾ സ്നാനം ലഭിച്ചവരെ അക്കൂട്ടർ വീണ്ടും സ്നാനപ്പെടുത്താറുണ്ട്. ബൈബിൾപരമായ അവരുടെ അറിവില്ലായ്മയാൽ പറയുന്നതും ചെയ്യുന്നതും ശരിയെന്ന് തെറ്റിദ്ധരിച്ച് അനുസരിക്കുന്നവരുമുണ്ട്.

മുപ്പത് വയസ്സായപ്പൾ യേശു സ്നാനപ്പെട്ടു എന്ന് പുതിയ നിയമത്തിൽ ഒരിടത്തും പറയുന്നില്ല. സ്നാനത്തെക്കുറിച്ച് പറയുന്നതിനോട

നുബന്ധിച്ച് യേശുവിന്റെ പ്രായം സംബന്ധിച്ച് മുപ്പത് എന്ന പരാമർശം പുതിയ നിയമത്തിൽ ലൂക്കാ മാത്രമേ നടത്തിയിട്ടുള്ളു. അത് ലൂക്കാ 3,23ലാണ്. അവിടെ ഇങ്ങനെയാണ്: *പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പതു വയസ് പ്രായമായിരുന്നു*. പരസ്യ ശുശ്രൂഷ ആരംഭിക്കുമ്പോഴത്തെ പ്രായത്തെക്കുറിച്ചാണ് ലൂക്കാ 3,23ൽ പറയുക. സ്നാനത്തോട് ബന്ധപ്പെടുത്തിയല്ല. സ്നാനവും പരസ്യ ശുശ്രൂഷയും തമ്മിൽ ലൂക്കാ നേരിട്ടു ബന്ധപ്പെടുത്തിയിട്ടില്ല എന്ന് മുകളിൽ വ്യക്തമാക്കിയല്ലോ. പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശുവിന് *ഏകദേശം മുപ്പതു* വയസ്സായിരുന്നു എന്നാണ്. കൃത്യം മുപ്പതു വയസ് എന്നുമല്ല. ഏകദേശം മുപ്പത് വയസ് എന്നാണ്. അക്ഷരാർത്ഥത്തിലെടുക്കേണ്ട സംഖ്യയല്ല ലൂക്കാ 3,23ലെ മുപ്പത്. അക്ഷരാർത്ഥത്തിൽ എടുക്കുകയാണെങ്കിൽ ജീവിതത്തിലെ പ്രധാന കാര്യങ്ങളെല്ലാം മുപ്പതാം വയസ്സിൽ നടത്തണം (കാണുക 2 സാമു 5,3;ഉല്പ 41,46). ലൂക്കാ 3,21 ലെ "മുപ്പത്," "ആരംഭിക്കുമ്പോൾ" എന്നിവ വേദപാരമ്പര്യത്തിന്റെ പദങ്ങളാണ്.

യേശു സ്വീകരിച്ച സ്നാനമല്ല അവന്റെ ഉയർപ്പിനു ശേഷമുള്ളവർ (ക്രസ്തീയ വിശ്വാസികൾ) സ്വീകരിക്കുക. യേശു നല്കുന്ന/ അവന്റെ നാമത്തിലുള്ള സ്നാനമാണ്. അത് പരിശുദ്ധാത്മാവിനാലുള്ളതാണ്. ഉന്നതത്തിൽനിന്ന് പരിശുദ്ധാത്മാവിനാൽ ദൈവം നമ്മെ വീണ്ടും ജനിപ്പിക്കുന്നതാണ്. യേശു സ്വീകരിച്ചത് പരിശുദ്ധാത്മാവിനാലുള്ള സ്നാനമല്ല. യേശു സ്വീകരിച്ച സ്നാനത്തിന് പരിശുദ്ധാത്മാവിനെ നല്കാൻ കഴിവില്ലായിരുന്നു. ദൈവം നമ്മെ പരിശുദ്ധാത്മാവിൽ ജനിപ്പിക്കുന്നതിനോ അഭിഷേചിക്കുന്നതിനോ നമുക്ക് പ്രായപൂർത്തിയാകണമെന്നും തിരിച്ചറിവുണ്ടായിരിക്കണമെന്നും ഇല്ല. ഈ വസ്തുത പരിശുദ്ധാത്മാവിനാലുള്ള യേശുവിന്റെ ജനനവും സ്നാപകയോഹന്നാന് അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോൾത്തന്നെ യേശുമിശിഹാ നല്കിയ പരിശുദ്ധാത്മാഭിഷേകവും പഠിപ്പിക്കുന്നു. യേശു പരിശുദ്ധാത്മാവിനാൽ ജനിച്ചത് (ലൂക്കാ 1,35) അവൻ പ്രായപൂർത്തിയായ ശേഷമല്ല. സാനാപകന് പ്രായപൂർത്തിയായി തിരച്ചറിവ് വന്നതിനു ശേഷമല്ല അവനെ യേശുമിശിഹാ പരിശുദ്ധാത്മാവനാൽ അഭിഷേചിച്ചത്. ദൈവം നമ്മെ പരിശുദ്ധാത്മാവിൽ ജനിപ്പിക്കുകയും ആദ്യമായി അഭിഷേചിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണല്ലോ നമ്മുടെ ജ്ഞാനസ്നാനം. നമ്മെ പരിശുദ്ധാത്മാവിൽ ജനിപ്പിക്കുന്നതും സ്നാനപ്പെടുത്തുന്നതും നമ്മുടെ തിരിച്ചറിവിന്റെ പ്രവൃത്തിയല്ല; നമ്മുടെ പ്രവൃത്തിയല്ല. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയാണ്. അത് അവന് എപ്പോൾ വേണമെങ്കിലും നിർവഹിക്കാം. തിരച്ചറിവിന്റെ പ്രായം എന്ന് നമ്മൾ കണക്കു കൂട്ടുന്നതല്ല ഇക്കാര്യത്തിൽ മാനദണ്ഡം. ദൈവത്തിന്റെ പ്രസ് തുത രക്ഷാകരപ്രവൃത്തിയോട് നാം സഹകരിക്കുന്നു എന്നു മാത്രം. സഹകരിക്കുക നമ്മുടെ ഉത്തരവാദിത്തമാണ്. അത് എത്രയും വേഗം നിർവഹിക്കുക. നമ്മുടെ കുഞ്ഞുങ്ങളെ ജനന



ശേഷം എത്രയും വേഗം ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന് സമർപ്പിക്കുക. കുഞ്ഞിനെ ദൈവം പരിശുദ്ധാത്മാവിനാൽ ജനിപ്പിക്കാനും അഭിഷേചിക്കാനും എത്രയും വേഗം നല്കുക. അത് മാതാപിതാക്കന്മാരുടെയും സഭയുടെയും വലിയ ചുമതലയും ഭാഗ്യവുമാണ്. ക്രസ്തീയ സഭ മാമോദീസായെക്കുറിച്ചുള്ള വിശ്വാസധാരണകൾ സമ്പാദിച്ചത് പതിനാറാം നൂറ്റാണ്ടിലോ അതിനു ശേഷം ഓരോരോ കാലങ്ങളിലും പ്രദേശങ്ങളിലും മുളച്ചു വളർന്ന ആശയങ്ങളിലോ നിന്നല്ല. ആദിനൂറ്റാണ്ടുകളിൽ ശിശു സ്നാനത്തെ എതിർത്തവരെ സഭ സത്യവിശ്വാസികളുടെ കൂട്ടത്തിൽ നിന്ന് പുറന്തള്ളിയതാണ്.

**സ്നാനത്തിന്റെ പാഠങ്ങൾ**

യേശുവിന്റെ സ്നാനത്തെക്കുറിച്ച് സമാന്തര സുവിശേഷങ്ങളിലുള്ള  വിവരണങ്ങൾ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് നല്കുന്ന ചില പാഠങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയമാക്കുന്നു. അവ കൂടി ഇവിടെ ചുരുക്കമായി പ്രതിപാദിക്കാം. (ഒന്ന്) സ്നാനവും അത് സ്വീകരിച്ചവരുടെ പ്രത്യേക ദൈവപുത്രത്വവും. സമാന്തര സുവിശേഷങ്ങളിൽ മത്തായിയും മർക്കോസും യേശുവിന്റെ സ്നാനവും അതോടനുബന്ധിച്ച് സ്വർഗത്തിൽ നിന്നുണ്ടായ കാര്യങ്ങളും തമ്മിൽ നേരേ ബന്ധപ്പെടുത്തിയിട്ടുണ്ട്. ലൂക്കാ (മാത്രം) നേരേ ബന്ധപ്പെടുത്തിയിട്ടില്ല. എങ്കിലും വിവരണത്തിൽ ഒരു തരത്തിൽ ബന്ധപ്പെടുത്തിയുട്ടുണ്ട് എന്ന് മുകളിൽ കണ്ടല്ലോ. അവ തമ്മിലുള്ള ബന്ധം ആസ്പദമാക്കി ഇവിടെ നാം പരിചിന്തനം ചെയ്യുന്നു. (1) നാം യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുമ്പോൾ സ്വർഗം നമുക്കുവേണ്ടി തുറക്കപ്പെടുന്നു. സ്വർഗം നമ്മോടും നാം സ്വർഗത്തോടും മുമ്പില്ലാതിരുന്ന തരം ഒരു ബന്ധത്തിലാകുന്നു. ഇനി സ്വർഗം നമ്മോടും നാം സ്വർഗത്തോടും യേശുക്രിസ്തുവിന്റെ നാമത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കും.

(2) സ്നാനം സ്വീകരിക്കുന്ന നമ്മുടെ മേൽ സ്വർഗത്തിൽ നിന്ന് പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നു. തന്റെ അത്ഭുതകരമായ പ്രവൃത്തിയാൽ ദൈവം നമ്മുടെ മാതാപിതാക്കന്മാരിൽ നിന്ന്  മനുഷ്യക്കുഞ്ഞുങ്ങളായി, തന്റെ മക്കളായി, നമ്മെ ജനിപ്പിച്ചു. അതേ ദൈവപിതാവ് ജ്ഞാനസ്നാനത്തിൽ ഉന്നതത്തിൽ നിന്ന് പരിശുദ്ധാത്മാവിൽ നമ്മെ വീണ്ടും ജനിപ്പിച്ച് തന്റെ *വത്സല പുത്രർ, കർത്താവ് പ്രസാദിച്ച ദാസർ, രാജത്വവും പ്രവാചകത്വവും ഉള്ളവർ, ദൗത്യത്തിന് നിയുക്തരും പരിശുദ്ധാത്മാവിനാൽ അഭിഷിക്തരും* എന്നീ നിലകളിലേക്ക് ഉയർത്തുന്നു. എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാണ്. എന്നാൽ ഉയർത്തഴുന്നേറ്റ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുന്നവർക്ക് അവന്റെ വത്സലപുത്രത്വവും കർതൃപ്രസാദമുള്ള ദാസ്യതയും അവയോടു ചേർന്നുള്ള മറ്റ് സ്ഥാനദൗത്യങ്ങളും കൂടി ലഭിക്കുന്നു. അങ്ങനെയാണല്ലോ സ്നാനം സ്വീകരിച്ച യേശുവിനെക്കുറിച്ച് സ്വർഗത്തിൽ നിന്ന് ഉണ്ടായ സ്വരം. യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം

സ്വീകരിക്കുന്ന ഓരോരുത്തരെയും സ്വർഗസ്ഥപിതാവ് എന്റെ വത്സല പുത്രാ /പുത്രീ; ഞാൻ പ്രസാദിച്ച ദാസാ/ ദാസീ എന്ന് വിളിക്കുന്നു.

(രണ്ട്) സ്നാനവും പ്രാർത്ഥനയും തമ്മിലുള്ള ബന്ധം. ലൂക്കാ മാത്രമേ യേശു സ്നാനം സ്വീകരിച്ചതും അത് കഴിഞ്ഞ് അവൻ പ്രാർത്ഥിക്കുകയായിരുന്നതും തമ്മിൽ അകന്നതും അതിലോലവുമായ തരത്തിലാണെങ്കിലും ബന്ധപ്പെടുത്തിയിട്ടുള്ളു. ആ ബന്ധവും യേശുവിന്റെ സ്നാനാനന്തരസംഭവങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും ബന്ധിപ്പിച്ച് നോക്കുമ്പോൾ പ്രാർത്ഥന സ്നാനാനുഭവത്തിന്റെ തുടർച്ചയാണ്. സ്നാനം കഴിഞ്ഞുടനെ സ്വർഗം തുറന്നെന്നും അതേത്തുടർന്നുള്ള സംഭവങ്ങൾ ഉണ്ടായെന്നുമാണല്ലോ മർക്കോസിന്റെയും മത്തായിയുടെയും വിവരണം. പ്രാർത്ഥിക്കുകയെന്നാൽ സ്നാനത്തിൽ ലഭിച്ച പ്രിയ പുത്ര ത്വവും കർതൃ പ്രസാദമുള്ള ദാസ്യതയും തുടർന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്നാനം സ്വീകരിച്ചവർ പ്രാർത്ഥിക്കുന്ന ഓരോ അവസരത്തിലും *പിതാവേ, പിതാവേ*, എന്ന് ദൈവത്തെ വിളിക്കുകയും *എന്റെ വത്സല പുത്രാ/ പുത്രീ; ഞാൻ പ്രസാദിച്ച ദാസാ/ദാസീ* എന്ന് വിളി കേൾക്കയുമാണ്. ഈ വിളിയുടെ അന്തരാർത്ഥം മുകളിൽ കണ്ടതാണല്ലോ. ദൈവത്തിന്റെ ഈ വിളി കേൾക്കുകയാണ് പ്രാർത്നയ്ക്ക് നാം കേൾക്കേണ്ട അടിസ്ഥാന മറുപടി. പ്രാർത്ഥനയ്ക്ക് മറുപടിയായി ഈ വിളി കേൾക്കാനും സ്വീകരിക്കാനും തയ്യാറായാൽ നാം ചോദിക്കുന്ന നിരവധിയായ മറ്റ് വകകളൊന്നിനും നാം പ്രതീക്ഷിക്കുന്ന മറുപടി ലഭിച്ചില്ലെങ്കിലും നാം ദൈവത്തോടു പിണങ്ങുകില്ല. ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാലും സന്തോഷത്തോടതു വാങ്ങി ഹല്ലേലുയ്യാ പാടീടും ഞാൻ എന്നായിരിക്കും നിലപാട്. പ്രാർത്ഥന ദൈവഹിതം അന്വേഷിക്കലും സ്വീകരിക്കലുമായി രൂപാന്തരപ്പെടുത്തുക.

(മൂന്ന്) ലൂക്കായുടെ വിവരണപ്രകാരം സ്നാനം കഴിഞ്ഞ് യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴും രൂപാന്തരീകരണമലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴും ഉണ്ടായ മറുപടികൾക്ക് സമാന്തരതകളുണ്ട്. പ്രത്യേകിച്ച് സ്വർഗത്തിൽ നിന്നുണ്ടായ സ്വരത്തിന്. പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരുടെ ദൈവപുത്രത്വവും കർതൃദാസ്യതയും പ്രാർത്ഥനയിൽ വെളിപ്പെടുന്നു. അവർ ദൈവപുത്രരും കർതൃദാസരുമായി ഉയരുന്നു; രൂപാന്തരപ്പെടുന്നു. പ്രാർത്ഥിക്കുക ദൈവപുത്രത്വവും കർതൃദാസ്യതയും ആസ്വദിക്കുകയാകുന്നു. പ്രാർത്ഥന നമ്മെ മാനസാന്തരപ്പെടുത്തുന്നു. പ്രാർത്ഥന നമ്മെ ദൈവികമഹത്ത്വത്താൽ രൂപാന്തരപ്പെടുത്തുന്നു.

## 3 പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം

*പ്രതീക്ഷയോടെയിരുന്ന ജനമെല്ലാം ഇവൻ തന്നെയോ ക്രിസ്തു എന്നു യോഹന്നാനെപ്പറ്റി ചിന്തിച്ചുതുടങ്ങി. യോഹന്നാൻ അവരോടു പറഞ്ഞു. ഞാൻ ജലംകൊണ്ടു സ്നാനം നല്കുന്നു. എന്നാൽ എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നല്കും. വീശുമുറം അവന്റെ കൈയിൽ ഉണ്ട്. അവൻ കളം വെടിപ്പാക്കി ഗോതമ്പ് അറപ്പുരയിൽ ശേഖരിക്കുകയും പതിര് കെടാത്ത അഗ്നിയിൽ ദഹിപ്പിക്കുകയും ചെയ്യും* (ലൂക്കാ 3,1–17).

### ഈ സുവിശേഷഭാഗത്തിന്റെ ധർമ്മം

യേശു സ്നാപകയോഹന്നാനെക്കാൾ വലിയവനാകുന്നു എന്ന് വ്യക്തമാക്കുന്നു ലൂക്കാ 3,1–17. രണ്ടു പേരും നല്കുന്ന സ്നാനം ആസ്പദമാക്കിയാണ് യേശുവിന്റെ വലുപ്പം വ്യക്തമാക്കുക. അവരുടെ സ്നാനം അവരുടെ അന്തരം സ്പഷ്ടമാക്കുന്നു. യോഹന്നാൻ വെള്ളംകൊണ്ടു സ്നാനപ്പെടുത്തുന്നു. അത് പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ സ്നാനമാണ് എന്ന് മർക്കോസും (1,4) ലൂക്കായും (3,3) മാനസാന്തരത്തിന്റെ സ്നാനമെന്ന് മത്തായിയും (3,2–5) വിശേഷിപ്പിക്കുന്നു (അതിന്റെ അർത്ഥം മുൻ പാഠത്തിൽ പഠിച്ചു). ഇവിടെയും ഓർക്കാം: സ്നാപകൻ നല്കുന്നത് പാപമോചനം നല്കുന്ന സ്നാനമല്ല. പാപമോചനം ലഭിക്കാൻ ആവശ്യമായ മാനസാന്തരത്തെ സൂചിപ്പക്കുന്ന സാനാനമാണ്. പാപമോചനം നല്കുന്ന യേശുവിന്റെ സ്നാനം (യേശുവിനെ) സ്വീകരിക്കാൻ തയ്യാറാണ് എന്ന് സ്നാപകന്റെ സ്നാനം സ്വീകരിച്ച് പ്രകടമാക്കുന്നു. യേശു പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തും. പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തുക യുഗാന്ത്യകാല പ്രവൃത്തിയാണ്. കാലത്തികവിൽ വരുമെന്ന് പ്രതീക്ഷിക്കുന്ന മിശിഹായാണ് യേശു. അവൻ കർത്താവാകുന്നു. ഇക്കാര്യങ്ങളുടെ ഉറപ്പാണ് അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം നല്കുന്നത്. യുഗാന്ത്യ മിശിഹായും കർത്താവുമായ യേശുവിനെ സകലരും സ്വീകരിക്കണം. അതിന് ഒരുക്കുകയാണ് യോഹന്നാന്റെ സ്നാനം.

### പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തുക.

*പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടുത്തും* എന്നു മാത്രമായിരുന്നെങ്കിൽ അർത്ഥശങ്കയ്ക്ക് ഇടമില്ല. *അഗ്നികൊണ്ടും* സ്നാനപ്പെടു

ത്തും എന്ന് ചേർത്തതിലാണ് പ്രശ്നം. *സ്നാനപ്പെടുത്തുക* എന്ന ഒരു ക്രിയ. അതിന് രണ്ടു മാദ്ധ്യമങ്ങൾ. പരിശുദ്ധാത്മാവും അഗ്നിയും. പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തുക യുഗാന്ത്യനാളുകളിൽ മിശിഹാകർത്താവിന്റെ പ്രവൃത്തിയാണ്. അതിൽ പരിശുദ്ധാത്മാവും അഗ്നിയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിലാണ് പ്രശ്ന പരിഹാരം അടങ്ങിയിരിക്കുക. പരിശുദ്ധാത്മാവിന്റെയും അഗ്നിയുടെയും ധർമ്മങ്ങൾ വെവ്വേറെ കാണണോ? അതോടൊപ്പം സ്നാനപ്പെടുത്തുകയുടെ സ്വഭാവവം എന്താണ്?

**പരിശുദ്ധാത്മാവും അഗ്നിയും ബൈബിളിൽ**

പരിശുദ്ധാത്മാവ് ദൈവാത്മാവിന്റെ പര്യായമാണ്. അഗ്നി ബൈബിളിലെ ശക്തമായൊരുഒരു സിംബൽ (പ്രതീകം) ആണ്. സമൂഹവും സന്ദർഭവുമനുസരിച്ച് അർത്ഥകല്പന വ്യത്യസ്തമാകും. പരിശുദ്ധാത്മാവിനെയും അഗ്നിയെയും ഒറ്റയ്ക്കും കൂട്ടായും പഴയ നിയമം പലയിടത്ത് അവതരിപ്പിക്കുന്നുമുണ്ട്. സംക്ഷിപ്തം മാത്രം ഇവിടെ കുറിക്കട്ടെ. പരിശുദ്ധാത്മാവും അഗ്നിയും വിശുദ്ധീകരിക്കുന്നു. രണ്ടും ദൈവകൃപയുടെയും രക്ഷയുടെയും ന്യായവിധിയുടെയും അടയാളങ്ങളാണ്. അവസാന നാളുകളുടെ അടയാളങ്ങൾ. അഗ്നിക്ക് പുതിയ നിയമത്തിലും പല സൂചനകളുണ്ട്. സ്വർഗീയ (ദൈവിക) മഹത്വത്തിന്റെയും ക്രിസ്തീയ സമൂഹം വിശ്വാസത്തെപ്രതി നേരിടുന്ന സഹനങ്ങളുടെയും ദൈവിക ന്യായവിധിയുടെയും ശിക്ഷയുടെയും യുഗാന്ത്യ വിധിയുടെയും അടയാളവും പ്രതീകവുമാണ്. പരിശുദ്ധാത്മാവ് അഗ്നിനാവുകൾ പോലെയുള്ള രൂപത്തിൽ പ്രത്യക്ഷപ്പെട്ടതും ലൂക്കാ വിവരിക്കുന്നുണ്ടല്ലോ (അപ്പ 2,3). വിശ്വാസത്തെ പ്രതി സഹനം, പരിശുദ്ധാത്മദാനം, ന്യായവിധി (ശിക്ഷ) എന്നിവയെല്ലാം അവസാന നാളുകളുടെ അടയാള ങ്ങളാണ്. ഏറെക്കുറെ ഇതുപോലൊക്കെയാണ് പരിശുദ്ധാത്മാവിനെ യും അഗ്നിയെയും കുറിച്ച് യേശുവിന്റെയും പുതിയ നിയമഗ്രന്ഥങ്ങ ളുടെ രചനയുടെയും കാലത്തെ യഹൂദസാഹിത്യത്തിന്റെയും പൊതു വായ ധാരണ.

പരിശുദ്ധാത്മാവിനാലും അഗ്നിയാലുമുള്ള സ്നാനത്തെപ്പറ്റി ലൂക്കായുടെ കൃതിയിലെ ധാരണ ഗ്രഹിക്കാൻ പഴയ നിയമം പരിശുദ്ധാത്മദാനത്തെയും അഗ്നിയെയും കുറിച്ച് നല്കുന്ന ചില പ്രത്യേക വിവരണങ്ങൾ സവിശേഷം പരിഗണിക്കണം. പരിശുദ്ധാത്മാവ് പ്രവചനത്തിന്റെ ആത്മാവാണ്. സുവിശേഷപ്രഘോഷണത്തിന്റെ ആത്മാവാണ്. കർ ത്താവ് സ്വദാസന്റെ മേൽ ആത്മാവിനെ നല്കുന്നു (ഏശ 41,1-5). അന്ത്യ നാളുകളിൽ കർത്താവ് തന്റെ ദാസീദാസന്മാരുടെമേൽ ആത്മാവിനെ വർഷിക്കുന്നു (ജോയേ 2,28-30). അതുവഴി അവരെ പ്രത്യേക ദൗത്യ നിർവഹണത്തിന് നിയോഗിക്കുന്നു. കർത്താവിന്റെ വചനം പ്രഘോഷി ക്കാനും (ഏശ 55,1-10) ദൈവാത്മാവ് ശക്തനാണ്.



പരിശുദ്ധാത്മാവ് ജ്ഞാനത്തിന്റെ ആത്മാവുമാണ് (ഏശ 40,13;നിയമ 34,9). ജ്ഞാന ത്തിന്റെ ആത്മാവുകൊണ്ടാണ് മിശിഹാ ന്യായവിധി നടത്തുക (11,1-3; ഏശ 28,5-6;ജറെ 31,34;ജ്ഞാനം 11,4.20).

അഗ്നിയെ പരിശുദ്ധാത്മാവിനോടും ദൈവകോപത്തോടും ന്യായവിധിയോടും ഉപമിക്കുന്ന പല ബൈബിൾഭാഗങ്ങളുമുണ്ട്. പരിശുദ്ധാത്മാവ് നിറവേറ്റുന്ന രക്ഷാശിക്ഷാകർമങ്ങൾ പലതിനും അഗ്നി മാദ്ധ്യമമാണ്. അത് ദൈവത്തിന്റെ പരമ പരിശുദ്ധിയെയും തന്റെ ജനം വിശുദ്ധരായിരിക്കണമെന്നുള്ള ദൈവത്തിന്റെ തീക്ഷ്ണമായ ആഗ്രഹത്തെയും സൂചിപ്പിക്കുന്നു. അതിനു വിപരീതം പ്രവർത്തിക്കുന്നവരെ നീക്കം ചെയ്ത് ദൈവജനത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുന്ന ദൈവകോപത്തെയും അഗ്നി സൂചിപ്പിക്കുന്നു. ന്യായവിധിയുടെ പ്രതീകമായ കാറ്റിനോട് (കൊടുങ്കാറ്റിനോട്) (ഏശ 40,24;41,16;ജറെ 4,11-12) ബന്ധപ്പെടുത്തുമ്പോൾ ആത്മാവും (റൂഹായും) അഗ്നിയും ശിക്ഷാവിധിയുടെ പ്രതീകങ്ങളുമാകുന്നു. ലൂക്കാ 3,16-17ലും അപ്പ 2,2-4ലും പരിശുദ്ധാത്മാവ്, കാറ്റ്/കൊടുങ്കാറ്റ്, അഗ്നി എന്നിവയെ സംയുക്തമായാണല്ലോ കാണുക.

**പരിശുദ്ധാത്മാസ്നാനവും അഗ്നിസ്നാനവും ലൂക്കായുടെ കൃതിയിൽ**

കർത്താവായ യേശുമിശിഹാ നല്കുന്ന പരിശുദ്ധാത്മാവിനാലും അഗ്നിയാലുമുള്ള സ്നാനം മനസ്സിലാക്കാൻ ഏറെ സഹായകമായ ഭാഗങ്ങളാണ് ലൂക്കാ 3,16-17;12,49-50 (49-50);അപ്പ 2,1-4 എന്നിവ. പരിശുദ്ധാത്മാവിനെ പ്രവചനത്തിന്റെ ആത്മാവായാണ് ലൂക്കാ ദർശിക്കുന്നതും അവതരിപ്പിക്കുന്നതും. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ വിവരിക്കാ നുള്ള ആത്മാവാണ് പരിശുദ്ധാത്മാവ്. വിശുദ്ധീകരണത്തിന് ആത്മാവ് എന്നല്ല. അതേ സമയം പരിശുദ്ധാത്മാവിനാൽ ജനിക്കുന്നവൻ പരിശു ദ്ധനാണു താനും (ലൂക്കാ 1,35). പരിശുദ്ധിയും പരിശുദ്ധാത്മാവും തമ്മിൽ ബന്ധമുണ്ട്. പക്ഷേ പരിശുദ്ധാത്മാവാണ് വിശുദ്ധീകരിക്കുന്നത് എന്നില്ല. ലൂക്കാ 3,5-17ന്റെ പൂർത്തീകരണം ലൂക്കാ 12,49-50ലും അപ്പ 2,1-4ലും ദർശിക്കുന്നു.

*മിശിഹാകർത്താവ് പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തും* എന്ന പ്രസ്താവന ലൂക്കാ 3,16ലാണ്. അത് തൊട്ടടുത്ത വാക്യ(17)ത്തിലെ പ്രസ്താവനയോട് ബന്ധപ്പെട്ടതാണ്: *വീശുമുറം അവന്റെ...ദഹിപ്പിക്കുകയും ചെയ്യും.* മിശിഹാകർത്താവ് വീശുമുറവും പിടിച്ചാണ് വരിക. അതിന്റെ ധ്വനിയെന്ത്? അവന്റെ വരവോടെ കൊയ്ത്തുകാലമായി. കൊയ്ത്തുകാലം അന്ത്യകാലത്തിന്റെ പ്രതീകമാണ്. മിശിഹാകർത്താവ് മുറം വീശും. വീശുമ്പോൾ കാറ്റുണ്ടാകും. കാറ്റത്ത് നെല്ലും പതിരും വേർതിരിയും. ധാന്യം അറപ്പുരയിൽ ശേഖരിക്കും. പതിര് തീയിൽ ദഹിപ്പിക്കും. കാറ്റ് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു (അപ്പ 2,3;യോഹ 5,8). പരിശുദ്ധാത്മാവ് വീശുമ്പോൾ മാനസാന്തരപ്പെടുന്നവരെ സൂചിപ്പിക്കുന്നു ധാന്യം. പതിര് മാനസാന്തരപ്പെടാത്തവരെയും.

അന്ത്യകാലത്ത് മിശിഹാകർത്താവ് പരിശുദ്ധാത്മാവിനെ അയയ്ക്കുന്നു. പരിശുദ്ധാത്മാവ് വരുമ്പോൾ മാനസാന്തരപ്പെടുന്നവരെയും അല്ലാത്ത വരെയും വേർതിരിക്കും. എന്നു പറഞ്ഞാൽ, *മാനസാന്തരപ്പെടുക* എന്ന സുവിശേഷാഹ്വാനം പരിശുദ്ധാത്മാവ് കർത്താവിന്റെ ദാസരിലൂടെ നല്കും. അവർ മിശിഹാകർത്താവിനു സാക്ഷ്യം നല്കും (അപ്പ 1,8). അവരുടെ സാക്ഷ്യം പരിശുദ്ധാത്മാവിന്റെ ആഹ്വാനമാണ്. മാനസാന്തരപ്പെടുന്നതിന്റെ സാരം യേശുവിനെ മിശിഹായും രക്ഷകനും കർത്താവുമായി സ്വീകരിക്കുകയാണ് (ലൂക്കാ 2,11;അപ്പ 2,36). പരിശുദ്ധാത്മവർഷം ലഭിച്ചവർ നല്കുന്ന സുവിശേഷം സ്വീകരിക്കുന്നവർ സ്വർഗരാജ്യത്തിന് അവകാശികളാകും. നിരാകരിക്കുന്നവർ ന്യായവിധിക്കും ശിക്ഷയ്ക്കും വിധേയരാകും. പരിശുദ്ധാത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല (ലൂക്കാ 12,10). അതായത്, പരിശുദ്ധാത്മവർഷം അന്ത്യകാലവിധിയുടെയും അടയാളമാണ്. പരിശുദ്ധാത്മസ്നാനം അന്ത്യകാലവിധിയുടെയും ആരംഭമാണ്.

യേശു പ്രസ്താവിക്കുന്നു: *ഭൂമിയിൽ അഗ്നിയിടാനാണ് ഞാൻ വന്നത്. അത് ഇതിനകം കത്തിജ്വലിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്* (ലൂക്കാ 12,49-50). ഇവിടെയും അഗ്നി പരിശുദ്ധാത്മാവിന്റെയും അന്ത്യകാലവിധിയുടെയും പ്രതീകമാണ്. അക്കാര്യം 12,51-59ൽ അന്തർഭവിച്ചിട്ടുണ്ട്. യേശുവിന്റെ വരവോടെ പരിശുദ്ധാത്മാവ് യുഗാന്ത്യപരമായി പ്രവർത്തിക്കാറായി. നീതിപൂർണ്ണരെയും നീതിരഹിതരെയും വേർതിരിച്ചു നിർത്തി രണ്ടു കൂട്ടർക്കും വേവ്വെറെ തീയിടുകയല്ല. വിവേചനവും വേർതിരിവുമില്ലാതെ എല്ലാവരുടെയും മേൽ തീയിടുന്നു. എല്ലാവർക്കുമായി പരിശുദ്ധാത്മാവിനെ വർഷിക്കുന്നു. പരിശുദ്ധാത്മാവ് വഴി സകലർക്കും ദൈവരാജ്യത്തിന്റെ ദൂത് നല്കുന്നു. അതിൽ അന്ത്യവിധിയുടെ ദൂതുമുണ്ട്. പരിശുദ്ധാത്മാവ് ദൈവരാജ്യത്തിന്റെ സുവിശേഷം നല്കുന്നതോടൊപ്പം അന്ത്യവിധിയുടെ മുന്നറിയിപ്പും ഉണ്ട്. അന്ത്യവിധിയുടെ ആരംഭത്തിൽ നല്ലവർക്ക് ദുഷ്ടരിൽനിന്ന് പീഡനത്തിന്റെ ആരംഭവുമായി. അത് യേശുവിന്റെ സഹനത്തിൽ ആരംഭിക്കും. (എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്). ശിഷ്യരും അതിനു വിധേയരാകും. അത് അന്ത്യകാലവിധിയുടെ ആരംഭത്തിന്റെ അടയാളമാണ്.

അപ്പ 2,1-4ലുള്ളത് ലൂക്കാ 3,16-17ന്റെ പ്രഥമവും പ്രധാനവുമായ പൂർത്തീകരണത്തിന്റെ വിവരണമാണ്. അപ്പ 2, 1-4ൽ കൊടുങ്കാറ്റ്, അഗ്നി എന്നീ പ്രതീകങ്ങളെ പരിശുദ്ധാത്മാവിനോട് ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കുക. അപ്പ 2,1-4ലെ സംഭവം ജോയേ 2,28-32ലെ പ്രവചനത്തിന്റെ പൂർത്തീകരണമാണെന്ന് ലൂക്കാ വ്യാഖ്യാനിക്കുന്നു. ജോയേ 2,28-32ൽ കർത്താവ് തന്റെ മഹത്തും ഭയാനകവുമായ ദിവസം കാണിക്കുന്ന അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ഒരു പട്ടികയുണ്ട്.



കർത്താവ് തന്റെ ആത്മാവിൽനിന്ന് സകലരുടെയും മേൽ വർഷിക്കുന്നതും അഗ്നിയും ധൂമപടലവും കാണിക്കുന്നതും ലിസ്റ്റിലുണ്ട്. പരിശുദ്ധാത്മദാനത്തെയും അഗ്നിപ്രകാശനത്തെയും അവസാന നാളുകളുടെ അടയാളങ്ങളായി ഒരു തരത്തിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. രക്ഷയുടെ നാളിൽതന്നെ ന്യായവിധിയുടെ തീക്കാറ്റയച്ച് കർത്താവ് ജറുസലേമിലെ ശിഷ്ടവിഭാഗത്തെ വിശുദ്ധീകരിക്കുമെന്ന് ഏശയ്യായും പ്രവ ചിച്ചിട്ടുണ്ടല്ലോ (ഏശ 4, 4). ന്യായവിധിയുടെ തീക്കാറ്റ് ദുഷ്ടരെ പാടേ ഉന്മൂലനം ചെയ്ത് കർത്താവിന്റെ ശിഷ്ടരുടെ വിശുദ്ധീകരണം പൂർത്തിയാക്കുന്നു. ഈ ചിത്രീകരണങ്ങളും ഇതേ രീതിയിൽ യഹൂദസാഹിത്യ ത്തിലുള്ള ചിത്രീകരണങ്ങളും പരിശുദ്ധാത്മാവിനെയും അഗ്നിയെയും ബന്ധിപ്പിച്ച് അന്ത്യനാളുകളിലെ രക്ഷയുടെയും അന്ത്യകാലവിധി (ശി ക്ഷ)യുടെയും സംയുക്ത അടയാളങ്ങളായി അവതരിപ്പിക്കാൻ ആദിമസ ഭയെ സഹായിച്ചിട്ടുണ്ട്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായ വിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നവനായി പരിശു ദ്ധാത്മാവിനെ യേശു പരിചയപ്പെടുത്തുന്ന കാര്യം യോഹ 16, 8-11ൽ വിവരിച്ചിട്ടുണ്ടല്ലോ. സമ്മേളിച്ചിരുന്ന സകലരുടെയും മേൽ പരിശുദ്ധാത്മാവ് അഗ്നനാവുകളുടെ രൂപത്തിൽ വന്നു നിന്ന സംഭവം (അപ്പ 2,1-4) വ്യാഖ്യാനിച്ച് പത്രോസ് പ്രസംഗിച്ചു (അപ്പ 2,14 മുതൽ). ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ പശ്ചാത്തപിക്കാനും പാപമോ ചനത്തിന് യേശുമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കാനും പ്രസംഗത്തിന്റെ അവസാനം പത്രോസ് ആഹ്വാനം ചെയ്തു. അപ്പ 2,1-4 വിവരിക്കുന്ന പരിശുദ്ധാത്മസ്നാനം അന്ത്യകാല രക്ഷയുടെയും ന്യായവിധിയുടെയും (ശിക്ഷയുടെയും) സന്ദേശം ഉൾക്കൊള്ളുന്നതാണ്. പരിശുദ്ധാത്മവർഷ ത്തിൽ അന്ത്യകാല ന്യായവിധിയുടെ ദൂതുമുണ്ട്. മിശിഹാകർത്താവ് നല്കുന്ന പരിശുദ്ധാത്മശക്തിയാൽ കർത്താവിന്റെ ദാസർ സുവിശേഷം പ്രഘോഷിക്കുന്നു. ആ സുവിശേഷം (ക്രിസ്തുസാക്ഷ്യം) സ്വീകരിക്കുന്നവർക്ക് രക്ഷയും നിരാകരിക്കുന്നവർക്ക് നിത്യശിക്ഷാവിധിയും. ഈ സംയുക്ത സത്യം *പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം* എന്നതിൽ അന്തർഭവിപ്പിച്ചിട്ടുണ്ട് വിശുദ്ധ ലൂക്കാ.

**പരിശുദ്ധാത്മാവിനാലും അഗ്നിയാലുമുള്ള സ്നാനത്തിന്റെ സ്വഭാവം**

ഒരാളെ മുഴുവനും വെള്ളത്തിൽ മുക്കി എടുക്കുക എന്നാണ് സ്നാനപ്പെടുത്തുക എന്നതുകൊണ്ടു സാധാരണയായി പൊതുവേ മനസ്സിലാക്കിയിരിക്കുക. *ബപ്തിസോ* എന്ന ഗ്രീക്കു ക്രിയയാണ് *സ്നാനപ്പെടുത്തുക* എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ളത്. *ബപ്തിസോയ്ക്ക് മുക്കുക* എന്ന് അർത്ഥമുണ്ട്. ഈ പദം സമാന്തര സുവിശേഷങ്ങളിൽ (മത്തായി, മർക്കോസ്, ലൂക്കാ) ഏറിയ കൂറും ഉപയോഗിച്ചിട്ടുള്ളത് സ്നാപകൻ നല്കിയ സ്നാനം വർണിക്കാനാണ്. എന്നാൽ അപ്പോസ്തല പ്രവർത്തനങ്ങളിലും പുതിയ നിയമത്തിലെ ചില ലേഖനങ്ങളിലും മിക്കവാറും

എല്ലായിടത്തും ക്രിസ്തീയ സ്നാനത്തെക്കുറിച്ചുമാണ്. *മുക്കുക* എന്ന ക്രിയ നടന്നാലേ സ്നാനം ആകൂ എന്ന ധാരണ സുവിശേഷകന്മാർക്കില്ല എന്നു സന്യായം കരുതാം. *പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തുക* എന്ന ശൈലി തന്നെ എടുക്കാം. മിശിഹാ കർത്താവ് പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തിയതിന്റെ വിവ രണമാണല്ലോ അപ്പ 2,1-4ൽ. അവിടെ *മുക്കിയെടുക്കുക* എന്ന അർത്ഥത്തിൽ പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം നടന്നില്ല. അപ്പ 2,1-4ൽ വിവരിക്കുന്ന സംഭവം കർത്താവ് തന്റെ ആത്മാവിൽ നിന്ന് വർഷിച്ചതാണ് എന്നു പത്രോസ് ജോയേൽപ്രവാചകനെ ഉദ്ധരിച്ചു വ്യക്തമാക്കി. കർത്താവ് വർഷിച്ച തീനാവുകളുടെ രൂപം അവരോരോരുത്തരുടെയും മേൽ വന്നു നിന്നു. അവർ ആത്മാവിനാൽ നിറഞ്ഞു. മിശിഹാകർത്താവ് മുഖാന്തരമുള്ള അന്ത്യകാല രക്ഷയുടെയും ന്യായവിധിയുടെയും ദൂത് സുവിശേഷിക്കാനുള്ള ദൈവാത്മശക്തിയാൽ കർത്താവ് അവരെയെല്ലാം നിറച്ചു. അതാണ് മിശിഹാകർത്താവ് പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തിയതിന്റെ സാരം.

**ഉപസംഹാരം**

പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തുക മിശിഹാകർത്താവിന്റെ പ്രവൃത്തിയാണ്. യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം നല്കി. അതിൽനിന്ന് വ്യത്യസ്തമാണ് മിശിഹാകർത്താവ് നല്കുന്ന സ്നാനം. അവൻ പരിശുദ്ധാത്മാവും അഗ്നിയും കൊണ്ട് സ്നാനം ന്ലകുക അവസാന നാളുകളുടെ അടയാളമാണ്. അതു നല്കുന്നവൻ യുഗാന്ത്യമിശിഹായാണ്. പരിശുദ്ധാത്മാവിനാലും അഗ്നിയാലുമുള്ള സ്നാനം യുഗാന്ത്യ നാളുകളിലെ ദൈവികവെളിപാടിന്റേതും ദൈവികമായ രക്ഷയുടേതും ശിക്ഷാവിധിയുടേതും ആണ്. മിശിഹായും കർത്താവുമായി ഉയർത്തപ്പെട്ടവൻ പരിശുദ്ധാത്മാവിനെ എല്ലാവർക്കുമായി വർഷിക്കുന്നു. ആത്മവർഷത്തിന് അഗ്നിനാവുകളുടെ രൂപവുമുണ്ട്. പരിശുദ്ധാത്മദാനത്തിൽ ന്യായവിധിയുടെ സന്ദേശവും പ്രഘോഷിതമാണ്. ദൈവത്തിന്റെ ന്യായവിധി അവന്റെ രക്ഷാപ്രവൃത്തിയുടെ ഭാഗമാണ്. അവന്റെ ദൂത് സ്വീകരിക്കുന്നവർക്ക് വിധി രക്ഷാകരമാണ്. പരിശുദ്ധാത്മനിറവിലുള്ള ക്രിസ്തുസുവിശേഷം സ്വീകരിക്കുന്നവർക്ക് രക്ഷയും നിരാകരിക്കുന്നവർക്കു ശിക്ഷയും പൂർത്തിയാക്കുന്നു ന്യായവിധി.

## 4. സത്രത്തിൽ സ്ഥലം ലഭിക്കായ്കയാൽ

ആമുഖം

*അവൾ തന്റെ ആദ്യജാതനെ പ്രസവിച്ചു. അവനെ പിള്ളക്കച്ച കൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല* (ലൂക്കാ 2,6-7).

മറിയം മകനെ പുൽത്തൊട്ടിയിൽ (കാലിത്തൊഴുത്തിൽ) കിടത്തിയതിന് കാരണമെന്ത്? പ്രത്യക്ഷ കാരണം *സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല*, സുവിശേഷകനായ ലൂക്കാ പറഞ്ഞുതന്നിട്ടുണ്ട്. പ്രത്യക്ഷകാരണത്തിനപ്പുറമുള്ള കാരണവും ലൂക്കാ വിവരണത്തിൽ ഒളിപ്പിച്ചിട്ടുണ്ട്. അതായത്, സത്രത്തിൽ സ്ഥലം ലഭിക്കാത്തതിനു കാരണമെന്ത്? ലൂക്കാ അനാവരണം ചെയ്യുന്ന ദൈവികപദ്ധതിയിലേക്ക് - യേശുവിനെക്കുറി ച്ചുള്ള ദൈവിക പദ്ധതിയിലേക്ക് - കണ്ണുയർത്താൻ അവസരമാണ്, അവർക്ക് സത്രത്തിൽ സ്ഥലം ലഭിക്കായ്ക. അവർക്ക് സത്രത്തിൽ സ്ഥലം ലഭിക്കാത്തതിന്റെ അർത്ഥമറിയാൻ സഹായിക്കുന്ന വകകൾ സുവിശേഷകൻ വിവരണത്തിൽ നല്കിയിട്ടുണ്ട്.

**ബത്ലഹേം**

ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ട ജോസഫിന്റെ ഭാര്യയാണ് മറിയം. അവൾക്ക് താൻ ബേത്ലഹേമിൽ പ്രസവിച്ച തന്റെ ആദ്യജാതനെ കിടത്താൻ സ്ഥലം ലഭിക്കാതിരുന്ന സത്രം ബേത്ലഹേമിലാണ്. ബേത്ലഹേം = അപ്പത്തിന്റെ ഭവനം. ബേത്ലഹേം ദാവീദിന്റെ പട്ടണമാണ് ദാവീദ് യേശുവിന്റെ ഗോത്ര(വംശ)പിതാവാണ് (ലൂക്കാ 1,35). ഗോത്രപിതാവിന്റെ സ്ഥലത്ത് യേശുമിശിഹാ പിറന്നു. അതിനാണ് ദാവീദിന്റെ ഗോത്രത്തിലും കുടുംബത്തിലും പെട്ട ജോസഫ് ഗർഭിണിയായ ഭാര്യ മറിയാമിനെയും കൂട്ടി സെൻസസ് നല്കാൻ ബേത്ലഹേമിലേക്ക് പോയത്. ദാവീദിന്റെ ഗോത്രത്തിലും കുടുംബത്തിലുംപെട്ട ആദ്യജാതനെ അവന്റെ അപ്പപ്പൂപ്പന്റെ ദേശമായ അപ്പത്തിന്റെ ഭവനത്തിലുള്ള സത്രത്തിലെ വിരുന്നുമുറിയിൽ കിടത്താൻ ദാവീദിന്റെ ഗോത്രത്തിലും കുടുംബത്തിലും പെട്ട ജോസഫിനും ഭാര്യ മറിയാമിനും സ്ഥലം ലഭിച്ചില്ല.

**സത്രത്തിൽ സ്ഥലം**

സത്രത്തിന് ലൂക്കാ ഉപയോഗിക്കുന്ന ഗ്രീക്കുവാക്കിന് (*കതല്യുമ*) *സത്രം* എന്നും *വിരുന്നുമുറി* എന്നും അർത്ഥമുണ്ട്. അക്കാലത്ത് സത്രത്തിന് സാധാരണ രണ്ട് നിലകളുണ്ടായിരുന്നു. തറനിരപ്പിലുള്ള

താഴത്തെ നിലയും (ഗ്രൗണ്ട് ഫ്ളോർ) അതിന്റെ മുകളിൽ ഒരു നിലയും (ഒന്നാം നിലയും). തറനിരപ്പിലുള്ളതിൽ സത്രത്തിൽ രാപാർക്കുന്ന യാത്രികരുടെ വാഹനമായ മൃഗങ്ങളെ കെട്ടുന്നു. മുകളിലത്തെ നില യിലെ മുറികളാണ് ആളുകൾക്ക്. അവിടെയാണ് വിരുന്നുകാരുടെ മുറി.

യേശുവിനെ കിടത്താൻ സത്രത്തിൽ വിരുന്നുകാർക്കുള്ള മുറിയിൽ സ്ഥലം ലഭിച്ചില്ല. *സ്ഥലം* എന്നതിന് സുവിശേഷകൻ ഉപയോഗിച്ചിട്ടുള്ള ഗ്രീക്ക് പദത്തിന് (*തൊപൊസ്*) യോജിച്ച *ഇടം/സ്ഥലം/ഭവനം/വാസ സ്ഥലം/സ്ഥാനം* എന്നെല്ലാം അർത്ഥമുണ്ട്. ഈ പദം ലൂക്കാ പതി നൊന്നു തവണ ഉപയോഗിച്ചിട്ടുണ്ട്. ലൂക്കായ്ക്ക് വളരെ പ്രിയവും പ്രാധാന്യവുമുള്ള ഒരു പദമാണത്. ദൈവശാസ്ത്രപരമായി വളരെ ആഴമായ അർത്ഥത്തിലാണ് ലൂക്കാ അതുപയോഗിച്ചിട്ടുള്ളത്. ജനിച്ച പ്പോൾ കിടക്കാൻ സത്രത്തിൽ വിരുന്നുകാരുടെ മുറിയിൽ സന്ദർശക നായ യേശുവിന് (ലൂക്കാ 1,78) *സ്ഥലം* അഥവാ *ഇടം* ലഭിച്ചില്ല. ദൈവ ത്തിന്റെ ജനത്തെ സന്ദർശിച്ച ഉയരത്തിൽ നിന്നുള്ള ഉദയരശ്മിക്ക് (ലൂക്കാ 1,78) സന്ദർശകർക്കുള്ള വിരുന്നുമുറിയിൽ സ്ഥലം ലഭിച്ചില്ല. അതിന്റെ സന്ദർശനത്തിന്റെ സമയം അത് അറിഞ്ഞില്ല (ലൂക്കാ 19,44). അത് യേശുവിന്റെ സമുദായം അവനെ നിരാകരിച്ചത് മുൻകൂട്ടി സൂചി പ്പിക്കുന്നു.

യേശു അവസാന പെസഹാ നടത്തിയതും *വിരുന്നുകാരുടെ മുറിയിലാണ്. സത്രം* എന്നതിന് ലൂക്കാ 2,7ൽ ഉപയോഗിച്ചിട്ടുള്ള അതേ പദമാണ് 22, 11ലും. അതാണ് *സജ്ജീകൃതമായ ഒരു വലിയ മാളികമുറി* എന്ന് *പി.ഒ.സി.ബൈബിൾ* ലൂക്കാ 22,12ൽ പരിഭാഷപ്പെടുത്തിയിരിക്കുക. ജനിച്ചപ്പോൾ കിടക്കാൻ *വിരുന്നുകാരുടെ മുറിയിൽ ഇടം* ലഭിക്കാതെ തിരസ്കൃതനായ വിരുന്നുകാരൻ (സന്ദർശകൻ) സേവനം പൂർത്തിയാ ക്കിയപ്പോൾ വിരുന്നുകാരുടെ മുറിയിൽ തന്റെ അവസാനത്തെ പെസ ഹാവിരുന്ന് പാപികളായ അനേകർക്കുവേണ്ടി (= എല്ലാവർക്കും വേണ്ടി) നല്കി - പെസഹായുടെ അപ്പം വിരുന്നു നല്കി. അപ്പം തന്റെ ശരീര മായി നല്കി. തന്നെത്തന്നെ അപ്പമായി നല്കി. അതിനാണ് അപ്പത്തി ന്റെ ഭവനത്തിൽ (ബേത്‌ലഹേമിൽ) സത്രത്തിൽ വിരുന്നുകാരുടെ മുറിയിൽ ഇടം കിട്ടാഞ്ഞ് കാലത്തൊഴുത്തിൽ *കിടത്തപ്പെട്ടത്.*

യേശു ജനിച്ചപ്പോൾ കിടക്കാൻ അവന്റെ സമുദായം അവരുടെ സത്രത്തിലെ വിരുന്നുമുറിയിൽ, അവന്റെ വല്യപ്പൂപ്പന്റെ പട്ടണത്തിലെ സത്രത്തിലെ വിരുന്നുമുറിയിൽ, നല്കാതിരുന്ന *സ്ഥലം* തലയോട് എന്ന *സ്ഥലത്ത്* കുരിശിൽ നല്കി. യേശു ജനിച്ചപ്പോൾ മുതൽ സ്വസമു ദായം സമ്മാനിച്ച തിരസ്കരണത്തിന്റെ മൂർദ്ധന്യമാണ് അവർ അവനെ *തലയോട് എന്ന സ്ഥലത്ത്* കുരിശിൽ കിടത്തിയത്. അവിടെ അവൻ ദൈവരാജ്യത്തിന്റെ വിരുന്ന് അനുതപിച്ചപേക്ഷിച്ച കുറ്റക്കാർക്കു നല്കി (23,40-43). ലേവിയുടെ വീട്ടിൽ പാപികളോടു പങ്കിട്ടു തുടങ്ങിയ വിരുന്ന്



പെസഹായുടെ വിരുന്നുമുറിയിൽ നല്കിയ വിരുന്നിനാൽ പൂർത്തി യാക്കി.

## മറിയം തന്റെ ആദ്യജാതനെ പ്രസവിച്ചു

ആദ്യജാതൻ എന്നത് ഔദ്യോഗിക പദവിയാണ്. പല മക്കളിൽ ആദ്യം പിറന്നവൻ എന്നല്ല. ഇസ്രായേലിന് കർത്താവ് കൊടുത്ത അവ കാശസ്ഥാനമാണ് (പുറ 4,22-23;ജറെ 2,3). ആദ്യജാതൻ പൗരോഹി ത്യമുള്ളവയാണ് (സംഖ്യ 3,40-41). വീണ്ടെടുപ്പിന്റെ പ്രതീകമാണ് (പുറ 13, 12-15); കർത്താവിന് പ്രതിഷ്ഠിതനാണ്(പുറ 13,2.12-15;ലൂക്കാ 2,23), ഇസ്രായേലിന്റെ ഭരണാധിപനാണ് (സംഖ്യ 3,40-41). ദാവീദിന്റെ പിൻ ഗാമികളായി ഭരിക്കുന്നവരെല്ലാം ആദ്യജാതന്മാരാണ് (സങ്കീ 89,28). രാജകുടുംബങ്ങളിൽ സിംഹാസനം ആദ്യജാതന്മാർക്കാണ് (2 രാജാ 3,27;2 ദിന 21,1-3). യേശു ദാവീദിന്റെ സിംഹാസനത്തിന്റെ അവകാശി യാണ് (ലൂക്കാ 1,35). അവൻ ദൈവത്തിന്റെ ആദ്യജാതനാകുന്നു (ഹെബ്രാ 1,6). മറിയാമിന്റെ ആദ്യജാതനായി ജനിച്ചു. ദൈവത്തിന്റെ പുരോഹിതനും രാജാവും പ്രവാചകനും ആയവനെ മറിയം പ്രസവിച്ചു.

## പിള്ളക്കച്ച പൊതിഞ്ഞ്

നവജാത ശിശുക്കളുടെ കൈകാലുകൾ പൊതിയുന്നതാണ് പിള്ള ക്കച്ച (എസെക്കി 16,4). ജ്ഞാനിയായ രാജാവായിരുന്ന സോളമൻ ജനി ച്ചപ്പോൾ പിള്ളക്കച്ചയിൽ പൊതിഞ്ഞ് ശുശ്രൂഷ ലഭിച്ചു (ജ്ഞാന 7,4-5). അദ്ദേഹത്തെ അതിശയിക്കുന്ന പിൻഗാമിയും വലിയ ജ്ഞാനിയും (ലൂക്കാ 11,31) ജ്ഞാനവുമായ (ലക്കാ 7, 35) രാജശിശുവാണ് യേശു. അവനെ അമ്മ പ്രസവിച്ചപ്പോൾ കിടത്താൻ വഴിപോക്കരുടെ വിശ്രമസ്ഥാനമായ സത്രത്തിൽ വിരുന്നുകാരുടെ മുറിയിൽ സ്വസമുദായക്കാർ സ്ഥലം (ഇടം) നല്കിയില്ല. ദാവീദിന്റെ വാഗ്ദത്തപുത്രനായി ജനിച്ച മിശിഹാരാജാവി നെ തിരിച്ചറിയാതെ അവർ തിരസ്കരിച്ചു. അമ്മ മറിയം തന്റെ ആദ്യജാ തനായി പിറന്ന അവന് ജ്ഞാനിയായ സോളമൻരാജാവ് ജനിച്ചപ്പോൾ ലഭിച്ച ശുശ്രൂഷകൾ ചെയ്തു. പിള്ളക്കച്ച പൊതിഞ്ഞത് ബാഹ്യമായ പറ ഞ്ഞാൽ ദാരിദ്ര്യത്തിന്റെ അടയാളമാവാം. പക്ഷേ ബൈബിൾപരമായ സൂചനയനുസരിച്ച് യേശു ജ്ഞാനിയായ രാജശിശുവാകുന്നു എന്നതിന്റെ സൂചനയാണ്.

## പുൽത്തൊട്ടിയിൽ കിടത്തി

*പുൽത്തൊട്ടി* എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ള ഗ്രീക്കുവാക്കിന് (*ഫത്നേ*) *കാലിത്തൊഴുത്ത്* എന്നും അർത്ഥമുണ്ട്. ഈ അർത്ഥത്തിലാ ണ് പഴയ നിയമത്തിൽ (സപ്തതിയിൽ) ഏറിയ പങ്കും. പുൽക്കൂ ടുമുൾ പ്പെടുന്ന കാലിത്തൊഴുത്ത് രാജകൊട്ടാരത്തിന്റെ ഭാഗമായിരുന്നു (2 സാമു 12,3;സങ്കീ 50,9;52,1-16). മുമ്പ് നമ്മുടെ നാട്ടിലും വീടിനോട് ചേർത്തായി രുന്നല്ലോ കാലിത്തൊഴുത്ത്. ഇപ്പോഴും ഉത്തരേന്ത്യയിലും ആന്ധ്രാ,കർ

ണ്ണാടക,തമിഴ്നാട് സ്റ്റേറ്റുകളിലും അങ്ങനെയുണ്ട്. യേശുവിനെ അമ്മ മറിയം കിടത്തിയ കാലിത്തൊഴുത്ത് ദാവീദിന്റെ പട്ടണമായ ബേത്‌ല ഹേമിലാണ് എന്ന കാര്യം ഓർമ വേണം. ഇടയനായിരുന്ന ദാവീദുരാ ജാവിന്റെ കൊട്ടാരത്തിന്റെ ഭാഗമാണ് ബേത്‌ലഹേമിൽ അവന്റെ വാഗ്ദ ത്ത പുത്രന് ഒരുക്കിയ കാലിത്തൊഴുത്ത്. ദാവീദിന്റെ പട്ടണത്തിൽ ദാവിദിന്റെ കൊട്ടാരത്തിൽ മറിയം തന്റെ ആദ്യജാതനായ രാജശിശു വിനു വേണ്ട ശുശ്രൂഷ നല്കി കിടത്തി.

ഇസ്രായേലിന്റെ നിത്യ രാജാവായി ദാവീദുപുത്രനായ യേശു ജനി ച്ചപ്പോൾ കിടത്തിയ കാലിത്തൊഴുത്ത് ഏശയ്യാപ്രവാചകൻ ഇസ്രായേ ലിന്റെ അറിവില്ലായ്മയോടു ബന്ധപ്പെടുത്തി പരാമർശിക്കുന്ന കാലി ത്തൊഴുത്തിനെ അനുസ്മരിപ്പിക്കുന്നു. ദാവീദിന്റെ പട്ടണത്തിലെ ആ കാലിത്തൊഴുത്ത് കഴുത തിരിച്ചറിയുന്നു, തന്റെ യജമാനന്റെ തൊഴു ത്താണെന്ന് (ഏശ 1,3). അതിൽ കിടക്കുന്നവനെ രാജാവെന്ന് കഴുത തിരിച്ചറിഞ്ഞ് രാജകീയമായി ജറുസലേമിലേക്ക് വഹിക്കും (ലൂക്കാ 19, 28-36). പക്ഷേ അപ്പോഴും ജനത്തിന്റെ നേതാക്കന്മാർ അവനെ തിരിച്ച റിയാതെ തിരസ്കരിക്കും (ലൂക്കാ 19,39). ബേത്‌ലഹേമിലെ കാലിത്തൊ ഴുത്തിൽ അമ്മ കിടത്തിയിട്ടുള്ള രാജശിശുവിനെ തന്റെ ഉടമസ്ഥനെന്ന് അതിൽ കെട്ടുന്ന കാള തിരിച്ചറിയും. ഇസ്രായേൽജനം അറിയില്ല (ഏശ 1,3). അവർ അവനെ അറിയാതെ *ക്രൂശിക്കുക* എന്ന് ആക്രോശിച്ച് (ലൂക്കാ 23,21) വധിക്കാൻ വിധിപ്പിക്കും (23,22-25). അവൻ യാഗമായി അർപ്പിക്കപ്പെടേണ്ട കാളയത്രേ. (ലൂക്കാസുവിശേഷകന്റെ ചിഹ്നം കാള യാണല്ലോ). യാഗമൃഗമായി അർപ്പിക്കപ്പെടേണ്ട ഇസ്രായേലിന്റെ ഉടയ വനെ (സകലത്തിന്റെയും കർത്താവിനെ അപ്പ 10,36) മറിയം ദാവീദിന്റെ കൊട്ടാരത്തിലെ തൊഴുത്തിൽ കിടത്തി. യാഗമായി അർപ്പിക്കപ്പെട്ട് എല്ലാ വർക്കും പാപമോചനം നേടിത്തരുന്നവനെ അമ്മ യാഗത്തിന്റെ ഭവനമായ കാലിത്തൊഴുത്തിൽ കിടത്തി. യാഗം പൂർത്തിയായപ്പോൾ നിക്കോദിമൂസ് അവന്റെ ശരീരം തുണിയിൽ പൊതിഞ്ഞ് കല്ലറയിൽ വച്ചു.

*കിടത്തി* എന്നതിന് ലൂക്കാ 2,7ൽ ഉപയോഗിച്ചിട്ടുള്ള ഗ്രീക്കുവാ ക്കിന്റെ മൗലികമായ വാച്യാർത്ഥം *ഭക്ഷണത്തിനിരിക്കുക* എന്നാണ് (ലൂക്കാ 12,37;13,29). ഈ അർത്ഥത്തിൽ സുറിയാനി സഭാപിതാവായ മാർ അപ്രേം മറിയം തന്റെ ആദ്യജാതനെ കാലിത്തൊഴുത്തിൽ *കിട ത്തിയത്* വ്യാഖ്യാനിച്ചിട്ടുണ്ട്: *ദാവീദിന്റെ പുത്രിയായ കന്യക തന്റെ വിരുന്നുശാലയിലേക്ക് നമ്മെ ക്ഷണിക്കുന്നു. വരുവിൻ...* പിറന്നപ്പോൾ അവൾ വിരുന്നുമുറിയിൽ വിരുന്നായി കിടത്തി നല്കിത്തുടങ്ങിയത് അവൻ ജീവിതം പൂർത്തിയാക്കിയപ്പോൾ വിരുന്നുമുറിയിൽ അപ്പം മു റിച്ച് സ്വന്തം ശരീരമായി നല്കി പൂർത്തിയാക്കി. യേശു ഭക്ഷണത്തി



നിരുന്ന പല രംഗങ്ങൾ ലൂക്കാ വിവരിക്കുന്നുണ്ടല്ലോ. വിശേഷിച്ച് ചുങ്ക ക്കാരോടും പാപികളോടുമൊത്തിരുന്നത്. യേശു ഭക്ഷണത്തിനിരുന്ന തിന്റെ പരിപൂർത്തിയാണ് ജറുസലേമിൽ *വിരുന്നുകാരുടെ മുറിയിൽ* തന്റെ അന്ത്യപെസഹായുടെ അത്താഴത്തിനിരുന്നപ്പോൾ അപ്പം മുറിച്ച് നല്കി തന്നെത്തന്നെ എല്ലാ പാപികൾക്കുംവേണ്ടി നല്കിയത് (22,17 -20). അതിന്റെയും പൂർത്തിയാകലാണല്ലോ *തലയോട്* എന്ന *സ്ഥലത്ത്* കുരിശിൽ യേശു നിവർത്തിച്ചത്. അനുതപിക്കുന്ന പാപികളോടൊത്ത് യേശു ദൈവരാജ്യത്തിന്റെ വിരുന്ന് പങ്കുവയ്ക്കുന്നതിന്റെ ഉറപ്പാണ് കുരിശിൽ കിടന്ന് അനുതപിച്ചപേക്ഷിച്ച കള്ളനോട് പറഞ്ഞത്: *നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും*. പുരോഹിതനും രാജാവും പ്രവാചകനും രക്ഷയുടെ പ്രതീകവുമായി കാലിത്തൊഴുത്തിൽ കിടന്ന യേശുവിന്റെ പൗരോഹിത്യ, രാജകീയ, പ്രവാചക ശുശ്രൂഷകൾ കുരിശിൽ പൂർത്തിയാക്കി ദൈവരാജ്യത്തിന്റെ വിരുന്ന് പാപികളിൽ അനുതപി ക്കുന്ന എല്ലാവർക്കുമായി നല്കി. ഇവയുടെ മുൻകുറിയാണ് മറിയം യേശുവിനെ കിടത്താൻ സത്രത്തിൽ സ്ഥലം ലഭിക്കാഞ്ഞതിനാൽ പിള്ളക്കച്ച പൊതിഞ്ഞ് കാലിത്തൊഴുത്തിൽ കിടത്തിയത്.

**ഉപസംഹാരം**

മറിയം ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ പ്രസവിച്ച ദാവീദുപുത്രനായ ശിശുവിനെ കിടത്താൻ അവിടെ സത്രത്തിൽ സ്ഥലം ലഭിക്കാഞ്ഞ് കാലിത്തൊഴുത്തിൽ കിടത്തി. പ്രത്യക്ഷത്തിൽ അത് യേശുവിന്റെ ദാരിദ്ര്യത്തിന്റെ സൂചനയാണ്. ദരിദ്രർക്കു ഭാഗ്യം പ്രഖ്യാപി ക്കാൻ വന്നവൻ ദരിദ്രാവസ്ഥയിൽ പിറന്നുകിടന്നു. സത്രത്തിൽ സ്ഥലം ലഭിക്കാഞ്ഞതിന് അവനെക്കുറിച്ചുള്ള ദൈവിക പദ്ധതിയിൽ പ്രത്യേക അർത്ഥമുണ്ട്. പുരോഹിതനും പ്രവാചകനും ഇസ്രായേലിന്റെ നിത്യരാ ജാവുമായി ദാവീദിന്റെ പട്ടണത്തിൽ മറിയം പ്രസവിച്ചു കിടത്തിയ ദാവീദിന്റെ പുത്രനെ ഇസ്രായേൽജനം തിരിച്ചറിയാതെ തിരസ്കരിച്ചു. പിറന്നപ്പോൾ തുടങ്ങിയ തിരസ്കരണം *തലയോട്* എന്ന *സ്ഥലത്ത്* അവന് കുരിശിൽ *സ്ഥലം നല്*കുവോളം വളർന്നു. അത് കുരിശിൽ പൂർ ത്തിയാക്കിയ വിരുന്ന് അവൻ നല്കുന്നതിനു മുഖാന്തരമായി. ദരിദ്ര നായി പിറന്ന് ദരിദ്രർക്കു ഭാഗ്യം പ്രഖ്യാപിക്കുന്ന ജ്ഞാനികളുടെ ജ്ഞാ നിയായ യേശുവിനെ വിരുന്നുമുറിയിൽ സ്വീകരിക്കാത്തവർക്കും വിരു ന്നുമുറിയിൽ വിരുന്നൊരുക്കി ഇതാ ശിശു കാലിത്തൊഴുത്തിൽ!

# 5 "നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും"

*തലയോടിടം* എന്ന *സ്ഥലം* (*സ്ഥാനം*: *തൊപൊസ്*). അവിടെ ക്രൂശിതനായ യേശു. യേശുവിനെ കുരിശിച്ച സ്ഥലം വെളിപാടുകൾ പുറപ്പെടുന്നിടമാണ്. അവിടെ യേശുവിന്റെ ഇടതും വലതും രണ്ടു കുരി ശുകളിൽ രണ്ടു ക്രൂശിതരുണ്ട്. അവരുടെ കൂട്ടുണ്ട് യേശുവിന്. അവർ ഇരുവർക്കും യേശുവിന്റെ കൂട്ട് കൂടാനായോ? അവരിരുവരും കുറ്റവാ ളികളാണ്. അവർക്കിടയിലാണ് യേശു. യഹൂദന്യായാ ധിപസംഘം ആവുന്നത്ര ശ്രമിച്ചിട്ടും വാസ്തവത്തിൽ ഒരു കുറ്റവും കാണാൻ കഴിയാഞ്ഞവൻ. ആ സംഘം എത്രയൊക്കെ ആക്രോശിച്ചിട്ടും ഒരു കുറ്റവും കണ്ടെത്താൻ റോമൻ ന്യായാധിപനായ പീലാത്തോസിനോ യഹൂദരാ ജാവായ ഹേറോദേസിനോ സാധിക്കാത്ത യേശു. *ഈ മനുഷ്യൻ സത്യ മായും നീതിമാൻ ആയിരുന്നു* എന്ന് വേറൊരു റോമനുദ്യോഗസ്ഥന്റെ സാക്ഷ്യം. അതും യഹൂദനല്ലാത്ത (യഹൂദരുടേ ഭാഷയിൽ പറഞ്ഞാൽ വിജാതിയനായ) ഒരു സൈനികശതാധിപന്റെ (ലൂക്കാ 23,47). യേശു കുരിശിൽ മരിക്കുന്നതും അതോടനുബന്ധിച്ച് പല സംഭവങ്ങളുണ്ടാ യതും കണ്ടുനിന്ന റോമൻ ശതാധിപന് യേശുവിന്റെ നീതി വെളിപ്പെട്ടു, *തലയോടിടം* എന്ന സ്ഥലത്ത്.

### യഹൂദരുടെ രാജാവ്

*യഹൂദരുടെ രാജാവ്* എന്ന് ഒരു മേലെഴുത്ത് യേശുവിന്റെ കുരിശിൽ ഉണ്ട് (ലൂക്കാ 23,38). അതു വേറൊരു വെളിപാട്. അത് ആര് എഴുതിയതാണ്? യഹൂദരോ? പീലാത്തോസോ? റോമാക്കാരോ? അല്ലല്ല. അവരാകും മേലെഴുത്ത് അവർക്ക് അറിയാവുന്ന ഭാഷകളിൽ എഴുതി യത്. അവരാകും അത് കുരിശിൽ ചേർത്തു തറച്ചതും. എന്താണ് മേലെ ഴുത്തിൽ? യേശുവിന്റെ ജീവിതത്തിൽ ഒരിക്കലും യഹൂദസംഘം സ്വീക രിക്കാതിരുന്ന സത്യം. പക്ഷേ യേശു കുറ്റവാളികളുടെ നടുവിൽ കുരിശി ക്കപ്പെട്ടപ്പോൾ അംഗീകരിക്കാതിരിക്കാൻ അവർക്കു നിവൃത്തിയില്ലാ തായി. അവരുടെ അംഗീകാരം പരസ്യമായി. അതിന്റെ സാക്ഷ്യം തന്നെ മേലെഴുത്ത്. *യഹൂദരുടെ രാജാവ്*. അവർ പരിഹസിച്ച് എഴുതിയതാണ്. പക്ഷേ, ഫലത്തിൽ സത്യത്തിന്റെ അംഗീകാരമായി ഭവിച്ചു. ആരാണ് വാസ്ത വത്തിൽ പരിഹാസിതരായത്? യേശുവിനെ പരിഹസിച്ചവർ.

ദാവീദിന്റെ ഗോത്രത്തിൽ ദാവീദിന്റെ കൊട്ടാരത്തിന്റെ ഭാഗമായ കാലിത്തൊഴുത്തിൽ ഇസ്രായേലിന്റെ ഉടയവനും വിരുന്നുമായി പെറ്റമ്മ



കിടത്തിയ കടിഞ്ഞൂൽ (ലൂക്കാ 2,7). കീറ്റുശീല ചുറ്റിക്കിടന്ന രാജശിശു. യഹൂദസമുദായത്തിലെ ഏറ്റം വലിയ ജ്ഞാനിയായിരുന്നു സോളമൻരാ ജാവ്. ജ്ഞാനികളുടെ ജ്ഞാനി. ജനിച്ചപ്പോൾ അവന് ലഭിച്ച പരിചര ണം തന്നെ ലഭിച്ച - പിള്ളക്കച്ച പൊതിഞ്ഞ - ജ്ഞാനികളുടെ ജ്ഞാനി യായ രാജശിശു!. ദാവീദിന്റെ നിത്യമായ സിംഹാസനവും സോളമന്റെ ജ്ഞാനപാരമ്പര്യത്തിന്റെ പിള്ളക്കച്ചയും ജന്മനാലെ അവകാശം കിട്ടിയ പൈതൽ. അവൻ യഹൂദരുടെ രാജാവല്ലാതാകുമോ? യേശുവിനെ കുരി ശിലേറ്റുംവരെ അംഗീകരിക്കാതിരുന്ന ആ പരമസത്യം അവനെ കുരിശി ച്ചപ്പോൾ യഹൂദമതത്തിന്റെ അധികാരികളും അവരുടെ ഭരണാധികാരികളായ റോമാക്കാരും അറിയാതെ അംഗീകരിച്ചുപോയി. അല്ലെങ്കിലും, കുറ്റക്കാർക്കിടയിൽ ക്രൂശിതനായ യേശുവിന്റെ ഭരണാധിപത്യം അംഗീ കരിക്കാതിരിക്കാൻ ആർക്കാവും! അവന്റെ മരക്കുരിശിന്റെ മുന്നിൽ നില് ക്കുന്നവരാരെങ്കിലും അംഗീകരിക്കാതിരിക്കുമോ? സത്യമായും ഇവൻ തന്നെ കുറ്റക്കാരെ പറുദീസായിൽ പ്രവേശിപ്പിക്കാൻ ജനത്തിനാവശ്യ മായ ഭരണാധികാരി.

യഹൂദനേതൃത്വം എഴുതിവയ്ക്കുന്നതിനു മുമ്പേ യേശുവിന്റെ ഭരണാധികാരം അംഗീകരിച്ചവരുണ്ട്. പരസ്യമായി അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞവർ. രാജാവായി എഴുന്നള്ളിയ യേശുവിനെ തിരിച്ചറി ഞ്ഞവരും എതിരേറ്റവരും. ജെറിക്കോയിലെ വഴിയരികിലിരുന്ന അന്ധൻ, വലിയ ശിഷ്യഗണം മുഴുവൻ. യേശു കഴുതപ്പുറത്തിരുന്ന് ജറുസലേമി ലേക്ക് എഴുന്നെള്ളി. അപ്പോഴും യഹൂദ നേതൃത്വത്തിന് സാധിച്ചില്ല, *കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ്* എന്ന് യേശുവിനെ തിരി ച്ചറിയാൻ. ശിഷ്യഗണം മുഴുവനും സാധിച്ചു. അവർ കണ്ട എല്ലാ അത്ഭു തപ്രവൃത്തികളെയും പറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. *കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ, സ്വർഗ്ഗ ത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്ത്വം* എന്ന് അവർ ആർ ത്തുവിളിച്ചു. ചില ഫരിസേയർ എതിർത്തു (ലൂക്കാ 23,37-46).

യേശു ജറുസലേമിലേക്കു യാത്ര ആരംഭിച്ചതുതന്നെ രാജാവെന്ന നിലയ്ക്കത്രേ. വേണ്ടത്ര സൂചനകൾ സുവിശേഷകനായ ലൂക്കാ നല്കി യിട്ടുണ്ട് (ലൂക്കാ 9,52 മുതൽ).ജറുസലേമിലേക്ക് പോകാൻ മുഖം തിരിച്ച യേശു തനിക്ക് വഴിയൊരുക്കാൻ സമറിയായിലേക്ക് രണ്ട് ശിഷ്യന്മാരെ മുമ്പേ അയച്ചു. രാജാവ് എഴുന്നെള്ളുന്നതിനു മുമ്പ് അവന് വഴിയും വേദിയും ഒരുക്കാൻ. ജന്മനാ ഇസ്രായേലിന്റെ രാജാവാണ് യേശു. ഇക്കാര്യം മംഗളവാർത്തയിൽ മാലാഖ മറിയാമിനോട് മാത്രം പ്രത്യേകം പറഞ്ഞിട്ടുണ്ട് (ലൂക്കാ 1,32-33). യേശുവിനെ പരസ്യ ശുശ്രൂ ഷയ്ക്ക് നിയോഗിച്ചപ്പോൾ സ്വർഗത്തിൽ നിന്ന് യേശുവിനോട് ചുറ്റും നില്ക്കുന്നവർ കേൾക്കേ പ്രഖ്യാപിച്ചിട്ടുണ്ട് (ലൂക്കാ 3,21-23).

യേശുവിന്റെ രാജത്വം പിതാവിന്റെ മുൻനിശ്ചയവും പദ്ധതിയു മാണ്. യഹൂദരുടെ രാജാവ് എന്ന മേലെഴുത്ത് പിതാവിന്റേതാണ്. ആ

ദിവ്യസത്യത്തിനു നേരെ ഇത്രനാളും മുഖംതിരിച്ചു നിന്ന നേതൃത്വത്തെ ക്കൊണ്ട് അവസാനം അത് എഴുതിച്ചു. അത്രേയുള്ളൂ. യേശുവിന്റെ ക്രൂശിക്കൽ അവന്റെ രാജത്വത്തിന്റെ, സിംഹാസനാരോഹണത്തിന്റെ ആഘോഷമാക്കി. രാജപുത്രനെ മരണത്തോളം എതിർത്തിരുന്ന അധി കാരിവൃന്ദം അവനെ കുറ്റക്കാർക്കിടയിൽ കുരിശിൽ തറച്ചപ്പോൾ അറി യാതെ എഴുതിവച്ചുപോയി, *യഹൂദരുടെ രാജാവ്.*

**കുരിശിൽനിന്ന് ഇറങ്ങിവരാത്ത രാജാവ്**

ക്രൂശിതനായ രാജാവിന്റെ കുരിശിനെ സമീപിച്ചവരെല്ലാം ആവർ ത്തിക്കുന്നു: *നീ നിന്നെത്തന്നെ രക്ഷിക്കുക;, ഞങ്ങളെയും രക്ഷിക്കുക* (ലൂക്കാ 23,35.37.39). ആദ്യം യഹൂദപ്രമാണികൾ. അവർ പരിഹസിച്ചു പറഞ്ഞു: *ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവൻ ദൈവത്തിന്റെ ക്രിസ്തു ആണെങ്കിൽ അവന്റെ തെരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ, തന്നെത്ത ന്നെ രക്ഷിക്കട്ടെ* (ലൂക്കാ 23,35). അവർക്കറിഞ്ഞുകൂടേ, ഇവൻ ദൈവ ത്തിന്റെ മിശിഹാ ആണെന്ന്? (ലൂക്കാ 9,18-20). അന്യർക്കുവേണ്ടി ബലി യർപ്പിക്കപ്പെടാനുള്ള ദൈവത്തിന്റെ വത്സലപുത്രൻ. ഇതൊക്കെ പ്രാരംഭ ത്തിൽതന്നെ വെളിപ്പെടുത്തിയതാണല്ലോ (ലൂക്കാ 3,21-22). പിന്നെയും പല തവണ (ലൂക്കാ 9,18-25;9,28-35). ഈ പിതൃനിയോഗം നിഷേധിച്ചും തിരസ്കരിച്ചും സ്വയം രക്ഷിക്കാൻ - സ്വാർത്ഥനാകാൻ - ആരംഭം മുതല്ക്കേ വെല്ലുവിളിയുമുണ്ടായിരുന്നു. അതായിരുന്നു മരുഭൂമിയിലെ പരീക്ഷ (ലൂക്കാ 4,1-13). ദൈവത്തിന്റെ വത്സല പുത്രനും കർത്താവ് പ്രസാദിച്ച ദാസനും പരിശുദ്ധാത്മാവിനാൽ അഭിഷിക്തനും (മിശിഹായും) അഭിഷിക്ത രാജാവും (ലൂക്കാ 3,21-22) എന്ന നില യിൽ ദൈവത്തിന്റെ ഇഷ്ടം മാത്രം ചെയ്യേണ്ടവൻ അത് അവഗണിച്ച് സാത്താൻ പറയുന്നത് അനുസരിക്കാനുള്ള വെല്ലുവിളിയായിരുന്നു അത്. കുരിശിന്റെ വഴി ഉപേക്ഷിക്കാനുള്ള പരീക്ഷ. മരുഭൂമിയിൽ പരീക്ഷ തത്കാലത്തേക്ക് അവസാനിപ്പിച്ച് വിട്ടുപോയവൻ തക്ക അവ സരമായപ്പോൾ അവസാന പരീക്ഷ നടത്തുകയാണ്. ക്രൂശിക്കപ്പെട്ടപ്പോൾ വെല്ലുവിളി യുടെ മൂർച്ച കൂടി. മരുഭൂപരീക്ഷയിൽ മൂന്നുരു ഉയർന്ന വെല്ലുവിളി. ക്രൂശിതനായിക്കിടന്നപ്പോഴും മൂന്നുരു ആവർത്തിക്കുന്ന വെല്ലുവിളി: *നീ നിന്നെത്തന്നെ രക്ഷിക്കുക.*

രണ്ടാമൂഴം റോമൻ പടയാളികളുടേതാണ്. അവർ യഹൂദരുടെ രാജാവിന് വിനാഗിരി കൊടുത്തുകൊണ്ടു പറഞ്ഞു: *നീ യഹൂദരുടെ രാജാവാണങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക.* രാജാവിന് ലഹരിയും സ്വാദുമുള്ള വീഞ്ഞ് കൊടുക്കേണ്ടതാണ്. പകരം പുളിപ്പും കമർപ്പുമുള്ള വിനാഗിരി കൊടുത്തു. അവർ യഹൂദരുടെ രാജാവിനെ പരിഹസിക്കുക യായിരുന്നു. കുരിശിൽനിന്ന് ഇറങ്ങിയോടുന്ന രാജാവായി അവർ യേശു വിനെ തെറ്റിദ്ധരിച്ചിരിക്കുന്നു. അവരുടെ റോമൻ ചക്രവർത്തി അവർക്കു രക്ഷകനായുണ്ട്. റോമൻ പടയാളികൾ ജറുസലേം



ആക്രമിച്ചപ്പോൾ അവരുടെ ആജ്ഞയനുസരിച്ച യഹൂദരാജാ വിനെപ്പോലെയാണ് യേശു എന്നും അവർ ധരിച്ചുവശായിട്ടുണ്ടാവും! പാവങ്ങൾ! ക്രൂശിക്കപ്പെട്ട് രക്ഷിക്കുന്ന രാജാവെന്ന് യേശു സേവനാരംഭത്തിലെ മരുഭൂപരീക്ഷയിൽ ത്തന്നെ വ്യക്തമാക്കിയത് അവർ അറിഞ്ഞുകാണില്ല. അവരോടു ക്ഷമി ക്കാം. സഹിച്ച് മഹത്ത്വത്തിലേക്ക് പ്രവേശിക്കുന്നതിലാണ് (ലൂക്കാ 24, 26-27) തന്റെ രക്ഷ എന്ന് വ്യക്തമായി അറിഞ്ഞ് ക്രൂശിതനായ രാജാവിന് എങ്ങനെ കുരിശിൽനിന്ന് ഇറങ്ങിവരാനാവും? കുരിശുപേക്ഷി ച്ചോടുന്ന ഭീരുവോ യേശു! അവൻ കുരിശ് ഉപേക്ഷിച്ചില്ല, കുരിശ് മുഖാ ന്തരം, കുരിശിൽ മരിച്ച്, രാജത്വം ഉറപ്പിക്കുന്ന രാജാവാണ്. പിതാവേ, പടയാളികൾ അറിയാതെ പറയുന്നത് അവരോടു ക്ഷമിക്കണമേ. യേശു പ്രാർത്ഥിക്കുന്നത് അവർ കേട്ടോ ആവോ?

വെല്ലുവിളിയുടെ മൂന്നാം ഗഡു കുരിശിൽനിന്നു തന്നെ ആയത് ആകസ്മികമാവില്ല. സേവനത്തിന്റെ ആരംഭത്തിലെ പരീക്ഷയിൽ മൂന്നാമത്തെ പരീക്ഷ പറന്നുവന്നത് ദേവാലയഗോപുരത്തിന്റെ ഉച്ചി യിൽ നിന്നായിരുന്നു. *നീ ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക.* വീരസ്യം കാട്ടി കാണികളെ ആകർഷിക്കാനും കഴിവ് കാണിക്കാനും പിശാച് പ്രേരിപ്പിച്ചു. അതുണ്ടോ കുരിശിൽ മരിച്ച് ദൈവത്തിന്റെ വീര പ്രവൃത്തി നിവർത്തിക്കാൻ വന്നവൻ അനുസരിക്കുന്നു! ദേവാലയഗോ പുരത്തിന്റെ നെറുകയിൽനിന്ന് ചാടാനല്ല, അതിന്റെ നെറുകയിൽ കയ റിയിരിക്കാനാണ് യേശുവിന്റെ യാത്രയെന്ന് പിശാച് അറിഞ്ഞിട്ടല്ലേ അതിൽനിന്ന് പിന്തരിപ്പിക്കാൻ പരിശ്രമിക്കുക. തലയോടിടം എന്ന സ്ഥാനത്ത് അവനോടുകൂടെ കുരിശിൽ തൂക്കപ്പെട്ടിരുന്ന കുറ്റവാളിക ളിൽ ഒരുവൻ അവനെ ദൂഷിച്ചുപറഞ്ഞു: *നീ ക്രിസ് തുവല്ലേ? നിന്നെയും ഞങ്ങളെയും രക്ഷിക്കുക.* അവന് കുരിശിൽനിന്ന് ഇറങ്ങണം. ഈ ദുഷി പ്പനും യഹൂദപ്രമാണികളുടെ ഭാഷയാണ് പ്രയോഗിക്കുക. ക്രിസ്തു (മിശിഹാ) ആണെങ്കിൽ രക്ഷിക്കുക. അതായിരുന്നു അവരുടെ പരിഹാ സം. ക്രിസ്തു സ്വയവും മറ്റുള്ളവരെയും രക്ഷിക്കുന്നത് കുരിശിൽനിന്ന് ഇറങ്ങിയല്ല, കുരിശിൽ കിടന്നുതന്നെയാണെന്ന് കൂടെ കുരിശിൽ തറ യ്ക്കപ്പെട്ട കുറ്റവാളികളോടും വ്യക്തമാക്കാൻ ക്രൂശിതനായ ക്രിസ്തു വിനു രംഗമൊരുങ്ങി.

ക്രൂശിതനായ യേശുക്രിസ്തുവിനെ പരിഹസിക്കുന്ന മൂന്നു കൂട്ടരും അവനെ വിളിക്കുന്ന പദങ്ങളുടെ ക്രമബന്ധം ശ്രദ്ധാർഹം തന്നെ. ദൈവ ത്തിന്റെ ക്രിസ്തു (മിശിഹാ), അവന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ - യഹൂ ദരുടെ രാജാവ് - ക്രിസ്തു (മിശിഹാ). ദൈവത്തിന്റെ ക്രിസ്തുവും (അഭിഷിക്തനും) അവന്റെ തെരഞ്ഞെടുക്കപ്പെട്ടവനുമാണ് യഹൂദരുടെ രാജാവ്. അവരും റോമൻ പടയാളികളും (റോമാക്കാരും) അവനെ കുറ്റ വാളികളുടെ കൂട്ടത്തിൽ കുരിശിൽ തറച്ചാലും അവൻ ക്രിസ്തു (മിശി ഹാ) തന്നെ. അവൻ മിശിഹാരാജാവ് ആകുന്നു. അവന്റെ രാജത്വം

അവൻ സ്ഥാപിക്കുന്നത് കുരിശിൽ കിടന്ന് രക്ഷിക്കുന്നതിലാണ്. യഹൂദ രുടെ രാജാവ് കുരിശിക്കപ്പെട്ട രംഗത്താണല്ലോ *രക്ഷിക്കുക* എന്ന അഭ്യർ ത്ഥന അവനോട് അടുത്തടുത്ത് ആവർത്തിക്കുക. യഹൂദരും റോമാക്കാ രും (പടയാളികളും) കുറ്റവാളികളും അഭ്യർത്ഥന ആവർത്തിക്കുന്നു. യഹൂദരെയും റോമാക്കാരെയും (ഭൂലോകത്തുള്ള സകലരെയും) കുറ്റവാളികളെയും കുരിശുവഴി രക്ഷിച്ച് രാജത്വം സ്ഥാപിക്കുന്നവനാണ് ദൈവത്തിന്റെ ക്രൂശിതനായ ക്രിസ്തുവായ യേശു.

ദൈവത്തിന്റെ മിശിഹാ (ലൂക്കാ 9,20) *വളരെയേറെ സഹിക്കു കയും ജനപ്രമാണികൾ, പുരോഹിതപ്രമുഖന്മാർ, നിയമജ്ഞർ എന്നിവ രാൽ തിരസ്കരിക്കപ്പെടുകയും മൂന്നാം ദിവസം ഉയർപ്പിക്കപ്പെടുകയും ചെയ്യേണ്ടത് ആവശ്യമാണ്. അവൻ എല്ലാവരോടുമായി പറഞ്ഞു. ആരെ ങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും* (ലൂക്കാ 9,22-24). കുരിശിൽനിന്ന് ഇറങ്ങിവരാൻ കൂട്ടാക്കാത്ത രാജാവ്. കുരിശിൽ ഭരണം (രാജത്വം) ഉറപ്പിച്ച രാജാവ്. അവൻ ദൈവത്തിന്റെ മിശിഹാ.

അവന്റെ യഥാർത്ഥ അനുഗാമിയായിത്തീർന്ന ഒരു ക്രൂശിതനും അവിടെ തലയോടിടം എന്ന സ്ഥാനത്ത് മൂന്നാമതൊരു കുരിശിൽ ഉണ്ടായിരുന്നു. അവൻ കുറ്റവാളിയായി കുരിശിക്കപ്പെട്ടവനായിരുന്നു. ക്രൂശിതനായ യഹൂദരുടെ രാജാവ് നിരപരാധിയാണെന്നും അവനു തീർച്ച. കുരിശിൽ സിംഹാസനാരോഹണം ആഘോഷിച്ച മിശിഹാരാ ജാവിന്റെ വിജയം അവൻ നേരിൽ കണ്ടു. അവൻ രാജപക്ഷം ചേർന്നു. അവൻ കുരിശിൽ കിടന്ന് ക്രൂശിതന്റെ അനുഗാമിയായിത്തീർന്നു. സത്യ അനുഗാമി. കുരിശിൽ ജീവൻ നഷ്ടപ്പെടുത്തി സ്വയം രക്ഷിച്ച മിശിഹാ രാജാവിന്റെ യഥാർത്ഥ അനുഗാമി. അവൻ കുരിശിൽനിന്ന് ഇറങ്ങാതെ കുരിശിൽ ജീവൻ വെടിഞ്ഞ് രക്ഷപ്പെടൻ മാർഗം തിരിച്ചറിഞ്ഞു. അവൻ തുടർന്നു: യേശുവേ, *നീ നിന്റെ രാജ്യത്ത് പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ* (ലൂക്കാ 23,42).

**പറുദീസായുടെ ഭരണാധികാരി**

യഹൂദരുടെ നിരപരാധിയായ മിശിഹാരാജാവും രണ്ടു കുറ്റക്കാരും മൂന്നു മരക്കുരിശിൽ തലയോടിടം എന്ന സ്ഥലത്ത് ക്രൂശിക്കപ്പെട്ടിരി ക്കുന്നു. യഹൂദരുടെ മിശിഹാരാജാവ് നിരപരാധിയെങ്കിലും കുറ്റക്കാ രുടെ നടുവിലാണ്. അവിടെയാണ് അവന്റെ സമുദായനേതൃത്വവും അതിന്റെ നിർബന്ധത്തിന് നിന്നുകൊ ടുത്ത റോമൻഭരണാധിപത്യത്തിന്റെ പ്രതിനിധികളും അവന് സ്ഥാനം നല്കിയത്. അവൻ യഹൂദരുടെ രാജാവോ? കുറ്റക്കാരുടെ രാജാവോ?



കുറ്റക്കാർക്കു രാജ്യം നല്കു ന്നവനോ? ക്രൂശിച്ചവർ തിരിച്ചറിഞ്ഞില്ല. ക്രൂശിതരിൽ ഒരുവൻ തിരിച്ച റിഞ്ഞു. അവൻ അപേക്ഷിച്ചുകൊണ്ടി രുന്നു: *യേശുവേ, നീ നിന്റെ രാജ്യ ത്തിൽ എഴുന്നെള്ളുമ്പോൾ എന്നെയും ഓർത്തുകൊള്ളണമേ..* ക്രൂശിതനായ രാജാവിനെ തിരച്ച റിഞ്ഞതിന്റെ ഫലം. ക്രൂശിതനായ രാജാവ് തന്റെ രക്ഷകനാണെന്ന് കുറ്റവാളി തിരിച്ചറിഞ്ഞു. നസ്രായനായ യേശു, പേരു സൂചിപ്പിക്കു മ്പോലെ, രക്ഷകനാണെന്ന് ഒരു കുറ്റവാളി തിരിച്ചറിഞ്ഞു. യേശു രക്ഷി ച്ചാണ് ഭരണം നടത്തുന്നതെന്ന്, യേശുവിന്റെ ഭരണം രക്ഷയാണെന്ന്, അവൻ തിരിച്ചറിഞ്ഞു. *യേശുവേ* (= രക്ഷകാ), *നീ നിന്റെ രാജ്യത്തിൽ എഴുന്നെള്ളു മ്പോൾ* (*നിന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുമ്പോൾ* എന്നാണ് ചില പ്രധാന കൈയെഴുത്തുപ്രതികളിൽ) *എന്നെയും ഓർത്തുകൊള്ളണമേ.* അയാൾ വിളിച്ചപേക്ഷിച്ചുകൊണ്ടിരുന്നു (ലൂക്കാ ഉപയോഗിച്ചിട്ടുള്ള ക്രീയാരൂപം തുടർച്ച സൂചിപ്പിക്കുന്നതാണ്). *നിന്റെ രക്ഷയുടെ രാജ്യത്തിൽ നീ പ്രവേശിക്കുമ്പോൾ / വരുമ്പോൾ എന്നെയും ഓർക്കണമേ.* അവന്റെ ഈ പ്രാർത്ഥന ദേവാലയത്തിൽ പ്രാർത്ഥിച്ച ചുങ്കക്കാരന്റെ പ്രാർത്ഥനപോലുണ്ട്. അനുതാപവും അയോ ഗ്യതാബോധവും അലയടിക്കുന്ന അപേക്ഷ. രാജ്യത്തിന്റെ രാജാവ് അരുളിച്ചെയ്തു: *സത്യമായി ഞാൻ നിന്നോടു പറയുന്നു: നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും* (ലൂക്കാ 23,42-43).

പറുദീസാ. കുറ്റവാളിയെങ്കിലും അപേക്ഷകനറിയാം പറുദീസാ യുടെ പ്രത്യേകതകൾ. അവൻ ചെറുപ്പം മുതല്ക്കേ നിയമവും പ്രവചന ങ്ങളും വായിച്ചിട്ടുണ്ട്, പഠിച്ചിട്ടുണ്ട്. *പറുദീസാ* പേർഷ്യൻ വാക്കാണ്. ആ വാക്കിനർത്ഥം തോട്ടം എന്നാണ്. അത് കർത്താവിന്റെ തോട്ടമാണ്. ഏദൻതോട്ടം പറുദീസ ആയിരുന്നു (ഉല്പ. 2,8). ദൈവമായ കർത്താവ് തന്റെ ജനത്തിന് വാഗ്ദാനം ചെയ്തിട്ടുള്ള ഭാവി അനുഗ്രഹങ്ങളുടെ സംഗ്രഹമാണ് പറുദീസ. നീതിഷ്ഠർക്ക് അധിവസിക്കാൻ കർത്താവ് പുന രുദ്ധരിക്കാനിരിക്കുന്ന പുതിയ സൃഷ്ടിയുടെ, ദൈവജനത്തിന്റെ ഭാവി ഭാഗ്യാ വസ്ഥയുടെ, പ്രതീകം (എസെക്കി 31,8-9;*സോളമന്റെ കീർത്തനങ്ങൾ* 14,2 -3). പ്രവാചകൻ വഴി കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്: കർ ത്താവ് സീയോന്റെ മണലാരണ്യങ്ങളെ തന്റെ തോട്ടം (പറുദീസ) പോ ലെയാക്കും (ഏശ 51,3). പറുദീസ നീതിനിഷ്ഠരുടെ വിശ്രമസ്ഥാനമാ ണെന്ന് യഹൂദപാരമ്പര്യം പഠിപ്പിച്ചിട്ടുമുണ്ട്. സ്വർഗ്ഗത്തിന്റെയും അതി ന്റെ അനുഗ്രഹങ്ങളുടെയും പ്രതീകമാണെന്ന് ഗ്രഹിക്കാൻ ക്രിസ്തീയ സംസ്കാരത്തിന് (2 കോറി 12,4;വെളി 2,7) യഹൂദപാരമ്പര്യവും സഹാ യിച്ചിട്ടുണ്ട്. യേശു പ്രവേശിക്കുന്ന പറുദീസ പിതാവിന്റെ തിരുസന്നിധി തന്നെ (ലൂക്കാ. 23,46).

*നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും*. യേശു ക്രൂശിതനായി. അനുതപിച്ചപേക്ഷിച്ച കുറ്റവാളിക്ക് രക്ഷയുടെ *ഇന്ന്* വന്നുചേർന്നു. *അവന് ഇന്ന്* പൂർത്തിയായി. ദൈവപുത്രനും പരിശു ദ്ധനും (ലൂക്കാ 1,35) കർത്താവും ക്രിസ്തുവുമായ രക്ഷകൻ ജനിച്ച

പ്പോൾ മുതൽ ലോകത്തിൽ രക്ഷയുടെ *ഇന്ന്* ആണ് (ലൂക്കാ 2,11). അവൻ സഖേവൂസിന്റെ – അബ്രഹാമിന്റെ നഷ്ടപ്പെട്ടുപോയിരുന്ന പുത്രന്റെ – വീട്ടിൽ പ്രവേശിച്ചപ്പോൾ അവിടെ ആ ഭവനത്തിന് രക്ഷയുടെ *ഇന്ന്* ആയി. അയാളുടെ അനുതാപപൂർണമായ പരിഹാരപദ്ധതിയുടെ പ്രഖ്യാപനം നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കുന്നവനിൽ നിന്ന് രക്ഷയുടെ *ഇന്നിന്റെ* പ്രഖ്യാപനം ആ ഭവനത്തിലുയർത്തി. രക്ഷയുടെ *ഇന്ന്* ലോകത്തിൽ കുറ്റക്കാർക്ക് കൊണ്ടുവന്നവൻ ക്രൂശിതനായി കുരിശിൽ കിടന്ന് പിതാവിന്റെ കരങ്ങളിലേക്ക് സ്വയം തിരിച്ചേല്പിക്കുന്നതും *ഇന്ന്. ഇന്ന്* പറുദീസായുടെ രാജാവ് അപേക്ഷകനായ കുറ്റവാളിക്ക് പിതൃസന്നിധി തുറന്നുകൊടുത്തു – തന്നോടൊത്ത് അവിടെ പ്രവേശിക്കാൻ. ആ *ഇന്ന്* അപേക്ഷകനായ കുറ്റവാളിയുടെ രക്ഷയുടെ *ഇന്ന്* ആയിത്തീരുന്നു. സക്കേവൂസിന് എന്നപോലെതന്നെ (ലൂക്കാ 19,9). ദേവലയത്തിൽ *ദൈവമേ, മഹാപാപിയായ എന്നോട് കരുണ തോന്നണമേ* എന്ന് നെഞ്ചത്തടിച്ച് നിലവിളിച്ചു പ്രാർത്ഥിച്ചവന് എന്നപോലെ. യേശുവിന്റെ രാജകീയജനനവും രാജകീയ യാത്രവും രാജകീയ സിംഹാസനാരോഹണവും രക്ഷയുടെ *ഇന്നാകുന്നു*. ആട്ടിടയർക്ക്, ദേവാലയത്തിൽ അനുതപിച്ചപേക്ഷിച്ച പരസ്യപാപിയും അനർഹനുമായ ചുങ്കക്കാരന്, കാണാൻ കൊതിച്ച പാപികളിൽ പ്രധാനിയായ സക്കേവൂസിന്, ക്രൂശിതനായ യേശുവൊത്ത് ക്രൂശിക്കപ്പെട്ട് കുരിശിൽക്കിടന്ന് അനുതപിച്ചപേക്ഷിച്ച കുറ്റവാളിക്ക്, എല്ലാവർക്കും *ഇന്ന്* രക്ഷയുണ്ടായി. പിന്നെന്തുകൊണ്ട് എനിക്കും ഇന്ന് *ഇന്നായിക്കൂടാ?* യേശുവേ, എനിക്കും.

യേശുവിന്റെ ജീവിതമത്രയും പാപികൾക്കും കുറ്റക്കാർക്കും ഭ്രഷ്ടർക്കും പതിതർക്കും പറുദീസാ തുറന്നു കൊടുക്കുകയായിരുന്നു. ദൈവസംസർഗ്ഗം നല്കൽ. പാപമോചനവും ദൈവരാജ്യവും പങ്കുവച്ചു നല്കൽ. അത് അവൻ കുരിശിൽ ജീവൻ വെടിഞ്ഞ് പൂർത്തിയാക്കുന്നു. പാപികൾക്ക് പറുദീസായിൽ പ്രവേശനം ഉറപ്പാക്കുന്നു. യേശുമിശിഹാ തന്റെ രാജാധികാരം അംഗീകരിക്കുന്ന ക്രൂശിതനായ കുറ്റവാളിയെയും ചേർത്തുപിടിച്ച് പറുദീസായിൽ പ്രവേശിക്കുന്നു. കുരിശിന്റെ മഹത്വവും ശക്തിയും!

പറുദീസായിൽ മിശിഹാരാജാവൊത്ത് സംസർഗ്ഗം തേടുന്നവർക്ക് അത് തുറന്നുകൊടുക്കാനുള്ള താക്കോൽ നിയമജ്ഞരുടെ കൈവശമിരിക്കുന്നു എന്നു കരുതിയ അധികാരിലോകം (മത്താ 23,13). *തലയോടിടം* എന്ന *സ്ഥലത്ത്* (സ്ഥാനത്ത്) ക്രൂശിതനായ മിശിഹാ രാജാവിനോടൊത്ത് ക്രൂശിക്കപ്പെട്ട കുറ്റവാളികളിൽ ഒരുവൻ തിരിച്ചറിയുന്നു, താക്കോൽക്കാരൻ തന്റെ അടുത്തുണ്ടെന്ന്. തന്നോടൊത്ത് ക്രൂശിതരായി കിടക്കുന്നവരിൽ രാജാവിന്റെ മേലെഴുത്തുള്ളവനാണ് പറുദീസായുടെ ഭരണാധികാരിയെന്ന്. ആദിയിൽ തോട്ടത്തിൽ അറിവി



ന്റെ മരത്തിൽനിന്ന് ഫലം തിന്ന് അറിവു മോഷ്ടിച്ച് കുറ്റവാളിയായിപ്പോയവൻ തിരിച്ചറിയുന്നു, മരത്തിന്റെ ഫലം തിന്ന് പാപിയായപ്പോയവന് അടയ്ക്കപ്പെട്ട പറുദീസാ തുറന്ന്കൊടുക്കുന്നവൻ തന്റെ അടുത്ത് മരത്തിൽക്കിടക്കുന്നു! കുറ്റവാളി അറിവിന്റെ മരം തിരിച്ചറിഞ്ഞു. ആ മരത്തിന്റെ ഫലം തോട്ടത്തിന്റെ ഉടമസ്ഥനോട് അപേക്ഷിച്ചുവാങ്ങുന്നു. സത്യമായും നീതിമാനായിരുന്ന മനുഷ്യനെ (ലൂക്കാ 23, 47) കുറ്റക്കാരൻ കണ്ടറിഞ്ഞു. അവന്റെ അറിവ് സമ്പൂർണ്ണമായി. അറിവ് പൂർത്തി യായി. പറുദീസയുടെ അറിവ് അവനു ലഭിച്ചു. മരക്കുരിശിൽ. കുറ്റക്കാർ ക്കൊത്ത് ക്രൂശിതനായ കുറ്റവാളിയുടെ അറിവ്. വേറെവിടെല്ലാമോ താക്കോൽ തിരയുന്നവർ ഇന്നും കുറ്റവാളികളായി തുടരുമ്പോൾ ഈ അറിവ് വേറിട്ടുനില്ക്കുന്നു. യേശുവിനോട് അക്ഷേിച്ച കുറ്റവാളിയുടെ ഭാഗ്യം. യേശുവിനോടൊത്തുള്ള ക്രൂശീകരണത്തിന്റെ ഫലം അവൻ പുറപ്പെടുവിച്ചു. സേവനകാലമത്രയും രാജാധികാരത്തിന്റെ താക്കോൽ തിരിച്ചുകൊണ്ടിരുന്ന യേശുമിശിഹാ തന്റെ അധികാരം പൂർണ്ണമായി വിനിയോഗിക്കുന്നു. *നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും.* കുരിശിൽ ജീവൻ വെടിയുമ്പോൾ പൂർണ്ണമായി തുറന്നുവിട്ട കാരുണ്യത്തിന്റെ പ്രവാഹം. ക്രൂശിതനായ യേശുവിന് യഹൂദരുടെ രാജ്യം വേണ്ടാ. റോമാസാമ്രാജ്യം വേണ്ട. ഭാരതവും വേണ്ടാ. അവിടെയെല്ലാമുള്ളവരെയെല്ലാം പറുദീസയിൽ തന്നോടൊത്തുവേണം. ഈ ആറാം മണിക്കൂറിൽ ഈ പൂന്തോട്ടത്തിന്റെ പൂന്തണലിൽ ഞാൻ ആശ്വസിക്കട്ടെ!

# 6 തിരിച്ചറിവിന്റെ അപ്പം മുറിക്കാൻ

*അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്ക് കൊടുത്തു. അപ്പോൾ അവരുടെ കണ്ണ് തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അവൻ അവരുടെ മുമ്പിൽനിന്ന് അപ്രത്യക്ഷനായി.* (ലൂക്കാ 24,30-31)

ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു പ്രത്യക്ഷപ്പെട്ട് ശിഷ്യർക്ക് അപ്പം / മീൻ എടുത്ത് മുറിച്ച് നല്കിയ കഥകൾ ലൂക്കായും യോഹന്നാനും എഴുതിയ സുവിശേഷങ്ങളിലുണ്ട്. അവയിൽ പലതുകൊണ്ടും പ്രത്യേക ശ്രദ്ധ ആകർഷിച്ചിട്ടുള്ളതാണ് എമ്മാവൂസ്കഥ. അത് ഒരു യാത്രാവിവരണമാണ്. ആദ്യന്ത്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്താൽതന്നെ ആകർഷണീയമായ കഥയാണത്. നാടകീയത നിറഞ്ഞുനില്ക്കുന്ന കഥ. അത് വായിക്കുന്നവരെല്ലാം അറിയാതെ അതിൽ അഭിനേതാക്കളായിപ്പോകുന്ന തരം കഥാവതരണം. വാസ്തവത്തിൽ ലൂക്കാ അനുവാചകരിൽ അഭിലഷിക്കുന്നതും ഈ പ്രതികരണമാണ്.

യേശുവിന്റെ ഉയർപ്പുനാൾ അവന്റെ രണ്ടു ശിഷ്യന്മാർ ജറുസലേമിൽ നിന്ന് പതിനൊന്നു കി.മീ. അകലെയുള്ള എമ്മാവൂസ് എന്ന ഗ്രാമത്തി ലേക്ക് നടത്തിയ യാത്രയുടെ വിവരണമാണ് കഥ. *രണ്ട് പേര്* സാക്ഷ്യത്തിന്റെ ഉറപ്പിനാകാം. യാത്രാവിവരണം ലൂക്കായ്ക്ക് ഏറെ പ്രിയപ്പെട്ട സാഹിത്യരൂപമാണല്ലോ. യേശുവിന്റെ സേവനവും ശുശ്രൂഷാജീവിത വും പിതൃസന്നിധിയിലേക്കുള്ള ഒരു തീർത്ഥാടനമായി ചിത്രീകരിക്കു ന്നതിൽ ലൂക്കാ നന്നേ വിജയിച്ചിട്ടുണ്ട്. ഒരു തീർത്ഥാടന(യാത്രാ) വിവര ണം പോലെ ആസ്വാദ്യമാണ് ലൂക്കായുടെ സുവിശേഷവും അപ്പോസ്തലപ്രവർത്തനങ്ങളും. ഗലീലിയാകെ ചുറ്റിസഞ്ചരിച്ച ശേഷം അവിടെനിന്ന് ജറുസലേമിലേക്കും ജറുസലേംവഴി സ്വർഗ്ഗത്തിലേക്കുമുള്ള തീർത്ഥാടനമായി യേശുവിന്റെ ജീവിതത്തെ ചിത്രീകരിച്ചാണ് ലൂക്കാ സുവിശേഷം രചിച്ചിട്ടുള്ളത്. സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിലേക്കു തീർത്ഥാടനം പൂർത്തിയാക്കിയ യേശുക്രിസ്തുവിനെ അനുഗമിക്കലായി ക്രിസ്തുശിഷ്യത്വത്തെയും ലൂക്കാ ചിത്രീകരിച്ചിട്ടുണ്ട്. ശിഷ്യത്വജീവിത വും യേശുക്രിസ്തുവിന്റേതുപോലെ ഒരു തീർത്ഥാടനമാണ്. സുവിശേഷവിവരണത്തിന്റെ ആദി മുതലുള്ള തീർത്ഥാടനചിത്രീകരണത്തിന് ഉചിതമായ ഉപസംഹാരമാണ് ലൂക്കാ 24ലെ സഞ്ചാരവിവരണം. അതേ സമയം അത് ലൂക്കായുടെ കൃതിയുടെ രണ്ടാം വാല്യമായ അപ്പോസ്തലപ്രവർത്തനങ്ങളിലെ സഞ്ചാരവിവരണത്തിന് സമുചിതമായ ആമുഖവുമാണ്.



യേശുക്രിസ്തുവിന്റെ സാക്ഷികൾ ജറുസലേമിൽ നിന്ന് ലോകാർത്തികളോളം നടത്തുന്ന മിഷണറിയാത്രകളുടെ വിവരണങ്ങളാണല്ലോ അതിൽ. യേശുവിന്റേത് ഒരു മിഷണറിയാത്രയായിരുന്നു. അവൻ പലസ്തീനാനാടു മുഴുവനും നന്മ ചെയ്തുകൊണ്ട് (അപ്പ 10,38) പിതാവിൻ പക്കലേക്ക് നടത്തിയ തീർത്ഥയാത്ര. അത് മറ്റുള്ളവർക്ക് രക്ഷാകരമായി നിർവ്വഹിച്ചു. അതു തന്നെ ശിഷ്യരുടെ സാക്ഷ്യവഴിയുടെ ശൈലിയും. യേശുക്രിസ്തുവിന്റെ ഉയർപ്പിനുശേഷം അവന്റെ ശിഷ്യർ നടത്തിയ ആദ്യയാത്രയുടെ വിവരണമാണ് ലൂക്കാ 24,13-35ലേത്.

**ക്രിസ്തീയ ശുഷ്യത്വജീവിതം - തിരിച്ചറിവിലേക്കുള്ള പുരോഗതി**

യേശുവിന്റെ ഉയർപ്പിനുശേഷമുള്ള യേശുശിഷ്യരുടെ ശിഷ്യത്വജീവിതത്തിന്റെ സവിശേഷതകൾ പലതും പഠിപ്പിക്കുന്ന ഒരു യാത്രാവിവരണമാണ് ഇവിടെ നാം വിചിന്തനം ചെയ്യുന്ന വേദഭാഗം. യാത്രികരായ ശിഷ്യരുടെ യാത്രയുടെ ആരംഭത്തിലും അവസാനത്തിലും അവരുടെ അനുഭവത്തിലെ വൈരുദ്ധ്യം സൂചിപ്പിച്ചല്ലോ. അത് കൂടുതൽ വ്യക്തമാക്കാം. യാത്രയുടെ ആരംഭത്തിൽ ശിഷ്യർ ആകെ നിരാശരായിരുന്നു, മ്ളാനവദനരായിരുന്നു (24,17). കാരണമുണ്ട്: അവർ ക്രിസ്തുവിനെക്കുറിച്ച് പ്രതീക്ഷിച്ചതൊന്നുമല്ല സംഭവിച്ചത്. അവരുടെ പ്രതീക്ഷയാകെ തകർന്നടിഞ്ഞു (24,19-21). ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു കൂടെ കൂടി സംസാരിച്ച് നടന്നിട്ടും അവനെ തിരിച്ചറിയാനാവാത്ത വിധം യാത്രയുടെ ആരംഭത്തിൽ അവരുടെ *കണ്ണ് മൂടപ്പെട്ടിരുന്നു* (24,16). എന്നാൽ യാത്രയുടെ അവസാനം അവനെ തിരിച്ചറിയാൻ അവരുടെ *കണ്ണ് തുറന്നു* (24,31). യാത്ര ചെയ്തത് *ഹൃദയം മന്ദീഭവിച്ചവരായാണ്* (24,25). വഴിയിലാകെ യേശു തങ്ങളോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തങ്ങളുടെ *ഹൃദയം ജ്വലിച്ചരുന്നു* (24,32) എന്ന് യാത്രയുടെ അവസാനം അവർക്ക് ബോധമുണ്ടായി. കാരണം അവർ ഹൃദയം കഠിനമാക്കിയവരായല്ല യാത്ര ചെയ്തത്. അത് അവരിൽ സംഭവിക്കാനിരിക്കുന്ന പരിവർത്തനത്തെ മുൻകൂട്ടി ധ്വനിപ്പിക്കുന്നു. ഹൃദയം കഠിനമാക്കിയിരുന്ന യഹൂദനേതൃത്വത്തെപ്പോലെയല്ല അവർ. ഹൃദയം കഠിനമാക്കിയിരുന്നെ ങ്കിൽ പരിവർത്തനം അസാദ്ധ്യമാകുമായിരുന്നു (അപ്പ 28,25-27;ഏശ 6,9-10). പ്രാരംഭത്തിൽ പരാജയമുണ്ടായാലും പരിവർത്തനത്തിന് ശിഷ്യർ തയ്യാറാണ്. അവരെക്കുറിച്ച് പ്രതീക്ഷയ്ക്ക് വകയുണ്ട് എന്ന സൂചന അവരുടെ സംസാരവിഷയത്തിലൂടെയും ലൂക്കാ സൂചിപ്പിക്കുന്നു. യാത്രയിൽ ആരംഭം മുതൽ അവർ സംസാരിച്ചത് നസ്രയനായ യേശുവിനെക്കുറിച്ചാണ്. അവനെ പൂർണമായി മനസ്സിലാകാതിരുന്നപ്പോഴും അവനെക്കുറിച്ചാണ് അവർ സംസാരിച്ചുകൊണ്ടിരുന്നത്. അവനെ മനസ്സിലായിക്കഴിഞ്ഞും അവർ സംസാരിക്കുന്നത് അവനെക്കുറിച്ചുതന്നെ (23,33-35), യാത്രയിൽ യേശു അവരോട് സംസാരിച്ചുകൊണ്ടിരുന്നത് വിശുദ്ധ ലിഖിതങ്ങൾ അവർക്ക് വ്യാഖ്യാ

നിച്ചുകൊടുക്കയായിരുന്നു - വിശുദ്ധ ഗ്രന്ഥം അവർക്ക് തുറന്നുകൊടുക്കയായിരുന്നു (24,27.32). അതിൽ അവൻ സംസാരിച്ചത് തന്നെക്കുറിച്ചുതന്നെ. അത് മുഴുവൻ ആദ്യം മനസ്സിലായില്ലെങ്കിലും അവർ ശ്രദ്ധിച്ച് ശ്രവിച്ചുകൊണ്ടിരുന്നു. എത്ര കേട്ടിട്ടും അവർ ഒട്ടും അക്ഷമരായില്ല. അതും അവരെക്കുറിച്ച് പ്രതീക്ഷയ്ക്ക് വകയുണ്ട് എന്ന് സൂചിപ്പക്കുന്നു.

ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു കൂടെ കൂടി സംസാരിച്ച് നടന്നിട്ടും അവർ അവനെ തിരിച്ചറിയാത്ത ആദ്യഘട്ടം. അതും അവൻ ഉയർത്തെഴുന്നറ്റു എന്ന വാർത്തയും ഉയർപ്പിന്റെ അടയാളങ്ങളും അവന്റെ കല്ലറയ്ക്കൽ കണ്ടറിഞ്ഞ സ്ത്രീകൾ വിശ്വസിച്ചിട്ടും തങ്ങളിൽ തന്നെയുള്ളവർ നേരിട്ടു പോയി കണ്ട് സ്ഥിരീകരിച്ചിട്ടും വിശ്വസിക്കാത്ത ശിഷ്യർ. എന്നാൽ അവർ യേശുക്രിസ്തുവിനെ തിരിച്ചറിയാത്ത പരക്കം പാച്ചിലിൽനിന്ന് യാത്രയുടെ അവസാനം അവനെ തിരിച്ചറിഞ്ഞ ശേഷം സാ ക്ഷിക്കാനുള്ള യാത്രയിലേക്കുള്ള അഭിവൃദ്ധിയായി ലൂക്കാ ക്രിസ്തീയ ജീവിതത്തെ അവതരിപ്പിക്കുന്നു. അതിന് ശിഷ്യരെക്കുറിച്ച് പ്രതീക്ഷ യ്ക്ക് വകയേകുന്ന ഒരു സമീപനം അവരുടെ ഭാഗത്തുണ്ടായിരുന്നത് ശ്രദ്ധയിൽ കൊണ്ടുവന്നല്ലോ. ആദ്യം യേശുവിനെ മനസ്സിലായില്ലെങ്കിലും യേശുവിനെക്കുറിച്ച് സംസാരിച്ചുകൊണ്ട് യാത്ര ചെയ്യണം. ആദ്യം ഒന്നും മനസ്സിലായില്ലെങ്കിലും യേശുവിന്റെ സംസാരം ശ്രദ്ധിച്ച് കേട്ടുകൊണ്ടിരിക്കണം. അവൻ സംസാരിക്കുന്നതാകട്ടെ, വിശുദ്ധ ഗ്രന്ഥം ആസ്പദിച്ച് തന്നെക്കുറിച്ചുതന്നെ. നമുക്ക് മനസ്സിലാകാത്തപ്പോഴും വിശുദ്ധ ഗ്രന്ഥം വായിച്ചുകൊണ്ടിരിക്കണം. പഴയ നിയമം മുഴുവനും പുതിയ നിയമവും അവനെക്കുറിച്ചാണ് സംസാരിക്കുക.

### കണ്ണുകൾ മൂടപ്പെട്ടിരുന്നു

യാത്രയുടെ ആദ്യഘട്ടത്തിൽ അവനെ തിരിച്ചറിയാൻ കഴിയാത്ത വിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു (24,16). അതിനർത്ഥം ജറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രക്കിടയിൽ തങ്ങളുടെ കൂടെ കൂടിയ ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ തിരിച്ചറിയാൻ ആ രണ്ടു ശിഷ്യന്മാർക്ക് കഴിഞ്ഞില്ല എന്നു മാത്രമല്ല. അവനെ തിരിച്ചറിയാൻ ആവാത്ത വിധം ശിഷ്യരുടെ കണ്ണ് മൂടപ്പെട്ട അവസ്ഥ അവന്റെ ഉയർപ്പു ദിവസമോ ഉത്ഥാനാനന്തര ഘട്ടത്തിലോ മാത്രമുള്ള പ്രയാസമല്ല. ക്രിസ്തീയ ശിഷ്യത്വജീവിതത്തിൽ പൊതുവേ ഉണ്ടാകാവുന്ന ഒരു വിഷമസന്ധിയാണ്. ഉയർത്തെഴുന്നേറ്റ യേശുക്രിസ്തു രംഗത്ത് പ്രത്യക്ഷനാകുമ്പോൾ വിശ്വസിക്കാതിരിക്കുക, സംശയിക്കുക, തുടങ്ങിയ പ്രതികരണങ്ങൾ തോമാശ്ലീഹായുടെയോ മറ്റ് ഒന്നോ രണ്ടോ ശിഷ്യന്മാരുടെയോ മാത്രം അനുഭവമല്ല. ഇതും ശിഷ്യത്വ(ക്രിസ്തീയ)ജീവിതത്തിലെ പച്ചയായ ഒരു സത്യമാണ്. ശിഷ്യരുടെ ഇപ്പറഞ്ഞ അനുഭവം ക്രിസ്തീയ ജീവിതം സാധാരണയിൽ കവിഞ്ഞ ശ്രദ്ധയോടെ പരിശോധിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.



വഴിനീളെ യേശു സംസാരിച്ച വചനങ്ങൾ കേട്ടുകൊണ്ടാണ് ശിഷ്യന്മാർ എമ്മാവൂസിലേക്ക് യാത്ര ചെയ്തത്. യേശു ചെയ്തതും പറഞ്ഞതുമായ കാര്യങ്ങളെക്കുറിച്ച് അവരും അന്യോന്യം സംസാരിച്ചും തർക്കിച്ചുമാണ് ആദ്യം മുതലേയുള്ള യാത്ര. എന്നിട്ടും അവർക്ക് യേശു വിനെ തിരിച്ചറിയാനായില്ല. ശിഷ്യന്മാർ ജറുസലേമിൽ നിന്ന് യാത്ര തിരിച്ച് താമസിയാതെ യേശു അവരുടെ കൂടെ ചേർന്നു. അവൻ പറ യുന്നതു കേട്ടും അവർ തമ്മിൽ അവനെക്കുറിച്ച് ഇടമുറിയാതെ സംസാ രിച്ചും യാത്ര ചെയ്തു. എന്നിട്ടും അവനെ തിരിച്ചറിയാൻ അവർക്കാ യില്ല. ജറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടയിലെ മാത്രം പരാജയമായല്ല ലൂക്കാ ഈ സംഗതിയെ കാണുക. രണ്ടു ശിഷ്യ ന്മാർ ജറുസലേമിൽനിന്ന് എമ്മാവൂസിലേക്ക് നടത്തിയ യാത്ര ഒരു പ്രതീകം കൂടിയാണ്. യേശുവിന്റെ ശിഷ്യർ അവന്റെ കൂടെ ചെയ്ത മുഴുവൻ യാത്രയുടെയും പ്രതീകം. ഉത്ഥാനാനന്തര ഘട്ടത്തിൽ യേശു വിന്റെ ശിഷ്യർ നടത്താനിരിക്കുന്ന യാത്രയുടെയാകെ മുൻകുറി. അവർ ഒരുമിച്ച് യാത്ര ചെയ്ത കാലമെല്ലാം യേശു ശിഷ്യരോട് വചനം പറഞ്ഞു കൊ ണ്ടിരുന്നു. തന്നെക്കുറിച്ചുള്ള പ്രവാചകവചനങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തുകൊണ്ടിരുന്നു. അപ്പോഴൊക്കെ അവരുടെ ഹൃദയം ജ്വലിച്ചു കൊണ്ടിരുന്നു. എന്നിട്ടും യേശുക്രിസ്തുവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണ് മൂടപ്പെട്ടിരുന്നു. അവരുടെ ശാരീരിക കണ്ണിന്റെ മൂടലല്ല വിവക്ഷ. കണ്ണു തുറന്നുപിടിച്ചു തന്നെയാണ് അവർ നടന്നതും യേശുവിനോട് വഴിനീളെ സംസാരിച്ചതും. ഉയർത്തെഴുന്നേറ്റ കർത്താവ് ദമാസ്കസിലേക്കുള്ള വഴിയിൽ പൗലോസിന്റെ കൂടെ കൂടിയ സംഭവമെടുക്കുമ്പോഴും ഇതേ അനുഭവം കാണുന്നു. പൗലോസ് കർത്താവിന്റെ സംസാരം കേട്ടു. മറുചോദ്യവും മറുപടിയും കൊടുത്തു. പൗലോസിന്റെ കണ്ണുകൾ തുറന്നിരുന്നു. പക്ഷേ, ഒന്നും കണ്ടില്ല (അപ്പ 9,8). പൗലോസിന്റെ കണ്ണുകൾ മൂടിയിരുന്നു. അനനിയാസ് എന്ന *ശിഷ്യൻ* പൗലോസി*ന്റെ തലയിൽ കൈകൾ വച്ചപ്പോൾ അവന്റെ കണ്ണിലെ മൂടൽ മാറി. തുറന്നിരുന്ന അവന്റെ കണ്ണുകളുടെ കാഴ്ചയ്ക്ക് തടസ്സമായിരുന്നതെല്ലാം* അടർന്നുവീണു (അപ്പ 9,7-18). കാഴ്ച പ്രാപിച്ചവരുടെ സംസർഗ്ഗത്തിലേക്ക് സ്വീകൃതനായപ്പോൾ പൗലോസിനും കാഴ്ച തിരിച്ചുകിട്ടി. വിശ്വാസത്തിന്റെ കാഴ്ചയാണ് വിഷയം.

### തിരിച്ചറിയായ്മയ്ക്ക് കാരണം

യാത്രക്കിടയിൽ കൂടെ കൂടിയ യേശുക്രിസ്തുവിനെ തിരിച്ചറിയാൻ ശിഷ്യർക്ക് കഴിയാഞ്ഞതിന്റെ അടിസ്ഥാന കാരണം അവൻ സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കുന്ന മിശിഹായെന്ന് അവനെ പൂർണമായി അറിയാൻ ഗലീലിമുതൽ ജറുസലേം വരെ അവൻ പഠിപ്പിച്ചു നടന്നപ്പോൾ അവർക്ക് സാധിക്കാതിരുന്നതാണ്. ഇപ്പോഴാകട്ടെ, അവൻ സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിച്ചിടത്തുനിന്ന് അവർ

അവൻ കല്പിച്ച സമയത്തിനു മുമ്പേ പോവുകയും ചെയ്തു. അവർ ജറുസലേമിൽ നിന്നാണ് യേശുവിനെക്കുറിച്ച് നിരാശരായി പോയത്. ജറുസലേം യേശുക്രിസ്തുവിലൂടെയുള്ള രക്ഷാകര സംഭവങ്ങൾ നിറ വേറിയിടമാണ്. അത്യുന്നതങ്ങളിൽ നിന്ന് പിതാവിന്റെ വാഗ്ദാനമായ ശക്തി ധരിക്കുന്നതു വരെ ആ നഗരത്തിൽത്തന്നെ പാർക്കണം എന്ന് അവൻ അവരോട് കല്പിച്ചിട്ടുണ്ടായിരുന്നു (ലൂക്കാ 24,48-49). പക്ഷേ അവനെക്കുറിച്ചുള്ള നിരാശ അവരെ അവിടെ നിന്ന് വലിച്ചുകൊണ്ടു പോയി.

യേശുക്രിസ്തുവിനെക്കുറിച്ച് പിതാവിന് ഒരു പദ്ധതിയുണ്ട്. അതു മോശ മുതലുള്ള പ്രവാചകന്മാർ പറഞ്ഞുവച്ചിട്ടുണ്ട് (ലൂക്കാ 24,27). തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി യേശുക്രിസ്തു തന്നെ ആവർത്തിച്ച് സ്പഷ്ടമാക്കിയിട്ടുണ്ട് (ലൂക്കാ 9,21-27;9,44-45;18,31-33). യേശുക്രിസ്തു വിനെക്കുറിച്ച് ശിഷ്യന്മാരും ഒരു സ്വപ്നം കണ്ടിരുന്നു. രണ്ടും തമ്മിൽ പൊരുത്തപ്പെട്ടില്ല. തങ്ങളുടെ ആശയാഭിലാഷങ്ങൾക്കും പ്രതീക്ഷകൾ ക്കും അനുസരിച്ചുള്ള വഴിയേ യേശുവിനെ ലഭിക്കാനാണ് സ്വാഭാവി കമായും ശിഷ്യർക്ക് താത്പര്യം.

ക്രിസ്തു സഹിക്കയും മരിക്കയും ഉയർത്തെഴുന്നേല്ക്കയും ചെയ്യണം. അതായത്, ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്ത്വത്തിലേക്ക് പ്രവേശിക്കണം (ലൂക്കാ 24,26). ക്രിസ്തു സഹനത്തിലൂടെ മഹത്ത്വത്തി ലേക്ക് പ്രവേശിക്കുക ദൈവികമായ ആവശ്യമാണ്. സഹനം കൂടാതെ മഹത്ത്വത്തിലേക്ക് എന്നതായിരുന്നു ശിഷ്യന്മാർ യേശുക്രിസ്തുവിനും അവൻ നിമിത്തം തങ്ങൾക്കും കണക്കു കൂട്ടിയ പദ്ധതി. ദൈവത്തിന്റെ യും മനുഷ്യരുടെയും മുമ്പിൽ അവൻ വാക്കിലും പ്രവൃത്തിയിലും ശക്ത നായ പ്രവാചകനായിരുന്നു. ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു (ലൂക്കാ 24,19). തങ്ങളുടെ മനക്കോട്ടയാകെ തകർന്നുപോയെന്ന് ശിഷ്യന്മാർ യേശുക്രിസ്തുവി നോട് പരാതിപ്പെടുന്നു. പുരോഹിതപ്രമുഖന്മാരും നേതാക്കളും അവനെ മരണവിധിക്ക് ഏല്പിച്ചു കൊടുത്ത് ക്രൂശിച്ചു. അതോടെ ശിഷ്യരുടെ പ്രതീക്ഷയെല്ലാം കരിഞ്ഞുപോയി. മരണവിധിയനുസരിച്ച് ക്രൂശിക്കപ്പെ ടുകയും മരിക്കുകയും കബറടക്കപ്പെടുകയും ചെയ്തത് മൂന്നാംനാൾ ഉയർക്കാനാണെന്നും അവൻ ഉയർത്തു എന്നും വിശ്വസിക്കാൻ അവർ ക്ക് സാധിച്ചില്ല. കാരണം യേശുക്രിസ്തുവിനെയും അവൻ മുഖാന്തരം തങ്ങളെയും കുറിച്ച് ശിഷ്യർ ദൈവത്തിന്റേതിൽ നിന്ന് വ്യത്യസ്തമായി വച്ചുപുലർത്തിയ പദ്ധതിതന്നെ. നമ്മെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും നാം പുലർത്തുന്ന മുൻവിധികളും പ്ലാനുകളും ആശയങ്ങളും നമ്മെയും മറ്റുള്ളവരെയും സംബന്ധിച്ച ദൈവികപദ്ധതി മനസ്സിലാക്കുന്നതിന് തടസ്സമാകുമല്ലോ. സഹിച്ച് മഹത്ത്വത്തിലേക്ക് പ്രവേശിച്ച ക്രിസ്തു വിനെയും സഹനം വഴി മഹത്ത്വത്തിലേക്ക് എന്ന ക്രിസ്തീയ ശിഷ്യത്വ



പദ്ധതിയും സ്വീകരിക്കാനാകാത്തവർക്ക് യേശുക്രിസ്തുവിനെ തിരിച്ച റിയാൻ ആവാത്തവിധം കണ്ണുകൾ മൂടപ്പെട്ടിരിക്കും.

### യേശുവിനെക്കുറിച്ച് സംസാരിച്ചും അവനെ ശ്രവിച്ചും യാത്ര

ജറുസലേമിൽ നിന്ന് എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ സംസാരവിഷയം യേശുവിനെ കേന്ദ്രീകരിച്ച് ജറുസലേമിൽ സംഭവി ച്ചവയും യേശുവുമായിരുന്നു. അവർക്ക് അവനെ മനസ്സിലാകാതിരു ന്നി ട്ടും വഴിനീളെ അവനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു, തർക്കിച്ചു കൊണ്ടിരുന്നു. അവൻ കൂടെ കൂടിയ ശേഷവും അങ്ങനെ തുടർന്നു. എന്തിനെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുകയെന്ന് അവൻ ചോദി ച്ചു. അവരുടെ മറുപടി രസാവഹമാണ്. അവർക്ക് മനസ്സിലാകാതെ സംസാരിച്ചുകൊണ്ടിരിക്കുന്ന സകലതും അനുഭവിച്ചറിഞ്ഞ അവനോട് അവയെപ്പറ്റി അവൻ അജ്ഞനാണ് എന്ന് കുറ്റപ്പെടുത്തുന്ന മറുപടി! (ലൂക്കായ്ക്ക് ഏറെ ഇഷ്ടപ്പെട്ട ആക്ഷേപഹാസത്തിന്റെ മകുടോദാഹ രണം). തങ്ങൾക്ക് യേശു നിരാശയാണ് സമ്മാനിച്ചത് എന്ന് അവർ വിചാരിച്ചപ്പോഴും അവനെക്കുറിച്ചാണ് അവർ സംസാരിച്ചുകൊണ്ടിരു ന്നത്. തങ്ങളുടെ നിരാശ അവർ പങ്കുവച്ചുകൊണ്ടിരുന്നു. യേശു കൂടി യപ്പോൾ അവനോടും അത് അവർ പങ്കുവച്ചു. ഇങ്ങനെയൊക്കെയാണ് ഉത്ഥാനാനന്തരഘട്ടത്തിലെ ക്രിസ്തീയ ജീവിതം. എന്ത് രസകരമാണ്! അല്ലേ?

യാത്രയിൽ ശിഷ്യർ മാത്രം സംസാരിച്ചുകൊണ്ടിരുന്നാൽ പോരാ. യേശുക്രിസ്തു പറയുന്നതും കേൾക്കണം. അവൻ തന്നെക്കുറിച്ചാണ് പറയുക. മോശയുടെ നിയമവും പ്രവാചകന്മാരെയും സങ്കീർത്തനങ്ങ ളും (പഴയ നിയമം മുഴുവനും) ഉദ്ധരിച്ചാണ് അവൻ സംസാരിക്കുക. അവ അവനെക്കുറിച്ചാണ്. പഴയ നിയമം മുഴുവനും അവനെക്കുറിച്ച് പറയുന്നതിനാലാണ് ക്രിസ്തീയ സഭ അത് വിശുദ്ധ ഗ്രന്ഥമായി ആദ രിക്കുക. പഴയ നിയമം അവനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിന്റെ ക്രിസ്തീയ വ്യാഖ്യാനമാണ് പുതിയ നിയമം. ഇന്ന് (ഉത്ഥാനാനന്തര കാലത്ത്) അവനാണ് ജറുസലേമിലെ അനുഭവങ്ങളും നിരാശയും എല്ലാം പേറി യാത്ര ചെയ്യുന്ന ശിഷ്യരോട് പഴയ നിയമം പറയുന്നതും. ശിഷ്യസംഘ ത്തിൽ ബൈബിളിലെ ഏതു ഭാഗം വായിച്ചാലും അതിലൂടെ സംസാ രിക്കുന്നത് ഉയർത്തെഴുന്നേറ്റ് ശിഷ്യരോടുകൂടെ യാത്ര ചെയ്യുന്ന യേശു ക്രിസ്തുവാണ്. അവനെ കേൾക്കാൻ വിശുദ്ധ ഗ്രന്ഥം വായിക്കുക. അത് വായിക്കുന്നത് ശ്രദ്ധയോടെ ശ്രവിക്കുക.

### വചനം മാത്രം പോരാ; തിരിച്ചറിവിന്റെ വഴിയിൽ

ബൈബിൾ നിരന്തരം വായിക്കുകയും പഠിക്കുകയും ചെയ്താൽ മാത്രം യേശുക്രിസ്തുവിനെ തിരിച്ചറിയാനാവും എന്നു കരുതുന്ന അനേകം ക്രിസ്ത്യാനികളുണ്ട്; ക്രൈസ്തവ സഭാസമൂഹങ്ങളുമുണ്ട്. ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നവനായി ഇന്നും നമ്മൊടൊത്ത് യാത്ര

ചെയ്തുകൊണ്ടിരിക്കുന്ന യേശുക്രിസ്തുവിനെ തിരിച്ചറിയാനുള്ള നമ്മുടെ പ്രയാണത്തിന്റെ ആദ്യഘട്ടം മാത്രമാണ് വചനശ്രവണവും വചനം വായിച്ചറിഞ്ഞ് അവനെക്കുറിച്ചുള്ള പരിചയവും. വചനം കേൾക്കുന്നതിൽ മാത്രം ഒതുങ്ങിയാൽ ഹൃദയം ജ്വലിക്കും; ഹൃദയം ജ്വലിക്കുകയേയുള്ളു. ഹൃദയം ജ്വലിച്ചിരുന്നു എന്ന് തിരിച്ചറിയുന്നത് അവൻ എടുത്ത് വാഴ്ത്തി മുറിച്ചു നല്കിയ അപ്പം സ്വീകരിച്ചതിന്റെ ഫലമായുണ്ടായ തിരിച്ചറിവിന്റെ ഫലമാണ്. അവനെ തിരിച്ചറിയാൻ വചനശ്രവണത്തിന്റെ തുടർച്ചയായി അവൻ ശിഷ്യർക്ക് മുറിച്ച് നല് കുന്ന അപ്പം സ്വീകരിക്കണം. അപ്പം മുറിക്കലിൽ സംബന്ധിക്കണം. ഉത്ഥിതനായ യേശുക്രിസ്തു വചനശുശ്രൂഷയും തുടർന്ന് അപ്പം മുറിക്കലും ശിഷ്യസംഘത്തിൽ തുടർച്ചയായി നടത്തുന്ന ശുശ്രൂഷയാണ് വിശുദ്ധ കുർബാന. ലൂക്കാ 24,13-35 ആദിമ സഭയിലെ വിശുദ്ധ കുർബാനയാഘോഷത്തിന്റെ ഒരു വിവരണമാണ്.

എമ്മാവൂസിലേക്ക് യാത്ര ചെയ്ത ശിഷ്യന്മാർക്ക് യേശുക്രിസ്തുവിനെ തിരിച്ചറിയുന്നതിലേക്ക് ഉയരാൻ ഇടയാക്കിയ സംഗതികിളിൽ ചിലത് മുകളിൽ ചൂണ്ടിക്കാട്ടി. ഇനിയും രണ്ട് സംഗതികൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നു: (ഒന്ന്) ശിഷ്യന്മാർ തങ്ങളോടൊത്ത് യാത്രചെയ്തിരുന്ന യേശുവിന് അപരിചിതനായിരുന്നിട്ടും ആതിഥ്യമേകി. (രണ്ട്) യേശുക്രിസ്തു ആതിഥേയനായി അപ്പം മുറിച്ച് ശിഷ്യർക്ക് നല്കി; അത് അവർ സ്വീകരിച്ചു. ഇവ ബന്ധപ്പെട്ട സംഗതികളാണ്. വചനം പറഞ്ഞും കേട്ടും ഒരുമിച്ച് യാത്രചെയ്തു വരവേ സന്ധ്യയായപ്പോൾ യേശു യാത്ര തുടരുന്നതായി ഭാവിച്ചു. ശിഷ്യന്മാർ പറഞ്ഞു: ഇന്ന് ഞങ്ങളോടൊത്ത് പാർക്കുക. അവൻ അവരുടെ അഭ്യർത്ഥന മാനിച്ചു. അവർ ഒരുമിച്ച് അത്താഴത്തിനിരുന്നു. ശിഷ്യന്മാർ കരുതിയിരുന്ന അപ്പം യേശുവിനും നല്കി അത്താഴം കഴിക്കാനായിരുന്നു പ്ലാൻ. അത്താഴത്തിനിരുന്നപ്പോൾ അതിഥി ആതിഥേയനായി. യേശുക്രിസ്തു അപ്പമെടുത്തു വാഴ്ത്തി മുറി ച്ച് ശിഷ്യർക്ക് നല്കി.

യേശുക്രിസ്തു തന്റെ സേവനയാത്രയ്ക്കിടയിൽ പലപ്പോഴും ചെയ്തിട്ടുള്ളതിന്റെ തുടർച്ചയാണ് എമ്മാവൂസിലെ വീട്ടിൽ ചെയ്തത്. അവന്റെ പ്രേഷിത യാത്രയ്ക്കിടയിൽ പലർ അവനെ വിരുന്നിന് ക്ഷണി ച്ചിട്ടുണ്ട്. അവൻ ആതിഥ്യം സ്വീകരിച്ചിട്ടുമുണ്ട്: ലേവിയുടെ വീട്ടിൽ (ലൂക്കാ 5,29), ഫരിസേയരുടെ ഭവനങ്ങളിൽ (ലൂക്കാ 7,36-50;11,37-54), മാർത്താ-മറിയം സഹോദരിമാരുടെ വീട്ടിൽ (ലൂക്കാ 10,38-42). അതി ഥിയായ യേശു ചിലയിടങ്ങളിൽ ആതിഥേയനെപ്പോലെ പെരുമാറി യിട്ടുണ്ട്. അവൻ തന്റെ കൂടെ പലതരക്കാരെ വിരുന്നിനിരുത്തി. വിശേ ഷിച്ച് മാന്യന്മാരും അന്തസ്സുള്ളവരും നിരാകരിക്കുന്നവരെ (ലൂക്കാ 5,22-27;15,1-2). താൻ പ്രഘോഷിക്കുന്ന ദൈവഭരണം അവർക്ക് സമീപ സ്ഥമായിട്ടുണ്ട് എന്ന് അതുവഴി അവൻ സൂചിപ്പിച്ചു. ദൈവരാജ്യത്തിന്റെ സന്തോഷം



അവർക്ക് പങ്കിട്ടു. ദൈവഭരണം (ദൈവരാജ്യം) അതിവി ദൂരഭാവിയിലെ ഒരു സ്വപ്നമല്ല, അതു തന്നിൽ സാക്ഷാത്കൃതമായിക്ക ഴിഞ്ഞിട്ടുണ്ട് എന്ന് അവർക്ക് അനുഭവമാക്കി. ദൈവരാജ്യത്തിന്റെ സന്തോഷം അവർക്ക് പങ്കുവച്ചു. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ ത്തന്നെയുണ്ട് (ലൂക്കാ 11,20). വിരുന്നിനെ ദൈവരാജ്യവുമായി യേശു ബന്ധപ്പെടുത്തി. ക്രിസ്തീയ പാരമ്പര്യത്തിൽ വിരുന്ന് വെറും ശാപ്പാട് മാത്രമല്ല; വയറു നിറയ്ക്കലിന്റെ മാത്രം പരിപാടിയല്ല. യേശു നല്കുന്ന ദൈവരാജ്യാനുഭവത്തിന്റെ ഒരു പ്രതീകവുമാണ്. യേശു നല്കിയ വിരുന്നുകളും യേശു പങ്കെടുത്ത വിരുന്നുകളും പൂർണ്ണമാക്കിയാണ് അവൻ തന്റെ അന്ത്യത്താഴത്തിൽ അപ്പം മുറിച്ച് ശിഷ്യർക്ക് നല്കിയത്. അതിന്റെ തുടർച്ചയാണ് ഉയർത്തെഴുന്നേറ്റ ശേഷവും ശിഷ്യന്മാർ ഒരുക്കിയ അത്താഴത്തിൽ അവൻ അപ്പമെടുത്ത് വാഴ്ത്തി മുറിച്ച് ശിഷ്യർക്ക് നല്കുക. ദൈവരാജ്യത്തിൽ പൂർത്തിയാകുവോളം യേശുക്രിസ്തു ശിഷ്യരുടെ സമൂഹത്തിൽ തുടരുന്ന പ്രവൃത്തി.

അപ്പം നല്കിയവനെ തിരിച്ചറിയുക സ്വാഭാവികമാണ്. എന്നാൽ എമ്മാവൂസിലെ വീട്ടിൽ സാധാരണ അത്താഴത്തിന്റെ പതിവുകൾക്കപ്പുറം ചിലതൊക്കെ നടന്നല്ലോ. ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യരുടെ കൂടെ നടന്ന് വചനശുശ്രൂഷ നിർവഹിച്ച ശേഷം ശിഷ്യർ നല്കിയ അപ്പംഎടുത്ത് വാഴ്ത്തി മുറിച്ച് ശിഷ്യർക്ക് നല്കുക. ആ അപ്പം സ്വീകരിച്ചു കഴിഞ്ഞപ്പോൾ അവനെ തിരിച്ചറിയാൻ ശിഷ്യർക്ക് കഴിയുക. ആതിഥേയൻ അറിയാത്തവിധം ദൈവം (പ്രതിപുരുഷൻ) സന്ദർശിക്കുകയും വിരുന്നിനു ശേഷം സന്ദർശകനെ തിരിച്ചറിയുകയയും ചെയ്യുന്ന സംഭവങ്ങൾ പഴയ നിയമത്തിലും വിവരിച്ചിട്ടുണ്ട് (ഉല്പ 18,1-16;ന്യായ 6,11-22). ദൈവരാജ്യത്തിൽ പൂർത്തിയാകുവോളം യേശുക്രിസ്തു ശിഷ്യ രുടെ സമൂഹത്തിൽ തുടരുന്ന പ്രവൃത്തി.

യേശുക്രിസ്തുവിന്റെ മഹത്വപ്രവേശം കഴിഞ്ഞ് ശിഷ്യർ അവന്റെ വചനം കേട്ടശേഷം അത്താഴത്തിന് അപ്പമൊരുക്കി അവനെ ക്ഷണിക്കുന്ന വിരുന്ന് ഏതാണ്? അപ്പം മുറിക്കലിന്റെ ശുശ്രൂഷ എന്ന് ആദിസഭ പേരിട്ട വിശുദ്ധ കുർബാന. ശിഷ്യർ ഒരുക്കി വയ്ക്കുന്ന അപ്പം മുറിക്കാൻ മഹത്വീ കൃതനായ യേശു - മഹാപുരോഹിതനായി സ്വർഗ്ഗത്തിലേക്ക് സ്വീകൃതനായ യേശു - (ലൂക്കാ. 24, 50-53) - ആതിഥേയനായി ആഗതനായി പ്രവർത്തിക്കുന്ന അത്താഴവിരുന്നാണ് വിശുദ്ധകുർബാന. മഹത്വത്തിലേക്ക് പ്രവേശിച്ച യേശുക്രിസ്തു ശിഷ്യർ ഒരുക്കിയ അപ്പം മുറിയ്ക്കുന്നതിനു മുമ്പ് തിരിച്ചറിയാനാവാത്ത രൂപത്തിൽ അവരുടെ കൂടെ കൂടി പ്രവാചകന്മാരെ ഉദ്ധരിച്ച് വചനം പഠിപ്പിക്കുകയും വ്യാഖ്യാനിച്ചു തരികയും ചെയ്യുന്നതാണ് വിശേ ഷിച്ച് വിശുദ്ധ കുർബാനയിലെ വചനശുശ്രൂഷ.

ദൈവികപദ്ധതിയനുസരിച്ച് യേശുക്രിസ്തുവിനെയും ശിഷ്യത്വജീവിതത്തെയും പ്രതീക്ഷിക്കുന്നവർക്ക് മാത്രമേ യേശു സംസാരിക്കുന്ന

വചനങ്ങൾ അവന്റേതായി ആദ്യം തൊട്ടേ കേൾക്കാനാകൂ. അല്ലെങ്കിൽ ജീവിതയാത്രയിലാകെ യേശു സംസാരിച്ചും അവനോടു സംസാരിച്ചും കൂടെ നടന്നാലും അവനെക്കുറിച്ച് സംസാരിച്ചുകൊണ്ടു നടന്നാലും വചനത്തിന്റെ ഉടയവനെ തിരിച്ചറിയാനാവില്ല. അവനെ തിരിച്ചറിയാനാവാത്ത വിഷമസന്ധിയിലും ഒരുക്കിവച്ച അപ്പം സ്വീകരിക്കാൻ അവനെ ക്ഷണിക്കുക. അവൻ അദൃശ്യനായി ആഗതനായി അപ്പം എടുത്തു വാഴ്ത്തി മുറിച്ചു നല്കും. ആ അപ്പം സ്വീകരിക്കുമ്പോൾ അവനെ തിരിച്ചറിയുന്നു. വിശ്വാസത്തികവിൽ വിടർന്ന കണ്ണുകളോടെ ശിഷ്യർ അവനെത്തന്നെ നോക്കി നില്ക്കുന്നു. അവന്റെ രണ്ടാം വരവ് അവർക്ക് ആഹ്ലാദമാകുന്നു. തങ്ങളുടെ ഇടയിൽ സമാഗതമായ ദൈവരാജ്യത്തിൽ അവർ ആമോദിക്കുന്നു. അവൻ വഴിനീളെ പറഞ്ഞുതന്ന വചനങ്ങളുടെ പൊരുൾപ്പാളികൾ വിടർന്നു വരുന്നതും നിർന്നിമേഷരായി നേക്കിനില് ക്കുന്നു. വചനത്തിന്റെ അർത്ഥമറിയാൻ മാർഗ്ഗം അവൻ മുറിച്ചു നല് കുന്ന അപ്പം സ്വീകരിക്കുകയാണെന്ന തിരിച്ചറിവും ദാനമാകുന്നു. അപ്പം സ്വീകരിച്ച് അവനെ തിരിച്ചറിഞ്ഞതിന്റെയും വചനത്തിന്റെ അർത്ഥം പതിവിലേറെ ആഴമായി അറിഞ്ഞതിന്റെയും ആഹ്ലാദത്തിൽ ശിഷ്യർ വിരിഞ്ഞ കണ്ണുകളോടെ നിർന്നിമേഷരായി അവനെത്തന്നെ നോക്കിനി ല്ക്കെ അവൻ അപ്രത്യക്ഷനാകുന്നു - വീണ്ടും അവർ അപ്പം ഒരുക്കി ക്ഷണിക്കുമ്പോൾ തിരിച്ചറിവു നല്കാൻ വരാൻ.

ജറുസലേമിന് പുറത്തേക്കുള്ള ശിഷ്യരുടെ യാത്ര പ്രേഷിതയാത്രയുമാണ്. കഥ പര്യവസാനിക്കുന്നത് തങ്ങൾക്കുണ്ടായ ക്രിസ്ത്വനുഭവം സാക്ഷിക്കുന്നതിന് അവർ അപ്പോൾത്തന്നെ എഴുന്നേറ്റ് പോകുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തത് വിവരിച്ചാണല്ലോ (24,33-35).

**യാത്രയുടെ അന്ത്യം**

നാഥാ, ഇനിയും അപരിചിതനായി നീ കൂടെ കൂടാനും നീ വഴിനീളെ വചനം പറഞ്ഞുതരാനും ഞാൻ എമ്മാവൂസിലേക്ക് അടുത്ത യാത്ര തുടങ്ങട്ടെ. അതു നിന്റെ ഉയിർപ്പിന്റെ ജറുസലേമിൽ നിന്നുതന്നെ തുടങ്ങട്ടെ. അപ്പം ഒരുക്കി നിന്നെ ക്ഷണിക്കുമ്പോൾ അതു മുറിക്കാൻ വരാൻ ക്ഷണം കേൾക്കാൻ നിനക്കു ത്വരുതി ഉണ്ടല്ലോ. നീ മുറിച്ചു നല്കുന്ന അപ്പം സ്വീകരിച്ച് നിന്നെ തിരിച്ചറിഞ്ഞുകഴിയുമ്പോൾ നീ അപ്രത്യക്ഷനായാലും നിന്നെ ഞാൻ കണ്ടുകൊണ്ടിരിക്കും. നിന്നെക്കുറിച്ച് എന്റെ സഹോദരങ്ങളോട് പറഞ്ഞുകൊണ്ടിരിക്കും.

# 7 സ്ത്രീസ്വാതന്ത്ര്യത്തിന്റെ ക്രിസ്തീയ സുവിശേഷം

സമകാലീനങ്ങളായിരുന്ന സ്ഥലകാലസാമൂഹ്യ ചുറ്റുപാടുകളും പശ്ചാത്തലവും പരിഗണിക്കുമ്പോൾ സ്ത്രീത്വത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും ഉദാത്തവത്കൃതമായ സ്ത്രീത്വത്തെ അവതരിപ്പിക്കാനും പുതിയ നിയമ ഗ്രന്ഥകാരന്മാർ അത്യധികം ശ്രദ്ധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എവ്വിധവും മുമ്പിൽ നില്ക്കുന്നത് ലൂക്കായാണ്. അതിനാൽ ഈ ലേഖനത്തിൽ ലൂക്കായുടെ സ്ത്രീസ്ങ്കല്പം ആദ്യം മറ്റുള്ളവരുടേതിനെക്കാൾ ദീർഘമായി ചർച്ച ചെയ്യുന്നു. സ്ത്രീസങ്കല്പവിഷയത്തിൽ ഏറെ ഏറുകൊള്ളുന്ന പുതിയ നിയമ ഗ്രന്ഥകാരനാണ് പൗലോസ്. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ സ്ത്രീകളോടും സ്ത്രീകളെക്കുറിച്ചുമുള്ള പരാമർശങ്ങളും നിർദ്ദേശങ്ങളും അവയുടെ സന്ദർഭങ്ങളും ബൈ ബിൾപരമായ അർത്ഥതലങ്ങളും പരിഗണിച്ച് സംക്ഷിപ്തമായി വിശദമാക്കുന്നു. മറ്റ് സുവിശേഷകന്മാരും സ്ത്രീകളുടെ അന്തസ്സിനുവേണ്ടി നിലകൊള്ളുന്ന രീതിയിൽ നേരിട്ടല്ലാതെയെങ്കിലും സുവിശേഷസംഭവങ്ങൾ ചേർത്തിട്ടുണ്ട്. അവയും ചുരുക്കിയെങ്കിലും വ്യക്തമാക്കാൻ ശ്രമിക്കുന്നു. പുതിയ നിയമ ഗ്രന്ഥകാരന്മാരുടെ രചനകളിൽ പ്രതിഫലിക്കുന്നത് ആദിസഭയുടെ (സഭകളുടെ) ദർശനമാണ്. സഭയ്ക്ക് അത് ലഭിച്ചത് യേശുക്രിസ്തുവിൽ നിന്നും അവന്റെ അടുത്ത സഹപ്രവർത്തകരായിരുന്ന അപ്പോസ്തലന്മാരിൽ നിന്നുമാണ്. സ്ത്രീത്വത്തെയും സ്ത്രീകളെയും സംബന്ധിച്ച് യേശുക്രിസ്തുവിന്റെ അടിസ്ഥാന കാഴ്ചപ്പാട് ഈ വിഷയത്തിൽ പഴയ നിയമത്തിന്റെ അടിസ്ഥാനവിചാരം തന്നെയാണ്. അത് ലേഖനത്തിൽ അവസാനം ചർച്ച ചെയ്യുന്നു.

**മതപരവും സാമൂഹികവുമായ ചുററുപാടുകൾ**

യേശുവിന്റെയും പുതിയ നിയമ ഗ്രന്ഥകാരന്മാരുടെയും സമകാലീനങ്ങളായിരുന്ന മതപരവും സാമൂഹ്യവുമായ വ്യവസ്ഥിതികളിൽ സ്ത്രീകൾ ഏറെക്കുറെ അവമതിക്കപ്പെട്ടിരുന്നു. യഹൂദരുടെ വ്യവസ്ഥിതിയെടുക്കാം: ശങ്കയില്ലാതെ പൊതുസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടാൻ സ്ത്രീകൾക്കു സ്വാതന്ത്ര്യമില്ലായിരുന്നു. "നീ എന്നെ ഒരു സ്ത്രീയായി സൃഷ്ടിക്കാത്തതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു" എന്ന് ഭക്തനായ യഹൂദൻ നിത്യവും പ്രാർത്ഥിച്ചിരുന്നു. സ്ത്രീകൾക്ക് ആത്മാവ് ഇല്ലെന്നും സ്വർഗ്ഗത്തിൽ പോകാനാവില്ലെന്നുമായിരുന്നു അവരുടെ സ

ങ്കല്പം. അതിന്റെ ചുവട്ടിൽ മുളച്ചതാണ് മേല്പറഞ്ഞ ദൈവസ്തുതി. പാചകം രുചികരമായില്ലെന്ന കാരണം കൊണ്ടും ഭാര്യയെ മൊഴിചൊല്ലാമെന്നു വാദിച്ചിരുന്ന യഹൂദ റബ്ബിമാരും ഉണ്ടായിരുന്നു എന്നറിയുക. ഇല മുള്ളേൽ വീണാലും മുള്ള് ഇലേൽ വീണാലും ഇലയ്ക്കുതന്നെ കുററം എന്ന നിയമചക്രം. പൊതുവെ പഞ്ഞാൽ യേശുവിന്റെയും പുതിയ നിയമ രചയിതാക്കളുടെയും കാലത്ത് യഹൂദരുടെയിടയിൽ സ്ത്രീകൾ ചൂഷിതരും പീഡിതരുമായിരുന്നു. റോമൻ വ്യവസ്ഥിതിയിലും സ്ത്രീകളുടെ സ്ഥിതി തഥൈവ. തനിക്കു ജനിച്ചത് പെൺകുഞ്ഞാണെന്ന് അറിഞ്ഞപ്പോൾ അതിനെ കാലുകൊണ്ട് തൊഴിച്ചെറിഞ്ഞ റോമൻ ചക്രവർത്തിയുടെ പെരുമാററം റോമൻ സമൂഹത്തിൽ സ്ത്രീകളോടുണ്ടായിരുന്ന മനോഭാവത്തെപ്പററി ഏറെ പറയുന്നതാണല്ലോ. ഇതിന് അപവാദങ്ങളില്ലായിരുന്നു എന്നല്ല. യഹൂദ, ഗ്രേക്കോ-റോമൻ സമൂഹങ്ങളിലെല്ലാം ഉന്നത നിലകളിൽ ശോഭിച്ച സ്ത്രീകളുണ്ടായിരുന്നു. പൊതുവെ പുരുഷകേന്ദ്രീയതയും പുരുഷക്കോയ്മയും ഭരണം നടത്തിയിരുന്ന വ്യവസ്ഥിതിയിലാണ് യേശുവും പുതിയ നിയമ രചയിതാക്കളും സുവിശേഷം അറിയിച്ചിരുന്നത്.

യഹൂദ, ഗ്രീക്കോ-റോമൻ സാമൂഹ്യവ്യവസ്ഥിതികളിലേതിലും കഷ്ടതരമായിരുന്നു ക്രിസ്തുവർഷാരംഭത്തിൽ ഇന്ത്യയിലെ സ്ത്രീകളുടേത്. സമീപകാലത്ത് ഇന്ത്യയിലുണ്ടായ ഭരണഘടനാഭേദഗതികൾ സ്ത്രീകളുടെ സ്ഥാനമാനങ്ങൾ നിയമപരമായി വളരെയേറെ ഉയർത്തി. സ്ത്രീകളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിലും സമീപനത്തിലും ശുഭോദർക്കമായ മാററങ്ങളുണ്ടായിട്ടുണ്ട്. ഇന്ത്യയിലെ മററ് സംസ്ഥാനങ്ങൾക്കൊന്നിനും അവകാശപ്പെടാനില്ലാത്തവിധം കേരളത്തിൽ സാമൂഹ്യമായി സ്ത്രീയുടെ നില ഉയർന്നിട്ടുണ്ട് [സൂര്യമൂർത്തി - രഞ്ജിനി, ''സ്ത്രീവാദസാമൂഹികശാസ്ത്രം,'' ജാൻസി ജെയിംസ് (ചീഫ് എഡിറ്റർ), *ഫെമിനിസം* I (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000) പുറ 23-39]. ഈ ഉയർച്ചയ്ക്ക് പ്രധാന പങ്ക് വഹിച്ചത് ക്രിസ്തീയ മിഷണറിമാരുടെ നേതൃത്വത്തിൽ സഭ നടത്തിയ വിദ്യാഭ്യാസപ്രവർത്തനങ്ങളാണ്.

എന്നിരുന്നാലും പുരുഷമേധാവിത്തവും പുരുഷകേന്ദ്രീയതയും ബലപ്പെടുത്തുന്ന സാമൂഹിക ചുററുപാടുകളാണ് ഇന്നുമുള്ളത്. ഒരു തരം സ്ത്രീവിരുദ്ധതയുടെ അടിയൊഴുക്ക് എല്ലാ മണ്ഡലങ്ങളിലുമുണ്ട്. അത് മാധ്യമങ്ങളുടെ "സ്ത്രീപക്ഷ" പ്രചാരണങ്ങളിൽപ്പോലുമുണ്ട്. അവയുടെ താത്പര്യം സെൻസേഷണൽ പ്രാധാന്യമുള്ള കഥകളിലൊതുങ്ങിനില്ക്കുന്നു [മിനി സുകുമാർ, ''സ്ത്രീകളും മാദ്ധ്യമങ്ങളും,'' ജാൻസി ജെയിംസ്, *ഫെമിനിസം* I, 149-162].

റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ത്രീപീഡനക്കഥകളുടെ സംഖ്യ ഏറെപ്പെരുകിയിട്ടുണ്ട്. അമ്മയുടെ ഗർഭപാത്രത്തിൽ കൊലചെയ്യപ്പെടുന്ന



പെൺശിശുക്കളുടെ എണ്ണവും ഏറിയിട്ടുണ്ടെന്നല്ലാതെ കുറഞ്ഞിട്ടുണ്ടെന്നു കരുതാൻ ന്യായം കാണുന്നില്ല. സ്ത്രീ-പുരുഷ അനുപാതത്തിൽ സ്ത്രീകളുടെ സംഖ്യ നാൾക്കുനാൾ കുറഞ്ഞുവരുന്നത് അമ്മയുടെ ഗർഭപാത്രത്തിൽ പെൺഭ്രൂണങ്ങൾ ഉരുവാകാഞ്ഞല്ലെന്ന് ആർക്കാണറിയാത്തത്? ജനിച്ചയുടനെ രണ്ടു തുള്ളി വിഷക്കറ കുരുന്നുനാവിൽ ഇററിച്ച് നിത്യനിദ്രയിലേയ്ക്ക് ആനീതരാകുന്ന പെൺകുരുതിക്കുരുന്നുകൾ ആണ്ടിപ്പെട്ടിയിൽ മാത്രമല്ലെന്ന് ആർക്കാണറിയാത്തത്? ഭ്രൂണഹത്യ നിയമപരമാക്കിയ ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന് തെരഞ്ഞുപിടിച്ചു നടത്തുന്ന പെൺഭ്രൂണഹത്യയുടെ അപരാധക്കൂട്ടിൽ നിന്ന് തല നീട്ടി ഇറങ്ങിപ്പോരാനാവുമോ? കടുത്ത യാഥാസ്ഥികതയിലേക്കോ സ്ത്രീശരീരത്തിന്റെയും സ്ത്രീ സൗന്ദര്യത്തിന്റെയും വ്യാവസായികമായ ചൂഷണത്തിലേക്കോ നയിക്കുന്നതാണല്ലോ ഇന്നത്തെ സാമൂഹിക കമ്പോളക്രമനീക്കങ്ങൾ. ഇങ്ങനെയൊക്കെയുള്ള സാഹചര്യത്തിൽ ഇവിടെയുമെവിടെയും ക്രിസ്തീയ സുവിശേഷത്തിന്റെ സ്ത്രീസങ്കല്പത്തിന് പ്രസക്തിയുണ്ട്. 2000 വർഷങ്ങൾക്കപ്പുറത്തെ സാഹചര്യത്തിൽ സ്ത്രീയെക്കുറിച്ചുള്ള ക്രിസ്തുസുവിശേഷത്തിന്റെ നിലപാട് വിപ്ളവകരമായിരുന്നെന്ന് പുതിയ നിയമം ആഴമായി പഠിക്കുന്നവർക്ക് കാണാനാവും.

സാന്ദർഭികമായി പറയട്ടെ, ബൈബിളിലെ പുതിയ നിയമം സാക്ഷിക്കുന്ന ക്രിസ്തുസുവിശേഷം സ്ത്രീത്വത്തെ ഉദാത്തവത്കരിച്ചിട്ടുള്ളത് കാണാൻ കേരളത്തിലെ "ഒരു സംഘം" പെൺപക്ഷ (ഫെമിനിസ്ററ്) പണ്ഡിതകൾക്ക് ഇതുവരെ പ്രാപ്തി വന്നിട്ടില്ലെന്നു തോന്നുന്നു. ഡോ. ജാൻസി ജെയിംസിന്റെ നേതൃത്വത്തിൽ "ഒരു സംഘം ലേഖകർ" സംവിധാനം ചെയ്ത് കേരളഭാഷാ ഇൻസ്ററിററ്യൂട്ട് 2000ൽ പ്രസിദ്ധീകരിച്ചതാണല്ലോ മുൻപേജിൽ ഉദ്ധരിച്ചിട്ടുള്ള *ഫെമിനിസം* എന്ന ഗ്രന്ഥം. അതിൽ പി. ഗീതയുടെ "സ്ത്രീസങ്കൽപ്പം: മതങ്ങളുടെ കാഴ്ചപ്പാടിൽ" (പുറ. 72 –95) എന്ന ലേഖനത്തിൽ ക്രിസ്തുമതത്തിന്റെ സ്ത്രീസങ്കൽപ്പം സ്ഥലപരിമിതിക്കുള്ളിൽ ചുരുക്കി ലേഖികയുടെ സങ്കല്പമനുസരിച്ച് ചർച്ചചെയ്യുന്നു. പെൺപക്ഷപരമായ അനേകം രചനകൾ പഠിച്ചും അപഗ്രഥിച്ചുമാണ് ലേഖിക തന്റെ ലേഖനം രചിച്ചിട്ടുള്ളത്. ഗ്രന്ഥസൂചിയിൽ 66 കൃതികളുടെ പട്ടികയുണ്ട്. പക്ഷേ ക്രിസ്തുസുവിശേഷം സ്ത്രീത്വത്തെ ശ്രേഷ്ഠതരമാക്കിയിട്ടുള്ളത് നല്ലൊരളവിൽ വിശദമാക്കി ഫിയൊറെൻസാ ഷ്യൂയ്സ്ലെറെപ്പോലെയുള്ള മഹതികൾ എഴുതി പടിഞ്ഞാറൻ നാടുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളിൽ നിന്നോ ഇന്ത്യൻ കൃതികളിൽനിന്നോ ഒരൊററ രചന പോലുമില്ല പി. ഗീതയുടെ ഗ്രന്ഥസൂചിയിൽ. (ഇന്ത്യൻ കൃതികളുടെ ചില ഉദാഹരണങ്ങൾ: R.J. Raja , *You Are Free: Women in the New Testament* (Banglore, 1993); Prasanna Kumari (ed), *A Reader*

*in Feminist Theology*. Women's Studies series 2 (Madras: Madras Gurukul Publications, 1993; കൂടാതെ ആനുകാലികങ്ങളിൽ നിരവധി ലേഖനങ്ങൾ)

പുതിയ നിയമത്തിലെ ഒററപ്പെട്ട ഉപദേശക്കുറിപ്പുകളെ സാഹചര്യവും സന്ദർഭവും വേദകൃതിയിൽ അവയുടെ അർത്ഥവും പരിഗണിക്കാതെ സാമാന്യവത്ക്കരിച്ചാണ് പി. ഗീത ക്രിസ്തുമതത്തിലെ സ്ത്രീസങ്കല്പത്തെക്കുറിച്ച് തന്റെ മേല്പ്പറഞ്ഞ ലേഖനത്തിൽ എഴുതയിരിക്കുന്നത്. അതുപോലെ തന്നെ പഴയ നിയമത്തിലെ സ്ത്രീ സങ്കല്പത്തെക്കുറിച്ചുള്ളതും ഭാഗികവും നിഷേധാത്മകത മാത്രം പെരുപ്പിച്ചുള്ളതുമാണ്. ബൈബിളിലെ സ്ത്രീസങ്കല്പത്തെക്കുറിച്ച് ശാസ്ത്രീയമായി ഒന്നും പഠിക്കാതെ എഴുതിയ ലേഖികയായ പി. ഗീതയും അവരുടെ പക്ഷക്കാരായ ഒരുപറ്റം ലേഖകരും കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും ഇക്കാര്യത്തിൽ ക്രിസ്തീയ മതത്തെ അവഹേളിച്ചിരിക്കുകയാണ്. ബൈബിളിന്റെ അങ്ങുമിങ്ങും നിന്ന് സ്ത്രീയെ പരാമർശിക്കുന്ന ചില ഭാഗങ്ങൾ കോങ്കണ്ണിനാൽ ഉപരിപ്ളവമായി മാത്രം കണ്ടിട്ട് ലേഖിക ക്രിസ്തുമതത്തിന്റെ സ്ത്രീസങ്കല്പത്തെക്കുറിച്ചുള്ള തന്റെ വിധിതീർപ്പ് അവസാനം രേഖപ്പെടുത്തുന്നു: "ഇത്തരം സുഭാഷിതങ്ങളിലൂടെ പഴയ നിയമവും പുതിയ നിയമവും സ്ത്രീയെ രണ്ടാം തരക്കാരിയായി പ്രാന്തവൽക്കരിച്ചിട്ടുണ്ട്" (പുറം 87). ക്രിസ്തുമതത്തിന്റെ സ്ത്രീസങ്കല്പത്തെക്കുറിച്ചുള്ള പ്രസ്തുത ചർച്ചയുടെ ആരംഭഖണ്ഡിക വിഷയത്തെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയും കോങ്കണ്ണിത്തരവും ചേർന്ന് പാസ്സാക്കിയ ചില കേവലപ്രസ്താവനകളുടെ കൺകെട്ടുകാഴ്ചയാണ്. അത് ക്രിസ്തുമത്തിന്റെ സ്ത്രീസങ്കല്പത്തെക്കുറിച്ചുള്ള ഒരു ആധികാരിക പഠനം അല്ലെങ്കിൽ പണ്ഡിത ലേഖനംപോലെ എഴുന്നള്ളിക്കാനുള്ള ധൈര്യം ഡോ. ജാൻസി ജെയിംസിന്റെ നേതൃത്വത്തിൽ ഒരു സംഘം ലേഖകർക്ക് ഉണ്ടായത് കഷ്ടമായിപ്പോയി. സങ്കടവും പ്രധിഷേധവും ഉണ്ട്.

പഴയ നിയമത്തിലും പുതിയ നിയമത്തിലുമുള്ള മൗലികമായ സ്ത്രീ സങ്കല്പങ്ങളും അവ സ്വീകരിച്ച സംഘടിത മത-സമുദായങ്ങൾ കൈകാര്യം ചെയ്തെടുത്ത സ്ത്രീ സങ്കല്പവും വ്യവച്ഛേദിച്ചറിയണം. രണ്ടും ബൈ ബിളിൽ (പ്രത്യേകിച്ച് പഴയ നിയമത്തിൽ) കാണാം. രണ്ടാമത്തേതിന്റെ തിരുത്തൽശക്തിയായി ആദ്യത്തേത് നിലനില്പുണ്ട്. അതിന്റെ വെളിച്ചത്തിൽ സ്ത്രീത്വത്തെ പുനരുദ്ധരിക്കുന്ന പ്രേഷിതപ്രവൃത്തി തുടരുക സഭയുടെ ദൗത്യമാണ്. അത് പൂർണ്ണമായി നിറവേററപ്പെട്ടോ എന്നത് വേറെ കാര്യം. എന്തായാലും പി. ഗീത ക്രിസ്തുമതത്തിലെ സ്ത്രീസങ്കല്പത്തെക്കുറിച്ചു പറയാൻ മേപ്പടി ലേഖനത്തിലെടുത്ത സമീപനവും അതിൽ പറഞ്ഞിരിക്കുന്നതിൽ ഏറെയും അബദ്ധങ്ങളാണ്.

### ലൂക്കായുടെ സാക്ഷ്യം

പുതിയ നിയമത്തിലെ മൂന്നാമത്തെ സുവിശേഷവും അപ്പോസ്തലപ്രവർത്തനങ്ങളും (അപ്പ) ലൂക്കായുടെ ഒരു കൃതിയുടെ രണ്ടു വാ



ല്യങ്ങളാണ്. "സകല മനുഷ്യരും ദൈവത്തിന്റെ രക്ഷകാണും" എന്നതാണ് ദൈവത്തിന്റെ പദ്ധതി (ലൂക്കാ 3,6;ഏശ 40,5). അത് യേശുക്രിസ്തുവിൽ പൂർത്തിയായതിന്റെ വിവരണമാണ് ലൂക്കാ എഴുതിയിട്ടുള്ളത്. പ്രാരംഭം മുതല്ക്കേ എല്ലാ കാര്യങ്ങളും സൂക്ഷ്മമായി പരിശോധിച്ചതിനുശേഷമാണ് എഴുതിയിട്ടുള്ളത്.. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുമെന്ന ദൈവിക പദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയായത് "നമ്മുടെയിടയിൽ നിറവേറി"യതാണ് (ലൂക്കാ 1,1-4). അതിന്റെ ഭാഗമായി അനേകം കാര്യങ്ങൾ "നമ്മുടെയിടയിൽ നിറവേറി."

സകല മനുഷ്യരും ദൈവത്തിന്റെ രക്ഷകാണുമെന്ന ദൈവിക പദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയായതിന്റെ, നമ്മുടെയിടയിൽ നിറവേറിയതിന്റെ, ഭാഗ്യം സ്ത്രീകൾക്കും ലഭിച്ചു. ഈ വസ്തുതയ്ക്ക് ലൂക്കാ അന്യാദൃശ്യമായ പ്രാധാന്യം നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ലൂക്കാ പുതിയ നിയമത്തിലെ മറ്റെല്ലാ ഗ്രന്ഥകാരന്മാരെയും ബഹുദൂരം പിന്നിലാക്കുന്നു. യേശുക്രിസ്തുവിൽ പൂർത്തിയായ ദൈവത്തിന്റെ സാർവജനീനരക്ഷാകര പദ്ധതിയിൽ സ്ത്രീകൾക്ക് സ്ഥാനവും ഭാഗഭാഗിത്തവുമുണ്ട്. അവർ അതിന്റെ ഗുണഭോക്താക്കളും പ്രചാരകരുമാണ്. ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷാകര പദ്ധതിയുടെ സാർവത്രികതയെക്കുറിച്ചുള്ള ലൂക്കായുടെ ദർശനത്തിന്റെ ഭാഗമാണ് സ്ത്രീകളെക്കുറിച്ചുള്ള കാഴ്ചപ്പാട്. ദരിദ്രരോടുള്ള ക്രിസ്തുസുവിശേഷത്തിന്റെ വിശിഷ്ടമായൊരു അംശമാണ് ലൂക്കായുടെ സ്ത്രീദർശനം.

### ഏറെ സ്ത്രീകഥാപാത്രങ്ങൾ

ലൂക്കായുടെ ഇതിവൃത്തം (ചർച്ചചെയ്യുന്ന കഥ) ദൈവത്തിന്റെ സാർവ്വത്രികരക്ഷാകര പദ്ധതി യേശുക്രിസ്തുവിൽ പൂർത്തിയായി എന്നതാണെന്ന് പ്രാരംഭത്തിൽ ചൂണ്ടിക്കാട്ടിയല്ലോ. ആ കഥ വളരെ നാടകീയമായി അവതരിപ്പിക്കുകയാണ് ലൂക്കാ. ഇതിവൃത്തം അനാവരണം ചെ യ്യാൻ അനേകം പ്രമേയങ്ങളും രംഗങ്ങളും കഥാപാത്രങ്ങളും സാഹിതീയസാങ്കേതിക തന്ത്രങ്ങളും ലൂക്കാ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കഥാപാത്രസൃഷ്ടിയിൽ കഥാകാരന്റെ സാമൂഹ്യ ,സാംസ്കാരിക നിലപാട് നന്നേ പ്രതിഫലിക്കുമല്ലോ.

യേശുക്രിസ്തുവിൽ പൂർത്തിയായ രക്ഷാചരിത്രത്തിന്റെ വിവരണത്തിൽ വളരെയേറെ സ്ത്രീകൾക്ക് ലൂക്കാ ഇടം നല്കിയിട്ടുണ്ട്. ഒന്നാം വാല്യമായ സുവിശേഷത്തിൽ സ്ത്രീകഥാപാത്രങ്ങൾ താഴെപ്പറയുന്ന ക്രമത്തിൽ പ്രത്യക്ഷപ്പെടുന്നു.

ഏലിസബേത്ത് (1,39-45.57-60)
യേശുവിന്റെ അമ്മ മറിയം (1,26-56;2,5-6.19)
പ്രവാചിക ഹന്ന (2,36-38)
സറെപ്തായിലെ വിധവ (4,25-26;1 രാജ 17,1.8-16)

പത്രോസിന്റെ അമ്മായിയമ്മ (4,38-39;മർക്കോ 1,29-34;മത്താ 8,14-17)
നയിനിലെ വിധവ (7,11-15)
യേശുവിൽ നിന്ന് പാപക്ഷമ ലഭിച്ചതിന് പ്രതിസ്നേഹം പ്രകടിപ്പിച്ച പാപിനി (7,36-50)
യേശുവിനെ ശുശ്രൂഷിക്കയും അനുഗമിക്കയും ചെയ്ത സ്ത്രീകൾ (8,1-3;23,49)
രക്തസ്രാവക്കാരിയും ജായ്റോസിന്റെ മകളും (8,40-56;മർക്കോ 5,21-43; മത്താ 9,18-20)
മർത്തയും മറിയവും (10,38-42)
യേശുവിന്റെ അമ്മയുടെ ഭാഗ്യാവസ്ഥ പ്രഖ്യാപിച്ച സ്ത്രീ (11,27-28)
സാബത്തിൽ യേശു സുഖമാക്കിയ കൂനി (13,10-17)
മാവിൽ പുളിപ്പ് വച്ച സ്ത്രീ (ഉപമ) (13,20-21)
കാണാതായ നാണയം അന്വേഷിച്ച് കണ്ടെത്തി സന്തോഷിക്കുന്ന സ്ത്രീ (ഉപമ) (15,8-10)
നീതി നടത്തിക്കിട്ടാൻ ന്യായാധിപനെ അലട്ടിയ വിധവ (ഉപമ) (18,1-8)
ദേവാലയ ഭണ്ഡാരത്തിൽ ചെറുനാണയമിട്ട സ്ത്രീ (21,1-4;മർക്കോ 12,41-44)
പത്രോസിനെ ചൂണ്ടിക്കാണിച്ച പരിചാരിക (22,56-57;മർക്കോ 14,66-68)
യേശു കുരിശും വഹിച്ചുകൊണ്ട് പോകുമ്പോൾ കണ്ടുമുട്ടിയ സ്ത്രീകൾ (23,27-31)
യേശുവിനെക്രൂശിക്കുന്നതും അവൻ കുരിശിൽ ജീവൻ വെടിയുന്നതുമെല്ലാം കണ്ട സ്ത്രീകൾ (23,49)
യേശുവിന്റെ കല്ലറയ്ക്കലെത്തിയ സ്ത്രീകൾ
യേശുവിന്റെ ഉയർപ്പുവാർത്ത അറിയിച്ച സ്ത്രീകൾ (24,1-12;മർക്കോ 16,1-8;മത്താ 28,1-8)

ഈ സ്ത്രീകഥാപാത്രങ്ങളിൽ ഏറിയ പങ്കും ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ളവരാണ്. അത് ബ്രാക്കററിൽ കൊടുത്തിട്ടുള്ളതിൽ നിന്ന് മനസ്സിലാക്കാമല്ലോ. രണ്ട് ഉപമകളിലെ കഥാപാത്രങ്ങളും (കാണാതായ നാണയമന്വേഷിച്ചവളും ന്യായാധിപനെ അലട്ടിയ വിധവയും) പഴയ നിയമത്തിൽ നിന്ന് യേശു ഉദ്ധരിക്കുന്ന സറെപ്തായിലെ വിധവയും ഒഴിച്ചുള്ളവരെല്ലാം യേശുവിനോടും അവന്റെ ശുശ്രൂഷയോടും നേരേ ബന്ധപ്പെട്ടവരാണ്. അപ്പ. പ്രവർത്തനങ്ങളിൽ പേരെടുത്തു പറയുന്ന സ്ത്രീകൾ കുറവാണ്. അവിടെ സ്ത്രീകളെയും യേശുക്രിസ്തുവിൽ വിശ്വസിച്ചവരുടെ/ശിഷ്യരുടെ കൂട്ടത്തിൽപ്പെടുത്തിയിരിക്കയാണ്. എങ്കിൽത്തന്നെ സന്മാതൃകകളായ പല സ്ത്രീകളെയും പേരെടുത്തു പറഞ്ഞ് അവതരിപ്പിച്ചിട്ടുണ്ട്. യോപ്പായിലെ തബീത്തയും (അപ്പ 9,36-42) ഫിലിപ്പിയിലെ ലിദിയായും (അപ്പ 16,11-24) ആഥൻസിലെ അരയോപ്പഗസ്സുകാരിയായ ദമാറീസും (അപ്പ 17,34) അങ്ങനെയുണ്ട്. ദുർമാതൃകയായിത്തീർന്ന സഫീറയുടെയും (അപ്പ 5,7-11) ഭാവിഫലം പ്രവചിച്ച് തന്റെ ഉടമസ്ഥന്മാർക്ക് സാമ്പത്തിക നേട്ടമുണ്ടാക്കിക്കൊടുത്തിരുന്ന ഫിലിപ്പിയിലെ പെൺകുട്ടിയുടെയും (അപ്പ 16) കഥകളുമുണ്ട്.



## സ്ത്രീ-പുരുഷ യുഗ്മകങ്ങൾ

ലൂക്കായുടെ രക്ഷാചരിത്ര വിവരണത്തിൽ പലയിടത്തും "പുരുഷന്മാരും സ്ത്രീകളും" (അപ്പ 5,14;8,3.12;9,2) എന്നും "സ്ത്രീകളും പുരുഷന്മാരും" എന്നും (അപ്പ 17,12;18,26) യുഗ്മകങ്ങൾ ഉണ്ട്. സ്ത്രീപുരുഷ സമാന്തരതയുടെ സുവ്യക്തമായൊരു പ്രയോഗമാണിത്. വിവരണത്തിലാകെ സ്ത്രീകളെയും പുരുഷന്മാരെയും കഥാപാത്രങ്ങളായി സമാന്തരകഥകളിൽ അവതരിപ്പിക്കുന്നു. അത് സുവിശേഷത്തിൽ കൂടുതൽ പ്രകടവും സർവ്വസാധാരണവുമാണ്. മിക്കപ്പോഴും പ്രസ്തുത സമാന്തര കഥകൾ ചേർന്ന് ഒരു ഏകകം (ഖണ്ഡം) സൃഷ്ടിക്കുന്നു. ഉദാഹരണങ്ങൾ ഏറെയുണ്ട്:

### സുവിശേഷത്തിൽ:

സഖറിയാസ് - മറിയം (1,5-38)
ശിമയോൻ - ഹന്ന (2,25-38)
സറെപ്തായിലെ വിധവ - നാമാൻ (4,25-26.27)
കഫർണാമിലെ പിശാചുബാധിതൻ - പത്രോസിന്റെ അമ്മായിയമ്മ (4, 31-37.38-41) (ഈ രണ്ടു കഥകളും അവസാനിക്കുന്നിടങ്ങളിലെ സമാന്തരങ്ങളും ശ്രദ്ധാർഹമാണ്)
ശതാധിപന്റെ ഭൃത്യൻ - വിധവയുടെ മകൻ (7,1-1.11-17 : ശതാധിപന്റെ ഭൃത്യൻ ആസന്നമരണൻ; വിധവയുടെ മകൻ മരിച്ചവൻ. ഈ കഥകളിൽത്തന്നെ ശതാധിപനും മരിച്ചു) വിധവയും സമാന്തര പുരുഷ-സ്ത്രീ കഥാപാത്രങ്ങളാണ്)
ഗരസേനയിലെ പിശാചു ബാധിതൻ - രക്തസ്രാവക്കാരിയും ജായ്റോസിന്റെ മകളും (8,27-39.40-56).
നിത്യജീവന്റെ മാർഗ്ഗമന്വേഷിച്ച നിയമജ്ഞനും നല്ല ശമറായനും - മാർത്തായും മറിയവും (10,25-37.38-42)
മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ - കൂനി (13,6-9.10-17)
കടുകുമണി പാകിയവൻ - പുളിപ്പുവച്ച സ്ത്രീ (13,18-19.20-21)
നഷ്ടപ്പെട്ട ആടിനെ കണ്ടുകിട്ടി സന്തോഷിക്കുന്ന ഇടയൻ - നഷ്ടപ്പെട്ട നാണയം കണ്ടുകിട്ടി സന്തോഷിക്കുന്ന സ്ത്രീ (15,3-7.8-10)
മനുഷ്യപുത്രന്റെ വരവിൽ എടുക്കപ്പെടുന്ന പുരഷൻ - സ്ത്രീ (17,34 -35)
ന്യായാധിപനും - വിധവയും (18,1-8)
ന്യായാധിപനെ അലട്ടിയ വിധവ - ദേവാലയത്തിൽ പ്രാർത്ഥിച്ച ഫരിസേയനും ചുങ്കക്കാരനും (18,1-8.9-19)

യേശുവിന്റെ ഉത്ഥാനവാർത്ത വിശ്വസിച്ച സ്ത്രീകൾ - വിശ്വസിക്കാത്ത പുരുഷന്മാർ (23,55-24,12.13-15)
അപ്പ.പ്രവർത്തനങ്ങളിൽ:-
അനനിയാസ് - സഫീറ (5,1-6.7-11)
ഐനെയാസ് -തബീത്ത (9,32-35.36-42) (ശ്രദ്ധാർഹമായ സമാന്തരതകളോടെയാണ് രണ്ടുപേരുടെയും കഥകൾ അവസാനിപ്പിക്കുക ഫിലിപ്പിയിലെ ലിദിയായും ഭാവിഫലം പ്രവചിച്ചിരുന്ന പെൺകുട്ടിയും - ജയിലിലെ പാറാവുകാരനും (16,11-24.25-34) അരയോപ്പഗസുകാരായ ഡയനീഷ്യസും ദമാറീസും (17,34)

പുരുഷന്മാരെയും സ്ത്രീകളെയും ജോഡികളായ കഥാപാത്രങ്ങളായി അവതരിപ്പിക്കുക പുതിയ നിയമത്തിൽ ലൂക്കായുടെ ഒരു രചനാസവിശേഷതയാണ്. അത് ഒരു സംവിധാന തന്ത്രവുമാണ്. സമാന്തരതയിൽത്തന്നെ ഒരു ദ്വിത്വം അന്തർഭവിച്ചിട്ടുണ്ടല്ലോ. യഹൂദ നിയമപ്രകാരം സാക്ഷ്യത്തിൻെറ സാധുതയെ ബലപ്പെടുത്തുന്ന ധർമ്മവുമുണ്ട് ഇരട്ടകൾക്ക്. രണ്ടുപേരുടെ സാക്ഷ്യം സത്യമെന്ന് സ്വീകാര്യമാകാൻ സാധ്യതയുണ്ട് (സംഖ്യ 35,30;നിയമ 19,15). സാക്ഷ്യത്തിന്റെ വിശ്വസനീയതയ്ക്ക് രണ്ടു പേരുടെയെങ്കിലും സാക്ഷ്യം വേണമെന്ന പരമ്പരാഗതവും അംഗീകൃതവുമായ മാനദണ്ഡമെന്ന നിലയ്ക്ക് ഇരട്ടകളോടുള്ള ലൂക്കായുടെ ഇഷ്ടം കാണാം. പക്ഷേ അതു മാത്രമല്ല. സാക്ഷ്യത്തിന്റെ സാധുതയ്ക്ക് മാത്രമാണെങ്കിൽ ഈരണ്ടു പുരുഷന്മാരെയോ സ്ത്രീകളെയോ കഥാപാത്ര ജോഡികളാക്കിയാൽ മതിയായിരുന്നു. സ്ത്രീ-പുരുഷ സമാന്തരത ഇത്രയേറെ പ്രയോജനപ്പെടുത്താൻ പ്രബോധനപരവും ദൈവശാസ്ത്രപരവുമായ ഉദ്ദേശ്യങ്ങളുണ്ട് ലൂക്കായ്ക്ക്. അവയ്ക്കാണ് ലൂക്കായുടെ വിചാരരീതിയിൽ കൂടുതൽ പ്രാധാന്യം. യേശുക്രിസ്തുവിൽ പൂർത്തിയായ സാർവ്വജനീന രക്ഷാകരപദ്ധതിയിൽ സ്ത്രീപുരുഷന്മാർക്ക് തുല്യ പങ്കാളിത്തമുണ്ട്. ദൈവരാജ്യത്തിന്റെ സുവിശേഷം യേശുവിലൂടെയും അവൻെറ അപ്പോസ്തലന്മാരിലൂടെയും ഇതര ശുശ്രൂഷകരിലൂടെയും പുരുഷനും സ്ത്രീക്കും നല്കപ്പെടുന്നു. അതിന്റെ ലബ്ധിയിൽ അവർ തുല്യരാണ്. ഒരേ ദൈവകൃപ ദൈവം ഇരുകൂട്ടർക്കും നല്കുന്നു. ആദിയിൽ ഒരേ വരങ്ങളും ചുമതലകളും ദൈവത്തിൽ നിന്ന് പുരുഷനും സ്ത്രീക്കും ലഭിച്ചിരുന്നതാണ് (ഉത്പ 1,27;ഗലാ 3,28) ഇസ്രായേലിന്റെ ചരിത്രത്തിന്റെ നിർണ്ണായക കാലഘട്ടങ്ങളിൽ വീരോചിതമായി പ്രവർത്തിച്ച ധീരവനിതകളുടെ കഥകളും ലൂക്കായ്ക്ക് അറിയാമായിരുന്നു.

**ഉദാത്തവത്കൃതമായ സ്ത്രീത്വം**

ഒരുവളെയൊഴികെ (സഫീറ) എല്ലാ സ്ത്രീകഥാപാത്രങ്ങളെയും ലൂക്കാ സന്മാതൃകകളായാണ് അവതരിപ്പിക്കുക. ലൂക്കാ സ്ത്രീത്വത്തെ



ഉദാത്തവത്കരിക്കുന്നതിന് ഓരോ സ്ത്രീകഥാപാത്രവും ഉദാഹരണമാണ്. ആദ്യത്തെ സ്ത്രീകഥാപാത്രം എലിസബത്താണല്ലോ. അവളുടെ ചിത്രീകരണം എത്ര സുന്ദരമാണെന്നു ശ്രദ്ധിക്കുക. അവൾ പുരോഹിതനായ സഖറിയായുടെ ഭാര്യയായിരുന്നു. അഹറോന്റെ കുടുംബത്തായ്‌വഴിയിലുള്ളവളും. ഇസ്രായേൽജനം സീനായ് ഉടമ്പടി പ്രകാരമുള്ള ജനമായിത്തീർന്നശേഷമുള്ള പ്രഥമ പ്രധാനപുരോഹിതനായിരുന്നല്ലോ അഹറോൻ. പ്രധാനപുരോഹിതസ്ഥാനം അഹറോനിലാണ് ആരംഭിച്ചത്. ഏലിസബേത്ത് ദൈവതിരുമുമ്പിൽ നീതിമതിയും ഭക്തയുമായിരുന്നു. കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുററമററവിധം പാലിച്ചിരുന്നവൾ. പക്ഷേ വന്ധ്യയായിരുന്നു. സന്താനോത്പാദനത്തിന്റെ പ്രായവും കഴിഞ്ഞിരുന്നു. ദൈവം അവളെ ശപിച്ചിട്ടുള്ളതിനാലാണ് മക്കളുണ്ടാകാത്തത് എന്നായിരുന്നു യഹൂദരുടെയിടയിലെ ധാരണ. അതു പറഞ്ഞ് അവർ അവളെ അവമതിച്ചിരുന്നു. മററുള്ളവരുടെ വ്യാഖ്യാനങ്ങൾ അവളെ തളർത്തിയില്ല. അവൾ ദൈവഭക്തിക്ക് കുറവുവരുത്തിയില്ല. ദൈവത്തെ കുററപ്പെടുത്തിയും ശപിച്ചും ജീവിതം പാഴാക്കിയില്ല. കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തിയില്ല. പൗരോഹിത്യ ശുശ്രൂഷയ്ക്ക് ഭർത്താവിനെ ഒരുക്കി വിടുന്നതിലുള്ള താത്പര്യത്തിലും അവൾ കുറവൊന്നും വരുത്തിയില്ല. ഭർത്താവിന്റെ ശുശ്രൂഷകളും പ്രാർത്ഥനകളും സ്വീകരിക്കുന്നതിന് മുടങ്ങാതെ പ്രാർത്ഥിച്ചിരുന്നു. അവരുടെ പ്രാർത്ഥനയ്ക്ക് മറുപടി ദൈവം നല്കി. മക്കളുണ്ടാകുക മാനുഷികമായി തീർത്തും അസാദ്ധ്യമായിരുന്ന പ്രായത്തിൽ ദൈവം സഖറിയായിൽ നിന്ന് അവൾക്ക് ഒരു മകനെ നല്കി. കർത്താവിൻെറ മുമ്പിൽ വലിയവനായ ഒരു മകനെ. കർത്താവിന്റെ വലിയ കാരുണ്യത്തിന് അവൾ പാത്രമായി. തന്നെ പ്രത്യേകം കടാക്ഷിച്ച കർത്താവിനെ അവൾ സ്തുതിച്ചുകൊണ്ടിരുന്നു. കർത്താവിന്റെ വലിയ കാരുണ്യത്തെ സ്തുതിക്കാൻ അവൾ അയല്ക്കാർക്കും ബന്ധുക്കൾക്കും മുഖാന്തരമായി. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നും തന്റെ നീതിനിഷ്ടരായ ഭക്തർക്ക് കരുണയുടെ നീതി നിർവ്വഹിച്ചുകൊടുക്കുന്നവനാണെന്നും അവളുടെ ജീവിതം സാക്ഷ്യമേകി. കർത്താവ് മാലാഖവഴി അറിയിച്ച കാര്യം ഭർത്താവ് ഉടനെ അപ്പാടെ വിശ്വസിക്കാത്തതിനെപ്രതി അവൾക്ക് പ്രയാസമുണ്ടായിരുന്നു. കർത്താവിൽ അവൾക്ക് അത്രയ്ക്ക് വിശ്വാസമുണ്ടായിരുന്നു. കുഞ്ഞിന് പേരിടുന്നതിൽപ്പോലും കർത്താവിന്റെ ഇഷ്ടം മാത്രമേ അവൾ നോക്കിയുള്ളൂ. അയല്ക്കാരുടെയും ബന്ധുക്കളുടെയും തടസ്സവാദങ്ങളൊന്നും സ്വീകരിച്ചില്ല.

ഏലിസബേത്തിന്റെ ചർച്ചയിൽപ്പെട്ടവളായിരുന്നു നസ്രത്തിലെ മറിയം. മറിയം കന്യകയായിരിക്കെ യേശുവിനെ ഗർഭം ധരിച്ചു. (അതും ദൈവത്തിന്റെ പ്രത്യേക ഇടപെടൽ വഴി). മറിയം ഗർഭിണിയായയുടനെ ഏലിസബേത്തിനെ സന്ദർശിച്ച് അഭിവാദനം ചെയ്തു. ഏലിസബേത്ത് പ

രിശുദ്ധാത്മാവിനാൽ നിറഞ്ഞു. അവളുടെ ഗർഭത്തിൽക്കിടന്നിരുന്ന പ്രജ യും അവിടെക്കിടന്നു കുതിച്ചു ചാടി. അവൾ മറിയാമിനെയും അവളുടെ ഉദരഫലത്തെയും പുകഴ്ത്തിപ്പാടാൻ തുടങ്ങി. അസൂയയുടെ അംശംപോ ലും ഏശാത്ത പ്രശംസകൊണ്ട് അവൾ മറിയാമിനെ അലങ്കരിച്ചു. മറിയാ മിന്റെ ഗർഭത്തിലുള്ളത് തന്റെ കർത്താവാണെന്നും മറിയം തന്റെ കർ ത്താവിന്റെ അമ്മയാണെന്നും ഈ ലോകത്തിൽ ആദ്യം അറിഞ്ഞ് പ്രശം സിച്ചവളാണ് ഏലിസബേത്ത്. തന്റെ കർത്താവിന്റെ അമ്മ മറിയം തന്റെ അടുക്കലേക്ക് വരാനിടയായത് ദൈവം തനിക്കു തന്ന അനന്യമായ മഹാ ഭാഗ്യമാണെന്ന് അവൾ തിരിച്ചറിയുകയും സമ്മതിക്കുകയും അതിനെപ്ര തി കർത്താവിനെ സ്തുതിക്കുകയും ചെയ്തു. തന്റെ പക്കലേക്ക് തന്റെ കർത്താവിനെ കൊണ്ടുവന്നതിന് കർത്താവിന്റെ അമ്മയായ മറിയാമിന് അവൾ പ്രകീർത്തനങ്ങളും പ്രതിനന്ദിയും അർപ്പിച്ചു. എല്ലാം പരിശുദ്ധാ ത്മാവിനാൽ നിറഞ്ഞുതന്നെ.

പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു കഥാപാത്രമാണ് "പട്ടണത്തിലെ പാപിനി" (ലൂക്കാ 7,35-50). ലൂക്കാ അത്യധികം ശ്രദ്ധിച്ച് പാത്രസൃഷ്ടി നിർവഹിച്ചതിന് ഒന്നാംതരം ഉദാഹരണമാണ് അവൾ. കേരളത്തിന്റെ ആ സ്ഥാനകവി ശ്രീ. വള്ളത്തോൾ '*മഗ്ദലനമറിയം*' എന്ന ഖണ്ഡകാവ്യത്തിൽ വികൃതമാക്കിയപോലെ ആ പട്ടണപ്പാപിനിയെ ലൂക്കാ പുനഃസൃഷ്ടിച്ചിട്ടി ല്ല. ക്രിസ്തുസുവിശേഷം പുനഃസൃഷ്ടിച്ച് ശ്രേഷ്ഠയാക്കിയ സ്ത്രീത്വത്തെ യാണ് ലൂക്കാ കഥയിൽ അവതരിപ്പിച്ചിട്ടുള്ളത് (സ്ഥലകാല പരിമിതിമൂ ലം ഇവിടെ വിഷയം വിസ്തരിക്കാതെ വിടുന്നു)

ഓരോ സ്ത്രീകഥാപാത്രത്തിലൂടെയും ക്രിസ്തുസുവിശേഷത്തെയും സ്ത്രീത്വത്തെയും ബന്ധപ്പെടുത്തി ലൂക്കാ കുറച്ചു വാക്കുകളിൽ ഏറെ പ റയുന്നുണ്ട്. ഓരോ സ്ത്രീകഥാപാത്രവും മാതൃകയാണെന്ന് പ്രത്യേകിച്ച് പറയേണ്ടല്ലോ. ഒരു പ്രതിമാതൃക (സഫീറി) ഒഴികെ സകല സ്ത്രീകളും സന്മാതൃകകളാണ്. പ്രതിമാതൃകയും ക്രിസ്തുശിഷ്യർക്ക് (വിശ്വാസികൾ ക്ക്) മുന്നറിയിപ്പു നല്കുന്നവളാണ്. സ്ത്രീകഥാപാത്രങ്ങളെ വർണിക്കു ന്ന ശൈലികളും സ്ത്രീത്വത്തിന്റെ ഉദാത്തവത്ക്കരണത്തിന്റെ സാക്ഷ്യ ങ്ങളാണ്. ഉദാത്തവത്കൃത സ്ത്രീത്വത്തിന്റെ ശ്രേഷ്ഠമായ മാതൃകയാണ് യേശുവിന്റെ അമ്മ മറിയം. സ്ത്രീത്വത്തിന്റെ ഉദാത്തവത്ക്കരണത്തിനും സ്ത്രീകളുടെ രക്ഷയ്ക്കുമുള്ള ക്രിസ്തുസുവിശേഷത്തിന്റെ ശക്തിക്ക് ലൂ ക്കാ സാക്ഷ്യം വഹിക്കുന്നു. അതിന്റെ ഭാഗമായി സ്ത്രീത്വത്തെ അന്യവ ത്കരിക്കുന്ന ചില നിഷിദ്ധമേഖലകളെയും അവയ്ക്ക് സ്ത്രീകൾ വിധേ യരായിക്കഴിഞ്ഞിരുന്നതും പരാമർശിച്ചിട്ടുണ്ട്. അപ്പോഴും മിതത്വവും സം യമനവും പാലിച്ചിട്ടുണ്ട്.



## സ്ത്രീകളുടെ സുപ്രധാന സവിശേഷതകൾ ലൂക്കായുടെ വിവരണ ത്തിൽ

### വചനത്തിന് ഹൃദയം തുറന്നവർ

ദൈവവചനത്തിന് മാതൃകാപരമായി മറുപടി നല്കുന്നതിൽ സ്ത്രീ കൾ മുമ്പിൽത്തന്നെയുണ്ട് (ലൂക്കാ 1,38.45;7,37-50;10,38-42;അപ്പ 16,14-15). ഈ വിഷയത്തിൽ നസ്രത്തിലെ മറിയമിനെയും (ലൂക്കാ 1,38;8,19-21;11,27-28) മാർത്തയുടെ സഹോദരി മറിയമിനെയും (ലൂക്കാ 10,38-42) പേരെടുത്തു പ റയുന്നു. മാർത്തയുടെ സഹോദരി മറിയമിനെ ഒരു മാതൃകാശിഷ്യയായി അവതരിപ്പിക്കുന്നു. വിരുന്നുകാരനായ യേശുവിനെ സ്വീകരിക്കാൻ വിഭവ സമൃദ്ധമായ വിരുന്നിനേക്കാൾ ആവശ്യമായ ഒരു കാര്യം അവൻെറ പാദ ത്തിങ്കലിരുന്ന് അവന്റെ വചനങ്ങൾ കേൾക്കുകായായാണെന്ന പാഠം അവൾ നല്കുന്നു. യേശുക്രിസ്തുവിന്റെ ഉത്ഥാനവാർത്ത പുരുഷന്മാർ (ശിഷ്യ ന്മാർ) ആദ്യം അവിശ്വസിച്ചു (ലൂക്കാ 24,13-35). സ്ത്രീകൾ വിശ്വസിക്കുക യും പ്രസംഗിക്കുകയും ചെയ്തു (ലൂക്കാ 24,1-12).

### യേശുവിനെ ശുശ്രൂഷിച്ച് അനുഗമിക്കുന്നവർ

യേശുവിന്റെ സന്തത സഹവർത്തിനികളായി അവനെ "അനുഗമിക്കു ന്ന"തിലും സ്ത്രീകൾ പുരുഷന്മാർക്ക് തുല്യരാണെന്ന് ലൂക്കാ വിവരി ക്കുന്നു (ലൂക്കാ 8,1-3;24,49). യേശു ദൈവരാജ്യത്തിന്റെ സുവിശേഷം പ്ര സംഗിച്ചുകൊണ്ട് ഗലീലിയിലെങ്ങും ചുററി സഞ്ചരിച്ചപ്പോഴും ഗലീലിയ യിൽ നിന്ന് ജറുസലേമിലേക്ക് യാത്ര ചെയ്തപ്പോഴും സ്ത്രീകൾ അവ നെ ശുശ്രൂഷിച്ചുകൊണ്ട് അനുഗമിച്ചിരുന്നു. അവരിൽ ചിലർ ഉന്നത നില യിലുള്ളവരായിരുന്നു. ചിലർ സാമ്പത്തികമായി സഹായിച്ചിരുന്നു. പ ന്ത്രണ്ടുപേരോടൊപ്പം തന്നെ അവരും ''അവനോടുകൂടെ ആയിരുന്നു." " പന്ത്രണ്ടുപേർ" എന്നറിയപ്പെടുന്ന (പുരുഷ) ശിഷ്യന്മാരുടെ ലിസ്ററിന് സമാന്തരമാണ് ലൂക്കാ 8,1-3ലെ (സ്ത്രീ) ശിഷ്യകളുടെ ലിസ്ററ്. യേ ശുക്രിസ്തുവിന്റെ രക്ഷാകര ജീവിതത്തിൽ ഭാഗം പററാൻ പുരുഷ ന്മാർക്കെന്നപോലെ സ്ത്രീകൾക്കും അവസരം നല്കുന്നതാണ് അവ ന്റെ രക്ഷാകര സുവിശേഷം. അതിന്റെ പ്രഘോഷകയാണ് സഭ. ശി ഷ്യന്മാരെപ്പോലെ ശിഷ്യകളും യേശുവിനെ ദൈവരാജ്യ ശുശ്രൂഷയു ടെ വഴികളിലാകെ അനുഗമിച്ചിരുന്ന കാര്യം സുവിശേഷകന്മാരിൽ ലൂക്കാ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആ സ്ത്രീകളുടെയും യേശു വിന്റെയും ഈ നടപടി യേശുവിന്റെയും ലൂക്കായുടെയും സാഹചര്യ ത്തിൽ വലിയൊരു വിപ്ലവമായിരുന്നു. സമൂഹം മൂക്കത്തു വിരൽ വ യ്ക്കുന്ന നടപടി! സമ്പന്നരായസ്ത്രീകൾ മതപ്രസ്ഥാനങ്ങൾക്കും പ്ര വർത്തകർക്കും സാമ്പത്തിക സഹായം ചെയ്യുമായിരുന്നു. യഹൂദരി ലെ ഭക്തകൾ സിനഗോഗിലെ ആരാധനയിൽ സംബന്ധിക്കുകയും

അവിടെ ചില സേവനങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാലും യഹൂദ റബ്ബിമാർ സ്ത്രീകളെ ശിഷ്യക്കൂട്ടത്തിൽ കൂടെ കൊണ്ടുനടക്ക പോലുമില്ലായിരുന്നു. ആ സാഹചര്യത്തിൽ പുരുഷന്മാരെയും സ്ത്രീകളെയും ശിഷ്യരായി സ്വീകരിച്ച് കൂടെക്കൂട്ടി നടന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ച യേശുവിന്റെ നാടോടി സംഘം ഒരു അസമാനമായ അപൂർവ്വദൃശ്യമാണ്. യേശുക്രിസ്തുവിന്റെ രക്ഷാകര ജീവിതത്തിലും ശുശ്രൂഷയിലും ഭാഗഭാക്കാകാൻ പുരുഷന്മാർക്കെന്നപ്പോലെ സ്ത്രീകൾക്കും അവസരം നല്കുന്നതാണ് അവന്റെ രക്ഷാകര സുവിശേഷം. അതിന്റെ പ്രഘോഷകയാണ് സഭ.

യേശു ഗലീലിയിലായിരുന്നപ്പോൾ ഗലീലിയിൽ നിന്ന് അവനെ അനുഗമിക്കുകയും ശുശ്രൂഷിക്കുയും ചെയ്ത സ്ത്രീകളെ മർക്കോസും (15,40-41) മത്തായിയും (27,55) സുവിശേഷവിവരണങ്ങളുടെ അവസാനം പരാമർശിക്കുന്നുണ്ട്. യേശുവിനോടു വ്യക്തിപരമായും അവന്റെ ദൗത്യത്തിൽത്തന്നെയും പങ്കുകൊണ്ട് അവനെ അനുഗമിച്ചിരുന്ന സ്ത്രീകളെ ലൂക്കാ അവതരിപ്പിക്കുന്നു.

"പന്ത്രണ്ടുപേർ" എന്നറിയപ്പെടുന്ന ശിഷ്യന്മാരുടെ പട്ടികയ്ക്ക് (ലൂക്കാ 6,12-16) സമാന്തരമാണ് ലൂക്കാ 8,1-3ലെ സ്ത്രീകളുടെ (ശിഷ്യകളുടെ) പട്ടിക എന്നു മുൻ ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയല്ലോ. പ്രസ്തുത സമാന്തരതയെ സ്ഥിരീകരിക്കുന്ന വിവരണങ്ങളും ലൂക്കാ ക്രമീകരിച്ചിട്ടുണ്ട്. ആദ്യത്തെ ലിസ്ററിനു ശേഷം യേശു സമതലത്തിൽ നടത്തിയ സുദീർഘമായ പ്രസംഗമുണ്ട് (ലൂക്കാ 6,20-49). രണ്ടാമത്തെ (സ്ത്രീകളുടെ) ലിസ്ററിനു ശേഷം ഉപമകളിലുള്ള പ്രസംഗമുണ്ട് (8, 4-18). ശിഷ്യരെന്ന നിലയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും യേശുവിനോടുള്ള ബന്ധത്തിന്റെ നിർണ്ണായകഘടകം വചനത്തെയും വചനശ്രവണത്തെയും ആധാരമാക്കിയാണെന്ന് വ്യക്തമാക്കുന്നു യേശു. അങ്ങനെയൊരു സംഭവമാണല്ലോ ലൂക്കാ 8,19-21ൽ. ദൈവവചനം കേട്ട് പാലിക്കുന്നവർ സ്ത്രീയായാലും പുരുഷനായാലും തന്റെ യുഗാന്ത്യകുടുംബത്തിന്റെ അംഗങ്ങളാണെന്നും അവരെല്ലാം തന്നോട് ഗാഢമായി ബന്ധപ്പെട്ടവരാണെന്നും യേശു പഠിപ്പിക്കുന്നു. വചന ശ്രവണം വിശ്വാസത്തിൽ ഫലസിദ്ധിയിലെത്തുന്നു (അപ്പ 16,15). യേശുക്രിസ്തുവിന്റെ ഉയർപ്പിൽ വിശ്വസിക്കുന്നതിൽ സ്ത്രീകൾ പുരുഷന്മാരെ പിമ്പിലാക്കുന്നു (ലൂക്കാ 24,1-12). ഉയർത്തെഴുന്നേററ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിലും (അപ്പ 5,14;17,2.4.34) അവന്റെ നാമത്തിൽ മാമോദീസ സ്വീകരിക്കുന്നതിലും (അപ്പ 8,12) സ്ത്രീകൾ പുരുഷന്മാർക്കൊപ്പമുണ്ട്.

**പ്രാർത്ഥനാസംഘത്തിന്റെ പണിയാളുകൾ**

പ്രാർത്ഥനാസമൂഹത്തെ രൂപവത്ക്കരിക്കുന്നതിലും നിലനിർത്തുന്നതിലും സ്ത്രീകൾക്ക് നിർണായകമായ പങ്കുണ്ട്. മനുഷ്യപുത്രൻ വ



രുവോളം വിശ്വാസത്തോടെ പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കാൻ തനിക്കു നീതി നടത്തിക്കിട്ടുവോളം ന്യായാധിപനെ അലട്ടിക്കൊണ്ടിരുന്ന നിർദ്ധന വിധവയുടെ ഉപമ യേശു ഉപയോഗിക്കുന്നു (ലൂക്കാ 18,1-8). പ്രാർത്ഥനയിൽ പങ്കെടുത്തുകൊണ്ടിരുന്ന സഭാകുടുംബത്തെ ലൂക്കാ അപ്പസ്തോലപ്രവർത്തനങ്ങളുടെ ആരംഭത്തിൽ അവതരിപ്പിക്കുന്നുണ്ടല്ലോ. അതിൽ സ്ത്രീകളുടെ ഭാഗഭാഗിത്തം എടുത്തു പറഞ്ഞിട്ടുണ്ട് (അപ്പ 1,14). യൂദാസിനു പകരം അപ്പോസ്തലനെ തെരഞ്ഞെടുക്കാനുള്ള വെളിച്ചത്തിന് പ്രാർത്ഥിക്കുന്ന ശിഷ്യസംഘത്തിൽ സ്ത്രീകളുമുണ്ട് (അപ്പ 1,12-16). പ്രാർത്ഥനയിൽ പങ്കെടുക്കുന്ന സ്ത്രീകളെ തുടർന്നും ലൂക്കാ രംഗത്തവതരിപ്പിക്കുന്നുണ്ട് (അപ്പ 13,50;17,4). തല നിവർത്തി മുകളിലേക്ക് നോക്കാൻ സാദ്ധ്യമായപ്പോൾ സിനഗോഗിൽ സമൂഹമദ്ധ്യേ എഴുന്നേററ് നിന്ന് ദൈവത്തെ സ്തുതിച്ച സ്ത്രീയുമുണ്ട് ലൂക്കായുടെ സുവിശേഷ വിവരണത്തിൽ (ലൂക്കാ 13,10-17). സ്ത്രീകളുടെ മാത്രം പ്രാർത്ഥനാക്കൂട്ടായ്മയുടെ കാര്യവും ലൂക്കാ പറഞ്ഞിട്ടുണ്ട് (അപ്പ 16,13-15). സ്ത്രീകളുടെ പ്രാർത്ഥനാസമാജം ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ തന്റെ ഭവനം സമൂഹത്തിന് നല്കിക്കൊണ്ടിരുന്ന (മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാന്റെ അമ്മ) മറിയമിന്റെ കാര്യം ലൂക്കാ പ്രത്യേകം അനുസ്മരിക്കുന്നു (അപ്പ 12,12). നിരന്തരം പ്രാർത്ഥിക്കാനുള്ള യേശുവിന്റെ ഉപദേശം അനുസരിച്ച് പ്രാർത്ഥിക്കുന്നതിൽ യേശുവിനെ അനുകരിക്കുന്ന സ്ത്രീകൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും രക്ഷയ്ക്ക് സജീവമായി പങ്കുവഹിക്കുന്നു.

**ശുശ്രൂഷയുടെ വലിയവർ**

ഉപവിയിലും അതിഥിസത്ക്കാരത്തിലും ഉദാരമതികളായ സ്ത്രീകളെ ലൂക്കാ മാതൃകകളാക്കിയിട്ടുണ്ട് (ലൂക്കാ 8,1-3). അങ്ങനെ പത്രോസിന്റെ അമ്മായിയമ്മയും (ലൂക്ക 4,39) മാർത്തയുടെ സഹോദരി മറിയവും (ലൂക്കാ 10, 38-42) ഫിലിപ്പിയിലെ ലിദിയയും (അപ്പ 16,11-15) യോപ്പായിലെ തബീത്തയും (അപ്പ 9,36.34) ഉണ്ട്. സ്ത്രീകളുടെ ഈ "ശുശ്രൂഷ" (*diakonia*) വാസ്തവത്തിൽ വലിമയുടെയും ശക്തിയുടെയും അടയാളങ്ങളാണ് (ലൂക്ക 22,26). അവർ യേശുവിന്റെ ശുശ്രൂഷയെ അനുകരിക്കുകയാണ് (ലൂക്കാ 22,27). അവരുടെ "ശുശ്രൂഷ"(*diakonia*)യുടെ അടിസ്ഥാന പ്രചോദനഹേതു കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസമത്രേ (ഉദാ. ഫിലിപ്പിയിലെ ലിദിയയും ജയിൽ വാർഡനും അപ്പ 16,12-15.30.34). അത്തരം ശുശ്രൂഷയിലൂടെ ക്രിസ്തീയ സുവിശേഷത്തിന് അവർ സാക്ഷ്യം വഹിക്കയാണ് (അപ്പ 20,24;21,19). പ്രസ്തുത ശുശ്രൂഷ വിശ്വാസത്തിലും ആത്മാവിലുമുള്ള ഐക്യത്തിന്റെ ആവിഷ്കരണമാണ്.

**ദൈവഹിതത്തിനു സമർപ്പിച്ചവർ**

പ്രതികൂല സാഹചര്യങ്ങളിൽപ്പോലും ദൈവേഷ്ടം നിറവേററുന്ന നീതിനിഷ്ഠരും ഭക്തരുമായ സ്ത്രീകളെ ലൂക്കാ ആകർഷണീയമായി അവ

തരിപ്പിക്കുന്നു. അങ്ങനെ വന്ധ്യയായിരുന്ന ഏലിസബേത്തും കന്യകയും മാതാവുമായ മറിയവും വിവാഹം കഴിഞ്ഞ് ഏറെ താമസിയാതെ വിധവയായി അവസാനം വരെ ജീവിച്ച പ്രവാചികയായ ഹന്നായുമുണ്ട് (ലൂക്കാ 2,36-38); തന്റെ ജീവിതത്തിനുള്ളതു മുഴുവൻ ദൈവനാമത്തിൽ ദേവാലയ ഭണ്ഡാരത്തിലിട്ട സാധു വിധവയുമുണ്ട് (ലൂക്കാ 21,1-4). അവളുടെ സമ്പൂർണ്ണ സമർപ്പണത്തെ യേശുക്രിസ്തു തന്റെ സമ്പൂർണ്ണ സമർപ്പണത്തോടു ബന്ധപ്പെടുത്തി ഉദാത്തവത്കരിച്ചു.

**പാപത്തിനും ചൂഷണത്തിനും ഇരയാകുന്നവരും കൂട്ടുകൂടുന്നവരും**

സ്തീകൾ പാപത്തിനും ചൂഷണത്തിനും വിധേയരാകാവുന്നതാണെന്ന് ചൂണ്ടിക്കാട്ടാനും ലൂക്കാ മറന്നിട്ടില്ല. ആ വസ്തുത ഫരിസേയനായ ശിമയോന്റെ വീട്ടിൽ വിരുന്നിനിരുന്ന യേശുവിന് സ്നേഹശുശ്രൂഷയർപ്പിച്ച "പാപിനി"യുടെയും (ലൂക്കാ 7,36-50) അനനിയാസിന്റെ ഭാര്യ സഫീറയുടെയും (അപ്പ 5,1-11) ഫിലിപ്പിയിലെ അടിമപ്പെണ്ണിന്റെയും (അപ്പ 16,16-19) കഥകളിൽ അന്തർഭവിച്ചിട്ടുണ്ട്. സ്ത്രീകളെ പാപത്തിനും ചൂഷണത്തിനും ഇരയാക്കുന്നതിനും അടിമകളാക്കുന്നതിനും എതിരു നില്ക്കുന്നു ക്രിസ്തീയ സുവിശേഷം. അത്തരം ബന്ധനങ്ങളിൽ നിന്ന് അവരെ മോചിപ്പിച്ച് പരമാർത്ഥിക ജ്ഞാനത്തിന്റെ മക്കളാക്കുന്നു യേശുക്രിസ്തുവിന്റെ സുവിശേഷം (ലൂക്കാ 7,35-50). വിശ്വാസികളുടെ സംഘത്തിന് ഒരു പ്രതിമാതൃകയായി സഫീറയുടെ കഥ ലൂക്കാ വിവരിച്ചിട്ടുണ്ടെന്ന് മുകളിൽ അനുസ്മരിച്ചല്ലോ. സഫീറ ഭർത്താവിന്റെ കള്ളത്തരത്തിനു കൂട്ടുപിടിച്ചു. തന്മൂലം അയാൾക്കു ലഭിച്ച ശിക്ഷതന്നെ അപ്പോസ്തല സംഘത്തിൽ നിന്ന് അവൾക്കും ലഭിച്ചു. ഒരു ഹൃദയവും ഒരു ആത്മാവുമായിരുന്ന വിശ്വാസികളുടെ സമൂഹത്തോടും പരിശുദ്ധാത്മാവിനോടും അനനിയാസ്-സഫീറ ദമ്പതികൾ കൂട്ടുചേർന്ന് അപരാധം ചെയ്തു (അപ്പ 4,32;5,3.9). അതിനാൽ അവർ ശിക്ഷിക്കപ്പെട്ടു. വിശ്വാസികളുടെ സംസർഗ്ഗത്തിൽ നിന്ന് അവർ നീക്കപ്പെട്ടു.

**അനാചാരങ്ങളുടെ തീണ്ടലകററിയിരുന്നവർ**

ആരോഗ്യമുള്ള സ്ത്രീശരീരത്തിന്റെ ഒരു സാധാരണ പ്രവർത്തനമാണല്ലോ മാസമുറ. അതിന്റെ ദിവസങ്ങളിൽ സ്ത്രീ അശുദ്ധയാകുന്നു; അവളെ സ്പർശിക്കുന്നവരും അശുദ്ധരായിത്തീരുന്നു എന്നായിരുന്നു യഹൂദരുടെ പുരാതനമായ ആചാരവിധി (എസെക്കി 18,6;36,17;ലേവ്യ 15,25-31). യേശുവിന്റെ കാലത്തും അങ്ങനെതന്നെ. ഇക്കാര്യത്തിൽ ഇന്ത്യയിലെ എല്ലാ സമുദായങ്ങളും അടുത്ത കാലത്തും അന്നത്തെ യഹൂദരെക്കാളേറെ കർക്കശക്കാരായിരുന്നല്ലോ. രക്തം പോക്ക് നിലയ്ക്കാത്ത രോഗവും ചില സ്ത്രീകൾക്കുണ്ടാകാറുണ്ട്. പന്ത്രണ്ടു വർഷമായി രക്തസ്രാവം മൂലം കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ വെളുമ്പിൽ തൊട്ട് സൗഖ്യം പ്രാപിച്ച കഥ സമാന്തര



സുവിശേഷകന്മാർ മൂവരും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 9,18-26;മർക്കോ 5,21-43;ലൂക്കാ 8,40-56). പന്ത്രണ്ടു വർഷമായി അവൾ "അശുദ്ധി" ബാധിച്ച് സമൂഹത്തിൽ നിന്ന് ഭ്രഷ്ട് സഹിക്കയായിരുന്നു (ഏശ 30,32). തന്നെ സ്പർശിക്കാൻ യേശു അവൾക്ക് മൗനാനുവാദം നല്കി. അവൾ തന്നെ സ്പർശിച്ചതും തന്നിൽ നിന്നു ശക്തി പുറപ്പെട്ടതും യേശു അറിഞ്ഞിരുന്നു (ലൂക്കാ 8,45). മാസമുറയും രക്തസ്രാവവുംപോലുള്ള ശാരീരിക പ്രതിഭാസങ്ങൾ നിമിത്തം സ്ത്രീ അശുദ്ധയാകുന്നില്ല എന്ന് തന്നെ സ്പർശിക്കാൻ രക്തസ്രാവക്കാരിയെ അനുവദിച്ച് യേശു ഉദ്ബോധിപ്പിച്ചു. രണ്ടായിരം കൊല്ലം മുമ്പാണ് യേശു ഇപ്രകാരം പെരുമാറിയതെന്ന് ഓർക്കുക. രക്തസ്രാവക്കാരിയുടെ വലിയ വിശ്വാസത്താൽ അവൾക്ക് യേശുവിന്റെ ശക്തി സൗഖ്യം നല്കി എന്നതാണ് കഥയുടെ പ്രധാന പാഠം. അതോടൊപ്പം അന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ സ്ത്രീപക്ഷപരമായ ഒരു പരിവർത്തന പാഠവും അതിലുണ്ടെന്ന് ഉറപ്പാണ്.

രക്തസ്രാവക്കാരിയുടെ കഥയുടെ രണ്ട് വശങ്ങളിൽ ഒട്ടിച്ചുവച്ചിട്ടുള്ളതാണല്ലോ മരിച്ചുപോയിരുന്ന പന്ത്രണ്ടു വയസ്സുകാരിയുടെ ജീവൻ യേശു തിരിച്ചുകൊണ്ടുവന്ന കഥ. രക്തസ്രാവക്കാരിയുടെ രോഗത്തിന്റെ പ്രായമുള്ള പെൺകുട്ടി. അന്നത്തെ രീതിയനുസരിച്ച് വിവാഹപ്രായമെത്തിയവൾ. സ്ത്രീയുടെ ജീവോത്പാദനശക്തി പ്രവർത്തിച്ചു തുടങ്ങിയവൾ. ആ പ്രായത്തിൽ അവളുടെ ജീവൻ അവളെ ഉപേക്ഷിച്ചു. മൃതശരീരമായിത്തീർന്നതോടെ അവളും പൂർണ്ണമായി അശുദ്ധിയുടെ മേഖലയിലായിപ്പോയി. മൃതശരീരത്തെ തൊടുന്നയാൾക്ക് ഏഴു ദിവസത്തേക്ക് അശുദ്ധിയായിരുന്നു (സംഖ്യ 19,11.16;പ്രഭാ 34,30). പക്ഷേ യേശു അത് അവഗണിച്ച് പന്ത്രണ്ടുകാരിയുടെ മൃതശരീരം സ്പർശിച്ചു. അവളുടെ കൈക്ക് പിടിച്ച് എഴുന്നേല്പിച്ചു. അവൾ അശുദ്ധയല്ലെന്ന് അങ്ങനെ പഠിപ്പിച്ചു. യേശു അവളുടെ കൈക്ക് പിടിച്ച് എഴുന്നേല്പിച്ചപ്പോൾ അവളുടെ ജീവൻ തിരിച്ചുവന്നു. യേശു വിളിച്ചുണർത്താനുള്ള ഉറക്കം മാത്രമാണ് മരണം എന്നും തന്റെ മരണം ജീവനിലേക്ക് എഴുന്നേല്ക്കാനുള്ള ഉറക്കം മാത്രമായിരിക്കുമെന്നും യേശു വിശ്വസിക്കുന്നവരെ അങ്ങനെ പഠിപ്പിച്ചു (8,50).

**പുനരുത്ഥാനത്തിന്റെ പുത്രികളും കർത്താവിന്റെ ദാസികളും**

ദൈവത്തിന്റെ രക്ഷാകരമായ ആനുകൂല്യങ്ങൾക്ക് സ്ത്രീകളും അർഹരാണ്. സക്കേവൂസ് "അബ്രഹാമിന്റെ പുത്രനാണ്." അവൻ നഷ്ടപ്പെട്ടുപോയിരുന്നെന്നേയുള്ളൂ. യേശു അവനെ കണ്ടെത്തി രക്ഷിച്ചു (ലൂക്കാ 19,10). അതുപോലെ സാബത്തിൽ സിനഗോഗിൽ വന്ന കൂനി അബ്രഹാമിന്റെ മകളാണ്. അവളെ സാത്താൻ ബന്ധിച്ചിരുന്നു. യേശു അവളെ മോചിച്ചു (ലൂക്കാ 13,16). അബ്രഹാമിനോട് ദൈവം ചെയ്തിരുന്ന വാഗ്ദാനത്തിന്റെ പുത്രിയാക്കി. പുനരുത്ഥാനത്തിന്റെ പുത്രരിൽ സ്ത്രീകളുമുൾപ്പെ

ടും (20,36). കർത്താവ് യുഗാന്ത്യദാനമായ പരിശുദ്ധാത്മാവിനെ വർഷിച്ച ദാസികളുണ്ട് സ്ത്രീകളിൽ (അപ്പ 2,17–18;ലൂക്കാ 1,35.38). മിശിഹായുടെ വരവ് സമീപസ്ഥമായപ്പോൾ ജനത്തിലെ ഭക്തരിൽ പരിശുദ്ധാത്മാവ് പ്രവർത്തനം പുനരാരംഭിച്ചു. അക്കൂട്ടത്തിൽ സ്ത്രീകളുമുണ്ട് (ഉദാ: ഏലിസബേത്തും ഹന്നായും). യേശുവിന്റെ ഉയർപ്പിന്റെ സദ്വാർത്ത ആദ്യം ലഭിച്ചത് സ്ത്രീകൾക്കാണ്.

യേശുക്രിസ്തുവിനെ സുവിശേഷിക്കുന്നതിൽ സ്ത്രീകൾക്ക് പങ്കുണ്ട്. അത് നിർവഹിച്ച സ്ത്രീരത്നങ്ങളെ ലൂക്കായുടെ സുവിശേഷത്തിൽ കാണാം. പ്രായാധിക്യത്തിലായിരുന്ന വിധവയായ ഹന്ന ജറുസലേമിൽ രക്ഷ പ്രതീക്ഷിച്ചുകൊണ്ടിരുന്ന എല്ലാവരോടും യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിച്ചു. അവന്റെ രക്ഷാകരമായ അർത്ഥവും പ്രാധാന്യവും പ്രസംഗിക്കാൻ അവൾ മുന്നോട്ടു വന്നു (ലൂക്കാ 2,36–38). പിതാക്കന്മാരോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ വിശ്വസ്തതയോടെ നിറവേററിയ ദൈവത്തെ, തന്റെ ഭക്തരുടെ മേൽ തലമുറകൾതോറും കരുണ വർഷിക്കുന്ന ദൈവത്തെ, ലോകചരിത്രഗതിയിൽ മനുഷ്യന്റെ വിമോചനവഴിയിൽ ബലഹീനരുടെ ഭാഗത്തു നിന്ന് പ്രവർത്തിക്കുന്ന ദൈവത്തെ, തിരിച്ചറിഞ്ഞ് സ്തുതിക്കുന്ന ഭക്തയും ധീരയുമായ കർത്തൃദാസി മറിയമിന്റെ മനോഹരചിത്രം സ്ത്രീസമൂഹത്തിനൊന്നാകെ ആവേശവും വെല്ലുവിളിയുമാകുന്നു. അവൾ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കുന്ന സ്ത്രീകൾക്ക് മാതൃകയും പ്രചോദനവുമാണ് (ലൂക്കാ 1,46–55).

പാപികളുടെ തിരിച്ചുവരവിൽ സ്വർഗ്ഗത്തിന്റെ സന്തോഷം ആവിഷ്കരിക്കുന്ന സ്ത്രീകഥാപാത്രങ്ങളെയും ലൂക്കാ ഒരുക്കിയിട്ടുണ്ട് (15, 8–10). ദൈവത്തിന്റെ ജ്ഞാനം വിരുന്നിരുന്നിടത്ത് അനുവാദത്തിനു കാത്തു നില്ക്കാതെ അകത്തു കടന്ന് യേശുവിന്റെ പാദത്തിങ്കൽ കഴിഞ്ഞുകൂടിയ പാപിനിയുണ്ട്. അവൾ യേശുവിന്റെ പാദത്തിങ്കൽ അശ്രുപൂജയർപ്പിച്ചു. പാപി(നി)യുടെ നയനങ്ങളൊഴുക്കുന്ന നനവുചാലുകൾ നിരവധി പാപങ്ങൾ യേശു ക്ഷമിച്ചു തന്നതിനുള്ള നന്ദിയുടെ വററാത്ത സ്നേഹപ്പുഴയാണെന്ന് അവൾ യേശുവിനെക്കൊണ്ട് പറയിച്ചു (ലൂക്കാ 7,35–50). നീതിപൂർണരെന്നും അർഹരെന്നും അഹംഭാവമുള്ളവരെ പാഠം പഠിപ്പിക്കാനുള്ള ഉപമയുമാണത്. യേശു ഉയർത്തെഴുന്നേററ് ജീവിക്കുന്നു എന്ന വാർത്ത ആദ്യം ലഭിച്ചത് സ്ത്രീകൾക്കാണ്. അവരെയാണ് ആ സുവിശേഷം അപ്പോസ്തലന്മാരെ അറിയിക്കാൻ മാലാഖമാർ നിയോഗിച്ചത്. അവർ ദൗത്യം നിറവേററി. ഉയിർപ്പുവാർത്ത അപ്പോസ്തലന്മാരെ അറിയിക്കാൻ കല്ലറയ്ക്കൽ വച്ച് നിയുക്തരായ സ്ത്രീകൾ അത്യന്തം ഭയപ്പെട്ടിരുന്നതിനാൽ ആരോടും ഒന്നും പറഞ്ഞില്ലെന്നാണ് മർക്കോസിന്റെ സുവിശേഷ വിവരണത്തിൽ (16,8). വാർത്ത കിട്ടിയ സ്ത്രീകൾ വിവരം പതിനൊന്നുപേരെയും മ



റെല്ലാവരെയും അറിയിച്ചു എന്നാണ് ലൂക്കാ വിവരിച്ചിട്ടുള്ളത് (24,1–10). യേശു ഈ ലോകത്തിൽ ആയിരുന്നപ്പോഴേ സ്ത്രീകളെ സുവിശേഷവേലയ്ക്ക് പറഞ്ഞയച്ചിട്ടുണ്ട്. ഫരിസേയനായ ശിമയോന്റെ വീട്ടിൽ യേശു വിരുന്നിനിരുന്നപ്പോൾ യേശുവിനു പാദശുശ്രൂഷയും കൃതജ്ഞതയുടെ കണ്ണീർവിരുന്നും സമൃദ്ധമായി നല്കിയ "പാപിനി"യെ യേശു "സമാധാനത്തിലേക്ക്" പറഞ്ഞയച്ചു. "സമാധാനത്തിലേക്ക് പോവുക" എന്നതിന് സമാധാനത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിന് പോവുക എന്ന അർത്ഥവുമുണ്ട്. അതുപോലെ വിശ്വാസ സമ്പന്നരായിരുന്ന മററ് സ്ത്രീകളെയും യേശു അയയ്ക്കുന്നുണ്ട് (ഉദാ. രക്തസ്രാവക്കാരി). യേശുവിനെ കർത്താവെന്ന് ആദ്യം തിരിച്ചറിഞ്ഞത് ഏലിസബേത്ത് ആണല്ലോ (ലൂക്കാ 1,43).

യേശുവിനെപ്രതി (ക്രിസ്തീയ വിശ്വാസത്തെപ്രതി) പീഡയേല്ക്കുന്നതിലും സ്ത്രീകൾ പുരുഷന്മാർക്കു പിന്നിലല്ല (അപ്പ 9,2;22,4;8,3). ഈ കാര്യത്തിൽ അവരും യേശുവിന്റെ പ്രവചനം (ലൂക്കാ 21,12) പൂർത്തിയാക്കുന്നതിൽ ഭാഗഭാക്കാകുന്നു.

**പൗലോസിന്റെ സ്ത്രീസങ്കല്പം**

ലൂക്കായെക്കാൾ ഏകദേശം ഇരുപത് കൊല്ലം മുമ്പ് സ്ത്രീകളെക്കുറിച്ച് എഴുതിയ ക്രിസ്തീയ രചയിതാവും വലിയ മിഷണറിയുമാണ് പൗലോസ്. ഏറെ തെറ്റിദ്ധരിക്കപ്പെടുകയും ദുഷ്പ്രചരണം സഹിക്കേണ്ടി വരികയും ചെയ്തിട്ടുള്ളതാണ് പൗലോസിന്റെ സ്ത്രീസങ്കല്പം. ഈ വിഷയത്തിൽ വിമർശകർ ഏറെയും ഉദ്ധരിക്കുന്നത് സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ (1കോറി 14,33–35), പുരുഷൻ സ്ത്രീയിൽനിന്നല്ല, സ്ത്രീ പുരുഷനിൽനിന്നാണ് ഉണ്ടായത്. പുരുഷൻ സൃഷ്ടിക്കപ്പെട്ടത് സ്ത്രീക്കുവേണ്ടിയല്ല, സ്ത്രീ സൃഷ്ടിക്കപ്പെട്ടത് പുരുഷനുവേണ്ടിയാണ് (1കോറി 11,8–10) എന്നിപ്രകാരം പൗലോസ് കോറിന്തിലെ സഭയ്ക്ക് എഴുതിയിട്ടുള്ള ഉപദേശഭാഗങ്ങളാണ്. ഇവയും സമാനങ്ങളായ ഉപദേശങ്ങളും (1കോറി 11,2–16ഉം 1തിമൊ 2,12–14) ആസ്പദമാക്കി പൗലോസ് പുരുഷക്കോയ്മയ്ക്ക് മാത്രം നിലകൊള്ളുന്നു എന്ന് വ്യാഖ്യാനിക്കുന്നു.

പൗലോസിന്റെ സ്ത്രീസങ്കല്പത്തെക്കുറിച്ചുള്ള ധാരണയിലെത്താൻ സഹായിക്കുന്ന പണ്ഡിതഭാഷ്യങ്ങളുണ്ട്. ഈ വിഷയത്തിൽ അടുത്തയിടെ പഠനം നടത്തിയിട്ടുള്ള ഒരു കേരളീയ വനിതയുടെ ലഘുപ്രബന്ധവുമുണ്ട് [Mercy K. John, *Women in Paul's Letters* (Tiruvalla, 2001)]. ഏകപക്ഷീയതയും അന്വേഷണത്തിന്റെ അപൂർണ്ണതയും മൂലം ശ്രീമതി മേഴ്സിയുടെ പഠനത്തിന് പോരായ്മകളുണ്ട്. മേഴ്സിയുടെ പഠനത്തിന്റേതുൾപ്പടെ സഹായത്തോടെ വിഷയം അവതരിപ്പിക്കാൻ ഇവിടെ ശ്രമിക്കുന്നു. സ്ത്രീസങ്കല്പം സംബന്ധിച്ച് മൂന്ന് തരത്തിലുള്ള പാഠങ്ങൾ പൗലോസിന്റെ ലേഖനങ്ങളിൽ കാണാം. സ്ത്രീകളുടെ അന്തസ്സ് ഉയർത്തിപ്പിടി

ക്കുന്നവ (ഗലാ 3,28; റോമ 16,2-16;1കോറി 1,11;7,2-5.10-17.27-28.32-34;ഫിലി 4,2-3;കൊലോ 4,15;ഫിലെ 2); സ്ത്രീ പുരുഷന് വിധേയ എന്ന് പറയുന്നവ (1കോറി 14,34-35;1തിമൊ 2,12-14); രണ്ട് വിധത്തിലും വ്യാഖ്യാനിക്കാവുന്നവ (1കോറി 11,2-16;എഫേ 5,21-33;കൊലോ 3,18-19).

ഒന്നാം ഗണത്തിൽപ്പെട്ട പാഠങ്ങൾ ആദ്യം പരിശോധിക്കാം. (ഗലാ 3,28;റോമ 16,2-16;1കോറി 1,11;7,2-5.10-17.27-28.32-34;ഫിലി 4,2-3;കൊലോ 4,15;ഫിലെ 2). സഭയിൽ ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീപുരുഷന്മാരുടെ അന്തസ്സിന് വലിപ്പച്ചെറുപ്പമില്ല എന്ന് ഗലാ 3,28ൽ പൗലോസ് തറപ്പിച്ചു പറയുന്നു. ക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവർ എന്ന അവസ്ഥയിലുള്ള അന്തസ്സിന് സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല. സകലരും യേശുക്രിസ്തുവിൽ ഒന്നാകുന്നു. ഗലാ 3,28ലുള്ളത് പൗലോസിന്റെ ദൈവശാസ്ത്രം സംബന്ധിച്ച് ഒരു ക്ളാസ്സിക്കൽ പ്രസ്താവനയാണ്. സഭാശുശ്രൂഷയിൽ മുന്നിട്ടു നിന്ന പതിനഞ്ച് സ്ത്രീകളെ റോമ 16,2-16;1കോറി 1,11;ഫിലി 4,2-3;കൊലോ 4,15;ഫിലെ 2 എന്നിവിടങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്. ''സഹപ്രവർത്തകർ,'' ''തന്നോടൊപ്പം പ്രവർത്തിച്ചവർ,'' ''കർത്താവിൽ കഠിനവേല ചെയ്തവർ,'' ''സഭാശുശ്രൂഷി'' എന്നിപ്രകാരമെല്ലാം അവരെ/ അവരിൽപ്പെട്ടവരെ വിളക്കുന്നു. 1കോറി 7ൽ പൗലോസ് വൈവാഹികബന്ധത്തിൽ സ്തീകളുടെ അന്തസ്സിനെക്കുറിച്ച് പറയുന്നു. ഇക്കാര്യത്തിൽ നിലവിലുണ്ടായിരുന്ന യഹൂദ റബ്ബിമാരുടെ നിലപാടിന് നേരേ വിപരീതമാണ് പൗലോസിന്റേത്. വൈവാഹിക ബന്ധത്തെക്കുറിച്ച് തീരുമാനിക്കാൻ സ്ത്രീകൾക്ക് അധികാരവും അവകാശവും സ്വാതന്ത്ര്യവും ഇല്ല എന്നായിരുന്നു റബ്ബിമാരുടെ നിലപാട്. പുരുഷന് ഇഷ്ടമുള്ളപ്പോൾ സ്ത്രീയെ (ഭാര്യയെ) ഉപേക്ഷിക്കാം; വേറെ വിവാഹം ചെയ്യാം. പക്ഷേ സ്ത്രീക്ക് അതിനൊന്നും അധികാരവും അവകാശവും സ്വാതന്ത്ര്യവുമില്ല! കർതൃശുശ്രൂഷയിൽ മാത്രം ഉറ്റിരിക്കാൻ ബ്രഹ്മചര്യം സ്വീകരിക്കുന്ന കാര്യത്തിലും വിവാഹിതർ ആത്മീയ വളർചയ്ക്ക് സഹായകമാകുമെങ്കിൽ ഉഭയസമ്മതപ്രകാരം തത്ക്കാലത്തേക്ക് ലൈംഗികബന്ധത്തിൽ നിന്ന് വിട്ടുനില്ക്കുന്ന കാര്യത്തിലും വിവാഹമോചനത്തിന്റെ കാര്യത്തിൽപ്പോലും സ്ത്രീക്കും പുരുഷനും തുല്യതയുണ്ട് എന്ന് പൗലോസ് സമർത്ഥിക്കുന്നു.

സ്ത്രീസങ്കല്പത്തിൽ പൗലോസിന് നിഷേധാത്മക നിലപാടുണ്ടായിരുന്നു എന്ന് തോന്നിക്കുന്ന ലേഖനഭാഗങ്ങളാണല്ലോ രണ്ടാം ഗണത്തിൽ ഉൾപ്പെടുത്തിയത്. അവയിൽ പ്രകടവും പ്രമുഖവുമായത് 1കോറി 14,34-35ഉം 1കോറി 11,1-10ഉം ആണ്: ''*വിശുദ്ധരുടെ എല്ലാ സഭകളിലും പതിവുള്ളതുപോലെ സമ്മേളനങ്ങളിൽ സ്ത്രീകൾ മൗനമായിരിക്കണം. സംസാരിക്കാൻ അവർക്ക് അനുവാദമില്ല. നിയമം അനുശാസിക്കുന്നതുപോലെ അവർ വിധേയത്വമുള്ളവരായിരിക്കട്ടെ. അവർ എന്തെങ്കിലും പഠിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വീട്ടിൽവച്ച് ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ. സഭയിൽ സംസാരിക്കുന്നത് സ്ത്രീക്ക് ഉചിതമല്ല. എന്ത്! നിങ്ങളിൽനിന്നാണോ ദൈവജനത്തിന്റെ ഉത്ഭവം? അതോ, ദൈവവചനം സ്വീകരിക്കാൻ സാധിച്ചത് നിങ്ങൾക്കു മാത്രമാണോ?*'' (1കോറി 14,34-35).



വിഷമം പിടിച്ചൊരു പാഠമാണിത്. ഇതിൽ പുറമേക്ക് സ്ത്രീവിദ്വേഷപരമായ മൂന്ന് ഉപദേശങ്ങൾ കാണാം. *സഭയിൽ സ്ത്രീകൾ മിണ്ടാതിരിക്കണം. സ്ത്രീ പുരുഷന് വിധേയയാണ്. അവൾക്ക് എന്തെങ്കിലും പഠിക്കണമെങ്കിൽ വീട്ടിൽവച്ച് ഭർത്താവിനോടു ചോദിച്ചുകൊള്ളണം.* ഇവിടെ പ്രതിഫലിക്കുന്ന കടുത്ത നിഷേധാത്മക നിലപാടു നിമിത്തം ഈ ഉപദേശങ്ങൾ പൗലോസിന്റേതല്ല; വേറെ ആരോ എഴുതിച്ചേർത്തതാണ് എന്നുപോലും അഭിപ്രായപ്പെടുന്ന വേദപണ്ഡിതരുണ്ട്. ഈ പാഠഭാഗം പൗലോസിന്റേതാണെന്ന് പൊതുവെ സ്വീകൃതമാണ്.

കോറിന്തിലെ സഭയിൽ ആത്മീയ ദാനങ്ങളുടെ, പ്രത്യേകിച്ച് ഭാഷാവരത്തിന്റെ, പ്രയോഗം സംബന്ധിച്ച് ബഹളവും അസ്വസ്ഥതയും നിലനിന്നിരുന്നു. അവ ശമിപ്പിക്കാൻ വഴികൾ നിർദേശിച്ചും പൗലോസ് എഴുതിയതാണ് കോറിന്തിലെ സഭയ്ക്കുള്ള ഒന്നാം ലേഖനം. 11-14 അദ്ധ്യായങ്ങളിൽ സഭയിലെ പ്രശ്നങ്ങൾ വിശേഷിച്ച് കൈകാര്യം ചെയ്യുന്നു. ആരാധനയ്ക്ക് സമ്മേളിക്കുമ്പോൾ എല്ലാവരുടെയും ആത്മീയദാനങ്ങളായ വരങ്ങൾ എല്ലാം ആത്മീയോത്കർഷത്തിന് ഉപയോഗപ്പെടുത്തണം എന്ന് അദ്ദേഹം നിഷ്കർഷിക്കുന്നു (14,26-27). കോറിന്തിലെ സഭയിൽ പ്രാർത്ഥിക്കാനും പ്രവചിക്കാനും അധികാരമുള്ള സ്ത്രീകൾ ഉണ്ടായിരുന്നു (1 കോറി 11,10;1 തിമോ 2,12). അവരിൽ ചിലരുടെ വ്യാഖ്യാനവും പ്രാർത്ഥനയും സംബന്ധിച്ച് ചില സ്ത്രീകൾ വല്ലാതെ ബഹളമുണ്ടാക്കി. അവരെക്കുറിച്ചാണ് സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ എന്നും വീട്ടിൽവച്ച് ഭർത്താക്കന്മാരോട് ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കട്ടെ എന്നും എഴുതിയിട്ടുള്ളത്. അത് കോറിന്തിലെയോ മറ്റെവിടെയോ ഉള്ള എല്ലാ സ്ത്രീകളെയും എക്കാലത്തെയും സ്ത്രീകളെയും കുറിച്ചല്ല; എങ്കിലും അവർക്കെല്ലാം ബാധകമാണ്. പൗലോസ് ചില പ്രത്യേക സ്ത്രീകളെയണ് ഉദ്ദേശിച്ചത് എന്ന് അദ്ദേഹം എഴുതിയ ഗ്രീക്ക് ഭാഷയിൽ സൂചനയുണ്ട്. (definite article ചേർത്താണ് സ്ത്രീകൾ എന്ന് പറഞ്ഞിട്ടുള്ളത്). കോറിന്തിലെ സഭയിൽ വല്ലാതെ ബഹളമുണ്ടാക്കി ക്കൊണ്ടിരുന്ന സ്ത്രീകൾ സഭയിൽ അച്ചടക്കം പാലിക്കണം എന്നാണ് നിർദേശത്തിന്റെ സാരം. സഭയിൽ ആരാധന ഭംഗിയായി നടത്തണം എന്നാണ് പൗലോസിന്റെ താത്പര്യം. സഭയിൽ സ്ത്രീകൾ മിണ്ടാതിരിക്കട്ടെ എന്ന് പറയുന്ന പൗലോസ്

തന്നെ അവർ സഭയിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് അതേ ലേഖനത്തിൽ മറ്റൊരു ഭാഗത്ത് ഉപദേശിക്കുന്നുണ്ടല്ലോ (11,5). അവരെ വിലക്കുന്നില്ല. സ്ത്രീകൾ സമൂഹത്തിൽ സംസാരിക്കുന്നത് പഴയ നിയമവും ഒരിടത്തും വിലക്കുന്നില്ല. സമൂഹത്തിലും സമുദായത്തിലും വളരെ സജ്ജീവമായി പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്ത എത്ര യോ സ്ത്രീകളെ പഴയ നിയമം അവതരിപ്പിച്ചിട്ടുണ്ട്!

*നിയമത്തിൽ പറയുമ്പോലെ സ്ത്രീ പുരുഷന് വിധേയയായിരിക്കട്ടെ* എന്ന് പൗലോസ് ഉപദേശിക്കുന്നതും അന്നത്തെ സാഹചര്യത്തിൽ മനസ്സിലാക്കണം. നിയമം എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുക പഴയ നിയമം മുഴുവനുമാവില്ല (1 കോറി 14,21ലെപ്പോലെ). പഞ്ചഗ്രന്ഥിയാവും (1കോറി 9,8ലെപ്പോലെ). സ്ത്രീയുടെ വിധേയത സംബന്ധിച്ച് പഞ്ചഗ്രന്ഥിയിലെ ക്ളാസ്സിക്കൽ പാഠം ഉല്പ 3,16 ആണ്. അവൻ (ദൈവമായ കർത്താവ്) സ്ത്രീയോടു പറഞ്ഞു: "*നിന്റെ പ്രസവവേദന വളരെയേറെ ഞാൻ വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും; എന്നാലും നിന്റെ അഭിലാഷം നിന്റെ ഭർത്താവിലായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും.*" ഇവിടെ സ്ത്രീക്ക് പുരുഷനോടുള്ള അഭിനിവേശത്തെക്കുറിച്ചാണ് "അവൻ നിന്നെ ഭരിക്കുകയും ചെയ്യും" എന്ന് പറയുക. ഗർഭധാരണത്തിന്റെയും പ്രസവത്തിന്റെയും ക്ളേശങ്ങളും വേദനയുമെല്ലാം ഉണ്ടെങ്കിലും സ്ത്രീക്ക് ഭർത്താവിനോടുള്ള അഭിനിവേശത്തിന് കുറവുണ്ടാകയില്ല. ഇക്കാര്യത്തിൽ അവൻ അവളെ കീഴടക്കും. പക്ഷേ ഈ വേദഭാഗം പുരുഷൻ എല്ലാക്കാര്യങ്ങളിലും സ്ത്രീയെ അടക്കി ഭരിക്കുന്നതിനെക്കുറിച്ചാണെന്ന് യഹൂദ റബ്ബിമാർ വ്യാഖ്യാനിച്ചിരുന്നു. അവരുടെ വ്യാഖ്യാനത്തിന്റെ ചില കാര്യങ്ങൾ പൗലോസ് കോറിന്തിലെ സഭയുടെ അപ്പോഴത്തെ സാഹചര്യമനുസരിച്ച് സ്വീകരിച്ചു. സഭയിൽ ബഹളമുണ്ടാക്കി സഭയുടെ സമാധാനവും സ്വസ്ഥതയും ഐക്യവും നശിപ്പിച്ച സ്ത്രീകളെ ഒതുക്കി നിർത്താൻ അപ്പോൾ ആ സമീപനം ആവശ്യമായിരുന്നു. എന്നാൽ സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനവും അന്തസ്സും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും റബ്ബിമാരുടെ വ്യാഖ്യാനം പൗലോസ് സ്വീകരിച്ചില്ല. അതേ സമയം കുടുംബത്തിൽ ഭർത്താവിന് അധികാരത്തിൽ പ്രഥമസ്ഥാനമുണ്ട് എന്ന സാമുദായിക നിലപാടാണ് പൗലോസിന്റേത്. സ്ത്രീകൾ നാട്ടുനടപ്പനുസരിച്ച് സഭയിൽ അന്തസ്സ് പാലിക്കണമെന്നും പ്രവചിക്കാനും പ്രാർത്ഥിക്കാനും അധികാരമുള്ളതിന്റെ പേരിൽ കുടുംബത്തിൽ ഭർത്താവിന്റെ പ്രഥമസ്ഥാനവും അധികാരവും സ്ത്രീകൾ അവഗണിക്കരുത് എന്നും അദ്ദേഹത്തിന് നിർബന്ധമുണ്ട്. (1കോറി 14,34-35ലെ ആശയങ്ങളുടെ വിശദരൂപം 1 തീമൊ 2,12-15ൽ കാണാം). പക്ഷേ അതുകൊണ്ട് സ്ത്രീക്ക് കുടുബകാര്യത്തിൽ അവകാശവും അധികാരവും ഇല്ലെന്ന് പൗലോസ് ഉദ്ദേശിക്കുന്നതായി പറയാനാവില്ല.



സ്ത്രീസങ്കല്പം സംബന്ധിച്ച് ഭാവാത്മകവും നിഷേധാത്മകവുമായ കാഴ്ചപ്പാടുകൾ കൂട്ടിക്കുഴച്ച ലേഖനഭാഗങ്ങളാണല്ലോ മൂന്നാം ഗണത്തിൽപ്പെട്ടവ (1കോറി 11,2-16;എഫേ 5,21-33;കൊലോ 3,18-19). കോറിന്തിലെ സഭയ്ക്ക് ഒന്നാം ലേഖനം എഴുതാനുണ്ടായ സാഹചര്യം വളരെ ചുരുക്കി മുകളിൽ കണ്ടു. ആന്തരികമായ പല പ്രശ്നങ്ങൾ മൂലം അസ്വസ്തമായ സഭ. പ്രശ്നങ്ങൾ പരിഹരിക്കാൻ അടിസ്ഥാനപരമായ സമീപനങ്ങളടങ്ങിയ നിർദേശങ്ങൾ നല്കുകയാണ് പൗലോസ് തന്റെ കത്തിൽ. 1 കോറി 11,2-16ൽ വിഷയമായിട്ടുള്ള പ്രധാന പ്രശ്നം സ്ത്രീകൾ സഭാസമ്മേളനത്തിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്തപ്പോൾ തലയിൽ തുണിയിട്ട് മൂടിയില്ല എന്നതാണ്. ഈ വേദഭാഗത്ത് 3-10 വാക്യങ്ങളിൽ സ്ത്രീ പുരുഷന് വിധേയയാണ് എന്ന് പൗലോസ് കരുതുന്നതായി കാണാം. എന്നാൽ സ്ത്രീയുടെ അന്തസ് ഉയർത്തിപ്പിടിക്കുന്നത് 11-12 വാക്യങ്ങളിൽ കാണാം. 11-12 വാക്യങ്ങളൊഴികെയുള്ളിടത്ത് സ്ത്രീ-പുരുഷ വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടുന്നു. തികഞ്ഞ യാഥാസ്തിതിക നിലപാട് സ്വീകരിച്ചിരിക്കുന്നപോലെ. പക്ഷേ പാഠഭാഗത്തിന്റെ അവസാനമാകുമ്പോൾ സ്ത്രീകളുടെ അന്തസ് ഉയർത്തിപ്പിടിക്കുന്ന വാദഗതി. പ്രത്യേകിച്ച് 11-12 വാക്യങ്ങളിൽ. സ്ത്രീ-പുരുഷ സമത്വത്തിന് നിലകൊള്ളുന്നു. ഇക്കാര്യത്തിൽ 11-12 വാക്യങ്ങളിലുള്ള പൗലോസിന്റെ പ്രസ്താവന വളരെ സ്പഷ്ടമാണ്.

സ്ത്രീകളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന മൂന്ന് പ്രസ്താവനകളുണ്ട്: *എന്നിരുന്നാലും കർത്താവിൽ സ്ത്രീ പുരുഷനെ കൂടാതെയോ പുരുഷൻ സ്ത്രീയെ കൂടാതെയോ അല്ല* (പരസ്പരാശ്രയത്വം) (വാക്യം 11). *എന്തെന്നാൽ സ്ത്രീ പുരുഷനിൽ നിന്നായിരിക്കുന്നതുപോലെ പുരുഷൻ സ്ത്രീയിൽ നിന്നാണ്; എല്ലാം ദൈവത്തിൽ നിന്നാണ്* (വാക്യം 12). *നീണ്ട മുടി സ്ത്രീക്ക് ഒരു ഭൂഷണമാണെന്ന് പ്രകൃതി തന്നെ പഠിപ്പിക്കുന്നില്ലേ. തലമുടി സ്ത്രീക്ക് ഒരു ആവരണമായി നല്കപ്പെട്ടിരിക്കുന്നു* (വാക്യം 15).

ആദ്യത്തെ പ്രസ്താവന വാക്യം 7ലുള്ളതിൽ നിന്ന് തീർത്തും വ്യത്യസ്തമാണ്. പുരുഷനിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതിനാൽ അവൾ അവന്റെ മഹത്ത്വമാണെന്ന് പരമ്പരാഗത ശൈലിയിൽ പറഞ്ഞു. സ്ത്രീ പുരുഷനുവേണ്ടി സൃഷ്ടിതയാണെന്നും പരമ്പരാഗത വിചാരപ്രകാരം പൗലോസും പറഞ്ഞുപോന്നു. പക്ഷേ അദ്ദേഹം ക്രിസ്തീയ ദർശനപ്രകാരം തിരുത്തുന്നു: കർത്താവിൽ അവർക്ക് വ്യത്യാസമില്ല. കർതൃനാമത്തിൽ സ്നാനപ്പെട്ടവരെന്ന നിലയിൽ പുരുഷന് സ്ത്രീയെക്കാളോ സ്ത്രീക്ക് പുരഷനെക്കാളോ അന്തസ്സ് കൂടുതലോ കുറവോ ഇല്ല (ഗലാ 3,28ൽ പറഞ്ഞതുതന്നെ). ലിംഗഭേദം നിലനില്ക്കുന്നു. സ്ത്രീക്ക് പുരുഷനെയും പുരുഷന് സ്ത്രീയെയും വേണം. അവർ പരസ്പരം ആശ്രി

തരാണ്. മാത്രമല്ല. ആദ്യം പുരുഷനിൽ നിന്ന് സ്ത്രീ സൃഷ്ടിതയായി. അതിനെന്താ? ഇപ്പോൾ പുരുഷൻ സ്ത്രീയിൽ നിന്ന് ജനിക്കുന്നു. സ്ത്രീ പുരുഷന്മാരുൾപ്പടെ എല്ലാം ദൈവത്തിൽ നിന്നാണല്ലോ. ജനനകാര്യ ത്തിലായാലും സ്ത്രീയും പുരുഷനും തുല്യരാണ്.

സഭയിൽ ആരാധനയിൽ സ്ത്രീ തല മൂടണമെന്ന് പൗലോസ് നിഷ് കർഷിക്കുന്നു. അന്നത്തെ അവരുടെ നാട്ടുനടപ്പ് അതായിരുന്നു. ഗ്രീക്ക്,യഹൂദസ്ത്രീകൾ വീടിന് പുറത്ത് തല മൂടിയേ സഞ്ചരിക്കാറു ള്ളായിരുന്നു. റോമൻ സ്ത്രീകൾക്ക് അങ്ങനെയൊരു പതിവില്ലായിരു ന്നു. അടിമപ്പെൺകുട്ടികളും വേശ്യകളും പൊതുസ്ഥലങ്ങളിൽ തല തുണിയിട്ട് മൂടിയിരുന്നില്ല. അത്തരം സാംസ്കാരിക പശ്ചാത്തലത്തിൽ പൊതുസ്ഥലത്ത് തല മൂടി പെരുമാറുക സ്ത്രീയുടെ അന്തസ്സിന്റെ പ്രശ്നമായിരുന്നു. അത് പാലിച്ച് ഡീസന്റായി ആരാധനയിൽ സംബന്ധിക്കണം എന്ന് പൗലോസ് ഉപദേശിക്കുന്നു (വാക്യ 13-15). കോറിന്തിലെ സഭയുടെ ദേശസംസ്കാരം അനുസരിച്ച് തുണിയിട്ട് തല മൂടി ആരാധനയിൽ സംബന്ധിച്ച് സ്ത്രീകൾ തങ്ങളുടെ അന്തസ് ഉയർത്തിപ്പിടക്കണം എന്നാണ് പൗലോസ് നിഷ്കർഷിക്കുക.

സ്ത്രീ സഭയിൽ നാട്ടുനടപ്പനുസരിച്ച് തുണിയിട്ട് തല മൂടി പ്രാർത്ഥി ക്കുകയും പ്രവചിക്കുകയും ചെയ്യുന്നത് മാനത്തിന്റെ പ്രശ്നം മാത്രമ ല്ല, അധികാരത്തിന്റെ അടയാളം കൂടിയാണ് എന്നും പൗലോസ് കരു തുന്നു. സ്ത്രീ-പുരുഷന്മാർക്ക് പരസ്പരാശ്രയതയുള്ളതിനാൽ സ്ത്രീ ക്ക് മാലാഖമാരെ പ്രതി സ്വന്തം ശിരസ്സിന്മേൽ അധികാരമുണ്ടായിരി ക്കണം (1 കോറി 11,8-10). സ്ത്രീ തന്റെ അധികാരം പ്രയോഗിച്ച് സ്വന്തം ശിരസ്സിന്മേൽ ശിരോവസ്ത്രമിടുകയും മുടി ഒതുക്കി വയ്ക്കുകയും ചെയ്യുന്നു.

സഭയിൽ ആരാധനയ്ക്ക് സ്ത്രീകൾ മുടി ഒതുക്കി വയ്ക്കുന്ന തിന് നിഷ്കർഷിക്കാൻ കോറിന്തിന്റെ മതപരമായ സാഹചര്യത്തിൽ പ്രത്യേക കാരണവുമുണ്ട്. ഗ്രീക്ക് മതത്തിന്റെ ആചാരരീതികൾ നട മാടിയിരുന്ന നഗരമായിരുന്നല്ലോ കോറിന്ത്. ഇജിപ്ഷ്യൻ ദേവതയായ ഈസിസ് ദേവിയുടെ അമ്പലം കോറിന്തിന്റെ തുറമുഖപട്ടണമായിരുന്ന കെന്ക്രേയിലും സ്ഥാപിച്ചിരുന്നു. ഈസിസ്ദേവീബാധയുടെ മൂർച്ഛ യിലണ്ടാകുന്ന ഒരുതരം മോഹാൽസ്യത്തിൽ സ്ത്രീകൾ സംസാരി ക്കുകയും പ്രവചനങ്ങൾ നടത്തുകയും ചെയ്യുന്ന രീതി കോറിന്തിലു മുണ്ടായിരുന്നു. അങ്ങനെ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്യു മ്പോൾ ആ സ്ത്രീകളുടെ മുടി അഴിഞ്ഞാടിക്കിടന്നു. ആ രീതി മുമ്പ് ശീലിച്ചവരും പരിചയിച്ചിരുന്നവരുമായിരുന്നു കോറിന്തിലെ സഭയിൽപ്പെട്ടവർ (1കോറി 12,2). സഭയിൽ പ്രവചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന സ്ത്രീകൾ മുടി ഒതുക്കിവയ് ക്കാതെ



അഴിച്ചിട്ടിരുന്നാൽ സഭയുടെ ആരാധനയെയും ഈസിസ്ദേവിയുടെ അനമ്പലങ്ങളിലെ ആരാധനപോലെ തെറ്റിദ്ധരിക്കാൻ ഇടയാകുമായി രുന്നു.

സ്ത്രീകൾ ശിരോവസ്ത്രമിട്ട് പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുന്നതിന് ദൈവശാസ്ത്രപരമായ അടിസ്ഥാനവും പൗലോസ് കാണുന്നുണ്ട്. അത് *സ്ത്രീ പുരുഷന്റെ മഹത്ത്വമാണ്* എന്ന പ്രസ്താ വനയിൽ (1കോറി 11,7) അന്തർഭവിച്ചിട്ടുണ്ട്. ഈ ലേഖനഭാഗത്ത് അധി കാരവും ഉത്ഭവവും സംബന്ധിച്ച് ദൈവം-ക്രിസ്തു-പുരുഷൻ-സ്ത്രീ എന്ന ശ്രേണിയുണ്ടല്ലോ. അത് ഉത്പ 1-2 അദ്ധ്യായങ്ങളിൽ മനുഷ്യ സൃഷ്ടിയെക്കുറിച്ചുള്ള രണ്ട് വിവരണങ്ങൾ സംയോജിപ്പിച്ച് രൂപവ ത്കരിച്ചതാണ്. ഉത്പത്തിവിവരണത്തിൽ *പുരുഷൻ ദൈവത്തിന്റെ മഹ ത്ത്വമാണ്* എന്നില്ല. *സ്ത്രീ പുരുഷന്റെ മഹത്ത്വമാണ്* എന്ന് 1 കോറി 11,7ൽ പൗലോസ് ചേർത്തു. ആരാധനയിൽ സംബന്ധിക്കുമ്പോഴത്തെ, ദൈവസന്നിധിയിൽ നില്ക്കുമ്പോഴത്തെ, പെരുമാറ്റത്തെക്കുറിച്ചാണ് പൗലോസ് പറയുന്നത് എന്നോർക്കണം. ആരാധനയുടെ സാഹചര്യ ത്തിൽ *മഹത്ത്വം* എന്ന പദത്തിന്റെ പ്രത്യേക അർത്ഥവും മനസ്സിലു ണ്ടാവണം. *മാലാഖമാരെപ്രതി* എന്ന പരാമർശവും ആരാധനയുടെ സന്ദർഭത്തെ സൂചിപ്പിക്കുന്നതാവും. വിശ്വാസികൾ ഭൂമിയിൽ നടത്തുന്ന ആരാധനയിൽ മാലാഖമാരും സംബന്ധിക്കുന്നു എന്ന വിശ്വാസം സെമി റ്റിക്(യഹൂദ)പശ്ചാത്തലത്തിൽ നിന്ന് ക്രിസ്തീയ പാരമ്പര്യത്തിന് കൈവന്നതാണല്ലോ (സങ്കീ 137;1QM 7,4-6;1QSa 2,3-11;2,7;വെളി 8,3). അതിന്റെ സ്വാധീനം കോറിന്തിലെ സഭയിലുമുണ്ടായിരുന്നു. മാലാഖ മാർക്ക് മുമ്പിൽ സ്തീകൾ തല മൂടാതിരിക്കുകയോ! മാലാഖമാർക്ക് മുമ്പിൽ സ്തീകൾ തല മൂടി ദൈവത്തോടുള്ള തങ്ങളുടെ വിധേയത വ്യക്തമാക്കണം. സ്ത്രീക്ക് ശിരോവസ്ത്രം ഇല്ലാതിരിക്കുക ഒരു ശാരീ രിക വൈകല്യത്തിനു തുല്യമാണ്. ശാരീരിക വൈകല്യങ്ങളുള്ളവരെ യഹൂദസമുദായം ആരാധനാസംഘത്തിൽ നിന്ന് ഒഴിവാക്കിയിരുന്നു. ശാരീരിക വൈകല്യമുള്ള സ്ത്രീകളെ ആരാധനയിൽ സംബന്ധിക്കാൻ അനുവദിക്കരുത് എന്ന യഹൂദ നിയമവും ഇവിടെ പ്രതിഫലിക്കുന്നു (ജെ.എ.ഫിറ്റ്സമിയർ).

സ്ത്രീ സഭയിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യു മ്പോൾ തല മൂടുന്ന ദേശസംസ്കാരത്തിന്റെ രീതിയെ *സ്ത്രീ പുരു ഷന്റെ മഹത്ത്വം ആകുന്നു* എന്ന ദൈവശാസ്ത്ര വസ്തുതയോടും നിബന്ധിച്ചിട്ടണ്ട് പൗലോസ്. സ്ത്രീ പുരുഷന്റെ മഹത്ത്വം ആണ്. എന്നാൽ പ്രാർത്ഥനയിൽ അവൾ പുരുഷനെയല്ല (ഭർത്താവിനെയല്ല) ദൈവത്തെ മഹത്ത്വപ്പെടുത്തണം. അവൾ ദൈവത്തെ നേരേ മഹത്ത്വ പ്പെടുത്തണം. സഭയിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യാൻ

അധികാരമുള്ള സ്ത്രീകൾ തങ്ങളുടെ അധികാരം ദൈവത്തെ നേരേ മഹത്വപ്പെടുത്താൻ വിനിയോഗിക്കണം. അതിന് പുരുഷന്റെ മഹത്ത്വം അവൾ മറയ്ക്കണം. ദൈവത്തെ നേരേ മഹത്വപ്പെടുത്താൻ ശിരോവസ്ത്രധാരണം സ്ത്രീക്ക് അധികാരം നല്കുന്നു. ദാനങ്ങൾ നല്കുന്ന പരിശുദ്ധാത്മാവിൽ നേരേ ആശ്രയിച്ച് സഭയിൽ പ്രാർത്ഥിക്കാനും പ്രവചിക്കാനും സ്ത്രീക്കുള്ള അധികാരമാണ് അവളുടെ ശിരോവസ്ത്രം. അത് അവൾ പുരുഷന് വിധേയയായിരിക്കുന്നതിന്റെ അടയാളമായല്ല, ദൈവത്തിന് നേരിട്ട് വിധേയയായിരിക്കുന്നതിന്റെ അടയാളമായാണ് പൗലോസ് ഈ വേദഭാഗത്ത് അവതരിപ്പിച്ചിട്ടുള്ളത് (ജെയിംസ് ഡി. ജി.ഡൺ, എം.ഡി.ഹൂക്കർ, ബൗമേർട്,ജെ.എം.ഗുൺഡ്രി-ഫോൾഫ് മുതലായ പണ്ഡിതന്മാർ).

ഇനി സ്ത്രീസംബന്ധിയായി 1 കോറി 11,2-16ലെ നിഷേധാത്മക പ്രസ്താവനകളെടുക്കാം. (ഒന്ന്) *സ്ത്രീയുടെ തല പുരുഷനാണ്* (വാക്യം 3). കാരണം വാക്യം 12ലുണ്ട്: സ്ത്രീ പുരുഷനിൽ നിന്ന് ഉണ്ടായി...എല്ലാം ദൈവത്തിൽ നിന്നു തന്നെ. പുരുഷൻ സ്ത്രീയുടെ തലയായിരിക്കുന്നത് അവൾ അവനിൽ നിന്ന് ഉത്ഭവിച്ചതിനാലാണ്. *തല* എന്ന വാക്ക് ഉറവിടം, ആരംഭം എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. ഈ അർത്ഥത്തിൽ സപ്തതി പഴയ നിയമത്തിൽ പലയിടത്തും *തല* (*കെഫാലേ*) എന്ന പദം ഉപയോഗിച്ചിട്ടുണ്ട് (ഉല്പ 2,10;2സാമു 22,44;1 രാജ 21,2;ജറെ 31,7;ഏശ 7,8-9). സ്ത്രീയുടെ തല പുരുഷനാണ് എന്ന് പറയുന്നത് സ്ത്രീയുടെ ഉത്ഭവം പുരുഷനിൽ നിന്നാണ് എന്ന് പറയുന്നതിനാണ്. 11,12ൽത്തന്നെ ചേർത്ത് പറയുന്നുണ്ടല്ലോ: എല്ലാം ദൈവത്തിൽ നിന്നുതന്നെ. ഈ അർത്ഥം വാക്യം 3ലും ഉണ്ട്: പുരുഷന്റെ തല ക്രിസ്തുവാണ് എന്ന് അവിടെ പറയുന്നു. അതിനർത്ഥം പുനഃസൃഷ്ടിതനായ പുരുഷന്റെ ഉറവിടം ക്രിസ്തുവാകുന്നു എന്നാണല്ലോ (2കോറി 5,17). 1 കോറി 11,3-16ൽ പൗലോസ് ദൈവം-ക്രിസ്തു-പുരുഷൻ-സ്ത്രീ എന്നിവരുടെ ബന്ധത്തിന്റെ ചങ്ങല അവതരിപ്പിക്കുന്നു. ഈ ചങ്ങലയാകട്ടെ അവരുടെ ഉത്ഭവം അടിസ്ഥാനമാക്കിയുള്ളതാണ്. (രണ്ട്) സ്ത്രീ സഭയിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുമ്പോൾ ശിരോവസ്ത്രമിട്ട് തല മൂടണം എന്ന് നിഷ്കർഷിക്കുന്നു. സഭയിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുമ്പോൾ സ്ത്രീ ശിരോവസ്ത്രം അണിയുന്നത് അവൾ പുരഷന് വിധേയപ്പെട്ടിരിക്കുന്നു എന്നതിന്റെയല്ല, അവളുടെ അധികാരത്തിന്റെയും സഭയിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുമ്പോൾ അവൾക്ക് ഭർത്താവുവഴിയല്ലാതെ നേരിട്ട് ദൈവത്തോടുള്ള വിധേയതയുടെയും അടയാളമാണെന്ന് മുകളിൽ വ്യക്തമാക്കിയല്ലോ.

എഫേ 5,21-33;കൊലോ 3,18-19 എന്നീ പാഠഭാഗങ്ങളിൽ പുരാതന ഗ്രേക്കോ-റോമൻ സംസ്കാരത്തിലും യഹൂദർക്കിടയിലും ഗൃഹഭരണവും കുടുംബനടത്തിപ്പും സംബന്ധിച്ച് നിലവിലിരുന്ന പാരമ്പര്യങ്ങളുടെ പ്രതിഫലനമുണ്ട്. പുരുഷകേന്ദ്രീകൃതമായ കുടുംബവ്യവസ്ഥിതിയാണ് ഉണ്ടായിരുന്നത്. ഭാര്യാഭർതൃബന്ധം സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ എഫേ 5,21-33ൽ പൗലോസ് പ്രയോജനപ്പെടുത്തുന്നു. ഭാര്യ ഭർത്താവിന് എല്ലാ കാര്യങ്ങളിലും വിധേയയായിരിക്കണം; ഭർത്താവ് ഭാര്യയുടെ തലയാണ് എന്നീ ആശയങ്ങ ളാണ് നിഷേധാത്മകങ്ങളായി പരിഗണിക്കപ്പെടാവുന്നവ. അതേ പാഠത്തിൽത്തന്നെ സ്ത്രീപക്ഷപരമായി ഭാവാത്മകങ്ങളായ പാഠങ്ങളും പൗ ലോസ് പഠിപ്പിക്കുന്നു: ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം; അവരിരുവരും ഒരു ശരീരമായിത്തീരും. ഭർത്താവ് ഭാര്യയെ സ്നേഹിക്കുന്ന കാര്യത്തിലും അവന് മാതൃക ക്രിസ്തുവാണ്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം. നിലവിലിരുന്ന പുരുഷക്കോയ്മയുടെ വ്യവസ്ഥിതിയിലേക്ക് സമ്പൂർണ സമർപ്പണത്തിന്റെ സ്നേഹത്തെ അധികാരദണ്ഡായി പൗലോസ് സ്ഥാപിച്ചു. ഈ പരിഷ്കാരം നിലവിലിരുന്ന പിതൃകേന്ദ്രീകൃത ഘടനയിൽ അദ്ദേഹം വരുത്തി. അതേ സമീപനമാണ് കൊലോ 3,18-19ലും. രണ്ടിടത്തും ഭാര്യയുടെ (സ്ത്രീയുടെ) വിധേയതയ്ക്ക് ഭർത്താവിന്റെ സ്നേഹം സമാന്തരമാണ്. ഭർത്താവിന്റെ സ്നേ ഹത്തിന്റെ ഭരണത്തിന് ഭാര്യ വിധേയപ്പെട്ടിരിക്കുന്ന ഒരു സുന്ദര വ്യവസ്ഥിതി പൗലോസ് നിർദ്ദേശിക്കുന്നു. സമകാലീന സാംസ്കാരികവ്യവസ്ഥിതിയിൽ നിലവിലിരുന്ന ഗൃഹഭരണഘടനയെ മുച്ചൂടും തകിടം മറിക്കാതെ അതിലേക്ക് ക്രിസ്തീയ സംസ്കാരത്തിന്റെ സവിശേഷ ശക്തിയായ ക്രിസ്തുവിന്റെ സമ്പൂർണ സമർപ്പണത്തിന്റെ സ്നേഹം കടത്തിവിട്ട് പൗലോസ് പരിഷ്കരിച്ചു. ഈ സംസ്കാരത്തിൽ സ്ത്രീയുടെമേൽ പുരുഷന്റെ (ഭർത്താവിന്റെ) അധികാരം സ്നേഹമാണ്. അത് സ്ത്രീയെ മേല്ക്കോയ്മയുടെ അടിമയാക്കുന്നതല്ല.



### സുവിശേഷങ്ങളിലെ സ്ത്രീസങ്കല്പം ഒരു പൊതുചിത്രം

യേശുക്രിസ്തുവിൽ പൂർത്തിയായ സാർവത്രിക രക്ഷാകരപദ്ധതിയിൽ ദൈവം സ്ത്രീകളുടെ അന്തസ്സ് സവിശേഷമായി ഉയർത്തിയതിന്റെ സുവിശേഷത്തിന് ലൂക്കായുടെ സാക്ഷ്യം നാം വിശദമായി കണ്ടു. ലൂക്കാ എഴുതിത്തുടങ്ങുന്നതിന് മുമ്പേ പൗലോസ് സ്ത്രീയുടെ അന്തസ്സ് സംബന്ധിച്ച് ക്രസ്തീയ ദർശനമനുസരിച്ച് എഴുതിയതും മനസ്സിലാക്കി. സ്ത്രീയുടെ അന്തസ്സിനെക്കുറിച്ച് നാല് സുവിശേഷവിവരണങ്ങളിലും പ്രതിഫലിക്കുന്ന പൊതുവായ ക്രിസ്തീയവിചാരത്തിലേക്കാണ് ഇനി നമ്മുടെ ശ്രദ്ധ.

### സ്ത്രീസങ്കല്പം മറ്റ് സുവിശേഷങ്ങളിൽ

സ്ത്രീകളുടെ അന്തസ് അടിസ്ഥാന വിചാരവിഷയമായ രണ്ട് രംഗങ്ങൾ ആദ്യത്തെ രണ്ട് സുവിശേഷങ്ങളിലുണ്ട്. ആസക്തിയോടെ സ്ത്രീ

യെ നോക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ വിധിതീർപ്പാണ് ഒന്ന് (മത്താ 5,27-30;മർക്കോ 9,43-48). വിവാഹമോചനം സംബന്ധിച്ച് ഫരിസേയർ യേശുവിനെ പരീക്ഷിച്ചുകൊണ്ട് ചോദ്യം ഉന്നയിച്ചതും യേശു മറുപടി പറഞ്ഞതും രണ്ടാമത്തത് (മർക്കോ 10,1-12;മത്താ 19,112). ഇവ രണ്ടും പൂർണരൂപത്തിൽ ലൂക്കാ രേഖപ്പെടുത്തിയിട്ടില്ല.

ആസക്തിയോടെ സ്ത്രീയെ നോക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ വിധിതീർപ്പാണ് ആദ്യസുവിശേഷങ്ങൾ ആദ്യം വിവരിക്കുക (മത്താ 5,27-30;മർക്കോ 9,43-48). ഇടർച്ച വരുത്തുന്ന കണ്ണ് ചുഴന്നെടുത്തെറിഞ്ഞുകളയുക എന്ന നിർദ്ദേശം മാത്രമേ മർക്കോസിന്റെ സുവിശേഷത്തിലുള്ളു. കണ്ണിന്റെ ഇടർച്ച ആസക്തിയോടെ സ്ത്രീയെ നോക്കുന്നതിലാണെന്ന് മത്തായിയുടെ സുവിശേഷം വിശദമാക്കുന്നു. അതെപ്പറ്റിയുള്ള യേശുവിന്റെ വാക്കുകൾ മത്തായി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: *വ്യഭിചാരം ചെയ്യരുത് എന്ന് കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു* (മത്താ 5,27-28). ഇടർച്ച വരുത്തുന്ന കണ്ണ് ചുഴന്നെടുത്തെറിഞ്ഞുകളയുക എന്ന നിർദ്ദേശം തുടർന്ന് നല്കുന്നു.

*വ്യഭിചാരം* എന്ന പാപത്തെക്കുറിച്ചുള്ള യേശുവിന്റെ നിലപാട് സ്ത്രീയുടെ അന്തസ്സിനെക്കുറിച്ചുള്ള ക്രിസ്തീയ നിലപാടിലേക്ക് വിരൽ ചൂണ്ടുന്നതാണ്. യേശുവിന്റെ നിലപാടിൽ സുവിശേഷകൻ അവതരിപ്പിക്കുന്നത് തീർച്ചയായും ഒന്നാം നൂറ്റാണ്ടിന്റെ മുക്കാൽ ഭാഗവും പിന്നിട്ടുകഴിഞ്ഞ സഭയുടെ സമീപനമാണ്. വ്യഭിചാരത്തെക്കുറിച്ച് യേശുവിന്റെ കാലത്തെ യഹൂദരുടെ ധാരണയുടെ പശ്ചാത്തലത്തിലേ യേശുവിന്റെ (ആദിസഭയുടെ) വ്യാഖ്യാനത്തിന്റെ അർത്ഥവും കാർക്കശ്യവും മനസ്സിലാകൂ. വിവാഹിതനായ പുരുഷൻ തന്റെ ഭാര്യയല്ലാത്ത വിവാഹിതയോ വിവാഹനിശ്ചയം കഴിഞ്ഞവളോ ആയ സ്ത്രീയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് വ്യഭിചാരം എന്നായിരുന്നു യഹൂദരുടെ സിദ്ധാന്തം. വ്യഭിചാരം ചെയ്യരുത് (ആറാം പ്രമാണം). കാരണം, വിവാഹത്തിൽ ഒരു ശരീരമായത്തീർന്നവരുടെ അവകാശം വ്യഭിചാരത്തിൽ ലംഘിക്കപ്പെടുന്നു. പ്രത്യേകിച്ച്, ഭാര്യ (സ്ത്രീ) ഭർത്താവിന്റെ (പുരുഷന്റെ) സ്വന്തം സ്വത്താണ്. അതിനാൽ വ്യഭിചാരക്കുറ്റത്തിൽ ഭർ ത്താവിന്റെ അവകാശം ലംഘിക്കപ്പെടുന്നു എന്ന ചിന്തക്കായിരുന്നു യഹൂദനിലപാടിൽ പ്രാമാണ്യം. ഭർത്താവിന്റെ അവകാശം ഭാര്യ ലംഘിക്കുന്നതിൽ അവളുടെ വ്യഭിചാരകുറ്റം അന്തർഭവിച്ചിരിക്കുന്നു! ഭർത്താവ് വ്യഭിചാരം ചെയ്താൽ അവളോടല്ല, അയാളുടെ വ്യഭിചാരത്തിൽ പങ്കാളിയായ സ്ത്രീയുടെ ഭർത്താവിനോടാണ് അയാൾ തെറ്റു ചെയ്യുക! അന്യന്റെ ഭാര്യയെയോ വസ്തുക്കളോ ആഗ്ര



ഹിക്കുന്നതും എടുക്കുന്നതും മോഷണമാണ് (പത്താം പ്രമാണം). മോഷണം സ്വത്തവകാശലംഘനമാണ്, അനീതിയാണ്. ഭർത്താവ് വ്യഭിചാരം ചെയ്താൽ ഭാര്യ യുടെ അവകാശം അവൻ ലംഘിക്കുന്നു എന്ന് പഠിപ്പിച്ചില്ല. വ്യഭിചാരം ദൈവജനത്തിന്റെ സ്വഭാവത്തിനെതിരായ ഒരു ധാർമികതിന്മ എന്നതി നെക്കാൾ സ്വത്തവകാശലംഘനത്തിന്റെ കുറ്റം എന്ന കാഴ്ചപ്പാടിനായിരുന്നു യേശുവിന്റെ കാലത്തെ യഹൂദർക്കിടയിൽ മുൻതൂക്കം. അതേ സമയം വ്യഭിചാരത്തിൽ പിടിക്കുന്ന സ്ത്രീയെയും പുരുഷനെയും കൊ ല്ലണം എന്ന് നിഷ്കർഷിച്ചിരുന്നു (യോഹ 7,53-8,11;നിയമ 22,22).

വിവാഹിതയോ അവിവാഹിതയോ ആയ അന്യസ്ത്രീയെ പുരുഷൻ കാമാസക്തിയോടെ നോക്കുന്നത് വ്യഭിചാരമായി യേശുവിന്റെ കാലത്തെ യഹൂദർ കരുതിയില്ല. വിവാഹിതയോ അവിവാഹിതയോ ആയ അന്യസ്ത്രീയെ കാമാസക്തിയോടെ നോക്കാതിരിക്കാൻ ദൈവഭക്തരായ നീതിമാന്മാർ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു (ജോബ് 31,1; പ്രഭാ 9,5). വിവാഹിതയോ അവിവാഹിതയോ ആയ അന്യസ്ത്രീയെ പുരുഷൻ കാമാസക്തിയോടെ നോക്കുന്നത് വ്യഭിചാരമാണെന്ന് യേശു ആധികാരികമായും ഔദ്യോഗികമായും പഠിപ്പിച്ചു. (''എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു...'' എന്ന മുഖവുര ശ്രദ്ധിക്കുക). അങ്ങനെ പഠിപ്പിച്ചപ്പോൾ പുരുഷന്റെ വ്യഭിചാരത്തിന്റെ നിമിത്തം സ്ത്രീയല്ല, അവൻ തന്നെയാണ് എന്ന് യേശു ചൂണ്ടിക്കാട്ടുകകൂടിയാണ്. പുരുഷൻ അന്യ സ്ത്രീയെ കാമാസക്തിയോടെ നോക്കാൻ കാരണം അവളാണ് എന്ന് കരുതിയിരുന്നവരോട്, അങ്ങനെയല്ല, നേരേ തിരിച്ചാണ് എന്ന് തിരുത്തുന്നു. അന്യസ്ത്രീയെ കാമാസക്തിയോടെ നോക്കുന്നത് അവളുടെ (സ്ത്രീയുടെ) ശ്രേഷ്ഠതയുടെയും അന്തസ്സിന്റെയും അവകാശത്തിന്റെയും മേലുള്ള കയ്യേറ്റമാണെന്നും യേശു ചൂണ്ടിക്കാണിച്ചു. സ്ത്രീയുടെ അന്തസ് അവഗണിച്ചിരുന്ന സാഹചര്യത്തിൽ യേശു അത് ഉയർത്തിപ്പിടിച്ചു.

വിവാഹമോചനം സംബന്ധിച്ച് ഫരിസേയർ യേശുവിനെ പരീക്ഷിച്ചുകൊണ്ട് ചോദിച്ചതാണല്ലോ രണ്ടാമത്തെ അവസരം (മർക്കോ 10,1-12; മത്താ 19,112). ഈ ചോദ്യം യേശുവിന്റെ ശുശ്രൂഷയിൽ വ്യത്യസ്ത സന്ദർഭങ്ങളിലാണ് രണ്ട് സുവിശേഷങ്ങളും ക്രമീകരിച്ചിട്ടുള്ളത്. ആ പ്രശ്നം ഇവിടെ ചർച്ചയ്ക്ക് വിഷയമാക്കുന്നില്ല. ഭാര്യയെ ഉപേക്ഷിക്കുന്നത് സംബന്ധിച്ച് ഫരിസേയർ ഉന്നയിക്കുന്ന ചോദ്യങ്ങൾ വ്യത്യസ്തങ്ങളാണ് മർക്കോസിന്റെയും മത്തായിയുടെയും സുവിശേഷങ്ങളിൽ. *ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?* എന്നാണ് മർക്കോസിന്റെ സുവിശേഷത്തിൽ ആദ്യ ചോദ്യം. അതായത്, വിവാഹമോചനം കല്പനാനുസൃതമാണോ എന്ന്. മത്തായിയുടെ സുവിശേഷത്തിൽ സമാന്തര ചോദ്യം ***ഏതെങ്കിലും കാരണത്താൽ***

*ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?* എന്നാണ്. വിവാഹമോചനംതന്നെ അനുവദനീയമോ എന്നാണ് മർക്കോസിന്റെ സുവിശേഷത്തിൽ പ്രശ്നം. മത്തായിയുടെ സുവിശേഷത്തിൽ പ്രധാന പ്രശ്നം വിവാഹമോചനത്തിനു മതിയായ കാരണവും.

ഇനി യേശുവിന്റെ മറുപടി ശ്രദ്ധിക്കാം. ആദ്യം മർക്കോസിന്റെ വിവരണം. യേശു തിരിച്ചു ചോദിച്ചു: മോശ എന്താണ് *കല്പിച്ചിട്ടുള്ളത്?* മോശയുടെ നിയമമാണല്ലോ അവരുടേത്. വാസ്തവത്തിൽ മോശയുടെ നിയമം (പഞ്ചഗ്രന്ഥി) ഒരിടത്തും വിവാഹം വിച്ഛേദിക്കാൻ വ്യക്തമായി അനുവദിക്കുന്നില്ല. അവർ മറുപടി കൊടുത്തു: ഉപേക്ഷണപത്രം കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കാൻ മോശ *അനുവദിച്ചിട്ടുണ്ട്*. ഇവിടെ അവർ സൂചിപ്പിക്കുന്നത് നിയ 24,1 ആണ്: "ഒരുവൻ വിവാഹിതനായശേഷം ഭാര്യയിൽ എന്തെങ്കിലും *ലജ്ജാകരമായത്* കണ്ടാൽ, ഉപേക്ഷാപത്രം കൊടുത്ത് അവളെ വീട്ടിൽ നിന്ന് പറഞ്ഞയയ്ക്കട്ടെ." ഈ വാക്യം മാത്രം എടുത്താൽ ഭാര്യയെ ഉപേക്ഷിക്കാമെന്ന് സൂചനയുണ്ട്. പക്ഷേ ഈ പ്രസ്താവം 1-4 വരെയുള്ളതിന്റെ ആദ്യ ഭാഗം മാത്രമാണ്. നിയ 24,1 -4ന്റെ പ്രധാന പക്ഷം വിവാഹമോചനം നേടിയ പുരുഷനും സ്ത്രീയും തമ്മിൽ വീണ്ടും വിവാഹം ചെയ്യുന്നത് വിലക്കുകയാണ്. നിയ 24,1ന്റെ തന്നെ മൗലികമായ പ്രധാന താത്പര്യം വിവാഹമോചനമല്ല, സ്ത്രീയുടെ സംരക്ഷയാണ്. ഭർത്താവിനു തോന്നുമ്പോൾ ഭാര്യയെ വെറുതേ വാക്കാൽ പറഞ്ഞുവിടാതെ സാക്ഷികളുടെ മുമ്പിൽ രേഖ നല്കി വിടണം. അങ്ങനെ അവളെ പുനർവിവാഹത്തിന് സ്വതന്ത്രയാക്കി വിടണം എന്ന് നിർദ്ദേശിക്കുകയാണ്. ഭാര്യയെ അടിസ്ഥാനരഹിതമായി ദുഷ്ക്കീർത്തിപ്പെടുത്തി ഉപേക്ഷിക്കാൻ പാടില്ലായിരുന്നു (നിയ 22,13-21). മോശ നല്കിയ അനുവാദത്തെ യേശു (ആദിസഭ) എപ്രകാരം കണ്ടു എന്നത് നിർണ്ണായകമാണ്.

ഉപേക്ഷാപത്രം കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കാൻ മോശ *അനുവദിച്ചിട്ടുള്ളതിന്* എതിര് യേശു പറഞ്ഞാൽ മോശയുടെ നിയമത്തെ എതിർക്കുന്നവൻ എന്ന് അവനിൽ കുറ്റം കണ്ടുപിടിക്കാനാണ് അവർ ഈ അനുവാദക്കാര്യം അനുസ്മരിച്ചത്. പക്ഷേ യേശു കുറ്റത്തിന്റെ ഉത്തരവാദിത്തം അവർക്കാണെന്ന് വ്യക്തമാക്കി. നിയമം സംബന്ധിച്ച് രണ്ട് ശൈലികൾ മർക്കോ 10ൽ ഉപയോഗിക്കുന്നു: *മോശ **കല്പിച്ചിട്ടുള്ളത്*** (യേശു); *മോശ **അനുവദിച്ചിട്ടുണ്ട്*** (ഫരിസേയർ). *കല്പനയും അനുവാദവും* തമ്മിൽ വ്യത്യാസമുണ്ട്. കല്പിച്ച നിയമം അനുസരിക്കാത്തവർക്ക് നിയമത്തിൽനിന്ന് ചില ഇളവുകൾ നല്കുന്നതാണ് *അനുവാദം*. അനുവാദം നിയമമല്ല, നിയമത്തിന് അപവാദമാണ്. അത് നിയമം അനുസരിക്കാത്തവർക്കു വേണ്ടിയുള്ള ക്രമീകരണമാണ്. നിയമം *കല്പിക്കുന്നത്* അനുസരിക്കാത്തവരാണ് *അനുവാദത്തിന്* ഉത്ത



രവാദികൾ. മോശ *കല്പിച്ചത്* ദൈവത്തിന്റെ ഹിതം. മോശ *അനുവദിച്ചത്* മോശ കല്പിച്ച ദൈവത്തിന്റെ ഹിതം അനുസരിക്കാൻ യഹൂദർ കൂട്ടാക്കാഞ്ഞതിനാൽ. ഉപേക്ഷാപത്രം കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കാൻ മോശ അനുവദിച്ചത് അവരുടെ അനുസരണക്കേടിന് തെളിവാണ്. അവരുടെ *ഹൃദയകാഠിന്യം നിമിത്തം* എന്ന് യേശു ചൂണ്ടിക്കാട്ടുന്നുണ്ടല്ലോ. തുടർന്ന് യേശുക്രിസ്തു വിവാഹബന്ധം അവിഭാജ്യമാണ്, ഒരു കാരണവശാലും വിവാഹമോചനം നിയമാനുസൃതമല്ല എന്ന് ആദിപുസ്തകം ആധാരമാക്കി വ്യക്തമാക്കി. അത് പിന്നാലെ വിശദമാക്കാം.

വിവാഹമോചനം അനുവദിക്കാവുന്ന കാരണമാണ് മത്തായിയുടെ സുവിശേഷത്തിൽ പ്രധാന പ്രശ്നമാക്കിയിട്ടുള്ളത് എന്ന് മുകളിൽ വ്യക്തമാക്കിയല്ലോ. അനുവാദകാരണം പ്രധാന പ്രശ്നമാക്കാൻ കാരണം മുൻഖണ്ഡികയിൽ ഉദ്ധരിച്ച നിയ 24,1ൽ രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശമാണ്. വിവാഹമോചനം നേടിയവർ തമ്മിൽതന്നെ വീണ്ടും വിവാഹം ചെയ്യുന്നത് വിലക്കാനും ഭർത്താവ് സ്വന്ത താത്പര്യത്താൽ വിവാഹമോചനം നല്കി വിടുന്ന സ്ത്രീയുടെ സ്വതന്ത്രാവസ്ഥ സംരക്ഷിക്കാനും നല്കിയ നിർദ്ദേശം ഭർത്താവിന് തോന്നുമ്പോലെ വിവാഹമോചനത്തിനുള്ള അനുവാദമായി യഹൂദർ വ്യാഖ്യാനിച്ചു. അവർ നിർദ്ദേശത്തിന്റെ അനുവാദമാനത്തിന് പ്രാമുഖ്യം നല്കി വിവാഹമോചനം അനുവദിക്കാവുന്ന കാരണങ്ങളെപ്പറ്റി ചൂടുപിടിച്ച ചർച്ച നടത്തി ക്കൊണ്ടിരുന്നു. ചർച്ചയുടെ നേതൃത്വം ഹില്ലേൽ, ഷമ്മായി എന്നീ രണ്ട് റബ്ബിമാർക്കായിരുന്നു. ഭർത്താവിന് അപ്രീതി നല്കുന്നതെന്തും വിവാഹമോചനത്തിന് മതിയായ കാരണമെന്ന് ഹില്ലേൽ പക്ഷം. പാചകം ശരിയാകാത്തതിന്റെ പേരിൽപ്പോലും ഉപേക്ഷണപത്രം കൊടുത്ത് ഭാ ര്യയെ ഉപേക്ഷിക്കാമെന്ന് വ്യാഖ്യാനിച്ചിരുന്നവരും ഉണ്ടായിരുന്നു. പരപുരുഷഗമനം നിമിത്തം മാത്രമേ ഉപേക്ഷണപത്രം കൊടുത്ത് ഭാര്യ യെ ഉപേക്ഷിക്കാവൂ എന്നായിരുന്നു ഷമ്മായിപക്ഷം. (അത് മത്താ 19,9ൽ പ്രതിഫലിക്കുന്നു). ഈ വ്യത്യസ്ത നിലപാടുകളുടെ പശ്ചാത്തലത്തിലാണ് യേശുവിനോടുള്ള രണ്ട് ചോദ്യങ്ങളും.

ആദ്യ ചോദ്യം: *ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?* ചോദ്യകർത്താക്കൾ പ്രതീക്ഷിക്കുന്ന ഉത്തരം ചോദ്യത്തിൽത്തന്നെ അന്തർഭവിച്ചിട്ടുണ്ട്: *ഒരു കാരണത്താലും നിയമാനുസൃതമല്ല*. അതുതന്നെ യേശു പറഞ്ഞു. അതേ അവന് പറയുവാൻ പറ്റൂ. കാരണം സ്ത്രീ-പുരുഷ സൃഷ്ടിയെക്കുറിച്ച് തിരുഗ്രന്ഥം അങ്ങനെയാണ് പഠിപ്പിക്കുക. വേദപരമായ അടിസ്ഥാനവും യേശു വ്യക്തമാക്കി: *ആദി മുതലേ സ്രഷ്ടാവ് പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും, ഇക്കാരണത്താൽ പുരുഷൻ മാതാവിനെയും പിതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും, അവർ ഇരുവരും*

*ഒരു ശരീരമായിത്തീരും എന്ന് അവൻ അരുളിച്ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ വായിച്ചിട്ടില്ലേ? തന്മൂലം പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപിരിക്കരുത്* (മത്താ 19,5-6). ഉത്പത്തിപ്പുസ്തകത്തിലെ രണ്ട് സൃഷ്ടിവിവരണത്തിലും നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1,27;2,24) സംയോജിപ്പിച്ചാണ് യേശു ഉദ്ധരിക്കുക. ദൈവം പുരുഷനും സ്ത്രീയുമായി മനുഷ്യരെ സൃഷ്ടിച്ചു. അപ്രകാരം സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം അവരെ സൃഷ്ടിച്ചപ്പോൾ വിവാഹമോചനം അവന്റെ ചിന്തയിൽപ്പോലും ഇല്ലായിരുന്നു. വിച്ഛേദിക്കാത്ത ഒരു ബന്ധത്തിൽ ഒരു പുരുഷനും ഒരു സ്ത്രീയും ചേർന്ന് ഒരു ശരീരമായിരിക്കാനാണ് അവരെ അവൻ ആണും പെണ്ണുമായി സൃഷ്ടിച്ചത്. മാത്രമല്ല, ദൈവം തന്നെയാണ് ഓരോ ദമ്പതികളെയും കൂട്ടിച്ചേർക്കുക; വൈവാഹികബന്ധത്തിന്റെ സ്രഷ് ടാവും അധികാരിയും അവനാണ് (മത്താ 19,9).

യേശു ഉദ്ധരിച്ച പഴയ നിയമ ഭാഗങ്ങളുടെ മൗലികമായ പ്രാഥമിക ഉദ്ദേശ്യം വിവാഹത്തിന്റെ അവിഭാജ്യത അല്ലായിരുന്നു. അതായത്, സ്ത്രീ-പുരുഷ സൃഷ്ടിയെക്കുറിച്ച് ഉത്പത്തിപ്പുസ്തകത്തിലെ കഥ രൂപവത്കൃതമായപ്പോഴും അത് മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള കഥയായി ഇസ്രായേൽക്കാർ സ്വീകരിച്ചപ്പോഴും ഉണ്ടായിരുന്ന ഉദ്ദേശ്യമാണ് ഇവിടെ ഉദ്ദേശിക്കുക. ദൈവച്ഛായയിൽ സൃഷ്ടിതരെന്ന നിലയിൽ പുരുഷനും സ്ത്രീയും തുല്യരാണെന്ന് സമർത്ഥിച്ചു ഉല്പ 1,27. ഉല്പ 2,24 ആകട്ടെ സ്ത്രീപുരുഷന്മാർക്ക് അനുഭവപ്പെടുന്ന ശക്തമായ പരസ്പരാകർഷണത്തെ വിശദീകരിച്ചു. ഈ ഭാഗങ്ങളെ, മുൻഖണ്ഡികയുടെ അവസാനം ചൂണ്ടിക്കാട്ടിയപോലെ, യേശുക്രിസ്തു ആദി മുതലേ വൈവാഹികബന്ധം അവിഭാജ്യമായിരുന്നു എന്ന് സ്ഥിരീകരിക്കുന്നതായി വ്യാഖ്യാനിച്ചു.

വൈവാഹികബന്ധം അവിഭാജ്യമാണെന്ന് വിശുദ്ധ ഗ്രന്ഥം അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു എന്ന നിലപാടാണ് യേശുവിന്റേത്. എന്നിട്ടും മോശ വിവാഹമോചനം *അനുവദിച്ചത്* മോശയിലൂടെ ദൈവം *കല്പിച്ചത്* അനുസരിക്കേണ്ടവരുടെ *ഹൃദയകാഠിന്യം* നിമിത്തമാണെന്ന് യേശു വ്യക്തമാക്കി. വിശുദ്ധ ഗ്രന്ഥ പാരമ്പര്യത്തിൽ *ഹൃദയകാഠിന്യം* എന്ന പദത്തിന് പ്രത്യേക സൂചനയുണ്ട്. ഇസ്രായേൽ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ എന്ന കല്പന ലംഘിച്ച് അന്യദൈവങ്ങളെ ആരാധിച്ചതും പ്രവാചകന്മാർ ആവർത്തിച്ച് മുന്നറിയിപ്പ് നല്കിയിട്ടും അതിൽ നിന്ന് പിന്മാറാതിരുന്നതും ഹൃദയകാഠിന്യമാണ്. അത് വ്യഭിചാരമാണ് (ഹോസി 1;എസെ 20,25; പുറ 32). എസെ 20,25 അനുസരിച്ച് വിവാഹമോചനത്തിന് മോശ നല്കിയ അനുവാദം അവർ തങ്ങളുടെ പിതാക്കന്മാർ പൂജിച്ചിരുന്ന വിഗ്രഹങ്ങളിൽ കണ്ണുറപ്പിച്ചിരുന്നതിനാൽ ദൈവമായ കർത്താവ് അവർക്ക് നല്കിയ ദോഷ



കരമായ കല്പനകളും ജീവൻ നേടാൻ ഉതകാത്ത പ്രമാണങ്ങളും ആണ്. വിവാഹമോചനം വ്യഭിചാരത്തിലേക്ക് നയിക്കുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാ ഹം ചെയ്യുന്ന പുരുഷനും ഉപേക്ഷിക്കപ്പെട്ടവനെ വിവാഹം ചെയ്യുന്ന സ്ത്രീയും വ്യഭിചാരം ചെയ്യുന്നു (മർക്കോ 10,11-12; ലൂക്കാ 16,19). കാര ണം, ആദ്യത്തെ വിവാഹബന്ധം നിലനില്ക്കുന്നു. മർക്കോസും ലൂക്കാ യും വിവരിക്കുന്നതനുസരിച്ച്, വിവാഹമോചനത്തിന് സ്ത്രീക്കും പുരുഷനും ഒരുപോലെ അനുവാദമുണ്ട്. ഗ്രേക്കോ-റോമൻ സങ്കല്പത്തിൽ അക്കാര്യത്തിൽ സ്ത്രീക്കും പുരുഷനും ഒരുപോലെ അവകാശമുണ്ട് (1കോറി 7,11). ഗ്രേക്കോ-റോമൻ സാംസ്കാരിക പശ്ചാത്തലത്തിലായിരുന്നല്ലോ മർക്കോസിന്റെയും ലൂക്കായുടെയും സഭകൾ. ആ സാഹചര്യത്തിലും ഉപേക്ഷിക്കപ്പെട്ടവരെ വിവാഹം ചെയ്യുന്ന പുരുഷനും സ്ത്രീയും ഒരുപോലെ വ്യഭിചാര പാപം ചെയ്യുന്നു എന്ന് യേശു പഠിപ്പിച്ചത് സുവിശേഷകന്മാർ സാക്ഷിച്ചു.

*പരസംഗം നിമിത്തം* മാത്രം ഭർത്താവിന് ഭാര്യയെ ഉപേക്ഷിച്ച് വേറൊരുവളെ വിവാഹം ചെയ്യാം എന്നൊരു വ്യവസ്ഥ യേശു അംഗീകരിക്കുന്നതായി മത്തായിയുടെ സുവിശേഷത്തിലുണ്ട്. പരസംഗം മൂലമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് വേറൊരുവളെ വിവാഹം ചെയ്യുന്നവൻ ഉപേക്ഷിച്ച ഭാര്യ വ്യഭിചാരം ചെയ്യാൻ ഇടയാക്കുന്നു എന്ന കുറ്റം കൂടി ചെയ്യുന്നു (19, 9;5,32). ഇവിടെ ഭാര്യയുടെ പരസംഗത്തെക്കുറിച്ചു മാത്രമേ പറയുന്നുള്ളു. ഭർത്താവിന്റെ പരസംഗത്തെക്കുറിച്ചില്ല. അത് വിചിത്രമായിരിക്കുന്നു. വിവാഹബന്ധത്തിൽ ഭർത്താവിനുള്ള അവകാശങ്ങളെല്ലാം ഭാര്യയ്ക്കില്ല എന്ന യഹൂദ സങ്കല്പമാണ് ഇവിടെ പ്രതിഫലിക്കുക. പരസംഗം നിമിത്തം വിവാഹമോചനമാകാം എന്ന *അനുവാദ വും* വിവാഹബന്ധം അലംഘനീയമാണ് എന്ന നിയമകല്പനയ്ക്ക് ഒരു *അപവാദമാണ്*. അവരുടെ *ഹൃദയകാഠിന്യം നിമിത്തമുള്ള* അപവാദം. അപ്പോൾ കല്പന പരസംഗം മൂലവും വിവാഹമോചനം പാടില്ല എന്നു തന്നെ നില്ക്കുന്നു. പരസംഗം എന്ന പാപത്തിൽ ഉൾപ്പെട്ടുപോയ ഭാര്യയോടും ക്ഷമിച്ച് അലംഘനീയമായ വിവഹബന്ധം നിലനിർത്തണം എന്ന് ധ്വനി. വിച്ഛേദിക്കാൻ പാടില്ലാത്ത വൈവാഹികബന്ധം സ്ഥാപിച്ച ദൈവത്തിന്റെ ഹിതത്തിന് വേണ്ടി അങ്ങനെ യേശു സ്ത്രീപക്ഷത്തു നിലകൊള്ളുന്നു. യേശുവിന്റെ ഈ സമീപനവും നേരിട്ടല്ലെങ്കിലും സ്ത്രീകളുടെ അന്തസ്സിനും അഭിമാനത്തിനും വേണ്ടിയുള്ള നിലപാടായി. യേശുക്രിസ്തുവിൽ ദൈവരാജ്യം സമാഗതമായിക്കഴിഞ്ഞു. ഈ പുതിയ വ്യവസ്ഥിതയിൽ രക്ഷകനായ കർത്താവായ ദൈവം സ്ഥാപിച്ച ഭാര്യാഭർതൃബന്ധം വിച്ഛേദിക്കാനാവുന്ന കാരണങ്ങൾ അന്വേഷിക്കയല്ല ചെയ്യേണ്ടത്. ഭാര്യാഭർത്താക്കന്മാരിൽ എന്ത് കുറവുകൾ ഉണ്ടായാലും പരസ്പരം ക്ഷമിച്ചും തിരുത്തിയും ആശ്വസിപ്പിച്ചും ബന്ധം നിലനിർത്തണം എന്നതാണ് ദൈവഹിതം. അതിന് സ്ത്രീക്കും പുരഷനും ഒരുപോലെ ഉത്തരവാദിത്തമുണ്ട്.

യോഹന്നാന്റെ സുവിശേഷം സ്ത്രീസങ്കല്പത്തിന്റെ കാര്യത്തിൽ കക്ഷിരഹിതമാണ്. സ്ത്രീയും പുരുഷനും ഒരുപോലെ പാപത്തിനും പുണ്യത്തിനും വിധേയരാണ് (യോഹ 4;5,1-15). സ്ത്രീകളോടും പുരുഷന്മാരോടും യേശുവിന് ഒരുപോലെ സൗഹൃദമുണ്ട് (യോഹ 11). യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന വാർത്ത ആദ്യം വെളിപ്പെട്ടു കിട്ടിയതും ഉയർത്തെഴുന്നേറ്റ യേശു ആദ്യം പ്രത്യക്ഷപ്പെട്ടതും സ്ത്രീകൾക്കാണ് (യോഹ 20,1-18). ഉദാത്തവത്കൃതമായ ഒരു സ്ത്രീസങ്കല്പത്തിനാണ് യോഹന്നാന്റെ സുവിശേഷത്തിൽ മുൻതൂക്കം (യോഹ 2,1-11;4;11;12,18;16,21;19,25-27;20,1-18). ഉദാത്തവത്കരണത്തിന്റെ ഉച്ചസ്ഥായി യേശുക്രിസ്തു തന്റെ ശുശ്രൂഷയുടെ രണ്ട് നിർണായക ഘട്ടങ്ങളിൽ (യോഹ 21,1-11;19,25-27) തന്റെ അമ്മയെ "സ്ത്രീ" എന്ന് വിളിച്ചതിലുണ്ട്. അമ്മയെ "സ്ത്രീ" എന്ന് വിളിച്ചത് അവളോട് ആദരക്കുറവിന്റെ അടയാളമല്ല. യോഹന്നാന്റെ സുവിശേഷവിവരണമനുസരിച്ച് പ്രതീകാത്മകതയും ദൈവശാസ്ത്രവും തിങ്ങിനിറഞ്ഞ വിളിയാണത്. ദൈവപുത്രനായ മിശിഹായായ യേശുവിന്റെ മിശിഹാപരമായ ശുശ്രൂഷ ആരംഭിക്കാൻ ആവശ്യമായിത്തീർന്ന അവസരത്തിൽ അത് ആരംഭിക്കാൻ സ്വപുത്രനോട് ആവശ്യപ്പെടുന്ന അമ്മയാണ് അവൾ (യോഹ 2,1-11). "സ്ത്രീ" എന്ന നിലയിൽ അവൾ യേശുക്രിസ്തു പറയുന്നത് അനുസരിക്കാൻ പരിചാരകരോട് (ശിഷ്യരോട്: യോഹ 12,25-26) അധികാരപൂർവം ആവശ്യപ്പെടുന്ന അമ്മയുമാണ്. യേശുക്രിസ്തുവിന്റെ കുരിശിന്റെ അരികെ നിന്ന് അതിന്റെ ഫലം സ്വീകരിക്കുന്നവളും ഫലം സ്വീക രിക്കുന്നവരുടെ അമ്മയും മാതൃകയുമാണ് അവൾ. അവൾ ശിഷ്യരുടെ അമ്മയാണ് എന്ന് കുരിശിൽ ഉയർത്തപ്പെട്ട യേശുക്രിസ്തു തന്നെ ശിഷ്യർക്ക് വെളിപ്പെടുത്തി നല്കിയവളാണ്. അത് അനുസരിച്ച് അവന്റെ ശിഷ്യർ തങ്ങളുടെ അമ്മയായി സ്വീകരിച്ചവളാണ് അവൾ (യോഹ 19,25-27). "സ്ത്രീ" എന്ന നിലയിൽ യേശുക്രിസ്തുവിന്റെ ശിഷ്യരുടേയും അവരുടെ സംഘമായ സഭയുടേയും അമ്മയും മാതൃകയും പ്രതീകവുമാണ്. (കൂടുതൽ വിശദമായി ഈ ഗ്രന്ഥകാരന്റെ *ജീവന്റെ സുവിശേഷം, ഇതാ കർത്താവിന്റെ ദാസി* എന്നീ ഗ്രന്ഥങ്ങളിലുണ്ട്). ക്രിസ്തീയ ദർശനത്തിലെ സ്ത്രീസങ്കല്പത്തിന്റെ ഉദാത്ത മാതൃകയാണ് അവൾ.

**പഴയ നിയമത്തിലെ സ്ത്രീസങ്കല്പത്തിന്റെ അടിസ്ഥാന വിചാരങ്ങൾ**

"പുരുഷന്റെ വാരിയെല്ലിൽ നിന്ന് അവനുവേണ്ടി സൃഷ്ടിക്കപ്പെട്ട സ്ത്രീ എന്ന സങ്കല്പം അവളെ രണ്ടാംകിട സൃഷ്ടിയായി തരം താഴ്ത്തി" എന്ന് ഈ ലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ച പി.ഗീതയുടെ ലേഖനം (പുറം86) വിലപിക്കുന്നു. ഇപ്രകാരം വിലപിക്കുന്നവരുടെ ഒരു പ്രതിനിധി മാത്രമാണ് പി.ലീല.

ആദാമിന്റെ (പുരുഷന്റെ എന്നല്ല) വാരിയെല്ലിൽ നിന്ന് അവനുവേണ്ടി സ്ത്രീ സൃഷ്ടിക്കപ്പെട്ടു എന്ന വിവരണത്തിൽ ഉത്പത്തിഗ്ര



ന്ഥകാരൻ ശ്രമിച്ചത് സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള ശക്തമായ ആകർഷണത്തിന്റെ മൂലകാരണവും ഭാര്യാഭർതൃബന്ധത്തിന്റെ അഭേദ്യതയും പ്രത്യേകതകളും ഭാര്യാഭർത്താക്കന്മാർ തമ്മിൽ സ്വഭാവത്തിലും വ്യക്തിത്വത്തിലുമുള്ള തുല്യതയും സ്ത്രീയിൽ നിന്ന് ജീവൻ പിറക്കുന്നതിന്റെ രഹസ്യവും വ്യക്തമാക്കുകയാണ്. അതുവഴി മനഷ്യന്റെ രണ്ട് ഭാഗങ്ങളായ സ്ത്രീയും പുരുഷനും തമ്മിലുള്ള അഭേദ്യ ബന്ധവും സ്ത്രീയുടെ ഔന്നത്യവും സ്ത്രീ-പുരുഷസമത്വവും സ്പഷ്ടമാവുകയും ചെയതു. ഇക്കാര്യം പല ബൈബിൾപണ്ഡിതർ (മലയാളികളുൾപ്പടെ) വ്യക്തമാക്കിയിട്ടുണ്ട്. ദൈവം ആദത്തെ (മനുഷ്യനെ) ഗാഢനിദ്രയിലാഴ്ത്തി; അവന്റെ വാരിയെല്ലെടുത്ത് സ്ത്രീയെ സൃഷ്ടിച്ചു എന്ന വിവരണം പ്രതീകാത്മകമാണ്. പുരുഷന്റെ ശരീരശാസ്ത്രമോ ദൈവം പുരുഷനെ ഓപ്പറേഷൻ ചെയ്തെടുത്ത വാരിയെല്ലുകൊണ്ട് സൃഷ്ടിച്ചവളാണ് സ്ത്രീയെന്നോ പഠിപ്പിക്കുയല്ല ഗ്രന്ഥകാരൻ. പുരുഷനുവേണ്ടി സ്ത്രീയെ സൃഷ്ടിച്ചു എന്ന് പി.ഗീത വ്യാഖ്യാനിച്ചിട്ടുള്ള ശൈലിയും ബൈബിളിലെ വിവരണപ്രകാരം മനസ്സിലാക്കണം. ദൈവം മണ്ണിൽ നിന്ന് ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ പറവകളെയും രൂപപ്പെടുത്തി. അവയ്ക്കെല്ലാം മനുഷ്യനെക്കൊണ്ട് പേരിടീച്ചു. പക്ഷേ ഏകനായിരുന്ന മനുഷ്യന് ചേർന്ന ഇണയെ അവയിലൊന്നും കണ്ടില്ല. മനുഷ്യന്റെ ആ കുറവ് പരിഹരിക്കാനാണ് അവന് ചേർന്ന ഇണയും തുണയുമായി സ്ത്രീയെ സൃഷ്ടിച്ചത് (ഉല്പ 2,18-20).

3000 വർഷങ്ങൾക്കപ്പുറത്തെ പശ്ചിമേഷ്യൻ സംസ്കാരത്തിലാണ് ഇപ്പറഞ്ഞ സൃഷ്ടിവിവരണം രൂപവത്കൃതമായത്. ആ സംസ്കാരത്തിന്റെ അവകാശികളായിരുന്ന സമൂഹങ്ങളിൽ ഒന്നാണ് യഹൂദർ. അതിന് തന്റെ രക്ഷകനും മനുഷ്യകുലത്തിന്റെ മുഴുവൻ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെക്കുറിച്ച് അയൽസമൂഹങ്ങളുടേതിൽനിന്ന് വ്യത്യസ്തമായ അനുഭവജ്ഞാനമുണ്ടായിരുന്നു. പ്രസ്തുത ദൈവാനുഭവജ്ഞാ നത്തിനൊത്തും അവന്റെ ശക്തികൊണ്ടു മാത്രം വിമോചിതരായ ജനമെന്ന നിലയിലും, മുകളിൽ സൂചിപ്പിച്ചപോലെ, സ്ത്രീപുരുഷന്മാർ തമ്മിലുള്ള അതിശക്തമായ ആകർഷണത്തിന്റെ കാരണവും ഭാര്യാഭർതൃബന്ധത്തിന്റെ പ്രത്യേകതകളും ഭാര്യാഭർത്താക്കന്മാർ തമ്മിൽ സ്വഭാവത്തിലും വ്യക്തിത്വത്തിലുമുള്ള തുല്യതയും സ്ത്രീയിൽനിന്ന് ജീവൻ പിറക്കുന്നതിന്റെ രഹസ്യവും വിശ്വാസികളെ (അംഗങ്ങളെ) പഠിപ്പിക്കണമായിരുന്നു (ഉല്പ 2,24). അതിന് അന്ന് പരിചിതമായിരുന്ന കഥകളും പ്രതീകങ്ങളും ഉപയോഗിച്ച് അവർക്ക് മനസ്സിലാകുന്ന വിധം എഴുതിയതാണ് ദൈവം ആദാമിന് ഗാഢനിദ്ര നല്കി അവന്റെ വാരിയെല്ലെടുത്ത് സ്ത്രീയെ സൃഷ്ടിച്ചു എന്ന വിവരണം. ഗാഢനിദ്രയും വാരിയെല്ലും പ്രതീകങ്ങളാണ്.

ഗാഢനിദ്രയുടെ പ്രത്യേകത നമുക്കറിയാം. ഗാഢനിദ്രയിലാഴുമ്പോൾ മനുഷ്യന്റെ ശരിയായ ബോധവും ബാഹ്യമായ കാഴ്ചയും ഇല്ലാതാകുന്നു. അതേസമയം ആന്തരേന്ദ്രിയങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കും. ദൈവം മനുഷ്യനെ ഗാഢനിദ്രയിലാക്കിയിട്ട് സ്ത്രീയെ സൃഷ് ടിച്ചു. അത് സൂചിപ്പിക്കുന്നു, സ്ത്രീയെ സൃഷ്ടിച്ചപ്പോൾ മനുഷ്യന് ദൈവത്തെയോ ദൈവത്തിന്റെ ആ സൃഷ്ടികർമമോ നേരിട്ട് കാണാൻ കഴിഞ്ഞില്ല. പൂർണമായി മനസ്സിലാക്കാനും സാധിച്ചില്ല. ദൈവം ഒരു മഹാ രഹസ്യമാണ് (ഉല്പ 3,13-16;15,12;18,2). ആദാമിന്റെയെന്നപോലെ സ്ത്രീയുടെയും ഉത്പത്തി ദൈവത്തിന്റെ നേരിട്ടുള്ള പ്രവർത്തനത്തിന്റെ ഫലമാണ്. സ്ത്രീയും മനുഷ്യവ്യക്തിയാണ്. ദൈവത്തിന്റെ സ്ത്രീയെന്ന സൃഷ്ടിയും ഒരു വലിയ രഹസ്യമാണ്.

ആദാമിന്റെ (മനുഷ്യന്റെ) വാരിയെല്ലുകൊണ്ട് സ്ത്രീയെ സൃഷ്ടിച്ചു എന്ന് വിവരിക്കുന്നതിനും അങ്ങനെ എഴുതിയ സ്ഥലകാല സാഹചര്യത്തിൽ പ്രത്യേക അർത്ഥമുണ്ട്. നമ്മുടെ രീതിയിൽ "നീ എന്റെ കരളാണ്" എന്ന് പറയുന്നതിന് സമാനമായ ശൈലിയാണ് സ്ത്രീ പുരുഷന്റെ വാരിയെല്ലുകൊണ്ട് ഉണ്ടായവളാണ് എന്നത്. ഹെബ്റായ ഭാഷയോട് വളരെ അടുത്ത ബന്ധമുള്ളതാണല്ലോ അറബി ഭാഷ. അതിലും ഉറ്റ സുഹൃത്തിനെ *എന്റെ വാരിയെല്ല്* എന്ന് വിശേഷിപ്പിക്കാറുണ്ട്. ഇനി, മനുഷ്യ ശരീരത്തിന്റെ അവയവങ്ങളുടെ ക്രമീകരണമനുസരിച്ച് നോക്കിയാലോ? ഹൃദയത്തോട് വളരെ അടുത്തിരുന്ന് അതിനെ പൊതിഞ്ഞ് സംരക്ഷിക്കുന്നതാണല്ലോ വാരിയെല്ല്. മനുഷ്യന്റെ സ്നേഹവികാരങ്ങളുടെ ഇരിപ്പിടമായാണ് ഹൃദയത്തെ കരുതിപ്പോരുക. ഹൃദയത്തിന്റെ മിടിപ്പുകൾ ഏറ്റം അടുത്തറിയുന്നത് ഹൃദയമാണ്. മനുഷ്യന്റെ എറ്റം പ്രധാന അവയവമാണ് ഹൃദയം.

പുരുഷന് ചേർന്ന ഇണയും തുണയുമായ സ്ത്രീ അവനിൽ നിന്നു തന്നെ എടുക്കപ്പെട്ടവളാണ്. അതിനാൽ സ്വഭാവത്തിലും വ്യക്തിത്വത്തിലും അവർ പൂർണമായി തുല്യരാണ്. ഈ ആശയം വിശുദ്ധ അഗസ്തിനോസ് വിശദമാക്കുന്നു: പുരുഷന്റെ പാദത്തിൽ നിന്നോ തലയിൽ നിന്നോ അല്ല ദൈവം സ്ത്രീയെ സൃഷ്ടിച്ചത്. പാദത്തിൽനിന്ന് ആയിരുന്നെങ്കിൽ സ്ത്രീ പുരുഷന്റെ അടിമയായകുമായിരുന്നു. തലയിൽ നിന്ന് ആയിരുന്നെങ്കിൽ പുരുഷൻ സ്ത്രീയുടെ അടിമയാകുമായിരുന്നു. ദൈവമാകട്ടെ പുരുഷന്റെ മദ്ധ്യ ഭാഗത്തുനിന്നാണ് സ്ത്രീയെ സൃഷ് ടിച്ചത്. ഇത് ഇരുവരുടെയും തുല്യത സൂചിപ്പിക്കുന്നു.

പുരുഷന്റെ വാരിയെല്ലിൽ നിന്ന് ദൈവം സ്ത്രീയെ സൃഷ്ടിച്ചു എന്ന പ്രതീകാത്മക വിവരണത്തിന് സുമേറിയായിൽ നിലവിലിരുന്ന ദിൽമുൻ ഗീതത്തോട് സാമ്യമുണ്ടെന്ന് ബൈബിൾപണ്ഡിതർ ചൂണ്ടി



ക്കാട്ടുന്നു. ദിൽമുൻ ഗീതത്തിന്റെ ചുരുക്കം ഇങ്ങനെയാണ്: ജലദേവൻ എങ്കി ഒരിക്കൽ അസുഖമായി കിടപ്പിലായി. ദേവന്റെ എട്ട് അവയവങ്ങളെയും രോഗം ബാധിച്ചു. ഒരു കുറുക്കൻ വിവരമറിഞ്ഞെത്തി. തക്ക പ്രതിഫലം തരാമെങ്കിൽ എങ്കിയുടെ പിണങ്ങിപ്പോയ അമ്മ നിൽഫുർസാഗ് ദേവിയെ തിരിച്ചുകൊണ്ടുവരാം എന്ന് ഏറ്റു. എങ്കി സമ്മതിച്ചു. അങ്ങനെ അമ്മദേവി പ്രത്യക്ഷപ്പെട്ടു. എങ്കിയെ സുഖപ്പെടുത്താൻ എട്ടു ദേവതകളെ സൃഷ്ടിച്ചു. അവരിൽ നിന്ദി എന്ന ദേവതയെ എങ്കിയുടെ എല്ല് സുഖപ്പെടുത്താൻ നിയോഗിച്ചു. നിന്ദി *വാരിയെല്ലിന്റെ ദേവത* എന്ന് അറിയപ്പെട്ടു. നിന്ദി എന്ന പേരിന് *പുനർജീവിപ്പിക്കുന്നവൾ* എന്നും അർത്ഥമുണ്ട്. വാരിയെല്ലിന്റെ പുരാണകഥ അറിയാമായിരുന്ന കഥാകാരനും കേട്ടിട്ടുള്ള അനുവാചകർക്കും പുരുഷന്റെ വാരിയെല്ലിൽ നിന്ന് ദൈവം സ്ത്രീയെ സൃഷ്ടിച്ചു എന്ന് പറഞ്ഞതിലും കേട്ടതിലും പുതുമയൊന്നുമില്ല. സ്ത്രീ വഴിയുണ്ടായ തകരാറിന് പരിഹാരം സ്ത്രീ വഴി തന്നെ ഉണ്ടാക്കുമെന്ന് ദൈവം സ്ത്രീയോടു വാഗ്ദാനം ചെയ്തശേഷം ആദ്യം സ്ത്രീയെ കണ്ടപ്പോൾ ആദാം അവളെ ഹവ്വ (അർത്ഥം: ജീവനുള്ളവരുടെയെല്ലാം അമ്മ) എന്ന് പേരു വിളിച്ച കഥയും ഉല്പ. 3,20 വിവരിക്കുന്നുണ്ടല്ലോ. സ്ത്രീയെ പുരുഷന്റെ വാരിയെല്ലിനോടു ബന്ധപ്പെടുത്തിയതിലൂടെ പുരുഷനോട് ബന്ധപ്പെട്ട് ഒന്നായിത്തീരുന്ന സ്ത്രീയിൽ അദൃശ്യമായ ദൈവിക ഇടപെടലാൽ ജീവനുണ്ടാകുന്ന മഹാരഹസ്യത്തിലേക്കും ആദിപുസ്തകത്തിന്റെ ഗ്രന്ഥകാരൻ വിശ്വാസിസമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നു.

ഈ ലോകത്തിൽ മനുഷ്യന് ചുറ്റും ആകാശത്തിലും ഭൂമിയിലും ഒട്ടനവധി ജീവജാലങ്ങളുണ്ടെങ്കിലും അവയ്ക്കൊന്നിനും സ്ത്രീപുരുഷ ബന്ധം പോലൊരു ബന്ധം മനുഷ്യനോടില്ല; സാധ്യവുമല്ല. സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം അനന്യമാണ്. സ്ത്രീയെപ്പോലെ പുരുഷന് പ്രധാനമായ മറ്റൊന്നും ഈ ലോകത്തിലില്ല. അവർ തമ്മിലുള്ള ശക്തമായ ആകർഷണത്തിന് കാരണം അവരിരുവരും ഒരേ മനുഷ്യന്റെ ഭാഗങ്ങളാകുന്നു എന്നതാണ്. അവർ ഒരേ ശരീരത്തിന്റെ രണ്ട് ഭാഗങ്ങളാണ്. അവർ ഒരു ശരീരമാണ്. അവർ ഒരു ശരീരമായിത്തീരുന്ന ബന്ധമാണ് കുടുംബ(ഭാര്യാഭർതൃ)ബന്ധം. അത് പിരിയാനും പിരിക്കാനും പറ്റാത്ത ബന്ധമാണ്. അവർ ഒന്നായിത്തീരുന്നതിന്റെ ഫലമായി സ്ത്രീ യിൽ നിന്ന് ജീവനുണ്ടാകുന്നു. അവൾ ജീവന് കാരണക്കാരിയാകുന്നു; ജീവനുള്ളവരുടെ അമ്മയാകുന്നു. ഒരു പുരുഷന് ഭാര്യയായി ഒരു സ്ത്രീ. ഒരു സ്ത്രീക്ക് ഭർത്താവായി ഒരു പുരഷൻ. പുരുഷൻ, സ്ത്രീ എന്ന് ലിംഗഭേദം ഉണ്ടെങ്കിലും ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ അവർ തുല്യരാണ്. ഇരുവരും ഒരുപോലെ ദൈവത്തിന്റെ പ്രത്യേകപ്രവർത്തനത്താൽ സൃഷ്ടിതരാണ്.

മനുഷ്യസ്വഭാവത്തിലും വ്യക്തിത്വത്തിലും അവർ പരിപൂർണമായി തുല്യരാണ്. ഈ വസ്തുതകൾ ഇസ്രായേൽ ക്കാരെ പഠിപ്പിക്കാൻ ആദിപുസ്തകത്തിന്റെ ഗ്രന്ഥകാരൻ ദൈവം മനുഷ്യന് ഗാഢനിദ്ര നല്കിയിട്ട് അവന്റെ വാരിയെല്ലുകൊണ്ട് സ്ത്രീയെ സൃഷ്ടിച്ചു എന്ന പ്രതീകാത്മക കഥ സ്വീകരിച്ചു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്തം അവരിരുവരെയും ഒരുമിച്ച് തുല്യമായാണ് ദൈവം എല്പിച്ചത് എന്ന വിവരണവും അതേ ഗ്രന്ഥകാരൻ പകർന്നുതന്നി ട്ടുണ്ട് (ഉല്പ 1,27).

**ഉപസംഹാരം**

യേശുവിന്റെയും ലൂക്കായുടെയും പുതിയ നിയമ ഗ്രന്ഥകാരന്മാ രുടെയും സമകാലീനങ്ങളായിരുന്ന മത, സാമുദായിക, സാമൂഹിക സാ ഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ലൂക്കാ സാക്ഷിക്കുകയും ശുശ്രൂഷി ക്കുകയും ചെയ്യുന്ന രക്ഷയുടെ വചനത്തിന്റെ സംസ്കാരം സ്ത്രീത്വ ത്തിന് സങ്കല്പിച്ചു നല്കിയിട്ടുള്ളത് വിപ്ളവകരമായ സ്ഥാനമാനങ്ങൾ തന്നെ. ദൈവം യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ സാർവജനീന രക്ഷാകര പദ്ധതിയോട് ബന്ധപ്പെടുത്തുമ്പോൾ സ്ത്രീയുടേയും പുരു ഷന്റേയും സ്ഥാനമാനങ്ങളിലും ദൗത്യങ്ങളിലും അസമാനതകളെക്കാൾ ഏറെ സമാനതകളാണ്. ക്രിസ്തുസുവിശേഷത്തിന് സ്ത്രീത്വത്തോടു ള്ള സവിശേഷാഭിമുഖ്യം ഒഴിച്ചു നിർത്തിയാൽ ക്രിസ്തീയ സംസ്കാ രം ദരിദ്രർക്ക് സദ്വാർത്തയാകുന്നതിൽ പരാജയപ്പെടും. അപ്പോസ്തല ന്മാർ എന്ന് യേശുക്രിസ്തു പേരിട്ട പന്ത്രണ്ടുപേരുടെ കൂട്ടത്തിൽ സ്ത്രീ കളെ ഉൾപ്പെടുത്തിയില്ല. ഈ സമീപനം പന്ത്രണ്ട് ഗോത്രപിതാക്കന്മാ രുടെ അടിസ്ഥാനത്തിന്മേൽ ദൈവസ്ഥാപിതമായ ഇസ്രായേലിന്റെ തു ടർച്ചയും പൂർത്തീകരണവുമായ യഥാർത്ഥ ഇസ്രായേലാണ് സഭ എ ന്ന സങ്കല്പം സ്ഥിരീകരിക്കാൻ ആവശ്യമായിരുന്നു. പിതൃകോയ്മ യും പിതൃകേന്ദ്രീയതയും അലംഘനീയമായ നിയമ-പാരമ്പര്യത്തി ന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സ്ത്രീത്വത്തെ കഴിയുന്നത്ര ഉയർ ത്തിയും ഉദാത്തവത്കരിച്ചുമാണ് ലൂക്കാ സ്ത്രീപാത്രസൃഷ്ടി നിർവ ഹിച്ചിട്ടുള്ളത്. അന്നത്തെ സ്ത്രീസങ്കല്പ വ്യവസ്ഥിതികളിലെ അതിർ ത്തികൾക്കുമപ്പുറത്തേക്ക് പദമൂന്നാൻ സ്ത്രീകളെ സജ്ജമാക്കുന്ന ശ ക്തി ക്രിസ്തുസുവിശേഷം നല്കി. നേതൃസ്ഥാനത്ത് ലൂക്കാ സ്ത്രീക ളെ പ്രകടമായി ചിത്രീകരിച്ചിട്ടില്ല എന്നതു നേര്. എങ്കിലും തങ്ങളുടെ കുടുംബത്തിൽ ആതിഥ്യം സ്വീകരിക്കാൻ സുവിശേഷ പ്രസംഗകരെ ക്ഷണിക്കുന്നതിൽ കുടുംബത്തിന്റെ നേതൃത്വം വഹിക്കുന്ന സ്ത്രീക ളുണ്ട് ലൂക്കായുടെ വിവരണത്തിൽ (അപ്പ 16,14-15).

ഗലീലി മുതൽ ജറുസലേമിൽ കുരിശുമരണത്തോളവും യേശു വിനെ വിടാതെ അനുഗമിക്കുകയും അവന്റെ മരണവും അടക്കസ്ഥല



വും ഉയിർപ്പുസ്ഥാനവും കാണുകയും ചെയ്ത സ്ത്രീകളുടെ സംഘ മുണ്ട് ലൂക്കായുടെ സുവിശേഷവിവരണത്തിൽ. ആ സ്ത്രീകൾ യേശു ക്രിസ്തുവിന്റെ അവസാന പെസഹായുടെ അത്താഴത്തിൽ പങ്കെടു ത്തു എന്ന് ലൂക്കാ പ്രത്യേകം പറയുന്നില്ല. എങ്കിൽപ്പോലും അവി ടെനിന്നു മാത്രം യേശു അവരെ അകററിനിർത്തി എന്നു കരുതാൻ ന്യായമൊന്നുമില്ല ലൂക്കായുടെ വിവരണഗതിയിൽ. ലൂക്കാ അങ്ങനെ പറയുന്നുമില്ല. പന്ത്രണ്ടുപേർ മാത്രമല്ല ആ വിരുന്നുമുറിയിൽ ഉണ്ടാ യിരുന്നത്. മററ് ശിഷ്യരും ഉണ്ടായിരുന്നു (ലൂക്കാ 22, 11.39-45.32.35-36). കുടുംബനാഥന്റെ നേതൃത്വത്തിൽ കുടുംബാംഗങ്ങളൊരുമിച്ച് ആചാര പ്രകാരം പെസഹാവിരുന്ന് ഭക്ഷിക്കുകയായിരുന്നു ഇസ്രായേലിന്റെ രീതി. അവസാന പെസഹായിലെ അപ്പം മുറിക്കലിന്റെ മുൻകുറിയായ അപ്പം വർദ്ധിപ്പിക്കൽ സംഭവത്തിൽ സ്ത്രീകളുടെ ഭാഗഭാഗിത്തം അ വിതർക്കിതമാണല്ലോ. സ്ത്രീകൾക്ക് പൗരോഹിത്യം നല്കുന്നതിന് ലൂക്കാസുവിശേഷകൻ എതിരുനില്ക്കില്ലെന്ന് സന്യായം തറപ്പിച്ചു പ റയാം. ലൂക്കാ സ്ത്രീകളെക്കുറിച്ച് പറഞ്ഞിട്ടുള്ളത് സ്ത്രീത്വത്തെക്കു റിച്ചുള്ള അവസാനവാക്കാണെന്ന് അവകാശപ്പെടുന്നില്ല. ലൂക്കാസുവി ശേഷകൻ സ്ത്രീത്വത്തെക്കുറിച്ച് പറഞ്ഞു നിർത്തിയിടത്തു നിന്ന് ഏ റെയൊന്നും മുന്നോട്ടുപോകാൻ പിന്നീടു സുവിശേഷസാക്ഷികൾക്ക് കഴിഞ്ഞിട്ടുമില്ല എന്നതിലാണ് പരിതപിക്കേണ്ടത്.

പൗലോസിനെ മൊത്തത്തിൽ സ്ത്രീവിദ്വേഷിയെന്ന് സങ്കല്പിച്ചു പോരുന്നതായി തോന്നുന്നു. പൗലോസ് പറയുന്നത് മനസ്സിലാക്കാതെ മുൻവിധിയും ഭാഗികമായ ധാരണയും ആധാരമാക്കിയ സമീപ നത്തിന്റെ ഫലമാണ് അത്. വളരെ വ്യക്തമായി സ്ത്രീകളുടെ അന്തസ്സിനുവേണ്ടി നിലകൊണ്ട് തിളങ്ങിനില്ക്കുന്ന പൗലോ സിനെയാണ് ലേഖനങ്ങളിൽ കാണുക. പൗലോസിന്റെ സങ്കല്പ ത്തിലെ സ്തീപുരുഷസമത്വം ലിംഗഭേദം മറക്കുകയോ മറയ്ക്കുകയോ ചെയ്തുള്ളതല്ല. യേശുക്രിസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചവർ എന്ന നിലയിൽ അവരുടെ അന്തസ്സിന് വ്യത്യാസമില്ല. വിവാഹം, കർതൃശുശ്രൂഷയ്ക്കു വേണ്ടിയുള്ള കന്യാത്വസ്വീകരണം, വിവാഹത്തിൽ നിന്നുള്ള സ്വതന്ത്രാവസ്ഥ എന്നീ കാര്യങ്ങളിൽ പുരു ഷനെപ്പോലെ സ്ത്രീക്കും അവകാശവും സ്വാതന്ത്യ വുമുണ്ട് എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. സ്ത്രീകൾ സഭയിൽ പ്രാദേശിക രീതികൾ അനുസരിച്ച് മാന്യമായി പെരുമാറണം. സഭയിൽ പ്രാർത്ഥിക്കാനും പ്രചവചിക്കാനും അധികാരമുള്ള സ്ത്രീകൾ സഭയിൽ തങ്ങളുടെ അധി കാരത്തിന്റെ അടയാളം ധരിക്കണം. അത് ആരാധനയിൽ സംബന്ധി ക്കുമ്പോൾ ഭർത്താവിൽക്കൂടിയല്ലാതെ ദൈവത്തോട് നേരിട്ട് ബന്ധ പ്പെടാനുള്ള അധികാരത്തിന്റെയും വിളിയുടെയും അടയാളമായും ഉപ യോഗിക്കണം. യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ച

വർ എന്ന നിലയിലും ജനനകാര്യത്തിലും സ്ത്രീപുരുഷന്മാർ തുല്യരാണെന്നതിന്റെ പേരിൽ കുടുബത്തിലും സമൂഹത്തി ലും ഭാര്യ ഭർത്താവിന്റെ (സ്ത്രീ പുരുഷന്റെ) നേതൃസ്ഥാനം അവഗണിക്കരുത് എന്ന് പൗലോസിന് നിഷ്കർഷയുണ്ട്. നിലവിലിരുന്ന പുരുഷക്കോയ്മയെ പൗലോസ് (യേശുക്രിസ്തുവിന്റെ) സമ്പൂർണ സമർപണത്തിന്റെ സ്നേഹം കൊണ്ട് ശുദ്ധീകരിച്ചു.

സ്ത്രീപുരുഷ ബന്ധവും സ്ത്രീയുടെ അന്തസ്സും സംബന്ധിച്ച് ആദിപുസ്തത്തിന്റെ അടിസ്ഥാന വിചാരമനുസരിച്ച് സ്ത്രീയുടെ അന്തസ്സിനു വേണ്ടി നികൊള്ളുന്ന യേശുക്രിസ്തുവിനെയാണ് മറ്റ് മൂന്ന് സുവിശേഷകന്മാരും അവതരിപ്പിച്ചിട്ടുള്ളത്. ആദിപുസ്തകമാകട്ടെ സ്ത്രീയുടെ സൃഷ്ടിയെ മനുഷ്യന്റെ വാരിയെല്ലിനോട് ബന്ധപ്പെടുത്തി. പുരുഷനോടൊപ്പം സ്ത്രീക്കുള്ള മഹത്ത്വവും തുല്യതയും പഠിപ്പിച്ചു. ഭാര്യാഭർതൃ ബന്ധത്തിന്റെ അവിഭാജ്യതയും അവർക്കിരുവർക്കുമുള്ള അഭിനിവേശത്തിന്റെ അടിസ്ഥാനവും വ്യക്തമാക്കി. അവർ ഒരു ശരീരമായിത്തീരുന്നു; ഒരു ശരീരം ആയിത്തീരാനുള്ളവരാണ്. ആ ഒന്നായിത്തീരലിലൂടെ ഭൂമിയിൽ സ്ത്രീ ജീവന്റെ വാഹകയാണ്. ക്രിസ്തീയ സുവിശേഷം സ്ത്രീയെ പുരുഷന്റെ അടിമയായല്ല, ലിംഗഭേദമൊഴിച്ച് എല്ലാറ്റിലും, തുല്യയയാണ് അവതരിപ്പിക്കുക. ക്രിസ്തീയ സുവിശേഷം അടിമത്തത്തിനുവേണ്ടിയല്ല അർത്ഥശങ്കക്കിടയില്ലാതെ സ്ത്രീയുടെ അന്തസ്സിനുവേണ്ടി നിലകൊള്ളുന്നു.

# സുവിശേഷമാധുരി

ഡോക്ടർ കുര്യൻ വാലുപറമ്പിൽ

വേദഗ്രന്ഥത്തിന്റെ ആദിപാഠങ്ങൾ
ആഴമായി പഠിപ്പിച്ച് എന്നെ അനുഗ്രഹിച്ച
എന്റെ മാതാപിതാക്കന്മാരുടെ വിവാഹത്തിന്റെ
അറുപതാം വാർഷികത്തിൽ ഈ ഗ്രന്ഥം
അവർക്ക് സമർപ്പിക്കുന്നു.

വിതരണം
ജീവൻബുക്സ്
ഭരണങ്ങാനം - 686578
ഫോൺ - 0482 - 236487

***suvisesamadhuri***



| | |
|---|---|
| Author | Rev. Dr. Kurian Valuparampil |
| First Impression | December 2002 |
| Published by | Author |
| Distribution | Jeevan Books<br>Bharananganam - 686 578 |
| Cover Design | Gratia Design Studio,<br>Kottayam 686 010 |
| Type Setting | Kavitha, Monvila,<br>Thiruvananthapuram |
| Printed at | Seraphic Press<br>Bharananganam - 686 578 |
| Price | 55/- |
| Copy Right | Reserved to the author |



Part/s of this book shall be reproduced in any form only with the written permission of the author.

# ഉള്ളടക്കം


ഉള്ളടക്കം iii

ആമുഖം 1

1. കഴുതപ്പുറത്ത് രാജാവായി 3
2. യേശുവും വന്ന് സ്നാനമേറ്റു 20
3. പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം 36
4. സത്രത്തിൽ സ്ഥലം ലഭിക്കായ്കയാൽ 42
5. നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും 47
6. തിരിച്ചറിവിന്റെ അപ്പം മുറിക്കാൻ 55
7. സ്ത്രീസ്വാതന്ത്ര്യത്തിന്റെ ക്രിസ്തീയ സുവിശേഷം 64